Page 1 of 102

IX. റിപ്പോർട്ട് പരിഗണന

മി. സ്പീക്കർ : കാര്യോപദേശക സമിതിയുടെ ഏഴാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

X. ധനകാര്യം

1997-98 സാമ്പത്തികവർഷത്തേക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥന കളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും.

ധനാഭ്യർത്ഥന നമ്പർ : XVIII-വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും (3,37,67,35,000)

ധനാഭ്യർത്ഥന നമ്പർ : XIX-കുടുംബക്ഷേമം (35,08,00,000)

ധനാഭ്യർത്ഥന നമ്പർ : XL-തുറമുഖങ്ങൾ (6,74,09,000)

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി ശ്രീ. എ.സി. ഷൺമുഖദാസ് : സർ, വൈദ്യസഹായരംഗവും പൊതുജനാരോഗ്യവുമെന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയുടെയും തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പേരിൽ കാര്യവിവരപട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കുനേരെ യഥാക്രമം ഏഴാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 1997-98 സാമ്പത്തികവർഷത്തേയ്ക്കുള്ള ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി ശ്രീ. ബേബി ജോൺ : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ധനാഭ്യർത്ഥന നമ്പർ : XXXIII-മത്സ്യബന്ധനം (80,68,31,000)

ധനാഭ്യർത്ഥന നമ്പർ : XXXVI-സാമൂഹ്യവികസനം (1,75,25,27,000)

ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി ശ്രീ. ടി.കെ. രാമകൃഷ്ണൻ : സർ, മത്സ്യബന്ധനമെന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും സാമൂഹ്യവികസനമെന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പേരിൽ കാര്യവിവരപട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കുനേരെ ഏഴാംകോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുക 1997-98 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി ശ്രീ. ബേബി ജോൺ : സർ, ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു.

LIBRARY ARCHIVES Kerala Legislative Assembly

 Page 2 of 102

ധനാഭ്യർത്ഥന നമ്പർ XVIII-
വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും
നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

ശ്രീ. ഇ.എം. അഗസ്തി : സർ, വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3,37,67,35,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(മലയോര പ്രദേശങ്ങളിൽ കൂടുതൽ പ്രൈമറി ഹെൽത്ത് സെന്ററുകൾ ആരംഭിക്കുന്നതിനും പത്തുവർഷം പഴക്കമുള്ള പ്രൈമറി ഹെൽത്ത് സെന്ററുകൾ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ ആക്കുന്നതിനും യോജിച്ച നയം സ്വീകരിക്കണമെന്നാവശ്യപ്പെടുന്നതിന്)

സൂചക വെട്ടിക്കുറയ്ക്കൽ

ശ്രീ. കെ. ബാബു : സർ, വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3,37,67,35,000 ക. യിൽനിന്ന് ഒരു നൂറു ഉറുപ്പിക കുറവുചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീമതി. റോസമ്മ ചാക്കോ : സർ, വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3,37,67,35,000 ക. യിൽനിന്ന് ഒരു നൂറു ഉറുപ്പിക കുറവുചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. കെ. പി. വിശ്വനാഥൻ : സർ, വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3,37,67,35,000 ക. യിൽനിന്ന് ഒരു നൂറു ഉറുപ്പിക കുറവുചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. പി.ജെ. ഫ്രാൻസിസ് : സർ, വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3,37,67,35,000 ക. യിൽനിന്ന് ഒരു നൂറു ഉറുപ്പിക കുറവുചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. കെ. മുഹമ്മദാലി : സർ, വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3,37,67,35,000 ക. യിൽനിന്ന് ഒരു നൂറു ഉറുപ്പിക കുറവുചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. കെ. എ. ചന്ദ്രൻ : സർ, വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചി

LIBRARY ARCHIVES Kerala Legislative Assembly

ട്ടുള്ള 3,37,67,35,000 ക. യിൽനിന്ന് ഒരു നൂറു ഉറുപ്പിക കുറവുചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(To discuss in general)

ശ്രീ. അടൂർ പ്രകാശ് : സർ, വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3,37,67,35,000 ക. യിൽനിന്ന് ഒരു നൂറു ഉറുപ്പിക കുറവുചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(To dicuss in general)

ശ്രീമതി രാധാ രാഘവൻ : സർ, വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3,37,67,35,000 ക. യിൽനിന്ന് ഒരു നൂറു ഉറുപ്പിക കുറവുചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. ജോണി നെല്ലൂർ : സർ, വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3,37,67,35,000 ക. യിൽനിന്ന് ഒരു നൂറു ഉറുപ്പിക കുറവുചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. ടി.എം. ജേക്കബ് : സർ, വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 3,37,67,35,000 ക. യിൽനിന്ന് ഒരു നൂറു ഉറുപ്പിക കുറവുചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

( )

ധനാഭ്യർത്ഥന നമ്പർ XIX - കുടുംബക്ഷേമം

സൂചക വെട്ടിക്കുറയ്ക്കൽ

ശ്രീ. കെ. ബാബു : സർ, കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 35,08,00,000 ക. യിൽനിന്ന് ഒരു നൂറു ഉറുപ്പിക കുറവുചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. ടി.എം. ജേക്കബ് : സർ, കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 35,08,00,000 ക. യിൽനിന്ന് ഒരു നൂറു ഉറുപ്പിക കുറവുചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. ജോണി നെല്ലൂർ : സർ, കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 35,08,00,000 ക. യിൽനിന്ന് ഒരു നൂറു ഉറുപ്പിക കുറവുചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീമതി രാധാ രാഘവൻ : സർ, കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 35,08,00,000 ക. യിൽനിന്ന്

LIBRARY ARCHIVES Kerala Legislative Assembly

Page 4 of 102

ഒരു നൂറു ഉറുപ്പിക കുറവുചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീമതി റോസമ്മ ചാക്കോ : സർ, കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 35,08,00,000 ക. യിൽ നിന്ന് ഒരു നൂറു ഉറുപ്പിക കുറവുചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. കെ.പി. വിശ്വനാഥൻ : സർ, കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 35,08,00,000 ക. യിൽ നിന്ന് ഒരു നൂറു ഉറുപ്പിക കുറവുചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. പി.ജെ. ഫ്രാൻസിസ് : സർ, കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 35,08,00,000 ക. യിൽ നിന്ന് ഒരു നൂറു ഉറുപ്പിക കുറവുചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. അടൂർ പ്രകാശ് : സർ, കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 35,08,00,000 ക. യിൽനിന്ന് ഒരു നൂറു ഉറുപ്പിക കുറവുചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. കെ. മുഹമ്മദാലി : സർ, കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 35,08,00,000 ക. യിൽനിന്ന് ഒരു നൂറു ഉറുപ്പിക കുറവുചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

( )

ശ്രീ. കെ.പി.എ. മജീദ് : സർ, കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 35,08,00,000 ക. യിൽനിന്ന് ഒരു നൂറു ഉറുപ്പിക കുറവുചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XL - തുറമുഖങ്ങൾ

നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

ശ്രീ. പി.കെ.കെ ബാവ : സർ, തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 6,74,09,000 ക. യിൽനിന്ന് ഒരു ഉറുപ്പിക കുറവുചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(സംസ്ഥാനത്തെ തുറമുഖങ്ങളുടെ വികസനം ഫലപ്രദമായി നടപ്പിലാക്കാത്തതായി പറയപ്പെടുന്നതിനെക്കുറിച്ച് ചർച്ച ചെയ്യുന്നതിന്)

LIBRARY ARCHIVES Kerala Legislative Assembly

സൂചക വെട്ടിക്കുറയ്ക്കൽ

ശ്രീ. ടി.എം. ജേക്കബ് : സർ, തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 6,74,09,000 ക. യിൽനിന്ന് ഒരു നൂറു ഉറുപ്പിക കുറവുചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീമതി രാധാ രാഘവൻ : സർ, തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 6,74,09,000 ക. യിൽനിന്ന് ഒരു നൂറു ഉറുപ്പിക കുറവുചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. കെ. ബാബു : സർ, തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 6,74,09,000 ക. യിൽനിന്ന് ഒരു നൂറു ഉറുപ്പിക കുറവുചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീമതി റോസമ്മ ചാക്കോ : സർ, തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 6,74,09,000 ക. യിൽനിന്ന് ഒരു നൂറു ഉറുപ്പിക കുറവുചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. കെ.പി. വിശ്വനാഥൻ : സർ, തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 6,74,09,000 ക. യിൽനിന്ന് ഒരു നൂറു ഉറുപ്പിക കുറവുചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(To discuss in general)

ശ്രീ. പി.ജെ. ഫ്രാൻസിസ് : സർ, തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 6,74,09,000 ക. യിൽനിന്ന് ഒരു നൂറു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(To discuss in general)

ധനാഭ്യർത്ഥന നമ്പർ XXXIII - മത്സ്യബന്ധനം

നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

ശ്രീ. ഇ.എം.അഗസ്തി : സർ, മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 80,68,31,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്കും ഭവന നിർമ്മാണം, വെൽഫെയർ ഫണ്ട് മുതലായ ക്ഷേമപ്രവർത്തനങ്ങൾ ഏർപ്പെടുത്തുന്ന നയം ആവിഷ്കരിക്കണമെന്നാവശ്യപ്പെടുന്നതിന്)

LIBRARY ARCHIVES Kerala Legislative Assembly

Page 6 of 102

സൂചക വെട്ടിക്കുറയ്ക്കൽ

ശ്രീമതി രാധാ രാഘവൻ : സർ, മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 80,68,31,000 ക. യിൽ നിന്ന് ഒരു നൂറു ഉറുപ്പിക കുറവുചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. അടൂർ പ്രകാശ് : സർ, മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 80,68,31,000 ക. യിൽനിന്ന് ഒരു നൂറു ഉറുപ്പിക കുറവുചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. കെ.എ. ചന്ദ്രൻ : സർ, മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 80,68,31,000 ക. യിൽനിന്ന് ഒരു നൂറു ഉറുപ്പിക കുറവുചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. കെ. മുഹമ്മദാലി : സർ, മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 80,68,31,000 ക. യിൽ നിന്ന് ഒരു നൂറു ഉറുപ്പിക കുറവുചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(To discuss in general)

ശ്രീ. പി.ജെ. ഫ്രാൻസിസ് : സർ, മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 80,68,31,000 ക. യിൽ നിന്ന് ഒരു നൂറു ഉറുപ്പിക കുറവുചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(To discuss in general)

ശ്രീ. കെ.പി. വിശ്വനാഥൻ : സർ, മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 80,68,31,000 ക. യിൽനിന്ന് ഒരു നൂറു ഉറുപ്പിക കുറവുചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(To discuss in general)

ശ്രീമതി റോസമ്മ ചാക്കോ : സർ, മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 80,68,31,000 ക. യിൽനിന്ന് ഒരു നൂറു ഉറുപ്പിക കുറവുചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. കെ. ബാബു : സർ, മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 80,68,31,000 ക. യിൽനിന്ന് ഒരു നൂറു ഉറുപ്പിക കുറവുചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. ടി.എം. ജേക്കബ് : സർ, മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 80,68,31,000 ക. യിൽനിന്ന്

LIBRARY ARCHIVES Kerala Legislative Assembly

ഒരു നൂറു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. ജോണി നെല്ലൂർ : സർ, മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 80,68,31,000 ക. യിൽനിന്ന് ഒരു നൂറു ഉറുപ്പിക കുറവുചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ധനാഭ്യർത്ഥന നമ്പർ XXXVI - സാമൂഹ്യവികസനം

നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

ശ്രീ. സി. മൊയീൻകുട്ടി : സർ, സാമൂഹ്യവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,75,25,27,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(സംസ്ഥാനത്തെ അനാഥാലയങ്ങൾക്ക് യഥാസമയം ധനസഹായം നൽകാത്തതായി പറയപ്പെടുന്നതിനെക്കുറിച്ച് ചർച്ച ചെയ്യുന്നതിന്)

ശ്രീ. കെ.പി. എ. മജീദ് : സർ, സാമൂഹ്യവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,75,25,27,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(സംസ്ഥാനത്തെ അനാഥാലയങ്ങൾക്ക് യഥാസമയം ധനസഹായം നൽകാത്തതായി പറയപ്പെടുന്നതിനെക്കുറിച്ച് ചർച്ച ചെയ്യുന്നതിന്)

സൂചക വെട്ടിക്കുറയ്ക്കൽ

ശ്രീമതി രാധാ രാഘവൻ : സർ, സാമൂഹ്യവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,75,25,27,000 ക. യിൽനിന്ന് ഒരു നൂറു ഉറുപ്പിക കുറവുചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. അടൂർ പ്രകാശ് : സർ, സാമൂഹ്യവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,75,25,27,000 ക. യിൽനിന്ന് ഒരുനൂറു ഉറുപ്പിക കുറവുചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. കെ.പി. വിശ്വനാഥൻ : സർ, സാമൂഹ്യവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,75,25,27,000 ക. യിൽനിന്ന് ഒരുനൂറു ഉറുപ്പിക കുറവുചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി റോസമ്മ ചാക്കോ : സർ, സാമൂഹ്യവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,75,25,27,000 ക. യിൽനിന്ന് ഒരുനൂറു ഉറുപ്പിക കുറവുചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(To discuss in general)

ശ്രീ. കെ. ബാബു : സർ, സാമൂഹ്യവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,75,25,27,000 ക. യിൽ നിന്ന് ഒരുനൂറു ഉറുപ്പിക കുറവുചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(To discuss in general)

ശ്രീ. പി.ജെ. ഫ്രാൻസിസ് : സർ, സാമൂഹ്യവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,75,25,27,000 ക. യിൽനിന്ന് ഒരുനൂറു ഉറുപ്പിക കുറവുചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(To discuss in general)

ശ്രീ. ടി.എം. ജേക്കബ് : സർ, സാമൂഹ്യവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,75,25,27,000 ക. യിൽനിന്ന് ഒരുനൂറു ഉറുപ്പിക കുറവുചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. കെ.എ. ചന്ദ്രൻ : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു. പ്രതിപക്ഷത്തിരിക്കുന്നു എന്നതുകൊണ്ട് മാത്രമല്ല, ഞാൻ ഇതിനെ എതിർക്കുന്നത്. ഒരു വകുപ്പിന്റെ പ്രവർത്തനത്തിന് സംഖ്യ വകയിരുത്തിയാൽ അത് ജനങ്ങളുടെയും രാജ്യത്തിന്റെയും ക്ഷേമത്തിനുവേണ്ടി ചെലവഴിക്കുവാൻ കഴിയണം. കഴിഞ്ഞ കാലത്ത് അത് ഉണ്ടായിട്ടുണ്ട്. അങ്ങനെ ചെലവഴിക്കാതെയുള്ള തുക അനുവദിക്കുന്നത് നിഷ്ഫലമാണ്. സഭയെക്കൊണ്ട് നിഷ്ഫലമായി പ്രവൃത്തിയെടുപ്പിക്കുന്നു എന്നതുകൊണ്ടാണ് ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നത്. ഇന്ന് നമ്മുടെ ആരോഗ്യരംഗത്തെ സ്ഥിതി എന്താണ്? നാട്ടിൻപുറത്തുനിന്നും ഒരു രോഗി ഹെൽത്ത് സെന്ററിൽ ചെന്നാൽ ഒന്നുകിൽ അവിടെ ഡോക്ടർ ഉണ്ടാവുകയില്ല. ഡോക്ടർ ഉണ്ടെങ്കിൽ രോഗിയെ പരിശോധിച്ചിട്ട് കഴിയുന്നതും വേഗം താലൂക്ക് ആശുപത്രിയിൽ പോകാൻ പറയും. ആരുടെയെങ്കിലും ആശ്രയത്തിലൂടെ താലൂക്കാശുപത്രിയിൽ എത്തി ഒന്നുരണ്ട് മണിക്കൂർ നിന്ന് ഡോക്ടറെ കണ്ട് പരിശോധിച്ചിട്ട് ഡോക്ടർ പറയും വേഗത്തിൽ ജില്ലാ ആശുപത്രിയിൽ പോകുന്നതായിരിക്കും നല്ലതെന്ന്. മാത്രമല്ല അവിടെ കിടക്കുന്നുവെങ്കിൽ കിടക്കുകയും ചെയ്യാം. രോഗശുശ്രൂഷയ്ക്കായി രോഗി ചെന്നാൽ എത്രയും പെട്ടെന്ന് ജില്ലാ ആശുപത്രിയിൽ ചെല്ലുന്നതാണ് നല്ലത്, അവിടെ കിടക്കുന്നുവെങ്കിൽ കിടക്കാം എന്നൊക്കെപറഞ്ഞാൽ രോഗം ഭേദമാക്കണമെന്ന് ആഗ്രഹമുള്ള ഏതെങ്കിലും രോഗിയോ രോഗിയുടെ കൂടെ പോകുന്ന ആളോ അവിടെ രോഗിയെ കിടത്തുമോ? ഇല്ല. ജില്ലാ ആശുപത്രിയിൽ ചെന്നാൽ എന്തായിരിക്കും സ്ഥിതി? ഒന്നാമത് എക്സപേർട്ട് ഉണ്ടാവുകയില്ല. രാവിലെ ചെന്നാൽ ഏതാണ്ട് ഒരുമണിയോടടുപ്പിച്ച് ഏതെങ്കിലും ഡോക്ടറെ കണ്ടെന്നിരിക്കും. അവർ പറയും ഇവിടെ ലാബിൽ സൗകര്യമില്ല. എക്സ്-റേ എടുക്കുന്നതിന് ഫിലിമില്ല, ടെക്നീഷ്യനില്ല, അങ്ങനെ ഏതെങ്കിലും കാര്യം പറഞ്ഞ് അഡ്മിഷൻ

LIBRARY ARCHIVES Kerala Legislative Assembly

കൊടുക്കും-രോഗി അവിടെ കിടക്കുകയും ചെയ്യും. ഒന്നോ രണ്ടോ ദിവസം കഴിയുമ്പോൾ ആ രോഗിയോട് അല്പം താല്പര്യമുള്ള രക്ഷിതാക്കളുണ്ടെങ്കിൽ ബന്ധപ്പെട്ട ആളുകളോട് ചോദിച്ചു മനസ്സിലാക്കി കഴിയുന്നതും വേഗം സ്വകാര്യ ആശുപത്രിയിലേക്ക് കൊണ്ടുപോകും. അതല്ലാതെ നിവൃത്തിയില്ല. സ്വകാര്യ ആശുപ്രത്രിക്ക് സാമ്പത്തിക സൗകര്യമുള്ള രോഗികളെ റിക്രൂട്ട് ചെയ്യുന്ന ജോലിയിലല്ലേ ഇന്ന് ആതുരശുശ്രൂഷ രംഗം എത്തിയിട്ടുള്ളത്. ഇതൊരു സത്യമായ വസ്തുതയാണ്. ഈ കാര്യം തന്നെ പ്ലാനിംഗ് ബോർഡിന്റെ ഉപാദ്ധ്യക്ഷൻ പ്രൊഫസർ ഐ.എസ്. ഗുലാത്തി കഴിഞ്ഞ ദിവസം ഇവിടെ നടന്ന ഒരു സെമിനാറിൽ അഭിപ്രായപ്പെടുകയുണ്ടായി. സംസ്ഥാനത്ത് ആരോഗ്യരംഗത്ത് കൂടുതൽ പണംചെലവഴിച്ചിട്ടും സ്ഥിതി മെച്ചപ്പെടാത്ത സാഹചര്യത്തിലാണ്. പൊതുജനാരോഗ്യരംഗത്ത് ഡോക്ടർമാർക്ക് സുപ്രധാനമായ പങ്ക് വഹിക്കുവാനുണ്ടെന്ന് ആസൂത്രണ ബോർഡ് ഉപാദ്ധ്യക്ഷൻ പ്രൊഫസർ ഐ.എസ്. ഗുലാത്തി അഭിപ്രായപ്പെട്ടു. അദ്ദേഹം മിതമായ ഭാഷയിലാണ് ഇത് പറഞ്ഞതെങ്കിലും നിത്യഅനുഭവത്തിൽ ഇതിലും വലിയ ക്രൂരമായിട്ടുള്ള സ്ഥിതിയല്ലേ ഉള്ളത്. ഈ അവസ്ഥയിലും ഈ കൊച്ച് കേരളം സമ്പത്ത് ചെലവഴിക്കുന്നതിനെ സംബന്ധിച്ചും അദ്ദേഹം പറഞ്ഞിട്ടുണ്ട്.

~~ശ്രീ. കെ.എ. ചന്ദ്രൻ~~: വരുമാനത്തിന്റെ ഒൻപതു ശതമാനം ചെലവഴിക്കുകയും അതിൽ 5.5 ശതമാനം സർക്കാർ വിഹിതമായിരിക്കുകയും ചെയ്യുന്ന സംസ്ഥാനത്തെ ആരോഗ്യനില എന്തുകൊണ്ട് അതിനൊത്ത് മെച്ചപ്പെടുന്നില്ല എന്ന് അദ്ദേഹം ചോദിച്ചിരിക്കുകയാണ്. ചെലവഴിച്ച സംഖ്യയെ സംബന്ധിച്ചും ചെലവഴിക്കാത്ത സംഖ്യയെ സംബന്ധിച്ചും നിരവധി പ്രശ്നങ്ങളാണ് എൽ.ഡി.എഫ്. ഗവൺമെന്റ് വന്നതിനുശേഷമുള്ള സ്ഥിതി. ഗവൺമെന്റ് മാറി മാറി വരും. പക്ഷേ അവർ വരുമ്പോഴൊക്കെ കഴിഞ്ഞ ഗവൺമെന്റ് എന്തെങ്കിലും ചെയ്യാൻ തുടങ്ങിയിട്ടുണ്ടെങ്കിൽ അതു നല്ലതാണെങ്കിൽ ഉൾക്കൊള്ളുക എന്നത് ഒരു സാമാന്യമര്യാദയല്ലേ? കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഹോമിയോ ആശുപത്രി മെച്ചപ്പെടുത്തുന്നത് സംബന്ധിച്ചും ആയുർവ്വേദ ചികിത്സ കൂടുതൽ സൗകര്യപ്രദമാക്കുന്നതിനെ സംബന്ധിച്ചും അധിക പണച്ചെലവില്ലാത്ത പ്രകൃതി ചികിത്സ നടത്തുന്നതിനെ സംബന്ധിച്ചും പഠിക്കുന്നതിന് കമ്മിറ്റി വച്ചു. അതിലൊന്നാണ് ജസ്റ്റീസ് നരേന്ദ്രൻ ചെയർമാനായിട്ടുള്ള കമ്മിറ്റി. ആ കമ്മിറ്റികൾ വലിയ സാമ്പത്തിക ബാധ്യത കൂടാതെ നടപ്പിലാക്കാൻ കഴിയുന്ന നിരവധി നിർദ്ദേശങ്ങൾ സമർപ്പിച്ചത് ഈ ഗവൺമെന്റ് വന്നശേഷം ഒന്നു തുറന്നുനോക്കി നടപ്പിലാക്കാൻ കഴിയുന്നതെങ്കിലും നടപ്പിലാക്കേണ്ടേ? പ്രകൃതി ചികിത്സാരംഗത്ത് പ്രത്യേക മരുന്നിന്റെയൊന്നും ആവശ്യമില്ല. പ്രകൃതിയിൽ നിന്നു കിട്ടുന്ന വിഭവങ്ങൾ വേണ്ടതുപോലെ ഭക്ഷിച്ച് ജീവിക്കുക എന്ന ഒരു സന്ദേശവും പ്രവൃത്തിയുമാണ് അതിലൂടെ വരുന്നത്. അത് നടപ്പിലാക്കാൻ ഇന്ന് വർക്കലയിൽ ഒരു ആശുപത്രിയുണ്ട്. അവിടെ സൗകര്യം വളരെ കുറവാണ്. എങ്കിലും വളരെ കുറച്ചു പൈസകൊണ്ട് മെച്ചപ്പെടുത്താൻ കഴിയും. അതിന് നിർദ്ദേശം വച്ചിട്ടുണ്ട്. പക്ഷേ ഒന്നും ചെയ്തിട്ടില്ല. പിന്നെ ഒന്നുള്ളത് ഒറ്റപ്പാലത്താണ്. അവിടെ ഒരു ഡോക്ടറെ നിയോഗിച്ചിട്ടുണ്ട് എന്നതിൽ കവിഞ്ഞ് മറ്റൊന്നും നടക്കുന്നില്ല. അപമാനിച്ച് അയയ്ക്കാതിരുന്നാൽ മതി. അതാണ് അതിന്റെ സ്ഥിതി. അലോപ്പതിയുടെ കാര്യത്തിൽ കോഴിക്കോടും, തിരുവനന്തപുരത്തും ഹൃദയ സംബന്ധമായ അസുഖത്തിന് ശുശ്രൂഷ മെച്ചപ്പെടുത്തുന്നതിനുവേണ്ടി ലാബും മറ്റ് സൗകര്യങ്ങളുമൊക്കെ ഉണ്ടാക്കാൻ കഴിഞ്ഞ ഗവൺമെന്റ് നിശ്ചയിച്ചിരുന്നു. അതിന്റെ ഉത്ഘാടനം നടത്തി എന്ന

LIBRARY ARCHIVES Kerala Legislative Assembly

തിൽ കവിഞ്ഞ് എന്തെങ്കിലും അതുസംബന്ധിച്ച് ചെയ്യാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ടോ? ഇല്ല എന്നതാണ് ശരി. വിദേശരാജ്യങ്ങളിൽനിന്നുള്ള സഹായങ്ങൾ നേടിയെടുത്ത് ജനങ്ങൾക്ക് പ്രയോജനപ്രദമാക്കുക, അതിനായി ഉദ്യോഗസ്ഥൻമാരോ മന്ത്രിമാരോ വിദേശരാജ്യങ്ങളിൽ പോകുക ഇതൊക്കെ ആവശ്യമാണ്. അതിനൊന്നും ഞങ്ങളാരും എതിരില്ല. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ശ്രീ. വി.എം. സുധീരൻ എം.ഒ.യു. ഒപ്പുവച്ച പദ്ധതിയായിരുന്നു അമേരിക്കയിൽ ഹോർട്ടിമോറിലെ ജോൺ യൂണിവേഴ്സിറ്റിയുമായി ഉണ്ടാക്കിയ കരാർ. ആ കരാറനുസരിച്ച് ആരോഗ്യവകുപ്പുമന്ത്രി ശ്രീ. എ.സി. ഷൺമുഖദാസ് വിദേശപര്യടനം നടത്തി എന്നതിൽക്കവിഞ്ഞ മറ്റു കാര്യങ്ങളെന്തെങ്കിലും ചെയ്തു തീർക്കാൻ കഴിഞ്ഞോ? ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഉത്തരവാദിത്വമേറിയ മെഡിക്കൽ വകുപ്പിന്റെ പ്രവർത്തനം എന്തെങ്കിലും ചൊവ്വേ നേരേ നടത്താൻ കഴിഞ്ഞിട്ടുണ്ടോ? ബഹുമാനപ്പെട്ട ആരോഗ്യവകുപ്പുമന്ത്രി, അങ്ങ് നെഞ്ചത്ത് കൈവച്ചുകൊണ്ട് ശാന്തമായി ചിന്തിച്ച് പറയാൻ കഴിയുമെങ്കിൽ പറയുക, അല്ലെങ്കിൽ തെറ്റ് മനസ്സിലാക്കി തിരുത്താൻ കഴിയുമെങ്കിൽ തിരുത്തുക എന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ ആദ്യം ചെയ്ത ഔദ്യോഗിക കൃത്യനിർവ്വഹണമെന്തെന്നറിയാമോ? ശ്രീ. വി.എം. സുധീരൻ കേരളത്തിലെ ആരോഗ്യവകുപ്പുമന്ത്രിയായിരുന്നപ്പോൾ പ്രാഗൽഭ്യമുള്ള, പരിശീലനം സിദ്ധിച്ച ഡോക്ടർമാരുണ്ടെങ്കിലും അവരുടെ സേവനം ഇവിടെ ലഭ്യമാകുന്നില്ല; അവരിൽ മിക്ക ആളുകളും ഇന്ന് വിദേശത്താണ്. അതുകൊണ്ട് വിദേശത്തുള്ള ഡോക്ടർമാരുടെ സേവനം ഇവിടെ ലഭിക്കുന്നതിനുവേണ്ടി അവരെ ഇങ്ങോട്ടു കൊണ്ടുവരാനുള്ള ശ്രമം നടത്തി. ആ ശ്രമത്തിനു പിന്നിൽ വേറൊന്നുമില്ല. കേരളീയരായ ആളുകൾ മിടുക്കൻമാരാണ്. അവർ പഠിച്ച് വിദേശത്ത് പോകട്ടെ; പണം സമ്പാദിക്കട്ടെ; അതിനൊന്നും നമ്മൾ എതിരല്ല. ഇവിടത്തെ ജോലി മുഖേന കിട്ടാവുന്ന പണവും മറ്റു സൗകര്യങ്ങളും വാങ്ങുകയും ഒപ്പം വിദേശത്ത് പോയി വേറെ പണം സമ്പാദിക്കുകയും വേണം. ഇതു രണ്ടും കൂടി ചെയ്യുന്ന ഏർപ്പാട് അനുവദിക്കാൻ പാടില്ല എന്ന ഉറച്ച വിശ്വാസത്തിന്റെ പുറത്താണ് ശ്രീ. വി.എം. സുധീരൻ അങ്ങനെ വിദേശത്തുപോയ ആളുകളെ തിരിച്ചുകൊണ്ടുവരാൻ ശ്രമിച്ചത്. എന്നാൽ ഈ ഗവൺമെന്റ് വന്നശേഷം ആ ഓർഡർ റദ്ദ് ചെയ്യുകയും നാനൂറോളം പേർ ഇന്ന് വിദേശത്ത് ജോലി ചെയ്യുകയും ചെയ്യുന്നു. നമ്മുടെ നികുതി കാശുകൊണ്ട് ഇവിടെ പഠിച്ചുവളർന്ന വിദഗ്ദ്ധൻമാരുടെ സേവനം നമുക്ക് പ്രയോജനപ്പെടുത്തേണ്ടതല്ലേ? റദ്ദ് ചെയ്ത ആ ഓർഡർ നിങ്ങൾ വീണ്ടും റദ്ദ് ചെയ്ത് വിദേശത്തുള്ള നാനൂറ് പേരെ തിരിച്ചുകൊണ്ടുവരാൻ ചങ്കൂറ്റം കാണിക്കുമോ? നിങ്ങൾ നാടു നീളെ പറയുന്നത് ഇവിടെ ഡോക്ടർമാരില്ല, എല്ലാവരും വിദേശത്താണ്; അവർ വരുന്നുമില്ല; എന്തു ചെയ്യാൻ എന്ന പരാധീനതയുമായി നടക്കുകയാണ്. ഇത് ആരെപ്പറ്റിക്കാനാണ്? കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ശ്രീ. വി.എം. സുധീരൻ നടപ്പിലാക്കിയ ആ നിബന്ധന നിങ്ങൾ മാറ്റി അവർക്ക് പോകാനും ഇവിടെ ആനുകൂല്യങ്ങൾ പറ്റാനും സൗകര്യമുണ്ടാക്കിക്കൊടുത്തിട്ട് ഡോക്ടർമാർ വിദേശത്താണ് എന്നു പറയുന്നതിൽ എന്തർത്ഥമാണുള്ളത്? നിങ്ങൾക്ക് ചങ്കൂറ്റമുണ്ടെങ്കിൽ ആ സ്പെഷ്യലിസ്റ്റുകളെ തിരിച്ചുവിളിക്കാൻ ധൈര്യം കാണിക്കണം. സമ്പന്നൻമാർക്ക് കൂടുതൽ സൗകര്യം ഉണ്ടാക്കാൻ ചെയ്തു കൊടുത്ത ഈ തുടക്കം കണ്ടുകൊണ്ട് തന്നെ അറിയാം ആതുരശുശ്രൂഷാരംഗത്തിന്റെ പോക്ക് എങ്ങോട്ടാണെന്ന്? "ഉണ്ണിയെക്കണ്ടാലറിയാം ഊരിലെപഞ്ഞം" എന്ന പഴഞ്ചൊല്ല് ഈ ഗവൺമെന്റ് പ്രാവർത്തികമാക്കുകയാണ്. നമ്മ

LIBRARY ARCHIVES Kerala Legislative Assembly

Page 11 of 102

ളെല്ലാംകൂടി കഴിഞ്ഞ തവണ വോട്ട് ചെയ്ത് പാസ്സാക്കിക്കൊടുത്ത തുക കൊണ്ട് ആരോഗ്യരംഗത്തെ ഉന്നമനത്തിനുവേണ്ടി ഇവിടെ എന്താണ് ചെയ്തത്? 31.1.1997 വരെയുള്ള പദ്ധതിയുടെ അവലോകന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ഞാൻ കുറച്ച് കണക്കുകൾ ഇവിടെ പറയുന്നത്. അതിനുശേഷം രണ്ടുമാസമുണ്ടായിരുന്നുവെങ്കിലും അന്ന് അവലോകനം നടത്താൻ ഗവൺമെന്റിന് കഴിഞ്ഞില്ല എന്നതു തന്നെ പണം ചെലവഴിക്കുന്നതിയില്ല എന്നതിന് പ്രധാന തെളിവാണ്. അന്നു നമ്മൾ 6126 ലക്ഷം രൂപ ഡിക്കൽ, പബ്ലിക് ഹെൽത്ത് ആന്റ് ഫാമിലി വെൽഫെയർ എന്നിവയ്ക്കാ വകയിരുത്തിക്കൊടുത്തിട്ട് 31.1.1997 വരെ ചെലവായത് 2180 ലക്ഷം രൂപ മാത്രമാണ്. എന്നുവച്ചാൽ 45 ശതമാനം സംഖ്യ മാത്രമേ ചെലവഴിച്ചിട്ടുള്ളു. മരുന്നില്ല, ഡോക്ടറില്ല, തുടങ്ങിയ കുറേ പരിദേവനങ്ങളാണ് ജനങ്ങളോട് കേൾക്കുന്നത്. കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട ആരോഗ്യവകുപ്പുമന്ത്രി പാലക്കാട് വരികയുണ്ടായി. അദ്ദേഹത്തിന് അവിടെയുള്ള കാര്യങ്ങളെക്കുറിച്ച് വ്യക്തമായി അറിയാം. തമിഴ്നാടിനോട് തൊട്ടുകിടക്കുന്ന സ്ഥലമാണ് പാലക്കാ അവിടെ ഇന്ന് ഒരു മെഡിക്കൽകോളേജ് ഇല്ല. എന്നാൽ അവിടെ വ്യവസായശാലകൾ തുരുതുരാ വന്നുകൊണ്ടിരിക്കുന്നു; തൊഴിൽമേഖല വളരെ ശക്തമായിരിക്കുന്നു. അതുകൊണ്ട് അവിടെ ഒരു മെഡിക്കൽ കോളേജ് സ്ഥാപിക്കാനുള്ള ഏർപ്പാട് ഗവൺമെന്റിന്റെ ഭാഗത്തുനിന്നും വേണ്ടതാണ്. പാലക്കാട് ജില്ലാ ആശുപത്രിയുടെ കാര്യം എല്ലാവർക്കും അറിയാവുന്നതാണ്. പാലക്കാട് ജില്ലയിൽ പാമ്പുവിഷബാധയേറ്റ് ധാരാളം ആളുകൾ മരിക്കുന്നുണ്ട്. ഇത്തരം മരണത്തിന് കുറവുവരുത്താൻ വിഷമേറ്റ ആളുകൾക്ക് ശുശ്രൂഷ കൊടുക്കാൻ ഒരു സംവിധാനത്തിനുവേണ്ടി ഞങ്ങൾ ഒരുപാട് ശ്രമിച്ചതാണ്. ഗവൺമെന്റിൽ നിന്ന് ഡയാലിസിസ് യൂണിറ്റ് കിട്ടാൻ കഴിയില്ല എന്നു വന്നപ്പോൾ വെൽഫെയർ കമ്മിറ്റി ലക്ഷക്കണക്കിന് രൂപ മുതൽ മുടക്കി അവിടെയൊരു ഡയാലിസിസ് യൂണിറ്റ് ഉണ്ടാക്കി. എന്നാൽ അത് പ്രവർത്തിപ്പിക്കാൻ പരിശീലനം നേടിയ ഡോക്ടർമാരില്ല. ഡോക്ടർ ഇല്ലാത്തതിന്റെ പേരിൽ ഉള്ള ഡോക്ടറെ പരിശീലനം കൊടുപ്പിച്ചുവന്നപ്പോൾ അദ്ദേഹം അത് പ്രവർത്തിപ്പിക്കില്ല. അക്കാര്യം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽക്കൊണ്ടുവന്നതാണ്. എന്നാൽ അദ്ദേഹം നിസ്സഹായനായിട്ട് കൈ മലർത്തുകയാണ് ചെയ്തത്. പാലക്കാട് ജില്ലാ ആശുപത്രിയിൽ തന്നെ ഐ.സി. യൂണിറ്റില്ല. എച്ചി. മാരുടെ ഫണ്ടിൽനിന്ന് പ്രത്യേക അധികാരമുപയോഗിച്ച് അതിനുവേണ്ടിയുള്ള സജ്ജീകരണങ്ങളുണ്ടാക്കി. പക്ഷേ അതു പ്രവർത്തിപ്പിക്കാൻ ഡോക്ടറില്ലെന്നാണ് പറയുന്നത്. ഈ നിലയിലാണ് അതിന്റെ പോക്ക്.

സർ, നമ്മുടെ സംസ്ഥാനത്ത് നേഴ്സിംഗ് വിദ്യാഭ്യാസം ഒരു പ്രതിസന്ധിയിലെത്തിയിരിക്കുകയാണ്. കോഴിക്കോട്ടും കോട്ടയത്തും തിരുവനന്തപുരത്തുമാണ് നേഴ്സിംഗ് ഉപരിപഠനത്തിന് സൗകര്യമുള്ളത്. അധ്യാപകരുടെ കുറവു കാരണം 1 : 10 എന്ന അനുപാതത്തിൽ അല്ലാത്തതുകൊണ്ട്, നേഴ്സിംഗ് ലൈസൻസ് കൊടുക്കുന്ന അതോറിറ്റി പറയുന്ന പല കാര്യങ്ങളും ചെയ്യാത്തതുകൊണ്ട് അടുത്ത ബാച്ചിലേയ്ക്ക് പുതിയ വിദ്യാർത്ഥികളുടെ പ്രവേശനം നടത്തരുതെന്ന് ഇൻഡ്യൻ നേഴ്സിംഗ് കൗൺസിൽ അന്ത്യശാസനം നൽകിയിരിക്കുകയാണ്. അപ്പോൾ ഉള്ള സൗകര്യങ്ങൾ പോലും ഇല്ലാതാക്കുന്ന ദുഃസ്ഥിതിയാണുള്ളത്. കഴിഞ്ഞ തവണ വകയിരുത്തിയതിൽ 40-42 ശതമാനം പണം മാത്രമാണ് കെട്ടിടങ്ങളുടെ നിർമ്മാണത്തിനുവേണ്ടി ചെലവഴിച്ചത്. ഇന്നു സർക്കാർ ആശുപത്രികൾ ചോർന്നൊലിക്കുകയാണ്. അവിടെ ഒരു രോഗവുമായിട്ടു പോയാൽ പല രോഗങ്ങളുമായി തിരിച്ചു വരും. ചോർച്ച

LIBRARY ARCHIVES Kerala Legislative Assembly

യില്ലാതാക്കുന്നതിനും പുതിയ സൗകര്യങ്ങൾക്കുവേണ്ടിയുമൊക്കെ വകയിരുത്തിയ പണം പോലും ചെലവഴിക്കാൻ കഴിയാത്ത ഒരു സ്ഥിതിയിലേയ്ക്ക് അല്ലേ നമ്മൾ നീങ്ങിക്കൊണ്ടിരിക്കുന്നത്. ഈ സ്ഥിതിയിലേയ്ക്കു പോയാൽ എന്തായിരിക്കും നമ്മുടെ അവസ്ഥ. ആരോഗ്യ പരിപാലനത്തിന്റെ കാര്യം അങ്ങനെ പോകുന്നു. സാമൂഹ്യ വികസനത്തിന്റെ കാര്യം എടുക്കാം. വികലാംഗക്ഷേമ പ്രവർത്തനത്തിനുവേണ്ടി ഒരു കോർപ്പറേഷൻ രൂപീകരിച്ചിട്ടുണ്ട്. എന്നാൽ ഈ സ്ഥാപനത്തിന് വികലാംഗരുടെ ഉന്നമനത്തിനുവേണ്ടി വ്യക്തമായ പരിപാടികളൊന്നും തന്നെ നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. അതിനുവേണ്ടി സ്വന്തമായി ഒരു കെട്ടിടം നിർമ്മിക്കുന്നതിനു സ്ഥലം കൊടുത്തെങ്കിലും വേലി തന്നെ വിളവു തിന്നുന്ന അവസ്ഥയിലാണ് ഇന്നത്തെ സർക്കാരിന്റെ പ്രവർത്തനങ്ങൾ. ഏറ്റവും കൂടുതൽ പരിപോഷിപ്പിക്കേണ്ട ഒരു മേഖലയാണ് മത്സ്യബന്ധനം. അതു വേണ്ടതുപോലെ പ്രയോജനപ്പെടുത്താൻ നമുക്ക് കഴിയുന്നില്ല. നെൽക്കൃഷി മേഖലയെ സംബന്ധിച്ചു ഞാൻ പറയേണ്ട ആവശ്യമില്ല. അതു നഷ്ടത്തിലാണ്. ആ കഷ്ട നഷ്ടത്തിന് അല്പമെങ്കിലും ഒരു ആശ്വാസം കിട്ടുന്നതിന്, നെൽക്കൃഷി മേഖലയിലെ കൃഷിക്കാർക്കും കർഷകത്തൊഴിലാളികൾക്കും വരുമാനം ഉണ്ടാക്കുന്നതിന് ഉൽപ്പാദനം വർദ്ധിപ്പിക്കേണ്ടതുണ്ട്. ഈവക കാര്യങ്ങളൊന്നും ഇതിൽ കാണുന്നില്ല. ഈ സ്ഥിതിയിൽ ഈ ധനാഭ്യർത്ഥനകളെ എങ്ങനെ അനുകൂലിക്കും. അപ്പുറത്തിരിക്കുന്നവരുടെ മനഃസാക്ഷിക്കുവേണ്ടി ഞാൻ എന്റെ കർത്തവ്യം നിർവ്വഹിക്കുന്നു. ഈ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുന്നു.

ശ്രീ. എ. അലി ഹസ്സൻ : സർ, വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും, കുടുംബക്ഷേമം, തുറമുഖങ്ങൾ, മത്സ്യബന്ധനം, സാമൂഹ്യ വികസനം എന്നീ വകുപ്പുകളിലെ ധനാഭ്യർത്ഥനകളെ ഞാൻ അങ്ങേയറ്റം അഭിമാനത്തോടുകൂടി, സന്തോഷത്തോടുകൂടി സ്വാഗതം ചെയ്യുന്നു. അതിന്റെ വിശദാംശങ്ങളിലേയ്ക്കൊന്നും കടക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. എങ്കിൽ കൂടിയും ചില കാര്യങ്ങൾ സൂചിപ്പിക്കുന്നത് ഉചിതമായിരിക്കുമെന്നാണ് എന്റെ വിശ്വാസം. സ്വാതന്ത്ര്യപ്രാപ്തിക്കുശേഷം തിരുവിതാംകൂറിലും തിരു-കൊച്ചിയിലും കേരളത്തിലും ഇൻഡ്യയിലെ മറ്റു സംസ്ഥാനങ്ങളിലും നിരവധി ഗവൺമെന്റുകൾ അധികാരത്തിൽ വന്നിട്ടുണ്ട്. ഈ ഗവൺമെന്റുകൾക്കെല്ലാം മാതൃകയെന്നുള്ള നിലയിൽ കേരളത്തിൽ ഇന്ന് അധികാരത്തിൽ വന്നിട്ടുള്ള സർക്കാർ കുടിൽ തൊട്ട് കൊട്ടാരം വരെയുള്ള എല്ലാ വിഭാഗം ജനങ്ങളെയും അണിനിരത്തിക്കൊണ്ട് ഇപ്പോഴത്തെ ജനകീയ മന്ത്രിസഭയുടെ മേൽനോട്ടത്തിൽ വികസന പ്രവർത്തനങ്ങൾ. ക്ഷേമപ്രവർത്തനങ്ങൾ തുടങ്ങിയവ നടത്തിക്കൊണ്ടിരിക്കുകയാണ്. ഇപ്പോഴത്തെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് അധികാരമേറ്റ് ഒരു വർഷം പിന്നിട്ടിരിക്കുന്നു. വികസനരംഗത്തും ഭരണരംഗത്തും അഴിമതിരഹിതവും സംശുദ്ധവുമായ ഒരു ഭരണമാണ് ഇവിടെ നടക്കുന്നതെന്ന് കേരളത്തിലെ ബഹുഭൂരിഭാഗം ജനങ്ങൾക്കും അറിയാം. അധികാര വികേന്ദ്രീകരണത്തിന്റെ ചരിത്രത്തിൽ നൂതനമായ ഒരധ്യായം തുറന്നുകൊണ്ട് ഇന്ത്യയ്ക്കാകെ മാതൃകയായിത്തീർന്ന ജനകീയാസൂത്രണ പരിപാടി നടപ്പാക്കി വരികയാണ്. അധികാരം ജനങ്ങളിലെത്തിക്കുകയെന്ന ആശയത്തിന്റെ സാക്ഷാത്കാരമാണ് ജനകീയസൂത്രണ പദ്ധതി വിഭാവനം ചെയ്യുന്നത്. ബഡ്ജറ്റിന്റെ 40 ശതമാനം തുക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ഏൽപ്പിച്ചുകൊണ്ടുള്ള പ്രവർത്തന ശൈലികളെ ആസൂത്രണ കമ്മിഷൻ വൈസ് ചെയർമാൻ പോലും മുക്തകണ്ഠമായി പ്രശംസിച്ചു. മറ്റെല്ലാ രംഗങ്ങളിലുമെന്നപോലെ പൊതുജനാരോഗ്യം, കുടുംബക്ഷേമം, ഗ്രാമവികസനം,

LIBRARY ARCHIVES Kerala Legislative Assembly

 Page 13 of 102

മത്സ്യബന്ധനം എന്നീ രംഗങ്ങളിലും കഴിഞ്ഞ 13 മാസത്തെ ഭരണത്തിന്റെ ഫലമായി അസൂയാവഹമായ പുരോഗതി കൈവരിയ്ക്കാൻ ഈ സർക്കാരിനു കഴിഞ്ഞു. അവയെല്ലാം എണ്ണി എണ്ണി പറയണമെന്ന് ഞാൻ ആഗ്രഹിക്കുന്നില്ല. എങ്കിൽകൂടിയും ചിലതു ഇവിടെ സൂചിപ്പിക്കുവാൻ ഞാനാഗ്രഹിക്കുന്നു. 12 പ്രൈമറി ഹെൽത്ത് സെന്ററുകൾ, 26 ആയുർവേദ ഡിസ്പെൻസികൾ, 10 ഹോമിയോ ഡിസ്പെൻസറികൾ എന്നിവ അനുവദിച്ചു. 20 പ്രൈമറി ഹെൽത്ത് സെന്ററുകൾ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളായി ഉയർത്തുകയുണ്ടായി. ആരോഗ്യമേഖലയിലെ സുഗമമായ നടത്തിപ്പിനായി വിവിധ ഡിപ്പാർട്ടുമെന്റുകളിൽ പുതിയ തസ്തികകൾ സൃഷ്ടിക്കപ്പെട്ടു. പരിയാരം മെഡിക്കൽ കോളേജിന്റെയും ആശുപത്രിയുടെയും പ്രവർത്തനങ്ങൾ ശരിയായ രീതിയിൽ നടത്താൻ സർക്കാർ നടപടികൾ കൈകൊണ്ടു. പരിയാരം മെഡിക്കൽ കോളേജിൽ ഉണ്ടായിരുന്ന 35 പേയ്മെന്റ് സീറ്റും, 15 എൻ.ആർ.ഐ. സീറ്റും നിർത്താലാക്കിക്കൊണ്ട് എല്ലാം മെരിറ്റ് ക്വാട്ടയിൽ ആക്കുകയുണ്ടായി. സംസ്ഥാനത്തെ ചികിത്സാരംഗത്ത് മെഡിക്കൽ കോളേജാശുപത്രികളുടെ പ്രാധാന്യം കണക്കിലെടുത്ത് കൂടുതൽ വിദഗ്ദ്ധ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കത്തക്ക രീതിയിൽ പുതിയ യൂണിറ്റുകൾ ആരംഭിക്കുവാൻ അനുമതി നൽകി. ആധുനിക ചികിത്സോപകരണങ്ങൾ ലഭ്യമാക്കാനാവശ്യമായ നടപടികൾ കൈക്കൊണ്ടു. അത്യാവശ്യ ചികിത്സോപകരണങ്ങൾക്കായി ഭീമമായ തുക ചെലവഴിക്കുകയുണ്ടായി. ആശുപത്രികളിലെ മാലിന്യങ്ങൾ കത്തിച്ചു കളയുവാനുള്ള ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള അനുമതി നല്കുകയുണ്ടായി. കേടു പറ്റിയ ചികിത്സോപകരണങ്ങൾ നന്നാക്കുന്നതിനായി ഐ.എച്ച്.ആർ.ഡി.ഇ.യുടെ രണ്ടു ക്യാമ്പുകൾ കോഴിക്കോട്ടും കോട്ടയത്തും സംഘടിപ്പിക്കുകയുണ്ടായി. സംസ്ഥാനത്തെ എല്ലാ മെഡിക്കൽ കോളേജുകളും റഫറൽ ആശുപത്രികളാക്കുവാനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു. റോഡപകടങ്ങൾ വർദ്ധിച്ചുവരുന്ന ഈ കാലഘട്ടത്തിൽ അപകടത്തിന് വിധേയരാകുന്നവർക്കായുള്ള ട്രോമാകെയർ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടു. ഹൃദ്രോഗ ചികിത്സയ്ക്കായുള്ള കാത്ത് ലാബുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടു. എയ്ഡ്സിനെതിരെ നിവാരണ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തിവരുന്നു. വിവിധ മാദ്ധ്യമങ്ങളിലൂടെ ബോധവൽക്കരണം നടത്തുന്നു. എയ്ഡ്സ് സെല്ലിന്റെ നേതൃത്വത്തിൽ വിവിധ ജില്ലകളിലായി 25 പുതിയ ബ്ലഡ് ബാങ്കുകൾ തുടങ്ങുന്നതിന് നടപടികൾ സ്വീകരിച്ചു. ക്ഷയരോഗനിയന്ത്രണത്തിനായി ലോകബാങ്കിന്റെയും കേന്ദ്രസർക്കാരിന്റെയും സഹായത്തോടെ റിവൈസ്ഡ് ടി.ബി. കൺട്രോൾ പ്രോഗ്രാം കേരളത്തിൽ നടപ്പിലാക്കി. കുഷ്ഠം, മലമ്പനി, മന്ത് തുടങ്ങിയ രോഗങ്ങൾക്കെതിരെയുള്ള പദ്ധതികൾ കൂടുതൽ ഊർജ്ജിതപ്പെടുത്തി. അന്ധതാ നിവാരണ പദ്ധതി അനുസരിച്ച് കൂടുതൽ നേത്രബാങ്കുകൾ ഈ കാലയളവിൽ സ്ഥാപിച്ചു. മുൻവർഷങ്ങളിൽ ലഭിക്കുവാൻ ബാക്കിയുണ്ടായിരുന്നതുൾപ്പെടെ ജീവനക്കാർക്ക് യൂണിഫോം ലഭ്യമാക്കുന്നതിന് ഉത്തരവു നല്കുകയുണ്ടായി. പരാതികൾക്കും വിവാദങ്ങൾക്കും ഇടനല്കാതെ ഡോക്ടർമാരുടെയും മറ്റു പാരാമെഡിക്കൽ സ്റ്റാഫിന്റെയും സ്ഥലം മാറ്റങ്ങൾ മാനദണ്ഡങ്ങൾക്കനുസരിച്ച് നടപ്പിലാക്കി. കേരളത്തിൽ അവിടവിടങ്ങളിൽ പ്രത്യക്ഷപ്പെട്ട പകർച്ച വ്യാധികൾ സർക്കാർ ഉണർന്നു പ്രവർത്തിച്ചതിന്റെ ഫലമായി രോഗം പടരാതെ തടയുവാൻ സാധിച്ചു. സാംക്രമിക രോഗങ്ങളുടെ നിയന്ത്രണത്തിന് സഹായകമാകുന്ന വൈറോളജിക്കൽ ലാബ് സംസ്ഥാനത്ത് സ്ഥാപിക്കാനാവശ്യമായ നടപടികൾ കൈക്കൊണ്ടു. സംസ്ഥാനത്തെ 72 ആശുപത്രികളെ ഫസ്റ്റ് റഫറൽ യൂണി

LIBRARY ARCHIVES Kerala Legislative Assembly

റ്റായി പ്രഖ്യാപിക്കുകയും അവിടെ കൂടുതൽ ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ചെയ്തു. ആശുപത്രികളിലെ പ്രവർത്തനം മെച്ചമാക്കുന്നതിനായി വകുപ്പുമന്ത്രി എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും അതാതു ജില്ലകളിലെ ജനപ്രതിനിധികളെയും വകുപ്പുദ്യോഗസ്ഥന്മാരെയും പങ്കെടുപ്പിച്ചുകൊണ്ടുള്ള ജില്ലാതല അവലോകന മീറ്റിംഗുകൾ സംഘടിപ്പിക്കുകയുണ്ടായി. ഇതുപോലെ നിരവധി ആരോഗ്യ രക്ഷാ പരിപാലന പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടാണ് ഈ രംഗത്ത് ചെയ്യേണ്ട കാര്യങ്ങൾ ചെയ്തു കൊണ്ടിരിക്കുന്നത്. എന്റെ സ്നേഹിതൻ ശ്രീ. കെ.എ. ചന്ദ്രൻ വർക്കലയിലെ ചില കാര്യങ്ങൾ പറഞ്ഞു. കേരളത്തിലെ ഏറ്റവും അഭിമാനിക്കത്തക്ക രീതിയിലുള്ള ഒരു പ്രകൃതി ചികിത്സാകേന്ദ്രവും കൂടിയാണ്. ഏതാണ്ട് അഞ്ചര ഏക്കർ സ്ഥലമുണ്ട്. അവിടം വികസിപ്പിക്കുന്നതിനുവേണ്ട നടപടികൾ ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. അതിനുള്ള പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. അതുപോലെ തന്നെ ജില്ലാ ആശുപത്രിയായ വർക്കല ഗവൺമെന്റു ആയുർവ്വേദ ആശുപത്രിയുടെ കാര്യവും. വർക്കല ഗവൺമെന്റ് അലോപ്പതി ആശുപത്രിയുടേയും ആയുർവേദ ഡിസ്പൻസറിയുടേയും ശോച്യാവസ്ഥ പരിഹരിക്കുന്നതിനുള്ള നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണം. കുടുംബക്ഷേമ ഉപകേന്ദ്രങ്ങളുടെ പ്രവർത്തനരീതിയിൽ മാറ്റം വരുത്തണം. ഡിസ്പെൻസറികളിലും മറ്റ് ആശുപത്രികളിലുമുള്ള ഒരു മണിവരെയുള്ള ചികിത്സാ രീതി മാറ്റി ഫുൾടൈം പ്രവർത്തനശേഷി ഉണ്ടാക്കാനുള്ള ഉത്തരവ് ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണം. തുറമുഖങ്ങളുടെ കാര്യത്തിൽ നിർമ്മാണവും വികസനവും സംസ്ഥാന ഗവൺമെന്റിന്റെ മാത്രം ചുമതലയിൽപ്പെട്ടതല്ലെങ്കിലും കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടുകൂടി സംസ്ഥാന ഗവൺമെന്റ് ചില പദ്ധതികൾക്ക് രൂപം നൽകിയിട്ടുള്ളത് തികച്ചും അഭിനന്ദനാർഹമാണ്. ഗ്രാമവികസന രംഗത്താണ് ഈ ഗവൺമെന്റ് കൂടുതൽ ശ്രദ്ധ കേന്ദ്രീകരിച്ചിട്ടുള്ളതായി വസ്തുതകളിൽ നിന്നും മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഗ്രാമവികസന രംഗത്ത് മുമ്പ് ഉണ്ടായിരുന്ന ഏതൊരു സർക്കാരിനേക്കാളും കൂടുതലായി അസൂയാവഹമായ പുരോഗതി ഈ സർക്കാരിന് കൈവരിക്കുവാൻ കഴിഞ്ഞു. ഗ്രാമവികസനവുമായി ബന്ധപ്പെട്ട് നടപ്പാക്കാൻ നിശ്ചയിച്ചിരുന്ന പദ്ധതികളുടെ നടത്തിപ്പിൽ ലക്ഷ്യത്തിൽ കവിഞ്ഞ പുരോഗതി നേടിയിട്ടുള്ള സംസ്ഥാനമാണ് കേരളം. ഗ്രാമവികസന വകുപ്പിലെ ഉദ്യോഗസ്ഥന്മാരും ജനപ്രതിനിധികളും ജനപങ്കാളിത്തത്തോടുകൂടി പ്രവർത്തിച്ചതാണ് പദ്ധതി നടത്തിപ്പിന്റെ വിജയകാരണം. കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടെ 81 ബ്ലോക്കുകളിൽ മാത്രം നടപ്പാക്കി വന്ന തൊഴിൽ ഉറപ്പു പദ്ധതി ഇപ്പോൾ കേരളത്തിലെ എല്ലാ ബ്ലോക്കുകളിലും നടപ്പാക്കാൻ തീരുമാനിച്ചിരിക്കുകയാണ്. ഐ.ആർ.ഡി.പി., ജവഹർ തൊഴിൽദാന പദ്ധതി, ദശലക്ഷം കിണർ പദ്ധതി, ഇന്ദിരാ ഭവന നിർമ്മാണ പദ്ധതി തുടങ്ങിയ ഒട്ടേറെ പദ്ധതികൾ നടപ്പാക്കാൻ കേന്ദ്രത്തിൽ നിന്നും അർഹമായ വിഹിതം നേടി എടുക്കാൻ കഴിഞ്ഞതും ഈ സർക്കാറിന്റെ നേട്ടമായി കാണണം. കഴിഞ്ഞ വർഷം ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള 48690 കുടുംബങ്ങൾക്ക് ഐ.ആർ.ഡി.പി. പദ്ധതിയനുസരിച്ചു സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് സഹായം നല്കി. ഈ ഇനത്തിൽ 8816.69 ലക്ഷം രൂപ വായ്പയും സബ്സിഡിയും ഉൾപ്പെടെ ചെലവഴിച്ചു. ഇവരിൽ 19293 കുടുംബങ്ങൾ പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ടവരാണ്. ഐ.ആർ.ഡി.പി. ലക്ഷ്യം 133 ശതമാനം ആണെന്ന് കണക്കുകളിൽ നിന്നും മനസ്സിലാക്കും. മുൻഗവൺമെന്റിന്റെ കാലത്ത് ലക്ഷ്യം കൈവരിക്കാതെ ഫണ്ട് ലാപ്സായ ചരിത്രവുമുണ്ട്. ഐ.ആർ.ഡി.പി.യുടെ ഉപ പദ്ധതിയാണ് കുടുംബവായ്പാ

LIBRARY ARCHIVES Kerala Legislative Assembly

പദ്ധതി. 5971 കുടുംബങ്ങൾക്ക് 30,000 രൂപ വീതം നല്കി കുടുംബവായ്പ പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്. സംസ്ഥാനത്തിലെ 13 ജില്ലകളിലുള്ള 131 ബ്ലോക്കുകളിലാണ് ഈ പദ്ധതി നടപ്പിലാക്കിവരുന്നത്. ഈ പദ്ധതിയുടെ ആനുകൂല്യം തിരുവനന്തപുരം ജില്ലയിലെ എല്ലാ ബ്ലോക്കുകളിലേയ്ക്കും കൂടി വ്യാപിപ്പിക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്. വനിതാശിശു വികസന പരിപാടിയുടെ ഭാഗമായി വനിതകളുടെ കൂട്ടായ തൊഴിൽ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനാവശ്യമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ഇക്കാര്യത്തിൽ പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് ഗണ്യമായ മുൻഗണന നൽകിയിട്ടുണ്ട്. ഈ പദ്ധതി നടപ്പാക്കാൻ 962 പേർക്ക് പരിശീലനം നൽകിയതിനു പുറമേ ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള 5036 യുവതീ-യുവാക്കൾക്ക് തൊഴിൽ പരിശീലനം ലക്ഷ്യമാക്കി 'ട്രൈസം' പരിപാടി നടപ്പാക്കിയിട്ടുമുണ്ട്. മരപ്പണി, മൺപാത്രനിർമ്മാണം, ചെരിപ്പ് നിർമ്മാണം എന്നീ തൊഴിലുകളിൽ ഏർപ്പെട്ടിട്ടുള്ള 5288 പേർക്ക് ലക്ഷ്യത്തിന്റെ 112 ശതമാനം ചെലവു ചെയ്ത് തൊഴിലുപകരണങ്ങൾ വാങ്ങി കൊടുത്തു. ഭവനരഹിതരായ ദുർബല വിഭാഗത്തിൽപ്പെട്ട പ്രത്യേകിച്ചും പട്ടികജാതി, പട്ടികവർഗ്ഗത്തിൽപ്പെട്ടവർക്ക് കഴിഞ്ഞ വർഷം സമഗ്രമായ ഒരു ഭവനനിർമ്മാണ പദ്ധതി തന്നെ നടപ്പിലാക്കി കഴിഞ്ഞു. ഇതിന്റെ ഫലമായി ദുർബല വിഭാഗത്തിൽപ്പെട്ട പട്ടികജാതി പട്ടിക വർഗ്ഗക്കാർക്കും ഇതരസമുദായത്തിൽപ്പെട്ടവർക്കുമായി 23202 വീടുകൾ നിർമ്മിച്ചു നല്കി. ഇക്കാര്യത്തിലും ലക്ഷ്യമിട്ടതിന്റെ 125 ശതമാനം നേട്ടമുണ്ടാക്കുവാൻ കഴിഞ്ഞു. ദരിദ്ര്യരേഖയ്ക്ക് താഴെയുള്ള നിർദ്ധനരായ ചെറുകിട നാമമാത്ര കർഷകർക്ക് ദശലക്ഷം കിണർ പദ്ധതി അനുസരിച്ച് 2268 കിണറുകളും 308 ഭൂവികസന പദ്ധതികളും പൂർത്തീകരിച്ചിട്ടുണ്ട്. ജെ.ആർ.വൈ. പദ്ധതിയനുസരിച്ച് 4458.15 ലക്ഷം രൂപ ചെലവുചെയ്തു. ഇതിൽ 1040.09 ലക്ഷം രൂപ പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ടവരുടെ ക്ഷേമ പ്രവർത്തനങ്ങൾക്കാണ് വിനിയോഗിച്ചത്. വിവിധപദ്ധതികൾ കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടുകൂടി സംസ്ഥാന ഗവൺമെന്റ് നടപ്പാക്കുന്നു.

ശ്രീ. ഇസ്ഹാക് കുരിക്കൾ : അങ്ങ് ഇവിടെ വിവരിച്ച കാര്യങ്ങളൊക്കെ കേന്ദ്ര വിഹിതങ്ങളാണ്. കേന്ദ്ര വിഹിതം മുഴുവൻ ഈ സംസ്ഥാനം ചെലവാക്കിയിട്ടില്ലെന്ന് സെക്രട്ടേറിയറ്റിൽ മുഖ്യമന്ത്രി വിളിച്ചുകൂട്ടിയ യോഗത്തിൽ, റിവ്യു കമ്മിറ്റിയിൽ പറഞ്ഞിട്ടുള്ളത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ. ദുർബല വിഭാഗങ്ങൾക്ക് കേന്ദ്രം അനുവദിച്ച സംഖ്യപോലും ലാപ്സാക്കുകയാണെന്ന് പറഞ്ഞാൽ നിഷേധിക്കുവാൻ സാധിക്കുമോ?

ശ്രീ. എ. അലി ഹസ്സൻ : ബഹുമാനപ്പെട്ട കുരിക്കൾ പറഞ്ഞത് ഞാൻ ശ്രദ്ധിച്ചു കേട്ടു. പക്ഷെ കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടുകൂടി കേരള ഗവൺമെന്റ് നടപ്പാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികളെക്കുറിച്ചാണ് ഞാൻ പറഞ്ഞത്.

ശ്രീ. പി. രാജു : കഴിഞ്ഞ നാലഞ്ച് വർഷത്തെ പ്രവർത്തനങ്ങൾ അവലോകനം ചെയ്തിട്ടാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ ഒരു കോൺഫറൻസ് വിളിച്ചു കൂട്ടിയത്. അഞ്ച് വർഷക്കാലം ശ്രീ. കുരിക്കൾ അടക്കം ഇവിടെയിരുന്നു ഭരിച്ചിട്ടാണ് ഭരണമാകെ താറുമാറാക്കി എന്നു ഇപ്പോൾ പറയുന്നത്. കഴിഞ്ഞ ഗവൺമെന്റ് കോടിക്കണക്കിന് രൂപ ലാപ്സാക്കി. മുഖ്യമന്ത്രി പറഞ്ഞത് മുഴുവൻ തുകയും ചെലവഴിക്കണം എന്നാണ്. കഴിഞ്ഞ അഞ്ച് വർഷകൊണ്ട് കോടികൾ ലാപ്സാക്കിയതുകൊണ്ടാണ് ഇപ്പോൾ ഇങ്ങനെ പറയുന്നതെന്ന് അങ്ങേയ്ക്കറിയുമോ?

LIBRARY ARCHIVES Kerala Legislative Assembly

Page 16 of 102

ശ്രീ. എ. അലി ഹസ്സൻ : ബഹുമാനപ്പെട്ട രാജു പറഞ്ഞ കാര്യം ഞാൻ സൂചിപ്പിക്കുവാൻ ഒരുങ്ങിയതാണ്. അപ്പോഴാണ് ശ്രീ. രാജു ചോദ്യം ചോദിച്ചത്.

ശ്രീ. ജി. സുധാകരൻ : സർ, അങ്ങയുടെ പ്രസംഗത്തിന്റെ ആദ്യഭാഗത്ത് മന്ത്, മലമ്പനി, തുടങ്ങിയ മാരകരോഗങ്ങൾ കുറഞ്ഞു. വരുന്നതായും അതിന് ബഹുമാനപ്പെട്ട മന്ത്രിയെടുത്ത നടപടികളോട് യോജിക്കുകയാണെന്നും പറഞ്ഞു പക്ഷേ അതേസമയത്ത് തന്നെ നമ്മുടെ യു.ഡി.എഫ്. നേതൃത്വത്തിലും അണികളിലുമായി രാഷ്ട്രീയ മന്തും മലമ്പനിയും വർദ്ധിച്ചു വരുന്നതായിട്ടാണ് കാണുന്നത്. അത് ശ്രീ. എം.വി. രാഘവൻ മാനിയ എന്നുപറയുന്ന ഒരു രോഗാണുമൂലമാണ് ഉണ്ടായിരിക്കുന്നത്. അതിന് വല്ല ചികിത്സയും ഇന്നത്തെ ആരോഗ്യവകുപ്പിൽ ഉണ്ടോ?

ശ്രീ. എ. അലി ഹസ്സൻ : ഈ ചികിത്സാ സമ്പ്രദായത്തെ കുറിച്ചൊക്കെ ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയുമ്പോൾ പറയും എന്നാണ് എന്റെ പ്രതീക്ഷ. മറ്റേതൊരു ഗവൺമെന്റിനേക്കാളും മത്സ്യത്തൊഴിലാളികളുടെ ക്ഷേമപ്രവർത്തനങ്ങളും തൊഴിൽ സൗകര്യങ്ങളും കാര്യക്ഷമമായി നടപ്പാക്കാൻ ഈ സർക്കാരിനു കഴിഞ്ഞു. ഇതിലേയ്ക്ക് കേന്ദ്രസർക്കാരിൽ നിന്നുള്ള സഹായധനം പരമാവധി നേടിക്കൊണ്ടാണ് ഈ പദ്ധതികൾ നടപ്പിലാക്കുവാനും സാധിച്ചത്. മത്സ്യോല്പാദനം വർദ്ധിപ്പിക്കുന്നതിനും മത്സ്യത്തൊഴിലാളികളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനും അവർക്ക് തൊഴിൽ സൗകര്യം ഉണ്ടാക്കി കൊടുക്കുന്നതിനും ആവശ്യമായ നിരവധി പദ്ധതികളാണ് കഴിഞ്ഞവർഷം ഈ ഗവൺമെന്റ് നടപ്പിലാക്കിയത് എന്ന് എല്ലാവർക്കുമറിയാം. ഉൾനാടൻ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്ന പരിപാടികളുമുണ്ട്. വിഴിഞ്ഞത്തും കണ്ണൂരും ഫിഷറീസ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തങ്കശ്ശേരിയിലും വർക്കലയിലും ആലപ്പുഴയിലും ചെമ്മീൻ വിത്തുല്പാദന കേന്ദ്രങ്ങളുടെ പ്രവർത്തനം ആരംഭിച്ചിരിക്കുന്നു. മത്സ്യത്തൊഴിലാളി സഹകരണസംഘങ്ങൾ കാര്യമായി പ്രവർത്തിപ്പിക്കുവാനും നടപടികൾ തുടർന്നു വരുന്നു. പത്താം ധനകാര്യ കമ്മീഷന്റെ തീരുമാനം അനുസരിച്ച് 50 കോടി രൂപ ചെലവു ചെയ്ത് മത്സ്യത്തൊഴിലാളികൾക്ക് വീട്, റോഡ്, ശുദ്ധജലവിതരണ പദ്ധതികൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ നടപ്പാക്കാൻ തീരുമാനിക്കുകയും അത് നടപ്പാക്കുകയും ചെയ്തു വരുന്നു. പ്രധാന കേന്ദ്രങ്ങളിൽ മത്സ്യ വിപണന കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ട്. അതുപോലെതന്നെ തൊഴിലാളികളുടെ സർവോന്മുഖമായ പുരോഗതി ലക്ഷ്യമാക്കിക്കൊണ്ട് മത്സ്യ ഭവനുകൾ ആരംഭിച്ചു കഴിഞ്ഞു. പഞ്ചായത്തുകൾ തോറും മത്സ്യകൃഷി വികസിപ്പിക്കുവാൻ ജനകീയ മത്സ്യകൃഷി പദ്ധതികൾ ആരംഭിച്ചു. ഫിഷറീസ് ഡിപ്പാർട്ടുമെന്റിന്റെ സാങ്കേതിക സഹായത്തോടെ പഞ്ചായത്തുകൾ മുഖേന 10,000 ഹെക്ടർ സ്ഥലത്ത് മത്സ്യകൃഷി വികസന പദ്ധതി ആരംഭിച്ചിരിക്കുന്നു. മത്സ്യത്തൊഴിലാളി പെൻഷൻ 85 രൂപയിൽ നിന്നും 100 രൂപയായി വർദ്ധിപ്പിച്ചു. അപകടത്തിൽ മരണപ്പെടുന്ന മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്ക് നല്കിവന്ന ആനുകൂല്യം 25,000 രൂപയിൽ നിന്നും 50,000 രൂപയായി വർദ്ധിപ്പിച്ചിരിക്കുന്നു. ക്യാൻസർ, ഹൃദയ ശസ്ത്രക്രിയ തുടങ്ങിയ മാരക രോഗങ്ങൾക്ക് വിധേയരാകുന്ന മത്സ്യത്തൊഴിലാളികൾക്ക് 40,000 രൂപ സഹായധനം നല്കിവരുന്നു. കായലോരത്തും കടലോരത്തും ചെറ്റക്കുടിലുകളിൽ താമസിക്കുന്ന പാവപ്പെട്ട മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിനു വേണ്ടി 35,000 രൂപ വീതം നൽകിവരുന്നു. ഇതിലേയ്

LIBRARY ARCHIVES Kerala Legislative Assembly

 Page 17 of 102

ക്കായി കഴിഞ്ഞ വർഷം മൂന്ന് കോടി രൂപ ചെലവാക്കി. മത്സ്യത്തൊഴിലാളി ഭവനങ്ങളിൽ വൈദ്യുതി ലഭിക്കുവാൻ വീടൊന്നിന് 1000 രൂപവീതം സഹായ ധനം നൽകി തീരജ്യോതി പദ്ധതി നടപ്പാക്കി. മത്സ്യത്തൊഴിലാളികൾക്ക് നേത്രരോഗ പരിശോധന നടത്തുവാനും സൗജന്യമായി കണ്ണട നൽകുവാനും തീരുമാനിക്കുകയും അതനുസരിച്ച് 'നേത്രജ്യോതി' പദ്ധതി നടപ്പാക്കുകയും ചെയ്തു വരുന്നു. മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ കുട്ടികൾക്ക് വിദ്യാഭ്യാസത്തിനുള്ള ലംപ്സം ഗ്രാന്റും, പോക്കറ്റ് മണിയും വർദ്ധിപ്പിച്ചു. മത്സ്യത്തൊഴിലാളി കുടുംബങ്ങളിൽ ബഹുഭൂരിഭാഗവും വീടില്ലാത്തവരും വീട് വയ്ക്കാൻ ഭൂമിയില്ലാത്തവരുമാണ്. അവർക്ക് സ്വന്തമായി ഭൂമി വാങ്ങിക്കുന്നതിനുള്ള പദ്ധതി നടപ്പാക്കുന്നത് നന്നായിരിക്കുമെന്നാണ് എന്റെ അഭിപ്രായം. വർക്കലയിലെ വെട്ടൂർ ഫിഷർമാൻ കോളനിയിൽ 25 വർഷം മുമ്പ് നിർമ്മിച്ച വീടുകൾ പലതും തകർന്നുവീണിരിക്കുകയാണ്, പല വീടുകളും തകർച്ചയുടെ വക്കിലുമാണ്. ഈ വീടുകൾ അടിയന്തിരമായി പുനർനിർമ്മാണം ചെയ്തു കൊടുക്കുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. തീരദേശത്ത് ശുദ്ധജലമെത്താത്ത പ്രദേശങ്ങളിൽ ശുദ്ധജലം എത്തിക്കുന്നതിന് കൂടുതൽ പ്രാധാന്യം നൽകണം. ഇനി ഏറ്റവും ദയനീയമായ മറ്റൊരു സംഭവം കൂടി പറഞ്ഞുകൊള്ളട്ടെ. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് നിർത്തലാക്കിയ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കുള്ള സമ്പാദ്യസമാശ്വാസ പദ്ധതി 1-4-96-ൽ നിർത്തലാക്കി. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഈ പദ്ധതി പുനഃസ്ഥാപിച്ചിരിക്കുകയാണ്. കേന്ദ്ര ഗവൺമെന്റിന്റെയും തൊഴിലാളികളുടേയും സർക്കാരിന്റേയും വിഹിതം ചേർത്ത് 45,45,45 രൂപ വീതം കൊടുക്കണമായിരുന്നു. പക്ഷെ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഉദ്യോഗസ്ഥന്മാർ തൊഴിലാളികളുടെ ഭാഗത്ത് നിന്നും പിരിച്ചെടുത്ത പണം തട്ടിക്കൊണ്ടു പോയതായി ആക്ഷേപമുണ്ട്. അതിനെപ്പറ്റി അന്വേഷിക്കണം. അത് ഗുരുതരമായ ഒരു ആരോപണമായിട്ടാണ് മനസ്സിലാക്കുന്നത്. വർക്കല, കാപ്പിൽ, ഇടവ, ഓടയം, ചിലക്കൂർ, വെട്ടൂർ എന്നീ പ്രദേശങ്ങളിലാണ് ഈ ഉദ്യോഗസ്ഥന്മാർ പണം തട്ടിക്കൊണ്ടു മുങ്ങി പോയതെന്നാണ് ആക്ഷേപം. അതിനെക്കുറിച്ച് അന്വേഷിക്കണം. ഈ ഗവൺമെന്റ് കൊണ്ടുവന്ന എല്ലാ നല്ല കാര്യങ്ങളും പിന്താങ്ങുക എന്ന നിലപാടായിരിക്കണം അപ്പുറത്ത് ഇരിക്കുന്ന, പ്രതിപക്ഷത്തിരിക്കുന്നവർ സ്വീകരിക്കേണ്ടത് എന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു. നമ്മുടെ സാമൂഹികമായ, സർവോന്മുഖമായ, പുരോഗതി ലക്ഷ്യമാക്കിക്കൊണ്ടുള്ള ഈ പ്രവർത്തനങ്ങൾക്ക് എല്ലാപേരുടേയും സഹായസഹകരണം ഉണ്ടാകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട്, പ്രതിപക്ഷത്തിരിക്കുന്നവരുടെ നിലപാട് പുനഃപരിശോധിക്കണമെന്ന് അപേക്ഷിച്ചുകൊണ്ട് ഞാൻ ഈ വകുപ്പിലേയ്ക്കുള്ള ധനാഭ്യർത്ഥനകളെ സന്തോഷത്തോടുകൂടി പിന്താങ്ങുന്നു.

ശ്രീ. പി.കെ.കെ ബാവ : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു. നമ്മുടെ ആരോഗ്യരംഗം അക്ഷരാർത്ഥത്തിൽ മരിച്ചുകൊണ്ടിരിക്കുകയാണ്. ഇതിന് കൃത്രിമ ശ്വാസോച്ഛ്വാസം നൽകി എത്രനാൾ നിലനിർത്താൻ ബഹുമാനപ്പെട്ട മന്ത്രിയ്ക്കും ഗവൺമെന്റിനും കഴിയുമെന്നതാണ് എന്റെ ചോദ്യം. എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോടും ഗവൺമെന്റിനോടും അഭ്യർത്ഥിക്കാനുള്ളത് ആരോഗ്യരംഗത്ത് സമഗ്രമായിട്ടുള്ള അഴിച്ചുപണി അടിയന്തിരമായി നടത്തേണ്ടിയിരിക്കുന്നു എന്നാണ്. നമ്മുടെ ആതുര ശുശ്രൂഷാലയങ്ങളിൽ പലയിടത്തും കെട്ടിടങ്ങളുടെ കുറവുണ്ട്. കെട്ടിടമുള്ളിടത്ത് ഡോക്ടർമാരുടെ കുറവ്, കെട്ടിടവും ഡോക്ടർമാരുമുള്ളിടത്ത് മരുന്നിന്റേയും സ്റ്റാഫിന്റേയും കുറവ്, ഇവയെല്ലാമുള്ളിടത്ത് ഉപകരണങ്ങളുടെ കുറവ്. എല്ലാ അർ

LIBRARY ARCHIVES Kerala Legislative Assembly

Page 18 of 102

ത്വത്തിലും സാധാരണക്കാരെ സംബന്ധിച്ചിടത്തോളം ആശുപത്രികളിൽനിന്ന് വളരെ പരിമിതമായിട്ടുള്ള പ്രയോജനം മാത്രമേ ലഭിക്കുന്നുള്ളൂ എന്നുള്ള താണ് വസ്തുത. മാത്രമല്ല, ആശുപത്രി ജീവനക്കാരുടെയും മറ്റ് ബന്ധപ്പെട്ട ആളുകളുടെയും സമീപനം "കാട്ടിലെ മരം തേവരുടെ ആന, വലിയെടാ വലി" എന്നതാണ്. രോഗികളോടും രോഗികളുടെ കൂടെ നിൽക്കുന്നവരോടും നല്ല രീതിയിലുള്ള സമീപനം സ്വീകരിച്ച് അവരെ ആശ്വസിപ്പിക്കാൻ പോലും പല ഇടങ്ങളിലും ബന്ധപ്പെട്ട അധികൃതരും ജീവനക്കാരും മുന്നോട്ടു വരുന്നില്ല. അവരിൽ പലർക്കും ഞങ്ങളാണിവിടെ ഭരിക്കുന്നത്, ഞങ്ങളാണ് ആശുപത്രിയുടെ അധികൃതർ, ഞങ്ങളെ അവഗണിച്ച് മന്ത്രിയ്ക്കുപോലും മുന്നോട്ടു പോകാൻ സാധിക്കുകയില്ല എന്നുള്ള സമീപനവും ധാർഷ്ട്യവുമാണ്. നമ്മുടെ ആശുപത്രികളെക്കുറിച്ചുള്ള ധാരണതന്നെ മാറിയിരിക്കുന്നു. ഇതിന് മാറ്റം ഉണ്ടാകണം. സാധാരണക്കാരെ സംബന്ധിച്ചിടത്തോളം നമ്മുടെ ആശുപത്രികൾ, മെഡിക്കൽകോളേജുകൾ പോലും പേടിസ്വപ്നമായി മാറിയിരിക്കുകയാണ്. ഈയിടെ കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടിക്ക് സമീപം രണ്ടു ബസ്സുകൾ തമ്മിൽ കൂട്ടിയിടിച്ചു, റഫീക് എന്ന ഹോട്ടൽ ജീവനക്കാരനായ ഒരു പാവപ്പെട്ട മത്സ്യത്തൊഴിലാളിക്ക് ദാരുണമായി പരിക്കേറ്റു. ബസ്സുടമകൾ ചേർന്ന് മെഡിക്കൽ കോളേജ് ആശുപത്രിയിൽ കൊണ്ടുപോയി അഡ്മിറ്റ് ചെയ്തു. രക്ഷിതാക്കൾ നാടുനീളെ അന്വേഷണം നടത്തി, കോഴിക്കോട്, മലപ്പുറം, കണ്ണൂർ എന്നീ ജില്ലകളിലെ മുഴുവൻ ആശുപത്രികളിലും അന്വേഷിച്ചു. കണ്ടെത്തിയില്ല, അവസാനം അവന്റെകൂടെ പരിക്കുപറ്റിയിരുന്ന ഒരു ചെറുപ്പക്കാരൻ കൊയിലാണ്ടി ,ആശുപത്രിയിൽ നിന്ന് സുഖമായി വന്ന് റഫീക്കിന്റെ വിവരം എന്താണെന്ന് വീട്ടുകാരോട് അന്വേഷിച്ചപ്പോൾ ആണ് അവന് പരിക്കുപറ്റിയതും കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ അഡ്മിറ്റ് ചെയ്തതുമായ സംഗതി അറിയുന്നത്. അവിടെ ചെന്ന് അന്വേഷണം നടത്തിയപ്പോൾ അവസാനം കിട്ടിയ വിവരം ഏറെ ഞെട്ടിപ്പിക്കുന്നതാണ്. പോലീസ് ഇൻക്വസ്റ്റുപോലും നടത്താതെ പോസ്റ്റ് മോർട്ടം ചെയ്യാതെ കുറെ ദിവസം മോർച്ചറിയിൽ ഇട്ടതിനു ശേഷം മെഡിക്കൽ കോളേജിനടുത്തുള്ള ഒരു കുറ്റിക്കാട്ടിൽ കുഴിച്ചു മൂടിയിരിക്കുന്നു. കോഴിക്കോട് വലിയ കോളിളക്കം സൃഷ്ടിച്ച ഒരു സംഭവമായിരുന്നു ഇത്. കോഴിക്കോട് മെഡിക്കൽ കോളേജിൽ ബഹുമാനപ്പെട്ട മന്ത്രിയുടെ മൂക്കിനു താഴെ നടന്ന ഒരു സംഭവമാണ് ഇത്. ആ ഡെഡ് ബോഡി കുഴിച്ചെടുക്കാൻ ആർ.ഡി.ഒ.യുടെ നേതൃത്വത്തിൽ അധികൃതർ മുന്നോട്ടുവന്നു. കുഴിച്ചെടുത്തു നോക്കിയപ്പോൾ വേറെയും മൃതദേഹങ്ങൾ ആ കുറ്റിക്കാട്ടിൽ കുഴിച്ചിട്ടതായി കണ്ടുവെന്നുള്ള വസ്തുത നമ്മെ ലജ്ജിപ്പിക്കുന്നതാണ്. ഇതു സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയ്ക്ക് ഞാൻ നിവേദനം കൊടുത്തു. അതിനെത്തുടർന്ന് താഴെക്കിടയിലുള്ള രണ്ട് പോലീസ് ഉദ്യോഗസ്ഥൻമാരെ സസ്പെൻഡ് ചെയ്തു. ഇപ്പോൾ ആ സസ്പെൻഷൻ റദ്ദാക്കിയിരിക്കുന്നു. പക്ഷേ ആരോഗ്യ വകുപ്പിനെ സംബന്ധിച്ചിടത്തോളം ഒരനക്കവും ഇതുവരെ ഉണ്ടായിട്ടില്ല. ഇത്ര നിസ്സാരമായ രീതിയിൽ ഒരു മനുഷ്യന്റെ മൃതദേഹം പന്താടിയ ഉദ്യോഗസ്ഥൻമാരുടെ പേരിൽ യാതൊരു തരത്തിലുള്ള നടപടിയും ഉണ്ടായില്ല എന്നുള്ളത് അങ്ങേയറ്റം ഖേദകരമായിട്ടുള്ള സംഭവമാണ്. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് കടക്കാൻ ആഗ്രഹിക്കുന്നില്ല. ഇവിടെ ബഹുമാനപ്പെട്ട ചന്ദ്രൻ സംസാരിച്ചപ്പോൾ പറഞ്ഞു, നമ്മുടെ സർക്കാർ ആശുപത്രികൾ സ്വകാര്യ ആശുപത്രികൾക്കു വേണ്ടി ഏജൻസി പണിയെടുക്കുന്നുവെന്ന്. വാസ്തവത്തിൽ ന്യായമായി സംശയിക്കേണ്ട ഒരു കാര്യമാണ്. ഇത് കോഴിക്കോട് മെഡിക്കൽ കോളേജിലെ

LIBRARY ARCHIVES Kerala Legislative Assembly

രോഗികളെ ക്യാൻവാസ് ചെയ്യുന്നതിനുവേണ്ടി സ്വകാര്യ ആശുപത്രി അധികൃതർ അവിടെ ഏജന്റുമാരെ വച്ചിരിക്കുന്നു. അതിനകത്ത് ജീവനക്കാർ പോലുമുണ്ട് എന്നുള്ളതാണ് സത്യം. രോഗികളെ സമീപിച്ചിട്ട് ഇവിടെ അസുഖം സുഖപ്പെടുകയില്ല എന്ന് പറഞ്ഞു മനസ്സിലാക്കുന്നു. അങ്ങനെ അവർ സ്വകാര്യ ആശുപത്രികളെ സമീപിക്കുന്നു. കെ.എസ്.ആർ.ടി.സി. സ്റ്റാന്റുകളിൽ കോട്ടയത്തേയ്ക്കും എറണാകുളത്തേയ്ക്കും കോഴിക്കോട്ടേയ്ക്കുമൊക്കെ ബസ്സുകൾ പോകാൻ പുറത്തു കിടക്കുന്നു. യാത്രക്കാർ വരണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പുറത്തു നിന്നും വിളിച്ചു പറയുന്നത് നമ്മുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതുപോലെ മെഡിക്കൽ കോളേജിൽ പോലും ഏജന്റുമാർ സ്വകാര്യ ആശുപത്രികൾക്കുവേണ്ടി പ്രവർത്തിക്കുന്ന ഹീനമായിട്ടുള്ള നടപടി നമ്മുടെ സംസ്ഥാനത്ത് പലയിടത്തും കണ്ടുവരുന്നു എന്നുള്ളത് വേദനാജനകമാണ്. ആസൂത്രണ കമ്മീഷൻ പറഞ്ഞു എന്നുള്ളതു മാത്രമല്ല ഇത് നമ്മളിൽ പലർക്കും അനുഭവമുള്ളതാണ്. സ്വകാര്യ മേഖലയിൽ ആശുപത്രി പ്രവർത്തിപ്പിക്കുന്നതിൽ ഞങ്ങൾക്ക് എതിർപ്പില്ല. സ്കൂളുകൾ പ്രവർത്തിപ്പിക്കുന്നതിനേയും ഞങ്ങൾ ഒരിക്കലും എതിർക്കുന്നില്ല. എന്തുകൊണ്ടെന്നാൽ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ആരോഗ്യ രംഗത്തും വിദ്യാഭ്യാസ രംഗത്തും ജനങ്ങളുടെ പ്രതീക്ഷയ്ക്കൊത്ത് മുഴുവനും ചെയ്യാൻ സാധിക്കുകയില്ല. പരിമിതികളുണ്ട്. ഞങ്ങൾ ഈ രണ്ടു മേഖലയേയും അനുകൂലിക്കുകതന്നെയാണ് ചെയ്തത്. പക്ഷേ അവിടെ നടക്കുന്ന ചൂഷണം, നമ്മുടെ സർക്കാർ ആശുപത്രികളെ നശിപ്പിക്കാനുള്ള ഹീനമായിട്ടുള്ള ശ്രമം. അത് കണ്ടില്ലായെന്ന് നടിക്കാൻ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം സാധിക്കുമോ? ഇത് അവസാനിപ്പിക്കണം. പക്ഷേ ഇതിനെല്ലാം മന്ത്രിമാരേയോ ഈ ഗവൺമെന്റിനേയോ ഞാൻ കുറ്റപ്പെടുത്തുന്നില്ല. കാലാകാലങ്ങളിൽ നടന്നുവരുന്ന പ്രതിഭാസം എന്നുള്ള നിലയിൽ ഇതിനൊക്കെ ഒരു അവസാനം കുറിക്കാൻ ഈ ഗവൺമെന്റും ബഹുമാനപ്പെട്ട മന്ത്രിയും തയാറാകണമെന്ന് പറയുന്നതിനുവേണ്ടിയാണ് ഞാൻ ഈ കാര്യം പറയുന്നത്. അതുപോലെ വിദഗ്ദ്ധ ഡോക്ടർമാരുടെ സേവനം സാധാരണക്കാരെ സംബന്ധിച്ചിടത്തോളം പ്രാപ്യമാണോ? ഒരിക്കലും പ്രാപ്യമല്ല, അവരെ കാണുന്നതിന് ഫീസ് വേണം, കൺസൾട്ട് ചെയ്യുന്നതിന് ഫീസ് വേണം, ചികിത്സിപ്പിക്കുന്നതിന് ഫീസ് വേണം, ഓപ്പറേഷൻ നടത്തണമെങ്കിൽ പോലും ഫീസ് വേണം. ഇങ്ങനെ എല്ലാത്തിനും പ്രത്യേകം പ്രത്യേകം ഫീസ് റേറ്റാണ് വിദഗ്ദ്ധ ഡോക്ടർമാരെ സംബന്ധിച്ചിടത്തോളം ഉള്ളത്. അതിന് അറുതി വരുത്തിയാൽ മാത്രമേ പാവങ്ങളായ രോഗികളെ സംബന്ധിച്ചിടത്തോളം ആതുരാലയങ്ങൾ മൂലമുള്ള പ്രയോജനം ലഭ്യമാക്കാൻ സാധിക്കുകയുള്ളൂ. ആശുപത്രി രംഗത്തുള്ള അഴിമതിയെക്കുറിച്ച് പരാമർശിച്ച ബഹുമാനപ്പെട്ട മന്ത്രി തന്നെ ശക്തമായ നടപടി സ്വീകരിക്കുമെന്ന് കേരള ഗവൺമെന്റ് ഹോസ്പിറ്റൽസ് എംപ്ലോയീസ് അസോസിയേഷന്റെ സംസ്ഥാന സമ്മേളനത്തിൽ പ്രഖ്യാപിക്കുകയുണ്ടായി. മറ്റ് വകുപ്പുകളിലേതുപോലെതന്നെ അഴിമതി ഇവിടെയും കൊടികുത്തി വാഴുന്നു എന്നാണ് ബഹുമാനപ്പെട്ട മന്ത്രിതന്നെ പറഞ്ഞിട്ടുള്ളത്. മന്ത്രിയുടെ പ്രസ്താവന പത്രങ്ങളിൽ വന്ന് ചൂടാറുന്നതിനു മുമ്പേ ഒരു പാവപ്പെട്ട വികലാംഗയായ രോഗിയോട് തൃശ്ശൂരിൽ ഒരു ഡോക്ടർ കൈക്കൂലി വാങ്ങിച്ച സംഭവം വാസ്തവത്തിൽ പരിഷ്കൃത കേരളത്തെ സംബന്ധിച്ചിടത്തോളം അങ്ങേയറ്റം അപമാനകരമാണ്. ഇത് പറയാതിരിക്കാൻ നിവൃത്തിയില്ല. അതുപോലെ ഡിസ്പോസബിൾ സിറിഞ്ച് ഉപയോഗിക്കുന്നത് വാസ്തവത്തിൽ ഒരു വാർത്തയായി മാറിയിരിക്കുന്നു. ഒരു തവണ ഉപയോഗിച്ചതിനുശേഷം അത് ഉപേക്ഷിക്കണമെ

LIBRARY ARCHIVES Kerala Legislative Assembly

ന്നാണ്. പക്ഷേ അത് പിന്നീട് ചിലർ ശേഖരിക്കുന്നു, എന്നിട്ട് അത് പാക്ക് ചെയ്ത് വീണ്ടും വിപണിയിൽ എത്തിക്കുന്നു ഇതിനുവേണ്ടി പ്രത്യേകമായ ഒരു റാക്കറ്റ് തന്നെ പ്രവർത്തിച്ചു കൊണ്ടിരിക്കുന്നു എന്ന് ഞാൻ ആരോപിക്കുകയാണ്. ഇതും ഗവൺമെന്റ് ഗൗരവമായി കാണണം. ഇല്ലെങ്കിൽ രണ്ടായിരമാണ്ടോടുകൂടി 'എല്ലാപേർക്കും ആരോഗ്യം' എന്ന മുദ്രാവാക്യം എല്ലാപേർക്കും രോഗമെന്നാക്കി മാറ്റേണ്ടി വരും. ഇത് തടയുന്നതിന് ഫലപ്രദമായിട്ടുള്ള നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകണം എന്നാണ് എനിക്ക് പറയാനുള്ളത്. അതുപോലെ നമ്മുടെ നാട്ടിൻപുറങ്ങളിൽ ഡോക്ടർമാരെ നിയമിച്ചാൽ ആരും പോകുന്നില്ല. വാസ്തവത്തിൽ ഇത് വളരെ ഖേദകരമായ സംഗതിയാണ്. കഴിഞ്ഞ വർഷം ഏതാണ്ട് രണ്ടായിരത്തോളം ഡോക്ടർമാരെ അസിസ്റ്റന്റ് സർജൻമാരായി നിയമന ഉത്തരവ് ഗവൺമെന്റ് നൽകിയിട്ടുണ്ട്. പക്ഷേ പകുതിയോളം പേർ മാത്രമേ അവിടെ ജോലിയിൽ ചേർന്നിട്ടുള്ളൂ. നഗരങ്ങളിലേ ജോലി ചെയ്യൂ എന്നൊരു വാശി വാസ്തവത്തിൽ ആരോഗ്യ മേഖലയെ പ്രതികൂലമായി ബാധിക്കുമെന്നുള്ളതു മാത്രമല്ല ഡോക്ടർമാർ ഇല്ലാത്തതുമൂലം ഉണ്ടാകുന്ന കുറവ് ഡോക്ടർമാർക്കല്ലാതെ മറ്റാർക്കും പരിഹരിക്കാൻ കഴിയുകയുമില്ല എന്നുള്ളതാണ് വസ്തുത. അതുകൊണ്ട് ഡോക്ടർമാർ ഗ്രാമങ്ങളിൽ ജോലിചെയ്യുമെന്ന് ഉറപ്പു വരുത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണം. അതുപോലെ ഡോക്ടർമാർക്ക് ആവശ്യമായിട്ടുള്ള സൗകര്യങ്ങൾ ചെയ്തു കൊടുക്കുവാനും ഗവൺമെന്റ് തയ്യാറാകണം. ക്വാർട്ടേഴ്സ് പോലുള്ള സൗകര്യങ്ങൾ അവർക്ക് നല്കണം.

സർ, ഇക്കഴിഞ്ഞ 7-ാം തീയതി കോഴിക്കോട് നടന്ന ഒരു സംഭവം അങ്ങേയറ്റം ലജ്ജാവഹമായിട്ടുള്ളതാണെന്ന് പറയാതിരിക്കാൻ നിർവ്വാഹമില്ല. പഴയ ഒരു പ്രശസ്തനായ ഹോമിയോ ഡോക്ടറായ ഡോ. പ്രകാശന്റെ നാമധേയത്തിൽ അദ്ദേഹത്തിന്റെ പുത്രൻ പ്രേംപ്രകാശ് നടത്തുന്ന ഒരു ക്ലിനിക്ക് കോഴിക്കോട് ടൗണിൽ ക്രിസ്ത്യൻ കോളേജിന്റെ സമീപത്ത് വയനാട് റോഡിൽ പ്രവർത്തിക്കുന്നുണ്ട്. അദ്ദേഹവും അദ്ദേഹത്തിന്റെ അനുജനും കൂടി ചേളന്നൂരിൽ ഒരു മരുന്നു നിർമ്മാണശാല നടത്തുന്നുണ്ട്. അവിടെ ഏതോ തൊഴിൽ പ്രശ്നത്തിന്റെ പേരിൽ അദ്ദേഹത്തിന്റെ മരുന്നുനിർമ്മാണശാല അടിച്ച് പൊളിച്ച് തകർത്തു. അതിനുപുറമെ അദ്ദേഹത്തിന്റെ കോഴിക്കോട്ടെ വീടും ആക്രമിച്ച് തകർത്തു. മാത്രമല്ല ഒരു കുട്ടി ജീവനുംകൊണ്ട് ഓടി രക്ഷപ്പെട്ടില്ലായിരുന്നുവെങ്കിൽ അവിടെ ഒരു കൊലപാതകം നടക്കുമായിരുന്നു. അദ്ദേഹത്തിന്റെ കാറും അടിച്ച് പൊളിച്ചു, കഴിഞ്ഞ 7-ാം തീയതി തകർത്തിട്ടതിന്റെ ചിത്രമാണ് എന്റെ കയ്യിലിരിക്കുന്നത്. അതിനു മൂന്നു ദിവസം മുമ്പ്, അതായത് 4-ാം തീയതി ഡോക്ടർ പോലീസ് ഇൻസ്പെക്ടർക്ക് എന്നെ അക്രമിക്കാൻ പോകുന്നു, എന്റെ വീട് അക്രമിക്കാൻ പോകുന്നു, എന്റെ മരുന്നുശാല കൊള്ളയടിക്കാൻ പോകുന്നു എന്നുപറഞ്ഞ് എഴുതിയതാണ്. ഒരു പ്രതികരണവും ഉണ്ടായില്ല. ഒരൊറ്റ പോലീസുകാരനും അങ്ങോട്ട് തിരിഞ്ഞുനോക്കിയില്ല. ഇതും ബഹുമാനപ്പെട്ട മന്ത്രിയുടെ മൂക്കിനുതാഴെ നടന്നിട്ടുള്ള സംഭവമാണ്. ചേളന്നൂർ എന്നു പറയുന്നത് അദ്ദേഹത്തിന്റെ നിയോജകമണ്ഡലത്തിന് തൊട്ടു കിടക്കുന്ന പ്രദേശമാണ്. ശ്രീ. മൊയീൻകുട്ടി സാഹിബിന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട സ്ഥലവുമാണ്. ഇങ്ങനെ ഡോക്ടർമാരെ കുതിരകയറുകയും കയ്യേറ്റം ചെയ്യുകയും റൗഡികൾക്കും ഗുണ്ടകൾക്കും എന്തും ചെയ്യാമെന്നുള്ള സ്ഥിതിവിശേഷം ഉണ്ടാവുകയും ചെയ്താൽ ഒരിക്കലും അവരുടെ യഥാർത്ഥമായ സേവനം നമ്മുടെ നാട്ടിലെ പാവപ്പെട്ട ജനങ്ങൾക്ക് പ്രയോജനപ്പെടുത്താൻ സാധിക്കാതെ വരും. അതുകൊണ്ട് സർക്കാർ ആശുപത്രികൾ

LIBRARY ARCHIVES Kerala Legislative Assembly

തകർക്കാതെതന്നെ സ്വകാര്യമേഖലയെ പരമാവധി പ്രോൽസാഹിപ്പിക്കുന്നതോടൊപ്പം അവരുടെ കടന്നുകയറ്റവും സർക്കാർ ആശുപത്രികൾ തകർക്കാനുള്ള സ്വകാര്യമേഖലയുടെ ശ്രമങ്ങളും തടഞ്ഞുകൊണ്ട് ഇന്നത്തെ ആരോഗ്യനയം പുനഃപരിശോധിക്കണം. അതോടൊപ്പംതന്നെ ആരോഗ്യരംഗം അടിമുടി അഴിച്ചു പണിനടത്തണം എന്നാണ് എനിക്ക് വിനീതമായി അഭ്യർത്ഥിക്കുവാനുള്ളത്.

സർ, ഫിഷറീസ് വകുപ്പിനെക്കുറിച്ച് പറയുകയാണെങ്കിൽ, തീരദേശ പരിപാലന നിയമത്തിന്റെ പേരിൽ നമ്മുടെ തീരദേശത്ത് താമസിക്കുന്ന പാവപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് ഒരു ചെറിയ കെട്ടിടം പണിയാൻ, ഒരു കട പണിയാൻ സാധിക്കാതെ വളരെ കഷ്ടപ്പെടുകയാണ്. ഇത് പരിഹരിക്കുന്നതിനുവേണ്ടി അവർ വർഷങ്ങളായി വേഴാമ്പലിനെപ്പോലെ കാത്തു കഴിയുന്നു. ദയവായി ബഹുമാനപ്പെട്ട മന്ത്രിയും ഗവൺമെന്റും വളരെ ഗൗരവമായി ഇക്കാര്യത്തിൽ ഇടപെട്ട് ഇന്നത്തെ ദുഃസ്ഥിതി അവസാനിപ്പിക്കുന്നതിന് കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുകയും ഈ ആവശ്യം അംഗീകരിപ്പിച്ച് അവർക്ക് ഒരു കെട്ടിടം പണിയാനുള്ള സൗകര്യമെങ്കിലും ഉണ്ടാക്കിക്കൊടുക്കുകയും ചെയ്യണം. സർ, ഉത്തര കേരളത്തിൽ പ്രളയമാണ്, പേമാരിയാണ്, അവിടെ മത്സ്യത്തൊഴിലാളികൾ മുഴുപ്പട്ടിണിയിലാണ്. അതുകൊണ്ട് കടലോരപ്രദേശത്ത് എല്ലാ പരിഗണനകൾക്കുമതീതമായി സൗജന്യറേഷൻ എല്ലാവർക്കും വിതരണം ചെയ്യുന്നതിന് ആവശ്യമായ നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകണമെന്നഭ്യർത്ഥിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു. ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽകൂടി എതിർക്കുന്നു.

ശ്രീ. പി. രാജു : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിൻതാങ്ങുന്നു. കേരളത്തിൽ ആരോഗ്യരംഗത്ത് വലിയ മുന്നേറ്റമുണ്ടായിട്ടുള്ള കാലഘട്ടമാണ് ഇത്. സംസ്ഥാനത്തെ ശരാശരി ആയുസ് 1950-60 വർഷങ്ങളിൽ 60-65 വയസ്സായിരുന്നു. ഇന്ന് അത് 70-75 വയസ്സായി വർദ്ധിച്ചിരിക്കുന്നു. അതുതന്നെ ആരോഗ്യരംഗത്ത് നമ്മുടെ സംസ്ഥാനം കൈവരിച്ചിട്ടുള്ള നേട്ടങ്ങൾ വലിയ പോറലേല്ക്കാതെ മുന്നോട്ടു കൊണ്ടുപോകാൻ കഴിയുന്നു എന്നതിന് തെളിവാണ്. നമ്മുടെ ആരോഗ്യ വകുപ്പുമന്ത്രിയാണെങ്കിൽ ഈ രംഗത്ത് വളരെ പ്രഗൽഭനാണ്; കഴിവുള്ള ആളാണ്. ഇത്തരത്തിൽ ഒരു ആരോഗ്യ വകുപ്പുമന്ത്രിയെത്തന്നെ കേരളത്തിന്, പ്രത്യേകിച്ച് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന് കിട്ടിയത് കേരളീയരായ എല്ലാവർക്കും അഭിമാനിക്കാനും സന്തോഷിക്കാനും വക നൽകുന്നതാണ്. അത്രയേറെ കഴിവ് ഈ രംഗത്ത് പ്രകടിപ്പിച്ചിട്ടുള്ള ഒരു പ്രഗൽഭനായ ആരോഗ്യവകുപ്പുമന്ത്രിയാണ് കേരളത്തിന് ലഭിച്ചിട്ടുള്ളത്.

പ്രൊഫ. എ.വി. താമരാക്ഷൻ : നമ്മുടെ ആരോഗ്യ വകുപ്പുമന്ത്രി ഒരു ഡോക്ടറാണെന്നുള്ള വിവരം അങ്ങേക്കറിയുമോ?

ശ്രീ. പി. രാജു : ഇടതുപക്ഷ ജനാധിപത്യ മുന്നണി ഒരു ആരോഗ്യമന്ത്രിയെക്കുറിച്ച് ആലോചിച്ചപ്പോൾ ആയുർവേദ രംഗത്ത് പ്രഗൽഭനായ ഒരാൾ തന്നെയായിരിക്കണം ആരോഗ്യ വകുപ്പ് കൈകാര്യം ചെയ്യേണ്ടത് എന്നതുകൊണ്ടാണ് അദ്ദേഹത്തെ ചുമതലപ്പെടുത്തിയത്. എൽ.ഡി.എഫ്. സർക്കാരിന്റെ ആരോഗ്യരംഗം സമ്പുഷ്ടമാക്കി കേരളത്തിലെ ജനങ്ങളുടെ ആരോഗ്യം രണ്ടായിരമാണ്ടാകുന്നതോടെ പൂർണ്ണമായി സംരക്ഷിക്കണമെന്നാണ് ഞങ്ങൾ ആഗ്രഹിക്കുന്നത്. എന്നാൽ ചില പ്രശ്നങ്ങൾ ഈ രംഗത്ത് അവശേഷിക്കുന്നുണ്ട്. ഇടതുപക്ഷം ഭരിച്ചാലും വലതുപക്ഷം ഭരിച്ചാലും കേരളത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

ആരോഗ്യ രംഗത്ത് നാം വളരെ പാടുപെട്ട് ശ്രമകരമായ ജോലി നടത്തിയ ആരോഗ്യരംഗം സമ്പുഷ്ടമാക്കുന്നതിന് തടസ്സം സൃഷ്ടിക്കുമെന്ന കാര്യത്തിൽ സംശയമില്ല. അത് ഇന്നത്തെ ആരോഗ്യവകുപ്പുമന്ത്രിയുടെ മാത്രം പ്രശ്നമല്ല. കേരളത്തിലെ സർക്കാർ ആശുപത്രികളുടെ സ്ഥിതി വളരെ ശോചനീയമാണ്. അത് കുറെ വർഷങ്ങളായി തുടങ്ങിയതാണ്. അവിടെ ശ്രദ്ധിക്കാൻ ആളില്ല. സർക്കാർ ആശുപത്രികൾ തകരുന്നു. അതിനടുത്ത് സ്വകാര്യ ആശുപത്രികൾ ഉയർന്നുവരുന്നു. ഞാൻ സ്വകാര്യ ആശുപത്രികൾ ഉയർന്നു വരുന്നതിന് എതിരല്ല. എന്നാൽ സർക്കാർ ആശുപത്രികൾ പൂർണ്ണമായി തകർന്നു പോകുന്നത് തടയാൻ നമുക്ക് കഴിഞ്ഞില്ലെങ്കിൽ കേരളത്തിന്റെ സമ്പൂർണ്ണമായ ആരോഗ്യം എന്ന ലക്ഷ്യം പരാജയപ്പെടും. ഇവിടെ സർക്കാർ ആശുപത്രികളിൽ ജോലിചെയ്യാൻ ഡോക്ടർമാരില്ല. അതിന് പല കാരണങ്ങളുണ്ടാകും. പഴയതുപോലെ ഡോക്ടർമാരെ മേച്ചുകൊണ്ടു നടക്കാൻ നമുക്ക് കഴിയുന്നില്ല. ഇഷ്ടം പോലെ ട്രാൻസ്ഫർ ചെയ്യണം. മന്ത്രിക്ക് തോന്നുന്ന മട്ടിൽ അല്ലെങ്കിൽ സെക്രട്ടറിയ്ക്ക് തോന്നുന്ന മട്ടിൽ ഡോക്ടർമാരെ ട്രാൻസ്ഫർ ചെയ്ത് ഇഷ്ടാനുസരണം ജോലി ചെയ്യിക്കാൻ കഴിയുന്ന ഒരു മേഖലയല്ല നമ്മുടെ ആരോഗ്യരംഗം. അതുകൊണ്ട് ഡോക്ടർമാരുടെ സംഘടനയുമായി ചർച്ച ചെയ്ത് അവരുടെ അഭിപ്രായംകൂടി ആരാഞ്ഞുകൊണ്ട് അവരെ രണ്ടും മൂന്നും നാലും വർഷം പ്രത്യേക സ്ഥലത്ത് നിയോഗിച്ച് അവിടെ അവരുടെ സേവനം സമ്പുഷ്ടമാക്കാനുള്ള നടപടി സ്വീകരിക്കണം. അല്ലെങ്കിൽ ഡോക്ടർമാരൊക്കെ സ്വകാര്യമേഖലയിലേക്ക് പോകും. കാരണം സർക്കാർ ആശുപത്രിയിൽ ഒരു ഡോക്ടർക്ക് കിട്ടുന്ന ശമ്പളം 5000-10000 രൂപയായിരിക്കും. സ്വകാര്യ മേഖലയിൽ ചെന്നാൽ ഇരുപതിനായിരം രൂപയും മുപ്പതിനായിരം രൂപയും കിട്ടുന്നു. അതുകൊണ്ട് അവർ അങ്ങോട്ട് പോകും. അതുകൊണ്ട് സർക്കാർ ആശുപത്രികൾ സുഗമമായി പ്രവർത്തിക്കുന്നുവെന്ന് ഉറപ്പാക്കുന്നതിൽ ഗവൺമെന്റും മന്ത്രിയും സജീവശ്രദ്ധ ചെലുത്തണം. നമ്മുടെ സംസ്ഥാനത്തെ പി.എച്ച്.സി.കളും താലൂക്ക് ആശുപത്രികളുമെല്ലാം ബ്ലോക്ക് പഞ്ചായത്തുകൾക്ക് കൈമാറിയിരിക്കുകയാണ്. അധികാരം കൊടുത്തിട്ടുണ്ട് എന്നതല്ലാതെ കാര്യമായി പ്രവർത്തിക്കാൻ കഴിയുന്നില്ല. അതുകൊണ്ട് ഈ രംഗത്തെ പ്രശ്നങ്ങൾ തീർച്ചയായും മന്ത്രി പരിഹരിക്കണം. കേരള ആരോഗ്യവകുപ്പുമന്ത്രി ജില്ലകൾതോറും ചെന്ന് ജനപ്രതിനിധികളുമായി സംസാരിച്ച് അവരുടെ അഭിപ്രായങ്ങൾ കേൾക്കുകയും പരിഹാരം ഉണ്ടാക്കുകയും ചെയ്യണം. ഈ രംഗത്ത് കുറച്ചുകൂടി താഴോട്ട് അധികാരം കൊടുത്ത പരിതസ്ഥിതിയിൽ അവരുമായി ബന്ധപ്പെട്ട് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ പ്രതിനിധികളെ വിളിച്ചുവരുത്തി അവരുടെ പ്രശ്നങ്ങൾ എന്താണെന്ന് കേട്ട് അതിന് പരിഹാരമുണ്ടാക്കണം. എന്നാൽ ജില്ലാ താലൂക്ക് ആശുപത്രികളുടെ സ്ഥിതി ഇന്നു വളരെ വിചിത്രമാണ്. അത് ഉദ്യോഗസ്ഥൻമാരുടെ പിടിപ്പുകേടുകൊണ്ടാണ്. ഒരു ആശുപത്രിയിൽ ചിലപ്പോൾ സർജൻ ഉണ്ടാവുകയില്ല, ഫിസിഷ്യൻ ഉണ്ടാവുകയില്ല. പക്ഷെ നാല് ഗൈനക്കോളജിസ്റ്റ് ഉണ്ടാകും, നാല് ഐസ്പെഷ്യലിസ്റ്റ് ഉണ്ടാകും. അതുകൊണ്ട് ഇതിന് ഒരു പൊതുമാനദണ്ഡമുണ്ടാക്കണം. ഡോക്ടർമാരെ സ്ഥലംമാറ്റുമ്പോൾ പ്രധാനപ്പെട്ട ആശുപത്രികളിൽ ആവശ്യമായ ഡോക്ടർമാർ ഏതേതു വിഭാഗത്തിലാണെന്നു കണ്ടുകൊണ്ട് ആളെ നിയോഗിക്കണം.

ശ്രീ. ഇസ്ഹാക് കുരിക്കൾ : വിദഗ്ദ്ധ ഡോക്ടർമാർ, സ്പെഷ്യലിസ്റ്റുകളായ ഡോക്ടർമാർ ലോംഗ് ലീവെടുത്ത് അതേസ്ഥലത്ത് സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുകയും സർക്കാർ ആശുപത്രികളിൽ നിന്നു സാധാരണക്കാ

LIBRARY ARCHIVES Kerala Legislative Assembly

Page 23 of 102

രായ ആളുകൾക്ക് ചികിത്സ ലഭിക്കാതിരിക്കുകയും ചെയ്ത അവസരത്തിൽ ശ്രീ. വി.എം. സുധീരന്റെ കാലത്ത് ലോംഗ് ലീവ് കൊടുക്കരുത് എന്ന തീരുമാനമുണ്ടായി. അത് ഇപ്പോൾ പ്രാബല്യത്തിലില്ല. അത് നടപ്പിൽ വരുത്തുന്നതിനെക്കുറിച്ച് അങ്ങയുടെ അഭിപ്രായമെന്താണ്?

ശ്രീ. പി. രാജു : സർക്കാർ ആശുപത്രികളിൽ ജോലി ചെയ്യുന്ന സ്പെഷ്യലിസ്റ്റ് ഡോക്ടർമാർക്ക് പകരം സംവിധാനമില്ലാതെ ലീവ് കൊടുക്കുന്നത് ഗുണകരമല്ല. അവർക്ക് ലീവ് കൊടുക്കരുത് എന്നു പറയാൻ പറ്റുമോ? എന്നാൽ അയാൾ ജോലിവേണ്ട എന്നു പറഞ്ഞ് പോകും. അങ്ങനെയാണ് കൂടുതൽ സാദ്ധ്യത വരുന്നത്. അങ്ങനെയുള്ള സാദ്ധ്യതകൾ അനന്തമാണ്. ലീവ് ചോദിച്ചു കിട്ടിയില്ല, രാജിവച്ചുപോയി. കേരളത്തിൽ പഠിച്ച് എം.ബി.ബി.എസ്. പാസായി ഡോക്ടറായിവരുന്ന ഒരാൾ പത്തു വർഷമെങ്കിലും സർക്കാർ സർവ്വീസിൽ ജോലി ചെയ്യുന്നുവെന്ന് ഉറപ്പുണ്ടാക്കാൻ നമുക്ക് കഴിയുമോ? അത് അവരുമായി സംസാരിച്ച് ഒരു പൊതുധാരണയുണ്ടാക്കി മുമ്പോട്ടു പോകാൻ കഴിയുമോ എന്ന കാര്യം പരിശോധിക്കണം. ജില്ലാ ആശുപത്രികളുടെ സ്ഥിതി സജീവമാക്കണം. ഗവൺമെന്റ് നേരിട്ട് നടത്തുന്ന ആശുപത്രികളാണ്. ആ ജില്ലാ അശുപത്രികൾ സജീവമാക്കാനും അവിടെ എല്ലാ സൗകര്യങ്ങളുമുണ്ടാക്കാനുമുള്ള നടപടികൾ ഗവൺമെന്റ് ഉണ്ടാക്കണം. കേരളത്തിലെ മെഡിക്കൽ കോളേജുകളുടെ സ്ഥിതിയും അതുപോലെതന്നെയാണ്. തിരുവനന്തപുരം മെഡിക്കൽ കോളേജിന്റെ സ്ഥിതി മാത്രമെടുത്താൽ അത് മനസ്സിലാകും. കേരളത്തിന്റെ പ്രശസ്തി ഉയർന്നു നില്ക്കുന്ന മെഡിക്കൽ കോളേജാണ് അത്. അവിടത്തെ സ്ഥിതിയും ശോചനീയമാണ്. പണ്ട് മെഡിക്കൽ കോളേജുകളുടെ ഡിപ്പാർട്ടുമെന്റ് ഹെഡ്സും സ്പെഷ്യലിസ്റ്റുകളുമെല്ലാം ചേർന്ന് ആരോഗ്യരംഗത്ത് അഡ്വൈസ് ചെയ്യുന്നതിന് ഒരു കൗൺസിലുണ്ടായിരുന്നു. ഇന്ന് ആ കൗൺസിൽ പ്രവർത്തിക്കുന്നില്ല.

സർ, പല ഡിപ്പാർട്ടുമെന്റ് ഹെഡ്സും വളരെ പരിമിതമായ സൗകര്യങ്ങൾക്കകത്തുനിന്നുകൊണ്ടാണ് പ്രവർത്തിക്കുന്നത്. അതുകൊണ്ട് അവരുടെ ആഗ്രഹം എങ്ങനെയെങ്കിലും ഇവിടെ അവസാനിപ്പിച്ച് വിശാലമായ സൗകര്യങ്ങളുള്ള മറ്റു മേഖലകളിലേക്ക് കടക്കണമെന്നാണ്. അതുകൊണ്ട് ഡോക്ടർമാർക്ക്, പ്രത്യേകിച്ച് സ്പെഷ്യലിസ്റ്റുകൾക്കും മെഡിക്കൽ കോളേജുകളിലെ ഡോക്ടർമാർക്കും ആ രംഗത്ത് സജീവമായി ശ്രദ്ധചെലുത്തി ആവശ്യമായ സൗകര്യങ്ങളുണ്ടാക്കിക്കൊടുത്തുകൊണ്ട് കേരളത്തിലെ ആരോഗ്യ രംഗത്തെ സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

ശ്രീ. ലോനപ്പൻ നമ്പാടൻ : സർ, ലക്ഷക്കണക്കിന് രൂപ സർക്കാർ ചെലവഴിച്ച് ഡോക്ടർമാരാക്കിയിട്ടുള്ള പലരും ഈ സഭയിലുണ്ട്. ഡോ. എം. കെ. മുനീർ, ഡോ. കെ.സി. ജോസഫ്, ഡോ. എം.എ. കുട്ടപ്പൻ, ഈ ഡോക്ടർമാർ ആ രംഗത്ത് പ്രവർത്തിക്കാതെ എം.എൽ.എ.മാരും മന്ത്രിമാരുമായി വരുന്നതിനെക്കുറിച്ച് ബഹുമാനപ്പെട്ട മെമ്പറുടെ അഭിപ്രായമെന്താണ്?

ശ്രീ. പി. രാജു : സർ, ഡോക്ടർ എം.എൽ.എ. ആകുന്നതും മന്ത്രിയാകുന്നതും നല്ലതാണ്. പക്ഷേ, അവർ അവരുടെ സർവ്വീസ് ആ മേഖലയിൽ ക്കൂടി കുറച്ച് ഉപയോഗപ്പെടുത്തുന്നത് നല്ലതാണ്. ഇവിടെത്തന്നെ മാഷിനെപ്പോലുള്ള രോഗികൾ ഇരിക്കുകയാണ്. പെട്ടെന്നു ഒരസുഖം പിടിപെട്ടു. നമുക്ക് ഒരു ഡോക്ടർ അകത്തുണ്ടെങ്കിൽ വളരെ പ്രയോജനകരമായിരിക്കും. അതുമാത്രമല്ല, നമ്മുടെ സംസ്ഥാനത്തെ വളരെ പ്രധാനപ്പെട്ട ഒരു സ്ഥാപനമാണ് റീജിയണൽ ക്യാൻസർ സെന്റർ. കേരളത്തിൽ ഇന്ന് ഈ മാരകമായ

LIBRARY ARCHIVES Kerala Legislative Assembly

Page 24 of 102

രോഗത്തിന് അടിമകളായ ആയിരക്കണക്കിന് ആളുകളുണ്ട്. അവരെല്ലാം ചികിത്സക്കായി വരുന്നത് തിരുവനന്തപുരത്തേക്കാണ്. അവരുടെ തിക്കും തിരക്കും താങ്ങാനുള്ള ശേഷി തിരുവനന്തപുരത്തെ റീജിയണൽ കാൻസർ സെന്ററിനില്ല. അതുകൊണ്ട് കേരളത്തെ മൂന്ന് മേഖലകളിലായി തിരിച്ച് തിരുവനന്തപുരത്ത് നമ്മൾ സ്ഥാപിച്ചതുപോലെ മറ്റേത് മാർഗ്ഗങ്ങളിൽ കൂടിയെങ്കിലും പണം കണ്ടെത്തി ആ പണം ഉപയോഗപ്പെടുത്തി തിരുവനന്തപുരത്തെ രീതിയിൽ എറണാകുളത്തും കോഴിക്കോട്ടും ഓരോ റീജിയണൽ കാൻസർ സെന്റർവീതം എല്ലാ ആധുനിക സൗകര്യങ്ങളോടുംകൂടി സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചില്ലെങ്കിൽ കേരളത്തിൽ വർദ്ധിച്ചു വരുന്ന മാരകമായ ഈ രോഗത്തിന് വിധേയരാകുന്നവർക്ക് അല്പമെങ്കിലും ആശ്വാസം നൽകാൻ കഴിയാത്ത സ്ഥിതിയുണ്ടാകും. തിരുവനന്തപുരത്ത് പ്രവർത്തിക്കുന്നത് മാതൃകാപരമായ ഒരു സ്ഥാപനമാണ്. അതേ രീതിയിലുള്ള എല്ലാ സൗകര്യങ്ങളുമുണ്ടാകണം. അത് കേരളത്തിലെ മൂന്ന് കേന്ദ്രങ്ങളിൽ സ്ഥാപിക്കുന്നതിനുള്ള നടപടി കേരള ഗവൺമെന്റ് സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

സർ, ആരോഗ്യരംഗത്തെ സമ്പുഷ്ടമാക്കാൻ ഒട്ടേറെ നടപടികൾ ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. നിരവധി പി.എച്ച്.സി. കൾ അനുവദിച്ചു. 20-ഓളം പി.എച്ച്.സി. കൾ സി.എച്ച്.സി. കളാക്കി മാറ്റിയിട്ടുണ്ട്. ഹോമിയോ ആശുപത്രികൾ അനുവദിച്ചു. ആയുർവേദരംഗത്ത് 26 ആശുപത്രികൾ പുതിയതായി വന്നു. കേരളത്തിലെ ആരോഗ്യരംഗത്ത് വളരെ അഭിമാനകരമായ നേട്ടമുണ്ടാക്കുന്നതാണത്. കേരളത്തിൽ നാല് മെഡിക്കൽ കോളേജുകളുണ്ടായിരുന്നു. പരിയാരം മെഡിക്കൽ കോളേജിന്റെ 35 സീറ്റ് പേമെന്റ് സീറ്റും 15 സീറ്റ് എൻ.ആർ.ഐ. സീറ്റുമായിരുന്നു. അത് പുതിയ ഗവൺമെന്റ് വന്നപ്പോൾ നിറുത്തലാക്കി. അതുകൂടി ജനറൽ മെറിറ്റിലാക്കി. അത് സന്തോഷമുള്ള കാര്യമാണ്. 5 മെഡിക്കൽ കോളേജുകളായി. മെഡിക്കൽ കോളേജുകൾക്ക് ഒരു സർവ്വകലാശാല വേണമോ? അത് വളരെ പ്രധാനപ്പെട്ട ഒരു വിഷയമായിരുന്നു. വേണമെന്നും വേണ്ടെന്നുമുള്ള അഭിപ്രായമുണ്ട്. ഇൻഡ്യയിലെ പ്രത്യേക സാഹചര്യത്തിൽ നമുക്ക് യൂണിവേഴ്സിറ്റികൾ ആവശ്യമാണ്. ഇൻഡ്യയ്ക്ക് പുറത്തുള്ള രാജ്യങ്ങളിൽ ക്യാമ്പസ് യൂണിവേഴ്സിറ്റികളാണ്. ഇൻഡ്യയുടെ ശൈലി പിന്തുടരുന്ന സംസ്ഥാനമായതുകൊണ്ട് ഇവിടെ മെഡിക്കൽ കോളേജുകൾക്ക് ഒരു സർവ്വകലാശാല എന്ന പ്രശ്നം സജീവമായി ചർച്ചയ്ക്ക് വന്നിട്ടുണ്ട്. അത് പരിഗണിക്കുന്നതോടൊപ്പം പരിശോധിക്കുകയും വേണം.

സർ, ഞാൻ ഫിഷറീസിന്റെ ഒരുകാര്യംകൂടി പറഞ്ഞുകൊണ്ട് അവസാനിപ്പിക്കാം. ഫിഷറീസ് രംഗത്ത് ഒട്ടേറെ നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇന്നു കേരളത്തിൽ നിരവധി സംഘങ്ങൾ രൂപീകരിച്ചുകൊണ്ടിരിക്കുകയാണ്. ആ സംഘങ്ങൾ പ്രവർത്തിപ്പിക്കാനാവശ്യമായ സൗകര്യമുണ്ടാക്കണം. മത്സ്യഫെഡിന്റെ പ്രവർത്തനം ഇടക്കാലത്ത് നിന്നിരുന്നു. കോടതിവിധി വന്നതിനു ശേഷം പുതിയ മത്സ്യഫെഡ് കമ്മിറ്റി സ്ഥാനമേറ്റെടുത്തിട്ടുണ്ട്. അവരെക്കൂടി സഹകരിപ്പിച്ചുകൊണ്ട് കേരളത്തിൽ രൂപീകൃതമായിട്ടുള്ള മത്സ്യസംഘങ്ങളുടെ പ്രവർത്തനങ്ങൾ സജീവമാക്കി മുന്നോട്ടുകൊണ്ടുപോകുന്നതിനുള്ള നടപടികൾ ഫിഷറീസ് വകുപ്പുമന്ത്രിയും ഗവൺമെന്റും സ്വീകരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. മത്സ്യസൊസൈറ്റികൾ രൂപീകരിച്ച് പ്രവർത്തനരഹിതമായിരിക്കുകയാണ് 700 ഓളം സംഘങ്ങൾ രൂപീകരിച്ചിട്ടുണ്ട്. ആ

LIBRARY ARCHIVES Kerala Legislative Assembly

Page 25 of 102

സംഘങ്ങളെ പ്രവർത്തിപ്പിക്കാനാവശ്യമായ നടപടികൾ ഗവൺമെന്റ് സ്വീകരിക്കണം. തീരദേശ മത്സ്യത്തൊഴിലാളികൾക്ക് ഭവനനിർമ്മാണ പദ്ധതിയുണ്ട്. കേന്ദ്രഗവൺമെന്റിന്റെ ധനസഹായത്തോടുകൂടി നടപ്പിലാക്കുന്ന പദ്ധതിയാണിത്. അതിന് അപേക്ഷകൾ സ്വീകരിച്ച് മത്സ്യത്തൊഴിലാളികൾ വീട് പൊളിച്ച് അടിസ്ഥാനം കെട്ടി കാത്തിരിക്കുകയാണ്. ആ പദ്ധതി പൂർത്തീകരിക്കുന്നതിന് കേന്ദ്രഗവൺമെന്റിൽനിന്ന് ആവശ്യമായ സാമ്പത്തികസഹായം നൽകിക്കൊണ്ട് ഈ പദ്ധതിയിൽ ഈ വർഷം എത്രവീടുകൾ കൊടുക്കാൻ കഴിയും; അതിന് എത്ര പണംകിട്ടുമെന്നുള്ളതിനെസംബന്ധിച്ച് മുൻകൂട്ടിധാരണയുണ്ടാക്കി പ്രവർത്തിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

സർ, കടലാക്രമണം വേറൊരു പ്രധാന പ്രശ്നമാണ്. ജൂലൈ 18-ാം തീയതി തീരദേശ ബന്ദാണ്. കടലാക്രമണം തടയാൻ ആവശ്യമായ നടപടി സർക്കാർ സ്വീകരിക്കുന്നില്ല. കഴിഞ്ഞ പത്ത് പതിനഞ്ച് വർഷക്കാലമായി ഉന്നയിക്കുന്ന ഒരു പ്രശ്നമാണിത്. ഇതിന് ഒരു പരിഹാരവും ഉണ്ടാകുന്നില്ല. അതുകൊണ്ട് ആലപ്പുഴയിൽ മത്സ്യത്തൊഴിലാളികൾ സംഘടിതമായി ചേർന്ന് ജൂലൈ 18-ന് തീരദേശ ബന്ദിന് ആഹ്വാനം നൽകിയിരിക്കുകയാണ്. അവിടത്തെ കടലാക്രമണം തടയാൻ, കടലാക്രമണത്തിന് വിധേയമാകുന്ന മത്സ്യത്തൊഴിലാളികളെ സംരക്ഷിക്കാൻ, അവരുടെ ഭവനങ്ങൾ സംരക്ഷിക്കാൻ, അവർക്ക് വീട് വച്ച്കൊടുക്കാൻ ഒക്കെയുള്ള കാര്യങ്ങൾക്ക് നടപടി സ്വീകരിക്കണം. മാത്രമല്ല, കടലാക്രമണവും കാലവർഷക്കെടുതിയും കഴിഞ്ഞാൽ പിന്നെ മാരകമായ രോഗത്തിന് ഇരയാകുന്നവരാണ് ഇവർ. തീരദേശ പരിപാലനത്തിന് പുതിയ നടപടി സ്വീകരിച്ചിട്ടുണ്ട്. എന്നാൽ ആ രംഗം സമ്പുഷ്ടമാക്കാൻ കഴിയുന്നില്ല. അത് സമ്പുഷ്ടമാക്കുന്നതിനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കണം.

സർ, മത്സ്യബന്ധന സമയത്ത് മരണപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്കുവേണ്ടി കൊടുത്തിരുന്ന 25,000 രൂപ 50,000 രൂപയായിട്ട് വർദ്ധിപ്പിച്ചു. അത് വളരെ സന്തോഷകരമായ ഒരു കാര്യമാണ്. മത്സ്യത്തൊഴിലാളികൾക്കുള്ള പെൻഷൻ വർദ്ധിപ്പിച്ചു. ഇന്ന് മത്സ്യത്തൊഴിലാളികൾക്ക് ഭവന നിർമ്മാണത്തിന് അനുവദിക്കുന്ന 35,000 രൂപ 50,000 രൂപയാക്കി വർദ്ധിപ്പിക്കണം. കേരളത്തിലെ ഐസ്ഫാക്ടറികളെല്ലാം പൂട്ടിക്കിടക്കുകയാണ്. അതിനുകാരണം വൈദ്യുതിക്ഷാമമാണ്. അതിന്റെ പേരിൽ തൊഴിൽ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. അതിന് പരിഹരമുണ്ടാക്കുന്നതിന് ഇലക്ട്രിസിറ്റി വകുപ്പുമന്ത്രിയുമായി ബന്ധപ്പെട്ടുകൊണ്ട് ഐസ്ഫാക്ടറികൾ തുറന്നുപ്രവർത്തിപ്പിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കണം.

സർ, അതുപോലെതന്നെ മത്സ്യത്തൊഴിലാളികളുടെ മണ്ണെണ്ണ പെർമിറ്റിന്റെ കാര്യം. ഔട്ട്ബോർഡ് എഞ്ചിൻ ഉപയോഗിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് ഇന്ന് മണ്ണെണ്ണ ലഭിക്കാൻ വളരെ ബുദ്ധിമുട്ടാണ്. മത്സ്യത്തൊഴിലാളികൾ പ്രക്ഷോഭത്തിലാണ്. അവരുടെ ഈ ആവശ്യം പരിഗണിക്കുന്നതിന് കേന്ദ്രഗവൺമെന്റുമായി ബന്ധപ്പെട്ട് നമ്മുടെ അലോട്ട്മെന്റ് വർദ്ധിപ്പിച്ച് ഔട്ട്ബോർഡ് എഞ്ചിൻ ഉപയോഗിക്കുന്ന മത്സ്യത്തൊഴിലാളികൾക്കും അതിലെ സംഘടനകൾക്കും മണ്ണെണ്ണ പെർമിറ്റ് ലഭിക്കാനുള്ള നടപടി സ്വീകരിക്കണം. കൃത്രിമമായ മണ്ണെണ്ണ പെർമിറ്റ് കൈവശംവച്ചിട്ടുള്ള ആളുകളുണ്ടെന്ന് പറയുന്നു. അങ്ങനെയുള്ളവരുണ്ടെങ്കിൽ അവരെ കണ്ടുപിടിച്ച് അത് തടയുന്നതിന് നടപടി സ്വീകരിക്കണം. വ്യാജ പെർമിറ്റുകൾ കർശനമായി തടയണം. അതോടൊപ്പം യഥാർഥത്തിൽ അർഹതപ്പെട്ട ഔട്ട് ബോർഡ് എഞ്ചിൻ ഉപ

LIBRARY ARCHIVES Kerala Legislative Assembly

യോഗിച്ച് പണിയെടുക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് അർഹതപ്പെട്ട മണ്ണെണ്ണ പെർമിറ്റ് നൽകുന്നതിന് ഗവൺമെന്റ് നടപടി സ്വീകരിക്കണം.

സർ, ഒരുകാര്യംകൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. ഇന്ന് കേരളത്തിൽ ഹൃദയസംബന്ധമായ അസുഖം വന്നാൽ തമിഴ്നാട്ടിലെ അപ്പോളോ ആശുപത്രിയിലും എം.എം.സി.യിലും മലർ ഹോസ്പിറ്റലിലുമൊക്കെയാണ് പോകുന്നത്. നിരവധി ആളുകൾ അങ്ങനെ പോയിക്കൊണ്ടിരിക്കുകയാണ്. കേരളത്തിൽ ഹൃദയസംബന്ധമായ അസുഖം വന്നാൽ ചികിത്സിക്കാൻ ശ്രീചിത്രാ മെഡിക്കൽ സെന്റർ ഉണ്ട്. നമ്മുടെ രോഗികളെ മുഴുവൻ അവിടെ അക്കോമഡേറ്റ് ചെയ്യാനുള്ള സൗകര്യമില്ല. കേരള ഗവൺമെന്റ് സഹകരണ ഡിപ്പാർട്ടുമെന്റുമായി സഹകരിച്ചോ അല്ലെങ്കിൽ വിദേശമലയാളികളുമായി ബന്ധപ്പെട്ടോ എല്ലാ സൗകര്യങ്ങളുമുള്ള, ഹൃദയ ശസ്ത്രക്രിയ നടത്താൻ കഴിവുള്ള ഒരു ഹാർട്ട്ഹോസ്പിറ്റൽ കേരളത്തിൽ സ്ഥാപിക്കുന്നതിന് ആരോഗ്യ വകുപ്പുമന്ത്രി മുൻകൈയെടുത്ത് അതിന് നടപടി സ്വീകരിക്കണം. അതിന് ഡോക്ടർമാരെ ആവശ്യമാണ്. നമ്മുടെ സർക്കാർ ശമ്പളം കൊടുത്താൽ ചിലപ്പോൾ ഡോക്ടർമാരെ കിട്ടിയെന്ന് വരില്ല. അവർക്ക് ആകർഷകമായ ശമ്പളം ഏർപ്പെടുത്തിക്കൊണ്ട് കേരളത്തിലെ ഹൃദ്രോഗികളെ സഹായിക്കുന്നതിനാവശ്യമായ ഒരു ഹാർട്ട് ഹോസ്പിറ്റൽ അത്യാധുനിക സൗകര്യങ്ങളോടുകൂടി സ്ഥാപിക്കുന്നതിന് കേരള ഗവൺമെന്റ് നടപടി സ്വീകരിക്കണമെന്ന പ്രത്യാശയോടുകൂടി ഒരിക്കൽകൂടി ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങിക്കൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. മാമ്മൻ മത്തായി : സർ, ബഹുമാനപ്പെട്ട മന്ത്രിമാർ ഈ സഭയിൽ അവതരിപ്പിച്ച ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുന്നു. ആരോഗ്യ വകുപ്പിൽ നല്ല മാറ്റങ്ങൾ കൊണ്ടുവരാൻ ബഹുമാനപ്പെട്ട മന്ത്രി നടത്തുന്ന ശ്രമങ്ങൾ ശ്ലാഘനീയമാണ്. പക്ഷേ, പ്രഖ്യാപനങ്ങൾ പ്രവൃത്തിപഥത്തിൽ കൊണ്ടുവരാൻ അദ്ദേഹത്തിന് കഴിയുന്നില്ലെന്നുള്ള ദു:ഖസത്യം ഇന്നും നിലനില്ക്കുകയാണ്. എയ്ഡ്സ് ബാധിച്ച ഈ ഗവൺമെന്റിന് ഒരു സഖ്യകക്ഷിയായി ഇരുന്നുകൊണ്ട് ഈ പ്രഖ്യാപനങ്ങൾ പ്രവൃത്തിപഥത്തിൽ കൊണ്ടുവരാൻ കഴിയുമോയെന്ന് എനിക്ക് സംശയമുണ്ട്. കഴിഞ്ഞ അസംബ്ലിയിൽ ബഹുമാന്യനായ മന്ത്രി തന്നെ സൂചിപ്പിക്കുകയുണ്ടായി ഡ്രഗ്സ് കൺട്രോൾ ഡിപ്പാർട്ടുമെന്റിൽ ഡീസെൻട്രലൈസേഷൻ കൊണ്ടുവരുന്നതിന്റെ ഭാഗമായി രണ്ട് അസിസ്റ്റന്റ് ഡ്രഗ്സ് കൺട്രോൾ ഓഫീസ് നമ്മുടെ സംസ്ഥാനത്ത് സ്ഥാപിക്കുമെന്ന്. അതുസംബന്ധിച്ച ഫയലും ഇപ്പോൾ സെക്രട്ടേറിയറ്റിലുണ്ട്. പക്ഷേ, ഇന്നുവരെ അതിന്റെ നടപടിക്രമങ്ങൾ ആരംഭിക്കുവാൻ അദ്ദേഹത്തിന് കഴിഞ്ഞിട്ടില്ല. ഇൻഡ്യയിലെ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഈ രംഗത്ത് നാം വളരെ മുന്നിലാണെങ്കിൽപ്പോലും ഇന്നത്തെ അവസ്ഥയിൽ ഈ രംഗത്ത് വന്നുകൊണ്ടിരിക്കുന്ന റിപ്പോർട്ടുകളെല്ലാം തന്നെ വളരെ ഭയപ്പാടോടുകൂടി മാത്രമേ നമുക്ക് കാണാൻ സാധിക്കൂ. മാരകമായ പല രോഗങ്ങളും ഈ ഭൂമുഖത്തുനിന്ന് മാറ്റിയെന്ന് പലപ്പോഴും നാം അവകാശപ്പെടുന്നുവെങ്കിൽ പോലും ഇന്ന് അങ്ങനെ മാറ്റിയെന്ന് അവകാശപ്പെടുന്ന രോഗങ്ങൾ ഓരോന്നായി തിരിച്ചുവന്നുകൊണ്ടിരിക്കുകയാണ്. മാത്രമല്ല, പുതിയ പുതിയ രോഗങ്ങൾ നമ്മുടെ ജനങ്ങളെ ബാധിച്ചുകൊണ്ടിരിക്കുകയാണ്. ഏറ്റവും അവസാനത്തെ റിപ്പോർട്ട് അനുസരിച്ച് നമ്മുടെ സംസ്ഥാനത്ത് 2005-ാം മാണ്ടാകുമ്പോഴേയ്ക്കും രണ്ടുലക്ഷം എയ്ഡ്സ് രോഗികൾ ഉണ്ടാകുമെന്നാണ് കണക്ക്. ഇതിനെതിരെ ആവശ്യമായ പ്രചാരണവും അവബോധവും ജനങ്ങളിൽ വളർ

LIBRARY ARCHIVES Kerala Legislative Assembly

ത്തിയെടുക്കാൻ ആവശ്യമായ നടപടിക്രമം കാര്യക്ഷമമാക്കാൻ ഈ ഗവൺമെന്റിന് കഴിയുന്നില്ല.

സർ, ഇതിനാവശ്യമായ പ്രചാരണം നടത്തുന്നതിനു വേണ്ടി വേൾഡ് ഹെൽത്ത് ഓർഗനൈസേഷനും മറ്റും കോടിക്കണക്കിന് രൂപ തരുന്നുണ്ട്. ഇൻഡ്യാ ഗവൺമെന്റിന് ലഭിച്ച തുകയിൽ നിന്ന് നമ്മുടെ സംസ്ഥാനത്തിന് പതിമൂന്നേകാൽക്കോടി രൂപ കിട്ടുകയുണ്ടായി. പക്ഷെ 4.12.1996 വരെ മുടക്കാൻ കഴിഞ്ഞത് അഞ്ചു കോടി രൂപ മാത്രമാണ്. ഇതിനാവശ്യമായ ടെസ്റ്റ് നടത്താനുള്ള ഉപകരണങ്ങൾ നമ്മുടെ മെഡിക്കൽകോളേജുകളിൽപ്പോലും ഇല്ല. ഈ സംവിധാനത്തിന് ഒരു മാറ്റം വരണ്ടേ? ഇല്ലെങ്കിൽ അടുത്ത നൂറ്റാണ്ടിൽ, നാലഞ്ചുവർഷം കഴിയുമ്പോൾ നമ്മുടെ സംസ്ഥാനത്തിന്റെ സ്ഥിതി എന്താകുമെന്ന് ആലോചിക്കാൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകണം. ഏത് മന്ത്രിസഭ അധികാരത്തിൽ വന്നാലും ശരി, ആരോഗ്യവകുപ്പിൽ കൂടുതൽ കാര്യങ്ങൾ ചെയ്യുന്നത് ജില്ലാശുപത്രിവരെയുള്ള രംഗത്തു മാത്രമാണ്. താലൂക്കാശുപത്രികളുടെയും പ്രൈമറി ഹെൽത്ത് സെന്ററുകളുടെയും സ്ഥിതി എന്നും ശോചനീയമാണ്. ഗ്രാമവാസികളെ സംബന്ധിച്ചിടത്തോളം, നാട്ടിൻപുറത്തുകാരെ സംബന്ധിച്ചിടത്തോളം അവർ എന്നും ആശ്രയിക്കുന്നത് താലൂക്കാശുപത്രികളെയും പ്രൈമറി ഹെൽത്ത് സെന്ററുകളെയുമാണ്. താലൂക്കാശുപത്രികളിൽ ഇന്ന് ഹൃദ്രോഗബാധയ്ക്കുള്ള കാര്യമായ ചികിത്സ കൊടുക്കാൻ കഴിയുന്നില്ല. അതിനുള്ള ആധുനിക സജ്ജീകരണങ്ങളൊന്നും താലൂക്കാശുപത്രികളിൽ ഇല്ല. എക്സ്റേ എടുക്കാനുള്ള സൗകര്യമില്ല. ബ്ലഡ് ബാങ്ക് ഇല്ല. അതുകൊണ്ട് മെഡിക്കൽ കോളേജ് ആശുപത്രികളിലും ജില്ലാശുപത്രികളിലുമൊക്കെ കാലാകാലങ്ങളിൽ സൗകര്യങ്ങളുണ്ടാക്കി കൊടുക്കുന്നതോടൊപ്പം തന്നെ താലൂക്കാശുപത്രികളിലും പ്രൈമറി ഹെൽത്ത് സെന്ററുകളിലും വിദഗ്ദ്ധ ചികിത്സയ്ക്കുള്ള സൗകര്യംകൂടി ഉണ്ടാക്കിക്കൊടുക്കേണ്ടിയിരിക്കുന്നു. അതുപോലെ തന്നെ ഈ വകുപ്പിൽ Continuity Medical Education ഉണ്ടാകണം. വളരെ പ്രഗൽഭരായ ഭിഷഗ്വരൻമാർ ഉള്ള ഒരു സംസ്ഥാനമാണ് ഇത്. അവർക്ക് കിട്ടിയ അറിവ് നമ്മുടെ താലൂക്കാശുപത്രികളിലും പ്രൈമറി ഹെൽത്ത് സെന്ററുകളിലും ഉള്ള ഡോക്ടർമാർക്ക് ലഭിക്കുന്നതിനുള്ള യാതൊരു നടപടിക്രമവും ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകുന്നില്ല. ഇതിന് മാറ്റം വരണ്ടേ? അവർക്ക് കിട്ടിയ അറിവ് നമ്മുടെ താലൂക്കാശുപത്രികളിലെയും പ്രൈമറി ഹെൽത്ത് സെന്ററുകളിലേയും ഡോക്ടർമാർക്ക് ലഭിക്കുന്നതിനാവശ്യമായ വർക്ക്ഷാപ്പുകളോ പരിശീലനക്ലാസ്സുകളോ കൊടുക്കുന്നതിന് ഗവൺമെന്റ് തയ്യാറാകണം. സാധാരണക്കാരെ സംബന്ധിച്ചിടത്താളം സാമ്പത്തിക ബുദ്ധിമുട്ടുകാരണം അവർക്ക് സ്വകാര്യ ആശുപത്രികളെ സമീപിക്കാൻ കഴിയുന്നില്ല. സ്വകാര്യ ആശുപത്രികളിൽ ഇന്ന് മറ്റേതു ചികിത്സാരംഗത്തോടും മറ്റു രാജ്യങ്ങളിലെ ചികിത്സാരംഗത്തോടും കിടപിടിക്കുന്ന സംവിധാനമുണ്ട്. സാധാരണക്കാരന് അവിടെ കയറി ചെല്ലാനുള്ള ഒരു സൗകര്യം ഗവൺമെന്റ് ഉണ്ടാക്കണമെന്നുള്ളതാണ് എന്റെ അഭ്യർത്ഥന. പ്രധാനമായും ഇത്തരത്തിൽ ആശുപത്രികളെ പവർകട്ടിൽ നിന്ന് ഒഴിവാക്കാനുള്ള എന്തെങ്കിലും നടപടി അങ്ങ് സ്വീകരിക്കുമോ? ഈ കഴിഞ്ഞ രണ്ടുമാസത്തിനുള്ളിൽ ജനറൽ ഹോസ്പിറ്റലിലെ ഈ പവർകട്ടുമൂലം അക്കൗണ്ടന്റ് ജനറലിന്റെ ഓഫീസിലെ ഒരു ജീവനക്കാരൻ മരിക്കുകയുണ്ടായി. അതുകൊണ്ട് ഒരു സേവന മേഖലയെന്നുള്ള നിലയിൽ ആശുപത്രികളെ പവർകട്ടിൽനിന്ന് ഒഴിവാക്കുന്നതിനുള്ള നടപടി ഗവൺമെന്റിന്റെ ഭാഗത്തു നിന്നുണ്ടാകണം. അതുപോലെതന്നെ ഈ ആശുപത്രികളിലെ വൈദ്യുതി ചാർജ് ഇന്ന് യൂണിറ്റിന് 4 രൂപ 35 പൈസ

LIBRARY ARCHIVES Kerala Legislative Assembly

 Page 28 of 102

യാണ്. എസ്റ്റാബ്ലിഷ്മെന്റ് ചാർജ് കുറയ്ക്കുന്നതിനാവശ്യമായ സഹായം അവർക്കു ചെയ്തുകൊടുത്താൽ മാത്രമേ സ്വാഭാവികമായും സാധാരണക്കാരന് അവിടെ ചെല്ലുമ്പോൾ കുറഞ്ഞ ചെലവിൽ ചികിൽസിക്കാനുള്ള സൗകര്യം ലഭിക്കുകയുള്ളൂ. അതുകൊണ്ട് ആശുപത്രികളിൽ കൊടുക്കുന്ന വൈദ്യുതിയുടെ ചാർജ് 4 രൂപ 35 പൈസയെന്നുള്ളത് കുറയ്ക്കുന്നതിനുള്ള നടപടിയും ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തുനിന്ന് ഉണ്ടാകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ധനാഭ്യർത്ഥനകളെ എതിർക്കുന്നു.

[അദ്ധ്യക്ഷ വേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

ശ്രീ. ആന്റണി രാജു : സർ, ഞാൻ ധനാഭ്യർത്ഥനകളെ പിന്താങ്ങുന്നു. ആരോഗ്യവകുപ്പിന്റെ പ്രവർത്തനങ്ങൾ ശ്ലാഘനീയമാണെന്ന് പ്രതിപക്ഷത്തെ മാമ്മൻ മത്തായിപോലും സമ്മതിക്കുന്ന വിധത്തിൽ കാര്യങ്ങൾ എത്തിനിൽക്കുകയാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് നാലുവർഷക്കാലം ആരോഗ്യവകുപ്പ് അനാഥമായി കിടന്നു. അവസാനത്തെ ഒരു വർഷം ശ്രീ. വി.എം. സുധീരന്റെ കാലത്തുണ്ടായ മാറ്റങ്ങളെ ഞാൻ വിസ്മരിക്കുന്നില്ല. അതിനു മുമ്പ് നാലുവർഷക്കാലം അഴിമതിയുടെ കേളീരംഗമായിരുന്നു ആരോഗ്യവകുപ്പ്. ഒരു ചലനവുമില്ലാതെ, വകുപ്പുമന്ത്രിപോലുമില്ലാതെ കിടന്ന ആരോഗ്യവകുപ്പിൽ ഇന്ന് മാറ്റങ്ങൾക്ക് തുടക്കം കുറിച്ചിരിക്കുന്നുവെന്നുള്ളത് യാഥാർത്ഥ്യമാണ്. ബഹുമാനപ്പെട്ട ആരോഗ്യവകുപ്പുമന്ത്രി ഓരോ ദിവസം വീതം എല്ലാ ജില്ലകളിലും പര്യടനം നടത്തി ആ ജില്ലയിലെ മുഴുവൻ ആരോഗ്യവകുപ്പുദ്യോഗസ്ഥൻമാരെയും രാഷ്ട്രീയനേതാക്കളെയും ജനപ്രതിനിധികളെയും ഒരുമിച്ച് ഇരുത്തി അതാത് ജില്ലകളിൽ നടപ്പാക്കേണ്ട ആരോഗ്യവികസന പദ്ധതികളെക്കുറിച്ച് വളരെ ആഴത്തിൽ ചർച്ച ചെയ്ത് പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താൻ നടത്തിയ ശ്രമം ആരോഗ്യവകുപ്പിൽ ഉണ്ടാക്കിയ വലിയൊരു ചലനമാണ്. ഇന്ന് അതിന്റെ റിസൾട്ട് കണ്ടുതുടങ്ങിയിരിക്കുകയാണ്. ഒരു കാലത്ത് ആരോഗ്യരംഗത്ത് കേരളം ഇൻഡ്യയ്ക്കാകെ മാതൃകയായിരുന്നു. ഇന്ന് അതിന്റെ അവസ്ഥ അതാണോയെന്ന് നമുക്ക് കൂട്ടായി ചിന്തിക്കേണ്ടിയിരിക്കുന്നു. ആരോഗ്യരംഗത്തെപ്പറ്റിയുള്ള ഇന്നത്തെ സങ്കൽപത്തിനുതന്നെ അടിമുടി മാറ്റം വരുത്തണമെന്നുള്ള ചിന്താഗതിയിൽ നാമെല്ലാം എത്തി നിൽക്കുകയാണ്. പെട്ടെന്ന് പൊട്ടിപ്പുറപ്പെടാവുന്ന മാരകമായ രോഗങ്ങൾ ഉണ്ട്. എയിഡ്സ്, പ്ലേഗ് തുടങ്ങി മാരകമായ രോഗങ്ങൾ ഉയർത്തുന്ന വെല്ലുവിളിയെ നേരിടാൻ ഇന്ന് കേരളത്തിന് ശക്തിയുണ്ടോയെന്ന് നമ്മൾ ആത്മപരിശോധന നടത്തണം. എയിഡ്സിന്റെ കാര്യത്തിൽ കേരളം എവിടെയെത്തി നിൽക്കുന്നു? ഇൻഡ്യയിലെ ആരോഗ്യരംഗത്ത് ഏറ്റവും മുമ്പിൽനിൽക്കുന്നുവെന്ന് അവകാശപ്പെടുന്ന നമ്മൾ എയിഡ്സിന്റെ കാര്യത്തിൽ, എയിഡ്സ് രോഗികളുടെ എണ്ണത്തിന്റെ കാര്യത്തിൽ അഞ്ചാമതാണ്. എച്ച്.ഐ.വി. പോസിറ്റീവ് ഉള്ള ആളുകളുടെ എണ്ണത്തിൽ ഇൻഡ്യയിൽ കേരളം ഇന്ന് അഞ്ചാം സ്ഥാനത്താണ്. ആരോഗ്യരംഗത്ത് നമ്മൾ മുൻപിലാണെന്ന് അവകാശപ്പെടുമ്പോൾത്തന്നെ എയിഡ്സ്, പ്ലേഗ് എന്നീ മാരകമായ രോഗങ്ങൾ നമ്മെ തുറിച്ചുനോക്കുകയാണ്. സൂറത്ത് നഗരം വൃത്തിയാക്കാൻ പ്ലേഗ് എന്ന മാരകമായ രോഗം അവിടെ ഉണ്ടാകേണ്ടിവന്നു. വൃത്തിയുടെ കാര്യത്തിൽ, വെടിപ്പിന്റെ കാര്യത്തിൽ പ്ലേഗ് ഉണ്ടായാലേ നമ്മുടെ കേരളവും വൃത്തിയാകൂവെന്ന് നമ്മൾ സംശയിക്കുകയാണ്. ആരോഗ്യപ്രതിരോധ പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകിക്കൊണ്ട് പ്രവർത്തിക്കേണ്ട ഒരു കാലഘട്ടമാണിത്. രോഗം വന്ന് മരുന്നു കൊടുക്കുന്നതിനേക്കാൾ നല്ലത് രോഗം വരാതിരിക്കാനുള്ള നടപടി സ്വീകരി

LIBRARY ARCHIVES Kerala Legislative Assembly

ക്കുകയാണ്. രോഗികളെ ചികിത്സിക്കൽ മാത്രമാണോ ഡോക്ടർമാരുടെ പ്രവർത്തനമെന്ന് ചിന്തിച്ചുപോകുന്നു. അത് മാത്രമാണോ? ആരോഗ്യ വിദ്യാഭ്യാസകാര്യത്തിൽ, ബോധവൽക്കരണത്തിന്റെ കാര്യത്തിൽ ഡോക്ടർമാർ കൂടുതൽ ശ്രദ്ധപതിപ്പിക്കണം. മലിനീകരണം ആരോഗ്യരംഗത്തെ തുറിച്ചുനോക്കുകയാണ്. നമ്മുടെ സംസ്ഥാനത്തെ പൊല്യൂഷൻ കൺട്രോൾ ബോർഡ് വെറും നോക്കുകുത്തിയായി മാറിയിരിക്കുകയാണ്. ഇന്നത്തെ പൊല്യൂഷൻ കൺട്രോൾ ബോർഡ് പ്രവർത്തിച്ചതുകൊണ്ട് ഈ സംസ്ഥാനത്ത് എന്തെങ്കിലും പ്രയോജനമുണ്ടോയെന്ന് വിലയിരുത്തേണ്ടതുണ്ട്. തീരുമാനങ്ങൾ എടുക്കാൻ കഴിയുന്നില്ല, എന്നുമാത്രമല്ല, എടുക്കുന്ന തീരുമാനങ്ങൾ നടപ്പിലാക്കാൻ കഴിയാതെ ഒരു നോക്കുകുത്തിയായി മാത്രം പൊല്യൂഷൻ കൺട്രോൾ ബോർഡ് ഇന്ന് സംസ്ഥാനത്ത് അവശേഷിക്കുകയാണ്. പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തേണ്ടിയിരിക്കുന്നു. മലിനീകരണം തടയാൻ, കേരളത്തിലെ ആരോഗ്യരംഗം മെച്ചപ്പെടുത്താൻ പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ പ്രവർത്തനങ്ങൾ ഈ ഗവൺമെന്റ് കൂടുതൽ ശക്തിപ്പെടുത്തണം. കേരളത്തിൽ തീരദേശ ആരോഗ്യപദ്ധതി 1994 ഫെബ്രുവരിയിൽ തുടങ്ങി, 1997 സെപ്റ്റംബറിൽ അവസാനിക്കേണ്ടതാണ്. 126 തീരദേശഗ്രാമങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് ഒരു ഡെപ്യൂട്ടി ഡയറക്ടറുടെ ചുമതലയിൽ സെക്രട്ടേറിയറ്റിൽ പ്രത്യേക സ്റ്റിയറിംഗ് കമ്മിറ്റി രൂപീകരിച്ചുകൊണ്ട് മൂന്ന് മാസത്തിലൊരിക്കൽ കമ്മിറ്റി കൂടി വിലയിരുത്തണമെന്ന നിർദ്ദേശത്തോടുകൂടി രൂപീകരിച്ച പദ്ധതി കോടികൾ ചെലവാക്കിയിട്ട് ഇന്ന് ആ പദ്ധതി എവിടെ? അതിനെക്കുറിച്ച് അന്വേഷിക്കേണ്ടിയിരിക്കുന്നു. കേന്ദ്രഗവൺമന്റിന്റെ സഹായമുണ്ടായിരുന്ന പദ്ധതിയാണ്. ഈ തീരദേശ പ്രത്യേക ആരോഗ്യ പദ്ധതിയിലൂടെ ചെലവാക്കിയ തുക എവിടെയെത്തി? യഥാർത്ഥത്തിൽ തീരപ്രദേശത്ത് എത്തിക്കുന്നതിന് കഴിഞ്ഞോ? എന്തെങ്കിലും പ്രയോജനമുണ്ടാക്കാൻ കഴിഞ്ഞോ? അതിനുവേണ്ടി ചെലവാക്കിയ തുകയെപ്പറ്റി സമഗ്രമായ അന്വേഷണം ഈ ഗവൺമെന്റ് നടത്തണം. കാര്യമായ ചലനങ്ങളൊന്നും തന്നെ ഈ തീരദേശ ആരോഗ്യ പദ്ധതിയിലൂടെ ഉണ്ടാക്കിയില്ലെന്നുള്ളത് യാഥാർത്ഥ്യമാണ്. എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട വലിയതുറ മലമ്പനിയുടെ കേളീരംഗമായിരുന്നു. കഴിഞ്ഞ നാലഞ്ചുവർഷക്കാലമായി ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ പ്രതിവർഷം ഡസൻ കണക്കിന് ആളുകൾ മരിച്ചുകൊണ്ടിരുന്ന പ്രദേശമാണ്. കഴിഞ്ഞ വർഷം ആരോഗ്യവകുപ്പു നടത്തിയ ശ്രമകരമായ പ്രവർത്തനം, ബഹുമാനപ്പെട്ട ആരോഗ്യവകുപ്പുമന്ത്രി ശ്രീ. എ.സി. ഷൺമുഖദാസ് സ്ഥലത്ത് ക്യാമ്പ് ചെയ്ത് നേതൃത്വം കൊടുത്തുകൊണ്ട് നടത്തിയ ആരോഗ്യപദ്ധതി ആ പ്രദേശത്ത് വലിയ മാറ്റമുണ്ടാക്കിയിരിക്കുന്നു. മലമ്പനി ബാധിച്ച് നിരവധി ആളുകൾ മരിച്ചുകൊണ്ടിരുന്ന വലിയതുറയിൽ മലമ്പനിമൂലം ഈ വർഷം ഒരു രോഗിയെപോലും അഡ്മിറ്റ് ചെയ്യേണ്ടി വന്നിട്ടില്ല. വലിയതുറ ഇതിനൊരു മാതൃകയായിരിക്കുന്നു. കഴിഞ്ഞ നാലുവർഷക്കാലം എല്ലാ വർഷവും മലമ്പനിമൂലം ഡസൺ കണക്കിന് ആളുകൾ മരിച്ചുകൊണ്ടിരുന്ന അവിടെ കഴിഞ്ഞ ഒരു വർഷം നടത്തിയ ഊർജ്ജിതമായ ആരോഗ്യ പ്രവർത്തനത്തിന്റെ ഫലം കണ്ടുതുടങ്ങിയിരിക്കുന്നു. അത് നമ്മുടെ ആരോഗ്യവകുപ്പിന്റെ ശ്രദ്ധേയമായ പ്രവർത്തനങ്ങളിൽ എടുത്തു പറയാവുന്ന നേട്ടമായി ഞാൻ കണക്കാക്കുകയാണ്.

[11.00 pm] വലിയതുറയിൽ ഒരു ആശുപത്രി കെട്ടിടം എം.പി. ഫണ്ടിൽ നിന്നും പണം അനുവദിച്ച് കെട്ടി പൂർത്തിയാക്കിയിട്ടിരിക്കുന്നു. ഒന്നര വർഷമായിട്ടും ആ കെട്ടിടം തുറന്നു കൊടുക്കാൻ കഴിയാത്ത

LIBRARY ARCHIVES Kerala Legislative Assembly

അവസ്ഥയാണുള്ളത്. രോഗികൾ വരുമ്പോൾ അവരെ മറ്റ് ആശുപത്രിയിലേക്ക് പറഞ്ഞു വിടുകയാണ് ചെയ്യുന്നത്. ബഹുമാനപ്പെട്ട മന്ത്രി അതു പരിശോധിച്ച് എത്രയും വേഗം കെട്ടിടം തുറന്നു കൊടുക്കാൻ നടപടിയെടുക്കണം. തുറമുഖങ്ങളുടെ കാര്യത്തിൽ, നമ്മുടെ വിഴിഞ്ഞം തുറമുഖം, കേരളത്തിന് അഭിമാനിക്കേണ്ടിയിരുന്ന തുറമുഖം, കേരളത്തിന് ലജ്ജാകരമായി തുടങ്ങിയിടത്തു തന്നെ നിൽക്കുകയാണ്. അതു പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല. തിരുവനന്തപുരത്തിന്റേയും കേരളത്തിന്റേയും വികസനത്തിന് ഒരു നാഴികക്കല്ലായി മാറേണ്ട വിഴിഞ്ഞം തുറമുഖത്തിന്റെ പ്രവർത്തനങ്ങൾ ശ്രദ്ധിക്കാൻ നമുക്കു കഴിയുന്നില്ല. കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധ ഇക്കാര്യത്തിൽ കൊണ്ടുവരാനും വിഴിഞ്ഞം തുറമുഖം യാഥാർത്ഥ്യമാക്കിത്തീർക്കാനുമുള്ള പരിശ്രമങ്ങൾ സംസ്ഥാന ഗവൺമെന്റിന്റെ ഭാഗത്തു നിന്നുണ്ടാകണമെന്ന് വിനയപൂർവം അഭ്യർത്ഥിക്കുന്നു. അതുപോലെ എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട വലിയതുറ തുറമുഖം പുനഃരുദ്ധരിക്കാനായി 25 ലക്ഷം രൂപ അനുവദിക്കുകയുണ്ടായി. അതു കൊണ്ടുമാത്രം വലിയതുറ കടൽപ്പാലം നിലനിറുത്താൻ കഴിയില്ല. അത് ഇന്ന് പൊട്ടി പൊളിഞ്ഞ് തകർന്നു വീഴുന്ന അവസ്ഥയിലാണ്. പുതിയൊരു കടൽപ്പാലം പണിതുകൊണ്ട് പഴയ പാലം പുതുക്കിപ്പണിയാനുള്ള നടപടി സ്വീകരിക്കണം. തിരുവനന്തപുരത്തെ പതിനായിരക്കണക്കായ മത്സ്യത്തൊഴിലാളികൾ ജൂൺ ജൂലൈ ഓഗസ്റ്റ് മാസങ്ങളിൽ മത്സ്യബന്ധനത്തിനുവേണ്ടി ആശ്രയിക്കുന്നത് ഈ പാലത്തെയാണ്. അതുകൊണ്ടുതന്നെ ഇതിനെ നില നിറുത്താനും പുതിക്കിപ്പണിയാനുമുള്ള നടപടിയെടുക്കണം. മത്സ്യത്തൊഴിലാളി മേഖല സങ്കീർണ്ണങ്ങളായ പ്രശ്നങ്ങളുടെ കേളീരംഗമാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം നടപ്പാക്കിയ കാര്യങ്ങൾ ബഹുമാനപ്പെട്ട അലിഹസ്സൻ ഇവിടെ പറഞ്ഞു. വളരെയധികം അവഗണന ഏറ്റുവാങ്ങിയ ഒരു മേഖലയാണ് മത്സ്യത്തൊഴിലാളി മേഖല. ഐക്യജനാധിപത്യമുന്നണിയുടെ അപ്പുറത്തിരിക്കുന്ന ആളുകൾ ഈ സഭയുടെ നടുത്തളത്തിലിറങ്ങിയിരുന്നുകൊണ്ട് 'തെക്ക് തെക്കൊരു ദേശത്ത്' എന്നുപറഞ്ഞുകൊണ്ട് തീരപ്രദേശത്തെ ആളുകളെ ചൂണ്ടിക്കാണിച്ചുകൊണ്ട് ഒരു മുദ്രാവാക്യം മുഴക്കുകയുണ്ടായി. തീരപ്രദേശത്തുള്ള ജനങ്ങളുടെ ചോരപ്പാടിലൂടെ നടന്നുകയറിയ ഐക്യജനാധിപത്യമുന്നണിയിലെ കോൺഗ്രസ് പ്രസ്ഥാനം തീരദേശ മത്സ്യത്തൊഴിലാളികളോട് നീതി പുലർത്തിയിരുന്നോ എന്ന് ആത്മപരിശോധന നടത്തണം. ഉണ്ണാനും ഉടുക്കാനും അന്തിയുറങ്ങാനും ഇടമില്ലാതെ കഷ്ടപ്പെടുന്ന ജനവിഭാഗമാണ് തീരദേശ മത്സ്യത്തൊഴിലാളികൾ. കേരളത്തിലെ ആദിവാസികളേക്കാൾ കഷ്ടതയനുഭവിക്കുന്ന ഒരു ജനവിഭാഗം, കുടിലുകളെ മാത്രം ആശ്രയിക്കുന്ന ഒരു ജനവിഭാഗം, മഴ പെയ്താൽ കുടിലിനകത്തിരിക്കാനും പുറത്തിറങ്ങാനും കഴിയാത്ത അവസ്ഥയാണുള്ളത്. ജൂൺ, ജൂലൈ, ഓഗസ്റ്റ് മാസങ്ങളിൽ മത്സ്യബന്ധനത്തിനു പോകാൻകഴിയാതെ പട്ടിണിയും പരിവട്ടവുമായി കഴിയുന്ന ജനസമൂഹം, അവരെ രക്ഷപ്പെടുത്താൻ നമുക്ക് കഴിഞ്ഞിട്ടുണ്ടോ എന്ന് കൂട്ടായി ആലോചിക്കേണ്ടതാണ്. മത്സ്യത്തൊഴിലാളികളുടെ കാര്യത്തിൽ എന്നും നമ്മൾ കണ്ണുനീർ പൊഴിക്കാറുണ്ട്. ഈ ഗവൺമെന്റ് വന്നതിനുശേഷം ഈ രംഗത്ത് കാര്യമായ ചലനമുണ്ടായിട്ടുണ്ട്. ഈ മേഖലയിൽ പ്രവർത്തിക്കുന്ന മത്സ്യഭവനുകൾ ബഹുമാനപ്പെട്ട മന്ത്രി ടി.കെ. രാമകൃഷ്ണൻ തുടങ്ങിയതാണ്. മത്സ്യത്തൊഴിലാളികൾ അവരുടെ ആവശ്യങ്ങൾക്കായി മൈലുകൾ താണ്ടി ദൂരെ പോകേണ്ടിവന്നിരുന്നെങ്കിൽ ഇന്ന് അവരുടെ ഗ്രാമങ്ങളിൽ പ്രവർത്തിക്കുന്ന മത്സ്യഭവനുകൾ വഴി അവരുടെ ആവശ്യങ്ങൾ സാധിക്കാവുന്നതാണ്. അങ്ങനെ മത്സ്യഭവനുകൾ തുറ

LIBRARY ARCHIVES Kerala Legislative Assembly

ന്നുകൊണ്ട് ഈ മേഖലയിലെ വിവിധ ആഫീസുകളെ ഒരു കുടക്കീഴിൽ കൊണ്ടുവന്ന് അവർക്ക് ആശ്വാസം പകരുന്ന പദ്ധതിയുണ്ടായി. നേത്രജ്യോതി, തീരജ്യോതി തുടങ്ങിയ പദ്ധതികൾ മത്സ്യത്തൊഴിലാളികൾക്ക് ആശ്വാസം പകരുന്ന പദ്ധതികളാണ്. ഈ രൂപത്തിലുള്ള പദ്ധതികൾക്ക് ബഹുമാനപ്പെട്ട ടി.കെ. രാമകൃഷ്ണൻ രൂപം കൊടുക്കുന്നു എന്നുള്ളത് സ്വാഗതാർഹമാണ്. കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടുകൂടി തീരപ്രദേശത്തു നടന്നുവരുന്ന ഭവന നിർമ്മാണ പദ്ധതി വഴി 35000 രൂപയുടെ 100 ശതമാനം സബ്സിഡി അനുവദിച്ചുകൊണ്ടുള്ള ഭവനനിർമ്മാണ പദ്ധതി ഒന്നാം ഘട്ടം രൂപകൊടുത്തു തുടങ്ങി. രണ്ടാം ഘട്ടത്തിൽ ബാക്കിയുള്ള വീടുകൾ തെരഞ്ഞെടുത്ത ജില്ലകൾ പലതുമുണ്ട്. ആ ജില്ലകളിലെ വീടുകൾക്ക് പണം അനുവദിപ്പിക്കാനുള്ള നടപടിയുണ്ടാകണം. തീരപ്രദേശത്ത് തീരദേശ പരിപാലന നിയമം കേരളത്തിൽ മത്സ്യത്തൊഴിലാളികൾക്ക് ഗുണം ചെയ്യുന്ന വിധത്തിൽ നടപ്പിലാക്കണം. അവിടെ നിലനിൽക്കുന്ന ഒരു അപകടമുണ്ട്. ഇരുന്നൂറു മുതൽ അഞ്ഞൂറു മീറ്റർ വരെയുള്ള സ്ഥലത്ത് സി.ആർ.ഇസഡ്. സോൺ ആക്ടു പ്രകാരം കെട്ടിട നിർമ്മാണവും പുനഃരുദ്ധാരണവും അനുവദിച്ചിട്ടുണ്ട്. ഈ വസ്തുത ശരിയായി തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ മനസ്സിലാക്കാതെ കണ്ണടച്ചുകൊണ്ട് തീരദേശ ഭവനുകൾ നിർമ്മിക്കുന്നതിനുള്ള അനുവാദം നൽകാതിരിക്കുന്നു. അതിനെതിരെയുള്ള നടപടികളുണ്ടാകണം. വ്യക്തമായ നിർദ്ദേശങ്ങളുണ്ടാകണം. തീരദേശ വികസന അതോറിറ്റി എന്നുള്ള സ്വപ്നം ഇന്നും അവശേഷിക്കുകയാണ്. തീരദേശ വികസന അതോറിറ്റിയെക്കുറിച്ച് നമ്മളെല്ലാം പല സ്ഥലത്തും പ്രഖ്യാപിച്ചതാണ്. തീരദേശ വികസന അതോറിറ്റി എന്ന സ്വപ്നം യാഥാർത്ഥ്യമാക്കിത്തീർക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഇടതുപക്ഷ ജനാധിപത്യ മുന്നണി വന്നതിനുശേഷം പഴയ കേന്ദ്ര ഗവൺമെന്റ് കോൺഗ്രസ്സ് ഗവൺമെന്റ് നൽകിയ ലൈസൻസുകൾ പിൻവലിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടു നടത്തിയ സമ്മർദ്ദം കേരളത്തിലെ മത്സ്യത്തൊഴിലാളികൾക്ക് നൽകിയ ആശ്വാസം ഇടതുപക്ഷ മുന്നണി ഗവൺമെന്റിന്റെ നേട്ടമാണ്. അതിനു നേതൃത്വം കൊടുത്ത മന്ത്രി ശ്രീ. ടി.കെ. രാമകൃഷ്ണൻ പ്രത്യേകമായ അഭിനന്ദനമർഹിക്കുന്നു. മത്സ്യത്തൊഴിലാളികളുടെ ഉന്നമനത്തിനും അവരുടെ ആരോഗ്യ രംഗത്തും നടത്തിവരുന്ന പ്രവർത്തനങ്ങളും കണ്ടില്ലെന്നു നടിക്കാൻ പറ്റുകയില്ല. ഞാൻ ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽകൂടി പിന്താങ്ങുന്നു.

ശ്രീ. ജോണി നെല്ലൂർ : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു. പ്രധാനപ്പെട്ട വകുപ്പുകളിലേക്കുള്ള ധനാഭ്യർത്ഥനകൾ എന്നുള്ള നിലയിൽ ഇതിന്റെ ചർച്ചയിൽ പങ്കെടുക്കുമ്പോൾ എല്ലാവരേയും ബാധിക്കുന്ന ആരോഗ്യപ്രശ്നം തന്നെ ആദ്യം എടുക്കാമെന്നു കരുതുന്നു. മാരകമായ രോഗം പിടിപെട്ട് ചലനമറ്റു കിടക്കുന്ന ആരോഗ്യ വകുപ്പാണ് നമ്മുടെ സംസ്ഥാനത്തുള്ളത്. ഈ വകുപ്പിൽ മിസ്മാനേജ്മെന്റ് എല്ലാ സ്ഥലത്തും പ്രകടമായിരിക്കുന്നു. ഞാൻ മന്ത്രിയെ കുറ്റം പറയുന്നില്ല. ബഹുമാനപ്പെട്ട ഷൺമുഖദാസ് ആരോഗ്യ വകുപ്പിന്റെ ചുമതലയേൽക്കുന്നു എന്നു കേട്ടപ്പോൾ കേരളത്തിലെ ജനങ്ങൾ വലിയ പ്രതീക്ഷ അർപ്പിച്ചവരാണ്. ഇന്ന് ആ പ്രതീക്ഷയൊക്കെ അസ്ഥാനത്തായിക്കഴിഞ്ഞു. ആരോഗ്യ വകുപ്പിനെ ബാധിച്ചിരിക്കുന്ന മാരകമായ രോഗത്തെ സുഖപ്പെടുത്താൻ വേണ്ടി അദ്ദേഹം വിദേശയാത്ര പോലും നടത്തി. പ്രയോജനമുണ്ടായില്ല. വിദേശത്തുപോയി വന്നിട്ടുപോലും ആരോഗ്യവകുപ്പിന്റെ കെടുകാര്യസ്ഥത മാറ്റാൻ, മാരകമായ രോഗത്തിനു ചികിത്സ നടത്താൻ ആരോഗ്യ വകുപ്പുമന്ത്രിക്ക് കഴിഞ്ഞില്ല. ഇന്ന് ആരോഗ്യ

LIBRARY ARCHIVES Kerala Legislative Assembly

വകുപ്പിൽ എല്ലാ സ്ഥലത്തും വ്യാപകമായ അഴിമതിയുണ്ടെന്നു പുറമേ സംസാരമാണ്. ഡോക്ടർമാരുടെ സ്ഥലംമാറ്റത്തിൽ ഇപ്പോൾ വലിയ ആരോപണം പത്രങ്ങളിൽ വാർത്തകളായും അല്ലാതെയും വന്നുകൊണ്ടിരിക്കുന്നു. അതൊന്നും ഞാൻ അക്കമിട്ട് നിരത്തുന്നില്ല. ഏതായാലും അത് നടക്കുന്നുണ്ട്. ഭരണപക്ഷത്തുള്ള ആളുകൾ പോലും പല സ്ഥലത്തും അത് പറയുന്നുണ്ട്. ഡോക്ടർമാരുടെ സ്ഥലംമാറ്റത്തിലുണ്ടാകുന്ന ചീത്തപ്പേരിനേയും ആരോപണങ്ങളേയും കുറിച്ച് മന്ത്രി അന്വേഷിക്കണം. ചില കാര്യങ്ങൾ ഈ വകുപ്പിന്റെ പ്രവർത്തനത്തെക്കുറിച്ചു നിർദ്ദേശിക്കാനുള്ളത് ജനങ്ങൾക്ക് ഏറ്റവും കൂടുതൽ ആരോഗ്യം കൊടുക്കേണ്ട ഈ വകുപ്പു നന്നായെങ്കിൽ മാത്രമേ താഴെതലങ്ങളിൽ എന്തെങ്കിലും ചെയ്യാൻ കഴിയൂ. ഇന്ന് നമ്മുടെ ഗ്രാമങ്ങളിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ അനാഥമല്ലേ? അവിടെ പണിയെടുക്കാൻ ഡോക്ടർമാരെ കിട്ടുന്നില്ല. മുൻ ആരോഗ്യവകുപ്പുമന്ത്രി ശ്രീ. വി.എം. സുധീരൻ നിയമസഭയിൽ ഒരു ചോദ്യത്തിനു ഉത്തരമായി പറഞ്ഞത് ഞാനോർക്കുന്നു. ഗ്രാമീണ ആശുപത്രികളിലും ഡിസ്പെൻസറികളിലും ഡോക്ടർമാർ പണിയെടുക്കാൻ ആവശ്യമായ നിയമനടപടികൾ കൊണ്ടുവരുമെന്ന് അദ്ദേഹം പറഞ്ഞു. നിർഭാഗ്യവശാൽ അദ്ദേഹത്തിന് അതു കഴിഞ്ഞില്ല, കാരണം ആ ഗവൺമെന്റ് പോയി. എനിക്ക് ബഹുമാനപ്പെട്ട ഷൺമുഖദാസിനോട് അഭ്യർത്ഥിക്കാനുള്ളത് കർശനമായി അങ്ങ് അതിനുള്ള നിയമ നടപടികൾ കൊണ്ട് വരണമെന്നാണ്. ഗുജറാത്തുപോലുള്ള സംസ്ഥാനങ്ങളിൽ ഇതുപോലെയുള്ള നിയമനടപടികൾകൊണ്ടുവന്ന കാര്യം ഞാനോർക്കുകയാണ്. നിർബന്ധമായും ഗ്രാമീണ ഡിസ്പെൻസറികളിൽ ഡോക്ടർമാർ പണിയെടുക്കാനാവശ്യമായ നിയമനടപടികൾ കൊണ്ടുവരണം. തിരുവനന്തപുരം മെഡിക്കൽ കോളേജിലെ കാത്ത് ലാബിലേക്ക് ജർമ്മനിയിൽനിന്നും നാലു കോടി രൂപയ്ക്കു വാങ്ങിക്കൊണ്ടുവന്ന ഒരു ഉപകരണം എത്ര കാലമായി അവിടെ കിടക്കുന്നു. ശ്രീ. ആന്റണി രാജുവിന് ചില കാര്യങ്ങൾ വിട്ടുപോയി. അദ്ദേഹത്തിന് അത് ഒന്ന് അന്വേഷിക്കാമായിരുന്നു. എല്ലാം ഭദ്രമെന്ന് അദ്ദേഹം പ്രസംഗിച്ചു. ആ ഉപകരണം ഇന്ന് മഴയും വെയിലുമേറ്റ് കിടക്കുകയാണ്. അത് ഇറക്കുമതി ചെയ്തിട്ട് 8 മാസം കഴിഞ്ഞു. അത് ഇൻസ്റ്റാൾ ചെയ്യാനുള്ള നടപടിയെടുക്കണം. അതിനുപോലും കഴിയാതിരുന്ന ആളുകളാണ് കാര്യക്ഷമതയെക്കുറിച്ചു പറയുന്നത്. നമ്മുടെ താലൂക്കാശുപത്രികളിൽ സ്പെഷ്യലൈസ്ഡ് ഡോക്ടർമാർ ആവശ്യത്തിനില്ല. നമ്മുടെ സംസ്ഥാനത്ത് ഇന്ന് ഹൃദ്രോഗികൾ കൂടുതലുണ്ട്. താലൂക്കാശുപത്രികളിൽ, പല സ്ഥലത്തും ഒരു ഹൃദ്രോഗ വിദഗ്ദ്ധനെ കിട്ടാനില്ല. പല ആശുപത്രികളിലും മറ്റു വിഭാഗത്തിൽപ്പെട്ട രണ്ടും മൂന്നും സ്പെഷ്യലൈസ്ഡ് ഡോക്ടർമാരുണ്ട്. സൈക്ക്യാട്രിസ്റ്റ് രണ്ടോ മൂന്നോ പേരുണ്ടാകും. അതിനാൽ എല്ലാ താലൂക്കാശുപത്രികളിൽ എങ്കിലും ഒരു കാർഡിയോളജിസ്റ്റിനെ നിയമിക്കാനുള്ള നടപടി ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തുനിന്നുണ്ടാകണം.

അതുപോലെതന്നെ നമ്മുടെ കാഷ്വാലിറ്റികൾ. നമ്മുടെ ജില്ലാ ആശുപത്രികളിലേയും താലൂക്കാശുപത്രികളിലേയും കാഷ്വാലിറ്റി വിഭാഗം കുറെക്കൂടി ശക്തമാക്കണം. അവിടത്തെ പ്രവർത്തനം കുറെക്കൂടി ഊർജ്ജിതമാക്കണം. പാവപ്പെട്ട രോഗികളുമായി എത്തിച്ചേരുന്ന സാഹചര്യത്തിൽ ആശുപത്രി ജീവനക്കാരിൽ നിന്നുണ്ടാകുന്ന പെരുമാറ്റം വളരെ മോശമാണ്. അത് നന്നാക്കാൻ ഒരു പെരുമാറ്റ ചട്ടമുണ്ടാക്കിക്കൊണ്ട് അവരെ അതിന് പ്രോത്സാഹിപ്പിച്ചെടുക്കാനുള്ള ചില നടപടികളുണ്ടാകണമെന്ന ആവശ്യം ഞാൻ മുന്നോട്ടുവയ്ക്കുകയാണ്. ഞങ്ങളൊക്കെ ഇത് പറയുന്നത് ബഹുമാനപ്പെട്ട

LIBRARY ARCHIVES Kerala Legislative Assembly

ആന്റണി രാജുവിനെപ്പോലുള്ളവർ മനസ്സിലാക്കണം. അത് നന്നാക്കാൻ വേണ്ടിയാണ് ഞങ്ങളൊക്കെ ഇത് പറയുന്നത്. അപ്പുറത്ത് ശ്രീ. ഷൺമുഖദാസ് ഇരിക്കുന്നതുകൊണ്ടുമാത്രം കുഴപ്പമെന്നല്ല ഞാൻ പറയുന്നത്. ഇത് കാലങ്ങളായി നമ്മുടെ സർക്കാർ ആശുപത്രികളിലുണ്ടായിക്കൊണ്ടിരിക്കുന്ന ഒരു സ്ഥിതിവിശേഷമാണ്. അതിനൊരു മാറ്റമുണ്ടാകണം. ഇന്ന് നമ്മുടെ ആശുപത്രികളിൽ സി.ടി. സ്കാനർ, അൾട്രാ സൗണ്ട് സ്കാനറൊക്കെയുണ്ട്. ബഹുമാനപ്പെട്ട മന്ത്രി ഒരവസരത്തിൽ ചോദ്യോത്തരവേളയിൽ മറുപടി പറഞ്ഞു, ഇതൊന്നും പ്രവർത്തിപ്പിക്കാൻ പരിശീലനം സിദ്ധിച്ച ബന്ധപ്പെട്ടവരോ ഡോക്ടർമാരോ ഇല്ല എന്ന്. ഇതുപോലുള്ള യന്ത്രോപകരണങ്ങൾ നന്നായി പ്രവർത്തിപ്പിക്കാൻ പരിശീലനം ലഭിച്ച ആളുകളെ അടിയന്തിരമായി കണ്ടെത്തണം. ആ ഉപകരണങ്ങൾ നശിച്ചുപോകാതെ അതിന്റെ പ്രയോജനം പാവപ്പെട്ട രോഗികൾക്ക് ലഭ്യമാക്കാനാവശ്യമായ പരിശീലനം സിദ്ധിച്ച ഡോക്ടർമാരേയും മറ്റുള്ള ആളുകളേയും നിയമിച്ചുകൊണ്ട്, അല്ലെങ്കിൽ പരിശീലനം കൊടുത്തുകൊണ്ട് നന്നായി പ്രവർത്തിപ്പിക്കാനുള്ള കാര്യങ്ങളിലേക്ക് പോകണം. അതുപോലെതന്നെ നമ്മുടെ നാട്ടിൽനിന്ന് എന്നെന്നേക്കുമായി പോയിയെന്ന് നാം വിശ്വസിച്ചിരുന്ന മലേറിയായും കോളറയും മടങ്ങി വന്നിരിക്കുന്നു. തീരദേശങ്ങളിലൊക്കെ സാംക്രമിക രോഗങ്ങൾ വളരെ വേഗത്തിൽ പടർന്നുപിടിക്കുന്നു. നമ്മുടെ ആശുപത്രികളിൽ വിലപ്പെട്ട പല വാക്സിനും കിട്ടാനില്ല. വാക്സിൻ കൊടുക്കാനുള്ള സൗകര്യങ്ങളുമില്ല. വാക്സിൻ ലഭ്യമാക്കാനുള്ള നടപടിയുണ്ടാകണമെന്നാണ് എനിക്ക് പറയാനുള്ളത്. ആർ.സി.സി.യിൽ ക്യാൻസർ കെയർ പദ്ധതി ഇന്ന് പുന:രാരംഭിച്ചിട്ടുണ്ട്. അതിൽ സന്തോഷമുണ്ട്. പക്ഷേ അവിടെ ഒരു ബുദ്ധിമുട്ടനുഭവപ്പെടുന്നത് ആയിരം രൂപ അടച്ചാൽ അൻപതിനായിരം രൂപയുടെ ചികിത്സയേ ലഭിക്കുവെന്നുള്ള ഒരു പരിധി വച്ചിരിക്കുന്നു. അത് തെറ്റാണ്. ആ പരിധി എടുത്തുകളയണം. രാജ്യത്തിലെ മറ്റ് ക്യാൻസർ ആശുപത്രികളിൽ പരിധിയില്ലാത്ത ചികിത്സാ സഹായം നിലനിൽക്കുകയാണ്. അത് നമ്മുടെ ക്യാൻസർ സെന്ററിലും ലഭ്യമാക്കാനുള്ള നടപടി ബഹുമാനപ്പെട്ട മന്ത്രി സ്വീകരിക്കണം. അതുപോലെതന്നെ നമ്മുടെ രണ്ട് സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികളെക്കുറിച്ച് വലിയ പ്രഖ്യാപനങ്ങൾ നടക്കുന്നുണ്ട്. പക്ഷേ ഈ പ്രഖ്യാപനങ്ങളൊക്കെ ഓരോ ദിവസവും കാണുമ്പോൾ പണ്ട് ഒരു ഫയൽമാൻ നടത്തിയ വെല്ലുവിളിയാണ് ഓർമ്മ വരുന്നത്. പണ്ട് ഒരു ഫയൽമാൻ വെല്ലുവിളി നടത്തുമായിരുന്നു. രണ്ട് കാലുകളും നഷ്ടപ്പെട്ട ഫയൽമാൻ പഴയ ഓർമ്മകൾ അയവിറക്കിക്കൊണ്ട് വെല്ലുവിളിക്കും ഞാനൊന്ന് എഴുന്നേറ്റുനിന്നാൽ മുഴുവനും വെട്ടിപ്പിടിക്കുമെന്ന്. പക്ഷേ ചലനമറ്റ് കിടക്കുന്ന ആരോഗ്യവകുപ്പിന്റെ തലപ്പത്തിരുന്നുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി ആരോഗ്യവാനാണെങ്കിലും അദ്ദേഹം നടത്തുന്ന പ്രസ്താവന ഫലവത്താകുമോയെന്ന് ഞാൻ സംശയിക്കുകയാണ്. കേരളത്തിൽ രണ്ട് സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികളുടെ പണി പൂർത്തിയാകാതെ കിടക്കുകയാണ്. ഇത് കോൺക്രീറ്റ് കാടുകളായി മാറുമോയെന്ന് ഞാൻ സംശയിക്കുകയാണ്. ഈ ആശുപത്രികൾ പൂർത്തിയാക്കി എന്നത്തേയ്ക്ക് പ്രവർത്തനമാരംഭിക്കാൻ കഴിയുമെന്ന് പറയാൻ കഴിയുകയില്ല. ഈ ആശുപത്രികളിൽ ഉപകരണങ്ങളുണ്ടാക്കണമെങ്കിൽ 50 കോടി രൂപയെങ്കിലും വേണം. ഇന്നത്തെ മറുപടി പ്രസംഗത്തിലെങ്കിലും രണ്ട് സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികളുടെ കാര്യത്തിൽ അതിന്റെ പ്രവർത്തനം എന്ന് ആരംഭിക്കാൻ കഴിയുമെന്ന് പറയാൻ കഴിയുമോയെന്ന് അങ്ങയോട് വിനീതമായി ചോദിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

മത്സ്യത്തൊഴിലാളികളുടെ കാര്യത്തിൽ ഒരു വാക്കുകൂടി പറയട്ടെ. മത്സ്യത്തൊഴിലാളികളുടെ പാർപ്പിട പദ്ധതിയെക്കുറിച്ചാണ്. ധാരാളം മത്സ്യത്തൊഴിലാളികൾ പാർപ്പിടമില്ലാതെ അലയുന്ന കാഴ്ച നമുക്ക് കാണാൻ കഴിയും. ആ പദ്ധതി കുറെക്കൂടി ഗൗരവത്തോടുകൂടി എത്രയും പെട്ടെന്ന് പൂർത്തീകരിച്ച് മുഴുവൻ മത്സ്യത്തൊഴിലാളികൾക്കും വീടുണ്ടാക്കിക്കൊടുക്കാനുള്ള പദ്ധതിയിലേക്ക് ബഹുമാനപ്പെട്ട മന്ത്രി നീങ്ങണമെന്നുപറഞ്ഞുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി എതിർക്കുന്നു.

പ്രൊഫ. എ.വി. താമരാക്ഷൻ : സർ, ആരോഗ്യ, ഫിഷറീസ് വകുപ്പുമന്ത്രിമാർ അവതരിപ്പിച്ച ധനാഭ്യർത്ഥനകളെ ഞാൻ പിന്താങ്ങുന്നു. ആരോഗ്യ കുടുംബക്ഷേമ പ്രവർത്തനങ്ങളിൽ അന്താരാഷ്ട്ര നിലവാരത്തിലെത്തുന്നതിന് നമ്മുടെ സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ട്. ഇവിടെ നിയമസഭാവേദിയിൽ പ്രതിപക്ഷത്താണെന്നുള്ളതുകൊണ്ട് എന്തും പറയാമെന്ന് ധരിക്കുന്നത് ശരിയല്ലെന്ന് ഞാൻ ശ്രീ. ജോണി നെല്ലൂരിനെ ഓർമ്മിപ്പിക്കാനാഗ്രഹിക്കുകയാണ്. ഇവിടെ അദ്ദേഹം പറഞ്ഞത്, ആരോഗ്യവകുപ്പിലെ ജീവനക്കാരുടെ സ്ഥലം മാറ്റത്തിൽ അഴിമതി നടക്കുന്നുവെന്നുള്ള ചില പരാമർശങ്ങളാണ്. ആരോഗ്യ വകുപ്പിലെ ജീവനക്കാരുടെ സ്ഥലംമാറ്റം സംബന്ധിച്ച് ഒരു മാനദണ്ഡമുണ്ടാക്കി, അത് നൂറു ശതമാനവും പാലിച്ചുകൊണ്ട് മുന്നോട്ട് പോകുന്ന ഏക വകുപ്പാണിതെന്ന് ഈ സംസ്ഥാനത്തിലെ ആരോഗ്യ വകുപ്പിലെ മുഴുവൻ ജീവനക്കാരും ആളുകളും അംഗീകരിക്കുന്ന ഒരു കാര്യമാണ്. അത്രയും സത്യസന്ധമായി, യാതൊരുവിധ അഴിമതിക്കുമിടകൊടുക്കാതെ. ആത്മാർത്ഥമായി പ്രവർത്തിക്കുന്ന ഒരു വകുപ്പിനെതിരെ ഇത്തരത്തിൽ സഭാവേദിയിൽ വന്ന് എന്തും പറയാമെന്നു ധരിക്കുന്നത് ഈ സഭയുടെ അന്തസ്സിന് യോജിച്ചതല്ലെന്ന് വിനയപുരസ്സരം ബഹുമാനപ്പെട്ട ജോണി നെല്ലൂരിനെ ഓർമ്മിപ്പിക്കാനാഗ്രഹിക്കുകയാണ്. ആരോഗ്യരംഗത്ത് കേരളം അന്താരാഷ്ട്ര നിലവാരത്തിലെത്തിയെങ്കിൽപ്പോലും നമ്മുടെ ഭാവി വളരെ മോശമായ നിലയിലേയ്ക്ക് പോകുന്നില്ലേയെന്ന സംശയം എനിക്കുണ്ട്. ഞാൻ ഇത് പറയാൻ കാരണം ആരോഗ്യരംഗത്ത് ഡോക്ടർമാരായി ഈ സംസ്ഥാനത്തിലെ ഏറ്റവും ഒന്നാതരം വിദ്യാർത്ഥികളാണ് അടുത്തകാലംവരെയും മെഡിക്കൽ വിദ്യാഭ്യാസരംഗത്ത് വന്നിരുന്നതെങ്കിൽ ഇപ്പോൾ രണ്ടാംതരം വിദ്യാർത്ഥികളാണ് മെഡിക്കൽ വിദ്യാഭ്യാസരംഗത്തേക്ക് വരാൻ നിർബന്ധിതമാകുന്നത്. ഇത് ഈ സംസ്ഥാനത്തെ സ്നേഹിക്കുന്ന അപ്പുറത്തുമിപ്പുറത്തുമുള്ള എല്ലാ രാഷ്ട്രീയ പ്രസ്ഥാനങ്ങളും ഗൗരവമായി പരിശോധിക്കേണ്ടതാണ്. പ്രീഡിഗ്രിയെ സംബന്ധിച്ചിടത്തോളം കോളേജുകളെടുത്തുനോക്കിയാൽ ഒന്നാം ഗ്രൂപ്പാണ് ഏറ്റവും കൂടുതൽ മാർക്കുള്ള കുട്ടികൾ ചോദിക്കുന്നത്. അതുകഴിഞ്ഞാണ് രണ്ടാം ഗ്രൂപ്പ് കുട്ടികൾ ആഗ്രഹിക്കുന്നത്. അതിന് കാരണമെന്താണ്? കേരളത്തിൽ 800 കുട്ടികൾക്ക് മാത്രം പഠിക്കാനുള്ള സൗകര്യമാണ് എം.ബി.ബി.എസ്.-നുള്ളത്. എം.ബി.ബി.എസ്. കഴിഞ്ഞാലും അതുകൊണ്ട് യാതൊരു വിലയുമില്ല. ഒരു ഡോക്ടറാകണമെങ്കിൽ കുറഞ്ഞത് ഒരു സ്പെഷ്യാലിറ്റി വേണം. അതല്ലെങ്കിൽ സൂപ്പർ സ്പെഷ്യാലിറ്റിവേണം ഈ സംസ്ഥാനത്ത് അതിന് സൗകര്യമില്ല. അങ്ങനെ കുട്ടികളുടെ ജീവിതം പന്താടാൻ കുട്ടികളുടെ ഭാവിയെ ആഗ്രഹിക്കുന്ന രക്ഷകർത്താക്കളാരും ആഗ്രഹിക്കുന്നില്ല. അതുകൊണ്ട് ഇപ്പോൾ ഏറ്റവും നല്ല വിദ്യാർത്ഥികൾ എഞ്ചിനീയറിംഗിന് പോകുന്നു. രണ്ടാംതരം വിദ്യാർത്ഥികളാണ് മെഡിക്കൽ വിദ്യാഭ്യാസ രംഗത്തേക്ക് വരുന്നതെങ്കിൽ അത് ഈ സംസ്ഥാന ഗവൺമെന്റ് ഗൗരവമായികാണണം. നമ്മുടെ സംസ്ഥാനത്ത് ആറ് മെഡിക്കൽ കോളേജ്കളുണ്ട്. അതിൽ തിരുവനന്തപുരത്തും

LIBRARY ARCHIVES Kerala Legislative Assembly

കോഴിക്കോടും 200 വിദ്യാർത്ഥികളുള്ളതുപോലെ മറ്റ് നാല് മെഡിക്കൽ കോളേജിൽക്കൂടി കുട്ടികളുടെ എണ്ണം 200 ആക്കി വർദ്ധിപ്പിക്കണം. അതുപോലെ ഈ സംസ്ഥാനത്തിലെ എല്ലാ മെഡിക്കൽ കോളേജിലും സ്പെഷ്യാലിറ്റിയും സൂപ്പർ സ്പെഷ്യാലിറ്റിയും കോഴ്സുകളാരംഭിക്കാൻ കഴിയുന്ന തരത്തിൽ നമ്മുടെ മെഡിക്കൽ കോളേജ് വിദ്യാഭ്യാസം ശക്തിപ്പെടുത്തണം. അതിന് നാം താമസിച്ചുപോയാൽ വലിയ വില ഈ സംസ്ഥാനം കൊടുക്കേണ്ടിവരുമെന്ന് മുന്നറിയിപ്പ് നൽകാൻ ഞാൻ ആഗ്രഹിക്കുകയാണ്. അതുപോലെതന്നെ ആലപ്പുഴ മെഡിക്കൽ കോളേജ് ഇൻഡ്യയിലെ മെഡിക്കൽ കോളേജുകളിൽ വിദ്യാഭ്യാസ നിലവാരത്തിന്റെ കാര്യത്തിൽ 20-ാമത്തെ സ്ഥാനമെന്നാണ് ഇൻഡ്യൻ മെഡിക്കൽ കൗൺസിലിന്റെ റിപ്പോർട്ടിൽ നിന്നും മനസ്സിലാക്കാൻ കഴിഞ്ഞത്. എന്നാൽ സൗകര്യങ്ങളുടെ കാര്യത്തിൽ ആ മെഡിക്കൽ കോളേജ് പിന്നിലാണ്. ഇന്ന് മെഡിക്കൽ കോളേജിൽ പല ഡിപ്പാർട്ടുമെന്റുകളിലും ഡിപ്പാർട്ടുമെന്റ് ഹെഡ് ഇല്ല. പല ഡിപ്പാർട്ടുമെന്റുകൾക്കും യൂണിറ്റ് ഇല്ല. ഞാൻ ബഹുമാനപ്പെട്ട ഗവൺമെന്റിനോട് അപേക്ഷിക്കുന്നത് തിരുവനന്തപുരം, കോഴിക്കോട് മെഡിക്കൽ കോളേജുകളിലുള്ളതുപോലെ അത്രയും യൂണിറ്റുകൾ എല്ലാ ഡിപ്പാർട്ടുമെന്റുകളിലും ഉണ്ടാക്കുകയും ആലപ്പുഴ മെഡിക്കൽകോളേജിൽ പോസ്റ്റ് ഗ്രാഡ്യുവേഷൻ, സൂപ്പർ സ്പെഷ്യാലിറ്റി കോഴ്സുകളാരംഭിക്കാൻ കഴിയുന്ന തരത്തിൽ ശക്തിപ്പെടുത്തുകയും ചെയ്യാൻ അടിയന്തിര നടപടി സ്വീകരിക്കണമെന്നാണ്.

മറ്റൊരു കാര്യം എൻ.എച്ച്.47-ന്റെ സെൻട്രലിലാണ് ആലപ്പുഴ വരുന്നത്. നിരവധി റോഡപകടങ്ങൾ സ്ഥിരമായി ഉണ്ടായിക്കൊണ്ടിരിക്കുന്ന പ്രദേശമാണ്. കായംകുളം മുതൽ എറണാകുളം വരെയുള്ള പ്രദേശങ്ങളിൽ ഓരോ വർഷവും 100 കണക്കിനാളുകളാണ് റോഡപകടങ്ങളിൽ മരിച്ചുകൊണ്ടിരിക്കുന്നത്. ഇങ്ങനെയുള്ള അപകടങ്ങളിൽപ്പെടുന്നവരെ രക്ഷിക്കാനാവശ്യമായ എമർജൻസി മെഡിക്കൽ കെയർ യൂണിറ്റ് ആലപ്പുഴ മെഡിക്കൽ കോളേജിൽ സ്ഥാപിക്കാൻ അടിയന്തിര നടപടി സ്വീകരിക്കണമെന്ന് ഗവൺമെന്റിനോട് അഭ്യർത്ഥിക്കുന്നു. അതുപോലെതന്നെ കഴിഞ്ഞ കുറെ വർഷങ്ങളായി ആലപ്പുഴ ജില്ലയെ പകർച്ചവ്യാധികളായ ജാപ്പനീസ് പനി, ഡങ്കിപ്പനി, കോളറ തുടങ്ങിയവ നിരന്തരമായി വേട്ടയാടിക്കൊണ്ടിരിക്കുകയാണ്. അതുകൊണ്ട് അവിടെ ഒരു വൈറോളജി ലാബ് അടിയന്തിരമായി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ആരോഗ്യരംഗത്ത് ഇന്ന് നിരവധി പ്രശ്നങ്ങളുണ്ട്. പി.എച്ച്.സി. കളിലും താലൂക്കാശുപത്രികളിലും ജില്ലാശുപത്രികളിലും സൗജന്യ ചികിത്സയാണ് ഗവൺമെന്റ് ചെയ്യേണ്ടത്. എല്ലാവർക്കും സൗജന്യ ചികിത്സ കൊടുക്കേണ്ട സാമ്പത്തിക സ്ഥിതി ഗവൺമെന്റിനുണ്ടോ? ചിലപ്പോൾ മരുന്നില്ലാതെ വരും, മറ്റ് പ്രശ്നങ്ങളുണ്ടാകും. സാമ്പത്തിക പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് ഈ മേഖലയെ ഫലപ്രദമായ രീതിയിൽ പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടിയാണ് ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. അതിന്റെ ഭാഗമായിട്ട് എല്ലാ ജില്ലകളിലും എം.എൽ.എ.-മാരുമായിട്ടും മറ്റ് രാഷ്ട്രീയ പാർട്ടികളുമായിട്ടും ഈ കാര്യങ്ങൾ ചർച്ച ചെയ്ത് പോരായ്മകൾ കണ്ടുപിടിച്ച് അവ പരിഹരിച്ചുകൊണ്ട് മുന്നോട്ടു പോകാനുള്ള പ്രവർത്തനങ്ങളാണ് ഈ രംഗത്ത് നടക്കുന്നത്.

തുറമുഖങ്ങളെ സംബന്ധിച്ചു പറയുമ്പോൾ ഒരു കാര്യം ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഈ സംസ്ഥാനത്തെ ചെറുകിട തുറമുഖങ്ങൾ സ്വകാര്യമേഖലയുമായി ബന്ധപ്പെട്ടുകൊണ്ട് വ്യാവസായികാടിസ്ഥാന

LIBRARY ARCHIVES Kerala Legislative Assembly

ത്തിൽ വികസിപ്പിക്കാനുള്ള നയപരമായ തീരുമാനം സംസ്ഥാനഗവൺമെന്റ് എടുത്തതിനെ പൂർണ്ണമായി ഞാൻ സ്വാഗതം ചെയ്യുകയാണ്. അതിന്റെ അടിസ്ഥാനത്തിൽ ഈ സംസ്ഥാനത്തെ പല തുറമുഖങ്ങളും വ്യാവസായികാടിസ്ഥാനത്തിൽ വികസിപ്പിക്കുന്നതിനുവേണ്ടി പല വ്യവസായികളും മുന്നോട്ടു വന്നിട്ടുണ്ട്. അതുസംബന്ധിച്ച് ഗവൺമെന്റ് ഒരു കമ്മിറ്റിയെ വച്ചു. എനിക്ക് അഭ്യർത്ഥിക്കാനുള്ളത് ഇത് കാലവിളംബം കൂടാതെ ഈ ഗവൺമെന്റിന്റെ കാലത്തുതന്നെ കമ്മീഷൻ ചെയ്യാൻ കഴിയണം. അടുത്ത 5 വർഷത്തിനുള്ളിൽ സംസ്ഥാനത്തെ എല്ലാ തുറമുഖങ്ങളും വികസിപ്പിക്കാൻ കഴിയുന്ന രീതിയിൽ വേഗത്തിൽ കാര്യങ്ങൾ മുന്നോട്ടു നീക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. ആലപ്പുഴ തുറമുഖം സംസ്ഥാനത്തെ ഏറ്റവും പ്രധാനപ്പെട്ട തുറമുഖമായിരുന്നു. ഒരു ഗ്ലോബൽ ടെണ്ടർ വിളിച്ചുകൊണ്ട് ആ തുറമുഖത്തെയും വികസിപ്പിക്കാനാവശ്യമായ നടപടികളുമായിട്ട് ഗവൺമെന്റ് മുന്നോട്ടു പോകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മറ്റൊരു പ്രധാനപ്പെട്ട മേഖലയാണ് ഫിഷറീസ് മേഖല, ആ മേഖലയിൽ കഴിഞ്ഞ 13 മാസക്കാലം കൊണ്ട് ചില ചലനങ്ങളുണ്ടാക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. അപ്പുറത്തിരിക്കുന്ന ആളുകൾ പോലും സമ്മതിക്കുന്ന ഒരു കാര്യമാണിത്. ആ മേഖല ഇനിയും വളരെ മുന്നോട്ടുപോകാനുണ്ട്. കേരളത്തിലെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളെക്കാൾ വളരെ പിന്നോക്കം നിൽക്കുന്ന ഒരു വിഭാഗമാണ് കടലോരകായലോരങ്ങളിൽ പരമ്പരാഗതമായി മത്സ്യബന്ധനം നടത്തുന്ന തൊഴിലാളികൾ. ആ തൊഴിലാളികളെ രക്ഷിക്കാനുള്ള ശക്തമായ നടപടികളുമായിട്ട് ഗവൺമെന്റ് മുന്നോട്ടു പോകണം. കേരളത്തിൽ കടലോരമേഖലയിൽ 222 ഫിഷിംഗ് വില്ലേജുകളും ഉൾനാടൻ മേഖലകളിൽ 107 ഫിഷിംഗ് വില്ലേജുകളുമുണ്ട്. അങ്ങനെ 329 ഫിഷിംഗ് വില്ലേജുകളുണ്ട്. ഒരു വില്ലേജിന് ഒരു സൊസൈറ്റിയെന്നുള്ള നിലയിൽ കക്ഷിരാഷ്ട്രീയം നോക്കാതെ, ജാതിമത പരിഗണന നോക്കാതെ ആ വില്ലേജിൽ മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്ന എല്ലാ തൊഴിലാളി കൾക്കും സ്ത്രീകളടക്കം മെമ്പർഷിപ്പ് കൊടുത്തുകൊണ്ട് സംഘങ്ങളുടെ പ്രവർത്തനം ചുരുക്കണം. ഇപ്പോൾ 700-ൽപ്പരം സംഘങ്ങളുണ്ട്. അത് അനാശാസ്യമായിട്ടുള്ള പ്രവർത്തനങ്ങളിലേയ്ക്കാണ് പോകുന്നത്. അത് ഈ തൊഴിലാളികൾക്ക് ഗുണകരമല്ലാത്തതുകൊണ്ട് ഒരു വില്ലേജിന് ഒരു സൊസൈറ്റി എന്ന നിലയിൽ ആ സൊസൈറ്റികളുടെ എണ്ണം ചുരുക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഇപ്പോഴാണ് ചാകര സീസൺ. ഒരു വർഷത്തിൽ പരമ്പരാഗത തൊഴിലാളികൾ ആശ്രയിക്കുന്നത് ഈ രണ്ട് മൂന്ന് മാസങ്ങളെയാണ്. എന്നാൽ പവർകട്ട് കാരണം ഐസ് പ്ലാന്റുകളും മത്സ്യ സംസ്കരണശാലകളും പ്രവർത്തിക്കുന്നില്ല. അത് ഈ തൊഴിലാളികളുടെ ജീവിതത്തെയാകെ ബാധിക്കുന്ന കാര്യമായതുകൊണ്ട് ഐസ് പ്ലാന്റുകളേയും മത്സ്യസംസ്കരണശാലകളെയും പവർകട്ടിൽ നിന്നൊഴിവാക്കാൻ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മറ്റൊന്ന് കായംകുളത്തെ ഫിഷിംഗ്ഹാർബർ നീണ്ടകരയ്ക്കും കൊച്ചിയ്ക്കുമിടയ്ക്കുള്ള ഏറ്റവും പ്രധാനപ്പെട്ട ഫിഷിംഗ്ഹാർബറാണ്. കൊല്ലത്ത് തങ്കശ്ശേരിയിലും നീണ്ടകരയിലും ഫിഷിംഗ് ഹാർബർ ഉണ്ട്. കരുനാഗപ്പള്ളി മുതൽ പള്ളിത്തോട് വരെയുള്ള പ്രദേശങ്ങൾ ആശ്രയിക്കുന്നത് കായംകുളം ഫിഷിംഗ് ഹാർബറിനെയാണ്. വലിയ അഴീക്കൽ മുതൽ പള്ളിത്തോട് വരെയുള്ള 90 കിലോമീറ്റർ വരെയുള്ള കടലോരങ്ങളിൽ കഴിയുന്ന ആലപ്പുഴ ജില്ലയിലെ മത്സ്യത്തൊഴിലാളികളുടെ ഏക ആശ്രയം കായംകുളം ഹാർബർ ആണ്. കൊല്ലം ജില്ലയ്ക്ക് ഗുണകരമായ രീതിയിലാണ്

LIBRARY ARCHIVES Kerala Legislative Assembly

കായംകുളം ഹാർബർ രൂപകല്പന ചെയ്തത്. അതിന് മാറ്റം വരുത്തികൊണ്ട് ഫിഷിംഗ് ഹാർബറിന്റെ വടക്കോട്ടു കൂടി ജെട്ടിയും ലാന്റിംഗ് സെന്ററും ആരംഭിക്കാൻ കഴിയുന്ന തരത്തിൽ കായംകുളം ഫിഷിംഗ് ഹാർബറിന്റെ പണി വേഗത്തിൽ നടപ്പിലാക്കാനും അതുവഴി ആലപ്പുഴ ജില്ലയിലെ മത്സ്യത്തൊഴിലാളികൾക്കു സഹായമാകുന്ന നിലയിൽ കായംകുളം ഹാർബറിന്റെ പണി മുന്നോട്ടു കൊണ്ടു പോകാനും തയ്യാറാകണം. അങ്ങനെ മത്സ്യമേഖലയിൽ ചലനമുണ്ടാക്കിക്കൊണ്ടിരിക്കുന്ന ഫിഷറീസ്, വകുപ്പുമന്ത്രിയെ അനുമോദിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. വി.സി. കബീർ : സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുന്നു. കമ്മ്യൂണിറ്റി ഡെവലപ്മെന്റ് ഡിപ്പാർട്ടുമെന്റ് ജനകീയ പങ്കാളിത്തത്തോടുകൂടി ബ്ലോക്കുകളുടെ വികസനത്തിനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിനും അവനടപ്പിലാക്കുന്നതിനും തീവ്രയത്ന പരിപാടി തന്നെ ആവിഷ്ക്കരിച്ചതായി ഞാൻ മനസ്സിലാക്കുന്നു. കമ്മ്യൂണിറ്റി ഡെവലപ്മെന്റ് ഡിപ്പാർട്ടുമെന്റ് ഓരോ ബ്ലോക്കിനും ആദ്യപടിയെന്ന നിലയിൽ ഒരു കോടി രൂപവീതം നൽകി കഴിഞ്ഞു. ഇനി കേന്ദ്രവിഹിതവും സംസ്ഥാനവിഹിതവുമായി 108 കോടി രൂപ ബ്ലോക്കുകളുടെ തീവ്രയത്ന വികസനത്തിനുവേണ്ടി മാറ്റി വച്ചിരിക്കുകയാണ്. വരുന്ന 4 വർഷംകൊണ്ട് കൂടുതൽ തൊഴിലവസരങ്ങൾ നൽകി ഗ്രാമവികസനം തീവ്രമായി നടപ്പിലാക്കാനുള്ള പരിപാടി പ്രശംസാർഹമാണ്. ആരോഗ്യവകുപ്പിന്റെ പ്രവർത്തനം മറ്റ് കൊല്ലങ്ങളെ അപേക്ഷിച്ച് ഇന്ന് മുൻപന്തിയിൽ നിൽക്കുന്നുവെന്നാണ് റിപ്പോർട്ട്. അത് ഒരാളുടെ മാത്രം നേട്ടമല്ല. ആരോഗ്യ കുടുംബകാര്യങ്ങളിൽ കേരളം ഇൻഡ്യയിൽ ഒന്നാം സ്ഥാനത്ത് നിൽക്കുന്നതിനുള്ള പ്രധാന കാരണം സാക്ഷരതയും പ്രധാന പൗരബോധവും, ആരോഗ്യവകുപ്പിലെ ജീവനക്കാരുടെ പരിശ്രമഫലവുമാണ്. ജീവനക്കാരെ ഞാൻ ഇക്കാര്യത്തിൽ അഭിനന്ദിക്കുന്നു. 1996-97-ൽ 12 പി.എച്ച്.സി.കളും 26 ആയുർവേദ ഡിസ്പെൻസറികളും 10 ഹോമിയോ ഡിസ്പെൻസറികളും ഗവൺമെന്റ് തുടങ്ങിയിട്ടുണ്ട്. 20 പി.എച്ച്.സി.കൾ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളാക്കി മാറ്റാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. മെഡിക്കൽ കോളേജുകൾ റഫറൽ ആശുപത്രികളാക്കിയിട്ടുണ്ട്. അതൊക്കെ നല്ല കാര്യമാണ്. പക്ഷെ അങ്ങനെ ചെയ്യുന്നതിന് മുമ്പ് താലൂക്കാശുപത്രികളും ജില്ലാ ആശുപത്രികളും സമ്പൂർണ്ണമാക്കണം. അവിടെ ആവശ്യമായ സ്റ്റാഫും ഓപ്പറേഷൻ തീയേറ്ററും മറ്റ് സൗകര്യങ്ങളുമുണ്ടായതിനുശേഷമേ മെഡിക്കൽ കോളേജുകളെ റഫറൽ ആശുപത്രികളാക്കി മാറ്റാൻ പാടുള്ളു എന്നാണ് എന്റെ അഭിപ്രായം. ഇന്ന് റോഡപകടങ്ങൾ വർദ്ധിച്ചുവരികയാണ്. വാളയാർ മുതൽ തിരുവനന്തപുരം വരെ ഉണ്ടാകുന്ന റോഡപകടങ്ങൾക്ക് കണക്കില്ല. ഞാൻ തന്നെ കാളിംഗ് അറ്റൻഷനിൽ ഇവിടെ സൂചിപ്പിച്ചതാണ്. അപകട മരണനിരക്ക് കുറയ്ക്കാൻ വേണ്ടി ചില നടപടികൾ സ്വീകരിക്കേണ്ടിയിരിക്കുന്നു. നമ്മുടെ ദേശീയപാതകളിൽ ട്രോമാകെയർ യൂണിറ്റുകൾ ആരംഭിക്കാനുള്ള നടപടി സ്വീകരിക്കണം. തിരുവനന്തപുരം മെഡിക്കൽ കോളേജ് മാത്രമേ സാമാന്യം നന്നായി പ്രവർത്തിക്കുന്നുള്ളൂ. എന്നാൽ കോഴിക്കോട് അങ്ങനെയല്ല. ആർ.സി.സി. യുടെ പ്രവർത്തനം അഭിനന്ദനം അർഹിക്കുന്നു. അവിടത്തെ സ്റ്റാഫിനെ അഭിനന്ദിക്കാതിരിക്കാൻ കഴിയുകയില്ല. കോഴിക്കോട് മെഡിക്കൽ കോളേജ് പരാതികളുടെ കെട്ടഴിക്കുകയാണ്. അവിടെ ഇല്ലായ്മയുടേയും വല്ലായ്മയുടേയും കേന്ദ്രമാണ്. 5 ജില്ലകളിലെ ജനങ്ങൾ ആശ്രയിക്കുന്നത് കോഴിക്കോട് മെഡിക്കൽ കോളേജിനെയാണ്. അവിടെ സ്പെഷ്യാലിറ്റി ബ്ലോക്കിന്റെ പണി മുടങ്ങി കിടക്കുകയാണ്. അതുടനെ ആരംഭിക്കണം. അവി

LIBRARY ARCHIVES Kerala Legislative Assembly

 Page 38 of 102

ടെയുള്ള ഡോക്ടർമാരുടെയും നേഴ്സുമാരുടെയും ഒഴിവുകൾ നികത്തണം. അവിടെ വാസക്ടമി ചികിത്സയ്ക്കു പ്രത്യേക യൂണിറ്റുണ്ട്. പക്ഷെ പ്രവർത്തിക്കുന്നില്ല. ഇവിടെ കാത്ത് ലാബിന്റെ കാര്യം പറയുകയുണ്ടായി. കാത്ത് ലാബ് അവിടെ ഏർപ്പെടുത്തിയിട്ടുണ്ട്. തൊറാസിക്ക് സർജറി നടത്തുന്നതിനുള്ള സംവിധാനവും അവിടെയില്ല.

സർ, ഏറ്റവും കൂടുതൽ പ്രൈവറ്റ് പ്രാക്ടീസിന് പണം വാരിക്കോരി നേടാവുന്നത് കോഴിക്കോട് മേഖലയിലാണെന്ന് എനിക്ക് തോന്നുന്നു. ഗൾഫ് പണത്തിന്റെ സ്വാധീനം കൊണ്ടായിരിക്കാം. മെഡിക്കൽ കോളേജിലെ ഡോക്ടർമാരിൽ പലരും അധിക സമയവും ചെലവഴിക്കുന്നത് സ്വകാര്യ ആശുപത്രികളിലാണ്. അത് തിരുത്തപ്പെടേണ്ടതാണെന്ന് എനിക്ക് തോന്നുന്നു. നമ്മുടെ സംസ്ഥാനത്ത് മൂന്നു നേഴ്സിംഗ് കോളേജുകളാണുള്ളത്. ആ നേഴ്സിംഗ് കോളേജ് ഇന്ന് പ്രതിസന്ധിയിലാണ്. അവിടെ ആവശ്യമായ സംവിധാനങ്ങളേർപ്പെടുത്തിയിട്ടില്ല. ഇൻഡ്യൻ മെഡിക്കൽ കൗൺസിൽ, ഇൻഡ്യൻ നേഴ്സസ് കൗൺസിൽ നമുക്ക് ultimation തന്നിട്ടുണ്ടെന്ന് മനസ്സിലാക്കുന്നു. അവിടെ പുതിയ അഡ്മിഷൻ നടത്താൻ പാടില്ല. അതുകൊണ്ട് അടിയന്തിരമായി മെഡിക്കൽ എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെന്റ് ഇടപെട്ട് ആ പ്രശ്നത്തിന് പരിഹാരം കാണാൻ ശ്രമിക്കണം. ആവശ്യമായ അംഗീകാരം നൽകുകയും കുട്ടികളുടെ പരീക്ഷ പൂർത്തിയാക്കാൻ ഏർപ്പാടുകൾ നടത്തുകയും ചെയ്യണം. പാലക്കാട് ജില്ലയിൽ പാമ്പുകടിച്ച് വിഷമേറ്റാൽ ചികിത്സിക്കാൻ സംവിധാനമുണ്ട്. ഇന്ന് ആ യൂണിറ്റ് പ്രവർത്തിക്കുന്നില്ല. അത് അടിയന്തിരമായി സജ്ജമാക്കുന്നതിന് നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ശ്രീ. കെ.എ. ചന്ദ്രനും മറ്റുചില സുഹൃത്തുക്കളും ഇവിടെ സൂചിപ്പിച്ചു, പാലക്കാട് ജില്ലയിലെ എം.പി. മാർ ഒരാൾ പാലക്കാട്ടും മറ്റൊരാൾ ഒറ്റപ്പാലത്തും ഫണ്ടുകൾ അനുവദിച്ച് പ്രത്യേകമായി യൂണിറ്റുകൾ അവിടെ ആരംഭിച്ചിട്ടുണ്ട്. പക്ഷേ അവിടെ ആവശ്യമായ സ്റ്റാഫിനെ നിയമിച്ചിട്ടില്ല. ആ വാർഡുകൾ തുറന്നു പ്രവർത്തിക്കാൻ പറ്റാതെ അടഞ്ഞു കിടക്കുകയാണ്. അതിൽ എല്ലാവർക്കും അമർഷവും വേദനയുമുണ്ട്. അത് തിരുത്തപ്പെടേണ്ടതാണ്. ഒറ്റപ്പാലത്തെ താലൂക്കാശുപത്രിയിൽ ഒരു അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിനെ സംബന്ധിച്ച് ഞാൻ വർഷങ്ങളായി സങ്കടം പറയുന്നു. ആരും കേൾക്കാറില്ല. ഇനിയെങ്കിലും അത് അനുവദിക്കണമെന്ന് ഞാനഭ്യർത്ഥിക്കുകയാണ്. ഒറ്റപ്പാലം താലൂക്കാശുപത്രിയിൽ ആംബുലൻസില്ല. ഉള്ള ആംബുലൻസ് തന്നെ പലകയെല്ലാം വച്ചുകെട്ടി തൽക്കാലം ഉപയോഗിച്ചു കൊണ്ടിരിക്കുകയാണ്. ഒറ്റപ്പാലം താലൂക്കാശുപത്രിയിലേക്ക് ഒരു ആംബുലൻസ് അനുവദിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. വടക്കാഞ്ചേരി എന്റെയും ശ്രീ. കെ.ഇ. ഇസ്മയിലിന്റേയും ശ്രീ. രാജേന്ദ്രന്റേയും നാടാണ്. അവിടെയൊരു മാന്യ വ്യക്തി 1951-ൽ അനുവദിച്ചു നൽകിയ ഒരു കെട്ടിടത്തിലാണ് പ്രാഥമിക ഹെൽത്ത്സെന്റർ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. അത് സബ്സിഡിയറി യൂണിറ്റായി ഉയർത്തണമെന്ന് ഞങ്ങൾ വളരെക്കാലമായി അഭ്യർത്ഥിക്കുന്നു. അതും പരിഗണിക്കപ്പെടേണ്ടതാണ്. ജനങ്ങളുടെ ദൈനംദിന ജീവിതവുമായി അടുത്ത് ബന്ധപ്പെടുന്ന പത്രങ്ങൾ ആരോഗ്യ വകുപ്പിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് വിലയിരുത്തുന്നുണ്ട്. അതുകൊണ്ട് വളരെ കരുതലോടുകൂടി, അവധാനതയോടുകൂടി സമർത്ഥമായി ആ വകുപ്പിനെ സമീപിക്കുകയും അതിൽ പ്രവർത്തിക്കുകയും ചെയ്യേണ്ടതാണ്. ഡോക്ടർമാരെ ഞാൻ കുറ്റപ്പെടുത്തുന്നില്ല. പോരായ്മകളെല്ലാം നികത്തി ഈ വകുപ്പ് ജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിൽ മാറ്റിയെടുക്കാ

LIBRARY ARCHIVES Kerala Legislative Assembly

നുള്ള പ്രവർത്തനങ്ങൾ ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തു നിന്നുണ്ടാകണം. ഞാനൊരു കാര്യം പറഞ്ഞുകൊണ്ട് അവസാനിപ്പിക്കാം.

പൊല്യൂഷൻ കൺട്രോൾ ബോർഡിനെക്കുറിച്ച് ഞാനൊരു പരാതി സഭയിൽ ഉന്നയിച്ചതാണ്. പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ പണിയെന്താണ്? പണത്തിന്റെ സ്വാധീനം അവരിലുണ്ടോ? ഉണ്ടെന്നുപറഞ്ഞുകൊണ്ട് ഞാൻ തന്നെ ഈ സഭയിൽ പരാതി ഉന്നയിച്ചിരുന്നു. പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് മേഖലയിൽ റൂബ്ഫിലാ എന്നുപറയുന്ന ഒരു ഇറ്റാലിയൻ കമ്പനി പൊല്യൂട്ടഡായ വെള്ളം പുറത്തു വിട്ട് ജനങ്ങൾക്ക് ഉപദ്രവമുണ്ടാക്കുന്നു. ആ വെള്ളം ജനങ്ങൾ കുടിക്കേണ്ടി വരുന്നു. മാരകമായ പല രോഗങ്ങളും ജനങ്ങൾക്കുണ്ടാകുന്നു. പക്ഷേ ആ കമ്പനിക്ക് അവാർഡ് കൊടുത്തതിനെപ്പറ്റി ഞാൻ പരാതിപ്പെട്ടിട്ടുള്ളതാണ്. ഞാൻ പാലക്കാട്ടെ ജനങ്ങൾക്കുവേണ്ടി ആ ഉത്തരവാദിത്വം ഏറ്റെടുക്കുന്നു. അതിൽ വരുന്ന എന്തും ഏറ്റെടുക്കാൻ ഞാൻ തയ്യാറാണ്. ആ കമ്പനിക്ക് എങ്ങനെ അവാർഡു കൊടുത്തു എന്നറിയാൻ കേരളത്തിലെ ജനങ്ങൾക്ക്-പാലക്കാട്ടെ ജനങ്ങൾക്ക് അവകാശമുണ്ട്. അതിനെക്കുറിച്ച് അന്വേഷണം നടത്തണം. അതോടൊപ്പം തന്നെ പാലക്കാട് ജില്ലയിലെ കുഴൽമന്ദത്തെ ചില്ലങ്കാട് ഫാക്ടറിക്ക് ലൈസൻസ് കൊടുത്തതിനെ സംബന്ധിച്ച് ആക്ഷേപമുണ്ടായിട്ടുണ്ട്. ധാരാളം പണം ചെലവാക്കേണ്ടി വന്നിട്ടുണ്ടെന്നാണ് അവർ പറയുന്നത്. നമ്മുടെ ആരോഗ്യ വകുപ്പുമന്ത്രി ആ കാര്യത്തിൽ ഇടപെട്ടിട്ടുണ്ടെന്നോ. മറ്റെന്തെങ്കിലുമുണ്ടായിട്ടുണ്ടെന്നോ ഞാൻ പറയുന്നില്ല. ഉദ്യോഗസ്ഥൻമാർ കളങ്കമുണ്ടാക്കുന്ന വിധത്തിൽ പ്രവർത്തിച്ചു എന്നാണ് എന്റെ ആരോപണം. ഉദ്യോഗസ്ഥൻമാർ അങ്ങനെ പ്രവർത്തിച്ചിട്ടുണ്ടെങ്കിൽ അന്വേഷണം നടത്തണം. കാരണം കാശ് വാങ്ങാൻ മാരാരും അടി കൊള്ളാൻ ചെണ്ടയുമെന്നു പറഞ്ഞതു പോലെയാണ്. അത് തിരുത്തപ്പെടേണ്ടതാണ്. ആ നിലയിൽ ഒരു സാഹചര്യമുണ്ടാകാൻ പാടില്ലാത്തതാണ്. അങ്ങനെ ഉദ്യോഗസ്ഥൻമാരുടെ സംസാരത്തിൽ നിന്നോ, പ്രവൃത്തിയിൽ നിന്നോ എന്തെങ്കിലും വന്നിട്ടുണ്ടെങ്കിൽ അവരെ അർഹമായ വിധത്തിൽ ശിക്ഷിക്കുമെന്ന കാര്യത്തിൽ സംശയമില്ല. നല്ല നിലയിൽ കാര്യങ്ങൾ നടന്നു വരട്ടെ എന്നു പ്രാർത്ഥിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുന്നു.

ശ്രീ. എൻ. സുന്ദരൻ നാടാർ : സർ, വൈദ്യ സഹായ രംഗത്തേയും പൊതുജനാരോഗ്യത്തേയുംകുറിച്ചു മാത്രമേ ഞാൻ സംസാരിക്കുന്നുള്ളു. എങ്കിലും ചില കാര്യങ്ങളെക്കുറിച്ച് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്താതിരിക്കാൻ നിവൃത്തിയില്ല. ആതുര സേവന രംഗം ഇന്ന് പാടേ തകർന്നിരിക്കുന്നു. ഗവൺമെന്റാശുപത്രികൾ പണ്ട് ധർമ്മാശുപത്രികളായിരുന്നു. എന്നാൽ ഇന്ന് ആവശ്യമായ മരുന്നുകളോ, രോഗികളെ നോക്കാൻ വേണ്ട ഡോക്ടർമാരോ, പരിചരിക്കാനാവശ്യമായ നേഴ്സുമാരോ ഇല്ല. ആശുപത്രിയിൽ പോയാൽ സുഖക്കേടുകൾ കുറയുന്നതിനുപകരം മാരക രോഗങ്ങൾ പിടിപെട്ട് രോഗം മൂർച്ഛിച്ച രീതിയിലാണ് തിരികെ വരുന്നത്. ആശുപത്രികളിലെ ശുചിത്വമില്ലായ്മ നിമിത്തം വിവിധ രോഗങ്ങൾ പിടിപെടുന്ന അവസ്ഥയാണുള്ളത്. ആശുപത്രികളിൽ, സ്പെഷ്യലിസ്റ്റ് ഡോക്ടർമാരെ അനുവദിച്ചിട്ടുള്ള സ്ഥാനത്ത് തോന്നിയതു പോലെ മറ്റു വിഭാഗം ഡോക്ടർമാരെ നിയമിക്കുന്ന പ്രവണതയാണ് കണ്ടു വരുന്നത്. ഇതിന് വളരെയധികം ഉദാഹരണങ്ങളുണ്ട്. പാറശ്ശാല ഗവൺമെന്റാശുപത്രിയിൽ ഏഴു വിഭാഗം സ്പെഷ്യലിസ്റ്റ് ഡോക്ടർമാരെ മുൻഗവൺമെന്റ് അനുവദിച്ചിട്ടുണ്ടായിരുന്നു. എന്നാൽ ആ വിഭാഗം

LIBRARY ARCHIVES Kerala Legislative Assembly

ഡോക്ടർമാർക്ക് പകരം തോന്നിയതുപോലെ ഡോക്ടർമാരെ നിയമിക്കുന്നതു കൊണ്ട് ചൈൽഡ് സ്പെഷ്യലിസ്റ്റ്, ഓർത്തോ തുടങ്ങിയ അത്യാവശ്യം വേണ്ടുന്ന വിഭാഗങ്ങളിൽ ഡോക്ടർമാരെ പോസ്റ്റ് ചെയ്തിട്ടില്ല. അതുകൊണ്ട് തിരുവനന്തപുരം മെഡിക്കൽ കോളേജിലോ, സ്വകാര്യ മേഖലയിലെ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ അടുത്തോ വൻതുകകൾ ചെലവാക്കി ചികിത്സിക്കേണ്ട ഗതികേടാണുള്ളത്. അതിനാൽ പാറശ്ശാല പോലുള്ള ആശുപത്രികളിൽ ഗവൺമെന്റ് അനുവദിച്ചിട്ടുള്ള സ്പെഷ്യലിസ്റ്റ് ഡോക്ടർമാരെ അടിയന്തിരമായി നിയമിക്കണം. ആശുപത്രികളിൽ അത്യാവശ്യം വേണ്ടുന്ന മരുന്നുകൾ പോലുമില്ല. ഡോക്ടർമാരാണെങ്കിൽ ആവശ്യത്തിൽ കവിഞ്ഞ മരുന്നുകൾ വാങ്ങുന്നതിന് തുണ്ടുകളെഴുതി മെഡിക്കൽ സ്റ്റോറുകളിലേക്ക് അയയ്ക്കുന്ന ഒത്തു കളിയാണ് നടത്തുന്നത്. അത് അവസാനിപ്പിക്കണം. പാറശ്ശാല നിയോജകമണ്ഡലത്തിലെ കൊല്ലയിൽ പി.എച്ച്. സെന്ററിന്റെ കെട്ടിടം പണി പൂർത്തിയായിട്ട് വർഷങ്ങളേറെയായി. ആവശ്യമായ സ്റ്റാഫും ഫർണിച്ചറും നൽകാത്തതുകൊണ്ട് ഇതുവരെയും തുറന്ന് പ്രവർത്തിപ്പിക്കാൻ കഴിഞ്ഞിട്ടില്ല. ഈ ഗവൺമെന്റ് ഭരണമേറ്റെടുത്തശേഷം പല പ്രാവശ്യം ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോടഭ്യർത്ഥിച്ചിട്ടുണ്ട്. ഇതുവരെയും ഒരു പരിഹാരവുമുണ്ടായില്ല. ഇനിയെങ്കിലും വൈകാതെ ആവശ്യമായ സ്റ്റാഫും ഫർണിച്ചറും നൽകി കൊല്ലയിൽ പി.എച്ച്. സെന്റർ തുറന്ന് പ്രവർത്തിക്കാനാവശ്യമായ നടപടിയെടുക്കണം. കുന്നത്തുകാൽ പി.എച്ച്. സെന്ററിൽ പത്തു കിടക്കകളുള്ള വാർഡ് തുറന്നു പ്രവർത്തിച്ചുവെങ്കിലും ഒരു ഗൈനക്കോളജിസ്റ്റിനേയും പീഡിയാട്രിഷ്യനേയും നിയമിക്കണമെന്ന് ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടും താൽക്കാലികമായി പോലും നിയമിച്ചിട്ടില്ല. മലയോര പ്രദേശത്തും പാവപ്പെട്ട ആളുകൾ തിങ്ങിപ്പാർക്കുന്നതുമായ കുന്നത്തുകാൽ പ്രദേശത്തും ചികിത്സാ സൗകര്യം മെച്ചപ്പെടുത്താൻ ഡോക്ടർമാരെ നിയമിക്കണമെന്ന് പ്രത്യേകം ഞാൻ ആവശ്യപ്പെടുന്നു. അതുപോലെ കടലോര പ്രദേശമായ പൊഴിയൂരിലെ ഏക ചികിത്സാ കേന്ദ്രം പൊഴിയൂർ പി.എച്ച്. സെന്ററാണ്. ഏതാണ്ട് 7,000-ത്തിലേറെ മത്സ്യത്തൊഴിലാളി കുടുംബങ്ങൾ അവിടെ തിങ്ങിപ്പാർക്കുന്നു. ആ പ്രദേശത്ത് പകർച്ചവ്യാധികൾ പകർന്നു പിടിക്കുക പതിവാണ്. ശിശുരോഗങ്ങൾ ക്രമാതീതമായി വർദ്ധിച്ചിട്ടുണ്ട്. ഗർഭിണികളെ ചികിത്സിക്കാൻ യാതൊരു സംവിധാനവുമില്ല. അതുകൊണ്ട് പൊഴിയൂരിലെ പി.എച്ച്. സെന്ററിൽ ഒരു ഗൈനക്കോളജിസ്റ്റിനേയും ചൈൽഡ് സ്പെഷ്യലിസ്റ്റിനേയും നിയമിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. പാറശ്ശാല ഗവൺമെന്റാശുപത്രി രാജഭരണകാലത്ത് ജില്ലാ ആശുപത്രിയായിരുന്നു. ജനാധിപത്യം രൂപം കൊണ്ടപ്പോൾ അത് താലൂക്കാശുപത്രിയുടെ സ്റ്റാറ്റസായി മാറി. അവിടെ ഏഴ് സ്പെഷ്യലിസ്റ്റ് വിഭാഗത്തോടുകൂടിയ ഡോക്ടർമാരേയും മറ്റു സ്റ്റാഫിനേയും അനുവദിച്ചതായി ലിസ്റ്റുണ്ട്. എന്നാൽ രോഗികളെ പരിശോധിച്ച് ചികിത്സിക്കാൻ യാതൊരു അടിസ്ഥാന സൗകര്യവും ഇന്നില്ല. ഒരു എക്സ്-റേ യൂണിറ്റോ, സ്ക്കാനിംഗ് യൂണിറ്റോ ഇതുവരെ തുടങ്ങിയിട്ടില്ല. ആ മേഖലയിൽ അനങ്ങാപ്പാറ നയമാണ് ഈ ഗവൺമെന്റ്, മാത്രമല്ല, കാലാകാലങ്ങളിൽ അധികാരത്തിലിരുന്നിട്ടുള്ള ഗവൺമെന്റുകൾ അനുവർത്തിച്ചിട്ടുള്ളത്. ഈ നയം അവസാനിപ്പിച്ച് അതിർത്തി പ്രദേശമായ പാറശ്ശാലയിൽ ചികിത്സാ സൗകര്യം വർദ്ധിപ്പിക്കാൻ ഒരു എക്സ്റേ യൂണിറ്റും ഒരു സ്ക്കാനിംഗ് യൂണിറ്റും തുടങ്ങണമെന്ന് ഞാൻ പ്രത്യേകം ശുപാർശ ചെയ്യുന്നു. അടിയന്തിര ചികിത്സക്കുവേണ്ടി രോഗികളെ മെഡിക്കൽ കോളേജിൽ എത്തിക്കുന്നതിനുവേണ്ടി ഒരു ആംബുലൻസ് വാൻ മുമ്പുണ്ടായിരുന്നു. ഇന്ന് ആ ആംബുലൻസ് വാൻ രോഗികളെ കൊണ്ടു

LIBRARY ARCHIVES Kerala Legislative Assembly

പോകുന്നതിനു പകരം ചില ഉദ്യോഗസ്ഥൻമാരെ കൊണ്ടു പോകാൻ ഉപയോഗിക്കുന്നു. അതിനെക്കുറിച്ച് പരിശോധിക്കണമെന്ന് ഞാനഭ്യർത്ഥിക്കുന്നു.

ആയുർവേദ ചികിത്സാ സമ്പ്രദായത്തിന് മുൻതൂക്കം നല്കുമെന്ന് ബഹുമാനപ്പെട്ട മന്ത്രി പലപ്രാവശ്യം പ്രഖ്യാപിച്ചിട്ടുണ്ട്. എന്നാൽ തെക്കൻ മേഖലയിൽ ആയുർവേദ ഡിസ്പെൻസറികളുടെ പ്രവർത്തനം അടിസ്ഥാന സൗകര്യങ്ങളുടെ കുറവുനിമിത്തവും ആവശ്യമായ സ്റ്റാഫും മരുന്നും ഡോക്ടറൻമാരുമില്ലാത്തതുകൊണ്ടും വളരെ ശോചനീയാവസ്ഥയിലാണ്. പാറശ്ശാല ആശുപത്രിയിൽ ആവശ്യത്തിന് ഡോക്ടറോ മരുന്നോ സ്റ്റാഫോ ഇല്ല. അതിന് വേണ്ട ഏർപ്പാട് പ്രത്യേകം ചെയ്യേണ്ടതാണ്. പണ്ടുപണ്ട് തെക്കൻമേഖലയിൽ മർമ്മ ചികിത്സാ സമ്പ്രദായം നിലവിലുണ്ടായിരുന്നു. ഇത് അത്യാവശ്യം വേണ്ട ചികിത്സാ രീതിയാണ്. പാറശ്ശാല ആയുർവേദ ആശുപത്രിയിലും തെക്കൻ ആയുർവേദ ഡിസ്പെൻസറിയിലും ഓരോ മർമ്മ ചികിത്സാ യൂണിറ്റു കൂടി അനുവദിച്ച് അവിടത്തെ ആളുകളെ സഹായിക്കണമെന്ന് ആവശ്യപ്പെടുകയാണ്. ഇന്ന് ആളുകൾ ഹോമിയോ ചികിത്സാ സമ്പ്രദായം സ്വീകരിച്ചുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടമാണ്. പഞ്ചായത്തുതോറും ഓരോ ഹോമിയോ ആശുപത്രി അനുവദിക്കാമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. പാറശ്ശാല, കുന്നത്തുറ എന്നീ പഞ്ചായത്തുകളിൽ ഈ വർഷം തന്നെ ഹോമിയോ ഡിസ്പെൻസറികൾ അനുവദിക്കണമെന്ന് ഞാൻ പ്രത്യേകം ഗവൺമെന്റിനോട് അഭ്യർത്ഥിക്കുന്നു.

ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ പിന്താങ്ങുന്നു പല കാര്യങ്ങളിലും കേരളം മുൻപന്തിയിലാണെന്നുള്ളത് നമുക്ക് അഭിമാനകരമാണ്. കേരളം മാതൃകയായി ലോക ശ്രദ്ധയെ ആകർഷിച്ചിരുന്നു. ഭാരതത്തിലെ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് ആരോഗ്യ-കുടുംബക്ഷേമ രംഗങ്ങളിൽ കേരളം വളരെയേറെ മുൻപിലാണ്. സർക്കാരിന്റെ മുൻകൈയും താല്പര്യവുമാണ് ആരോഗ്യരംഗത്ത് ഈ നേട്ടം കൈവരിക്കുവാൻ നമ്മെ സഹായിച്ചിട്ടുള്ളത്. സർക്കാരിന്റെ ഈ ഉത്തരവാദിത്വം പൂർണ്ണമായി ബോദ്ധ്യപ്പെട്ടതുകൊണ്ടാണ് ആരോഗ്യവകുപ്പുമന്ത്രി ആരോഗ്യ കുടുംബക്ഷേമകാര്യം കൈകാര്യം ചെയ്തതെന്ന് കാണാൻ കഴിയും. പുതിയ പ്രൈമറി ഹെൽത്ത് സെന്ററുകൾ, ആയുർവേദ ഡിസ്പെൻസറികൾ, ഹോമിയോ ഡിസ്പെൻസറികൾ എന്നിവ അനുവദിച്ചതിലൂടെ ഗ്രാമീണ ജനതയുടെ ആരോഗ്യ പരിപാലന സാദ്ധ്യത വർദ്ധിച്ചിരിക്കുന്നു. 20 പ്രൈമറി ഹെൽത്ത് സെന്ററുകൾ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളായി ഉയർത്തിയത് ശ്രദ്ധേയമായ കാര്യമാണ്. മെഡിക്കൽകോളേജ് ആശുപത്രിയുടെ പ്രധാന്യം ഉൾക്കൊണ്ടുകൊണ്ട് കൂടുതൽ വിദഗ്ദ്ധ ഡോക്ടറൻമാരുടെ സേവനം ലഭ്യമാക്കൽ, പുതിയ പുതിയ യൂണിറ്റുകളുടെ പ്രവർത്തനം, ആധുനിക ചികിത്സോപകരണങ്ങൾ ലഭ്യമാക്കാനുള്ള നടപടി, ആശുപത്രികളുടെ ശുചിത്വപരിപാലനത്തിനുള്ള ശ്രദ്ധ എന്നിവ ഈ രംഗത്തുള്ള നല്ല കാര്യങ്ങളാണ്. ഇതുപോലെ പല പരിശ്രമങ്ങളെക്കുറിച്ചും ഇനിയും പറയാനുണ്ട്. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി ഇപ്പോൾ പബ്ലിക് ഹെൽത്ത് സെന്ററുകൾ പഞ്ചായത്തിന്റെ കീഴിലും കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ ബ്ലോക്ക് പഞ്ചായത്തുകളുടെ കീഴിലുമാണ്. ഇന്ന് പല പബ്ലിക്ക് ഹെൽത്ത് സെന്ററുകളുടേയും കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളുടേയും അവസ്ഥ വളരെ ശോചനീയമാണെന്ന് ചൂണ്ടിക്കാണിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഡോക്ടർമാർ ഇല്ല. ആവശ്യത്തിന് സ്റ്റാഫുകൾ ഇല്ല, രോഗികളെ കിടത്തി ചികിത്സിക്കുവാനുള്ള സൗകര്യമുള്ളിടത്ത്

LIBRARY ARCHIVES Kerala Legislative Assembly

അത് ചെയ്യുന്നില്ല, അത്യാഹിതവിഭാഗം പ്രവർത്തിക്കുന്നില്ല, ഉള്ള അടിസ്ഥാന സൗകര്യം പ്രയോജനപ്പെടുത്തുന്നില്ല. എന്റെ നിയോജകമണ്ഡലത്തിലുള്ള അയിരൂർ, കാഞ്ഞീറ്റുകര പ്രൈമറി ഹെൽത്ത് സെന്റർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററായി ഉയർത്തിയിട്ടുണ്ട്. നാല് ഡോക്ടർമാരെ അവിടെ അനുവദിച്ചിട്ടുണ്ടെങ്കിലും ഇന്ന് അവിടെ ഒരു ഡോക്ടറുടെ സേവനം പോലും ലഭിക്കുന്നില്ല എന്നുള്ളത് പരിതാപകരമായ ഒരു കാര്യമാണ്. ആവശ്യത്തിന് മറ്റ് സ്റ്റാഫുകൾ ഇല്ല, നാട്ടുകാരുടെ നിവേദനങ്ങളും സങ്കടങ്ങളും ബധിരകർണ്ണങ്ങളിലാണ് പതിക്കുന്നത്. ഈ കാര്യം ആരോഗ്യവകുപ്പുമന്ത്രിയുടേയും ഡയറക്ടർ ഓഫ് മെഡിക്കൽ സർവ്വീസസ്സിന്റെയും ശ്രദ്ധയിൽകൊണ്ടുവന്നിട്ട് ഇതുവരെയും കാര്യമായ പരിഹാരമാർഗ്ഗമൊന്നും ഉണ്ടായിട്ടില്ല. അടിയന്തിരമായി ആവശ്യത്തിന് ഡോക്ടർമാരെ നിയമിക്കുകയും പ്രവർത്തനത്തിനാവശ്യമായ മറ്റ് സംവിധാനം ഏർപ്പെടുത്തുകയും വേണം. ആയുർവേദചികിത്സയ്ക്ക് വേണ്ടത്ര പ്രോത്സാഹനം നല്കിക്കാണുന്നില്ലായെന്നുള്ള പോരായ്മ ചൂണ്ടിക്കാണിക്കുവാൻ ആഗ്രഹിക്കുന്നു. ആയുർവേദ കോളേജ് ആശുപത്രികൾ വികസിപ്പിക്കുവാൻ പ്രത്യേകമായി ശ്രദ്ധിക്കണം. തിരുവനന്തപുരം ആയുർവേദ കോളേജിന്റെ വികസനം അടിയന്തിര പ്രാധാന്യമർഹിക്കുന്നു. ആയുർവേദ ചികിത്സയുടെ പ്രാധാന്യം അന്തർദേശീയ തലത്തിൽ വളരെവർദ്ധിച്ചിരിക്കുന്ന കാലഘട്ടത്തിൽ ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിനും മറ്റും ആയുർവേദചികിത്സയുടെ വികസനം വളരെയധികം പ്രയോജനം ചെയ്യുന്നതാണെന്ന് മനസ്സിലാക്കിക്കൊണ്ട് പ്രത്യേകമായി ഊന്നൽകൊടുക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. അയിരൂർ ഉള്ള പത്തനംതിട്ട ജില്ലാ ആയുർവേദ ആശുപത്രിയുടെ പണി മുടങ്ങിക്കിടുക്കുന്നു. 100 കിടക്കകളുള്ള ആശുപത്രിയ്ക്കാവശ്യമായ കെട്ടിടമാണ് അവിടെ പണിയുന്നത്. ബഡ്ജറ്റിൽ തുക വകകൊള്ളിച്ചിട്ടില്ല. മുടങ്ങി കിടക്കുന്ന പണി തുടങ്ങുന്നതിനാവശ്യമായ തുക വകകൊള്ളിക്കുകയും പണി കഴിവതുംവേഗം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

സാമൂഹ്യവികസനരംഗത്തെക്കുറിച്ചു ചിലത് സൂചിപ്പിക്കുവാൻ ആഗ്രഹിക്കുകയാണ്. ഗ്രാമവികസനവകുപ്പിൻ കീഴിൽ അടുത്ത അഞ്ചുവർഷം കൊണ്ട് സംസ്ഥാനത്തുള്ള സകല വീടുകളിലും സാനിറ്ററി സൗകര്യം ഏർപ്പെടുത്തുന്നത് മാതൃകാപരമായ ഒരു കാര്യമാണ്. വ്യക്തിശുചിത്വം, കുടുംബശുചിത്വം, പരിസരശുചിത്വം എന്നിവയെക്കുറിച്ച് തീവ്രബോധവൽക്കരണപരിപാടികൾ നടപ്പിലാക്കാനുള്ള ശ്രമം സ്വാഗതാർഹമാണ്. ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള ഗ്രാമീണർക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിന് ബാങ്ക് വായ്പയും സർക്കാർ സഹായവും നല്കുന്ന ഐ.ആർ.ഡി.പി. പദ്ധതി ലക്ഷ്യം കവിഞ്ഞതായി കാണുന്നത് സന്തോഷകരമാണ്. 37,000 മാണ് ലക്ഷ്യമിട്ടിരുന്നത്. അത് 48690-ൽ എത്തിച്ചിരിക്കുന്നുവെന്ന് കാണുന്നു. സ്വയം തൊഴിൽ പരിശീലന പദ്ധതി, ട്രൈസം പദ്ധതി എന്നിവ നല്ലകാര്യമാണ്. ഇന്ന് അതിൽ പല പോരായ്മകളുമുണ്ട്. ട്രൈസം പദ്ധതി പുനഃസംഘടിപ്പിച്ച് കൂടുതൽ യുവജനങ്ങൾക്ക് പരിശീലനം നല്കുന്നതിനുള്ള സൗകര്യം ലഭ്യമാക്കുന്നതിന് വേണ്ടിയുള്ള നടപടികൾ സ്വീകരിക്കേണ്ടതായിട്ടുണ്ട്. പുതിയ ട്രൈസം പരിശീലന കേന്ദ്രങ്ങൾ ബ്ലോക്ക് ആസ്ഥാനങ്ങളിലൂടെ സ്ഥാപിക്കേണ്ടതായിട്ടുണ്ട്. ഗ്രാമീണ മേഖലയിൽ തൊഴിൽ രംഗത്ത് വനിതകളുടെ പങ്കാളിത്തം 17 ശതമാനമാണെന്നാണ് കാണുന്നത്. വീട്ടിലിരുന്നു തന്നെ തൊഴിൽ ചെയ്ത് സാമ്പത്തിക സ്വാതന്ത്ര്യം നേടാനുള്ള പരിശ്രമങ്ങൾ വനിതാരംഗത്ത് അനിവാര്യമായിട്ടുള്ളതാണ്. ബോധവല്ക്കരണത്തിലൂടെയും സംഘടിത ശ്രമത്തിലൂടെയും

LIBRARY ARCHIVES Kerala Legislative Assembly

ആവശ്യമായ അന്തരീക്ഷം സൃഷ്ടിക്കാൻ ഗ്രാമവികസനവകുപ്പ് ശ്രദ്ധിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. ഗ്രാമവികസന ഇൻസ്റ്റിറ്റ്യൂട്ട്-കൊട്ടാരക്കര, മണ്ണുത്തി, തളിപറമ്പ് എന്നിവിടങ്ങളിലെ എക്സ്റ്റൻഷൻ സെന്റർ സംയോജിപ്പിച്ചു ഗ്രാമവികസന രംഗത്ത് വിദഗ്ദ്ധൻമാരെ പരിശീലിപ്പിക്കുന്നതിന് ഡിഗ്രി ഡിപ്ലോമാ കോഴ്സുകൾ ആരംഭിക്കുകയും അങ്ങനെ വിദഗ്ദ്ധൻമാരുടെ സേവനം ഗ്രാമവികസനരംഗത്ത് ലഭ്യമാക്കാനുള്ള സന്ദർഭം ഉണ്ടാക്കുകയും വേണം. ബ്ലോക്ക് ഓഫീസുകളുടെ പ്രവർത്തനം മാതൃകാപരമായിരിക്കണം, സുതാര്യമായിരിക്കണം. ഉൾനാടൻ മത്സ്യക്കൃഷി അവഗണിക്കപ്പെട്ടു കിടക്കുകയായിരുന്നു. ജനകീയ മത്സ്യക്കൃഷിപദ്ധതി ആവിഷ്ക്കരിച്ച് മത്സ്യക്കൃഷിക്കാരെ പ്രോത്സാഹിപ്പിച്ചു മത്സ്യസമ്പത്ത് വർദ്ധിപ്പിക്കാനുള്ള പരിശ്രമം അങ്ങേയറ്റം അഭിനന്ദനാർഹമാണ്. ഗ്രാമീണജനതയ്ക്ക് അപ്രാപ്യമായിട്ടുള്ള മത്സ്യം ഗ്രാമീണ ജനങ്ങൾക്ക് ലഭ്യമാക്കുന്നത് വളരെ സ്വാഗതാർഹമായ കാര്യമാണ്. അങ്ങനെ വികസനരംഗത്ത് ഒരു പുതിയ ശ്രദ്ധയോടുകൂടിയുള്ള പ്രവർത്തനത്തിന് എല്ലാ പിന്തുണയും നല്കുന്നതോടെപ്പം ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽ കൂടി പിന്തുണക്കുന്നു.

ശ്രീ. പി.ജെ. ഫ്രാൻസിസ് : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു. സമയക്കുറവുകൊണ്ട് മത്സ്യബന്ധനവകുപ്പിനെക്കുറിച്ചു മാത്രമേ ഞാൻ സംസാരിക്കുന്നുള്ളു. ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രിയുടെ പ്രസംഗത്തിൽ 25-ാമത്തെ പാരഗ്രാഫിൽ പറയുന്നത്, കടൽ മത്സ്യോല്പാദനത്തിന്റെ സന്തുലിതമായ വർദ്ധന, സംസ്ഥാനത്തിന്റെ തീരപ്രദേശങ്ങളിലെ ദാരിദ്ര്യതുരുത്തുകളിൽ അധിവസിക്കുന്ന മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ സാമൂഹ്യ-സാമ്പത്തിക ഉന്നമനം എന്നിവയാണ് കടൽ മത്സ്യമേഖലയെ സംബന്ധിച്ച് ഗവൺമെൻറിന്റെ പ്രധാനലക്ഷ്യങ്ങൾ എന്നാണ്. ഈ പൊതുക്കാഴ്ചപ്പാട് മുന്നിൽ കണ്ടുകൊണ്ടാണ് അടുത്ത വർഷത്തേയ്ക്കുള്ള പരിപാടികൾ ആവിഷ്ക്കരിച്ചിട്ടുള്ളത്. ഈ പ്രസംഗത്തിലെ പ്രഖ്യാപനം കേട്ടപ്പോൾ ലാറ്റിൻ അമേരിക്കയിലെ കൊച്ചു രാജ്യമായ പെറുവിന്റെ ചരിത്രമാണ് എനിക്ക് ഓർമ്മയിൽ വരുന്നത്. 1970-കളിൽ സമുദ്രോല്പന്നങ്ങളുടെ കയറ്റുമതിയിൽ ലോകത്ത് ഒന്നാം സ്ഥാനത്ത് നിന്ന രാജ്യമായിരുന്നു പെറു. മത്സ്യങ്ങളുടെ കാര്യത്തിൽ എക്കാലവും പറുദീസയെന്ന് കരുതിയ പെറുവിയൻ കടൽ വീണ്ടുവിചാരമില്ലാതെ മത്സ്യബന്ധനം നടത്തിയപ്പോൾ 3 വർഷംകൊണ്ട് ആ മത്സ്യസമ്പത്ത് ശൂന്യമായിപ്പോയി, പക്ഷേ അവർ ധീരമായ ഒരു നടപടി സ്വീകരിച്ചു. അഞ്ചുവർഷക്കാലത്തേയ്ക്ക് ആ പെറുവിയൻ കടൽ അടച്ചിട്ടു. അടച്ചിടുന്നതിന് മുമ്പായി വിദേശകപ്പലുകളുടെ മത്സ്യബന്ധനം പാടേ നിരോധിച്ചു. അവിടത്തെ മത്സ്യത്തൊഴിലാളികൾക്കു മറ്റ് ജീവിതമാർഗ്ഗം നല്കി. അങ്ങനെ പെറുവിയൻ കടലിന്റെ വിഭവശേഷി തിരിച്ചെടുത്തു. ഈ പ്രഖ്യാപനം വായിച്ചപ്പോൾ ഞാൻ ഓർത്തത് ഇവിടെ എന്തെങ്കിലും നല്ലൊരു പദ്ധതി ആവിഷ്ക്കരിക്കുമെന്നാണ്. നമ്മുടെ വിഷയ നിർണ്ണയ കമ്മിറ്റിയുടെ പരിഗണനയ്ക്ക് മത്സ്യബന്ധനവകുപ്പ് സമർപ്പിച്ച രേഖ വായിച്ചപ്പോൾ ഞാൻ അൽഭുതപ്പെട്ടുപോയി. നമ്മുടെ മത്സ്യബന്ധനവകുപ്പ് വലിയൊരു വകുപ്പാണ്. ഫിഷറീസ് വകുപ്പിന്റെ കീഴിൽ ഒരുപാട് അഡീഷണൽ ഡയറക്ടർമാരും സാങ്കേതികവിദഗ്ദ്ധൻമാരും പോലീസ് സൂപ്രണ്ടും അടങ്ങുന്ന ഒരു വലിയ വകുപ്പ്. ആ വകുപ്പിന് ആരോടാണ് ബാദ്ധ്യത. വളരെ ആഢ്യൻമാർ വിരാജിച്ചുകൊണ്ടിരിക്കുന്ന വകുപ്പാണ്. എന്നാൽ സുഖലോലുപന്മാരായാണ് വകുപ്പു മേലാളന്മാർ കഴിയുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

കേരളത്തിന്റെ സാമ്പത്തിക വരുമാനത്തിൽ മത്സ്യബന്ധനമേഖല നേടിക്കൊടുക്കുന്നത് ഏകദേശം 8 ശതമാനമാണ്. അതുകൊണ്ട് ആ വകുപ്പിൽ വിരാജിക്കുവാനുള്ള സുഖം വളരെയാണ്. 1995-96-ൽ ഇൻഡ്യയുടെ സമുദ്രോൽപന്ന കയറ്റുമതിയുടെ 26.63 ശതമാനം കേരളത്തിൽ നിന്നാണ് കയറ്റി അയച്ചത്. ആ ഇനത്തിൽ ഇൻഡ്യയ്ക്കു കിട്ടിയ വിലയുടെ 24.51 ശതമാനമായ 913.04 കോടി രൂപ കേരളത്തിൽ നിന്നും കയറ്റുമതി ചെയ്തതിന്റെ വിലയായിട്ട് കിട്ടിയതാണ്. അതുകൊണ്ട് ആ ഡിപ്പാർട്ടുമെന്റിൽ ഇരിക്കുന്നവർക്ക് അങ്ങനെ സുഖമായി വിരാജിക്കാം. പക്ഷെ തീരപ്രദേശത്തെ പ്രശ്നത്തെപ്പറ്റിയോ, അവിടത്തെ മത്സ്യത്തൊഴിലാളികൾ അനുഭവിക്കുന്ന ദുരിതത്തെപ്പറ്റിയോ അവർക്ക് കാണേണ്ട ആവശ്യമില്ല. മത്സ്യബന്ധന മേഖല ഇത്രത്തോളം വരുമാനം ഉണ്ടാക്കിത്തരുന്നതാണെങ്കിലും ഇതിനൊരു മറുവശം ഉണ്ട്. 1995-96-ൽ പിടിച്ചെടുത്ത മത്സ്യസമ്പത്ത് എത്രയാണെന്നറിയാമോ? അഞ്ചു ലക്ഷത്തി എൺപത്തി രണ്ടായിരത്തി ഒരുനൂറ്റി മുപ്പത്താറ് ടൺ ആയിരുന്നു. 1994-95-ൽ പിടിച്ചെടുത്തതിനെക്കാൾ പതിനാലായിരത്തി എണ്ണൂറ്റി അറുപത്താറു ടൺ കുറവാണ്. 1993-94-ലെക്കാൾ കുറവായിരുന്നു 1994-95-ലെ മത്സ്യ ഉൽപാദനം. ഇതിനെപ്പറ്റിയൊന്നും ഇവിടത്തെ വകുപ്പിന് യാതൊരു ഭീതിയുമില്ല. ഈ കുറവിനെപ്പറ്റി ചിന്തിച്ചുകൊണ്ട് പരിഹാരമാർഗ്ഗം കണ്ടില്ലെങ്കിൽ ഈ മേഖലയാകെ തകരാറിലാകും. നമുക്ക് മത്സ്യബന്ധനം നടത്താനുള്ള മേഖലയുടെ കുറവുകൊണ്ടാണോ. കടൽമേഖലയിൽ 36,000 ചതുരശ്ര കിലോമീറ്റർ Continental shelf-ൽ നിന്നാണ് നമ്മൾ മത്സ്യം പിടിക്കുന്നത്. ഇത്, ഇൻഡ്യയുടെ shelf-ന്റെ മൊത്തം വിസ്തീർണ്ണത്തിന്റെ 9 ശതമാനമാണ്. 1991-ൽ നെയ്മത്തി പിടിച്ചെടുത്തത് എത്രയാണെന്നറിയാമോ? ഒരു ലക്ഷത്തി ആറായിരത്തി ഇരുന്നൂറ്റി അറുപത്തിമൂന്നു ടൺ ആണ്. പക്ഷെ 1995 ആയപ്പോൾ അത് വെറും പതിമൂന്നായിരത്തി ഇരുന്നൂറ്റി ഇരുപത്തെട്ടു ടൺ ആയി കുറഞ്ഞു. ഈ കുറവ് മത്സ്യബന്ധന വകുപ്പിന്റെ കണ്ണിനെ തുറപ്പിക്കാനിടയായില്ല. നെയ്മത്തി മാത്രമാണോ കുറഞ്ഞത്.

ശ്രീ. ജി. സുധാകരൻ : അങ്ങ് ലാറ്റിൻ അമേരിക്കയിലെ പെറുവിയൻ കടലിനു സംഭവിച്ച വന്ധ്യതയെപ്പറ്റി പറയുകയുണ്ടായി. ഇതേ വന്ധ്യത നമ്മുടെ പടിഞ്ഞാറൻ കടലിനും ഉണ്ടാക്കുന്നതിനു അങ്ങയുടെ നേതാവായിരുന്ന ശ്രീ. നരസിംഹറാവു അല്ലേ ട്രോളിംഗ് ഏർപ്പെടുത്തിയത്?

ശ്രീ. പി.ജെ. ഫ്രാൻസിസ് : ബഹുമാനപ്പെട്ട മെമ്പർ മുരാരി കമ്മിഷൻ കൂടെ ഓർക്കണം. ആ മുരാരി കമ്മിഷനിലെ അംഗങ്ങളായിരുന്നു ശ്രീ. രമേശ് ചെന്നിത്തല എം.പി.യും, ശ്രീ. കെ.വി. തോമസും അനുവദിച്ച ലൈസൻസ് നിരോധിക്കണമെന്ന് കമ്മിഷൻ ശുപാർശ ചെയ്തിരിക്കുന്നു. ശ്രീ. രാമുവാലിയ മന്ത്രിയെക്കൊണ്ട് ആദിവാസി ബില്ലിന് ഉടക്കുവച്ചല്ലോ. നിങ്ങൾ ശ്രമിച്ചിരുന്നുവെങ്കിൽ ഇപ്പോൾ അത് നടപ്പിലാക്കിക്കൂടായിരുന്നോ? നെയ്മത്തിയുടെ കാര്യം മാത്രമല്ല, 1991-ൽ അറുപതിനായിരത്തി മുന്നൂറ്റി പതിനെട്ടു ടൺ ചെമ്മീൻ പിടിച്ചെടുത്തു. 1995-ആയപ്പോൾ അത് നാൽപത്തി മൂന്നായിരത്തി നാന്നൂറ്റിയാറ് ടൺ ആയി. 1991-ൽ പതിനാലായിരത്തി അഞ്ഞൂറ്റി എൺപത്തി മൂന്നു ടൺ നാരൻ ചെമ്മീൻ പിടിച്ചെടുത്തുവെങ്കിൽ 1995-ൽ അത് പതിമൂന്നായിരത്തി എഴുന്നൂറ് ടൺ ആയി. അതുമാത്രമല്ല, ചാകരയുടെ ഉൽഭവത്തിനു പോലും വ്യതിയാനം വന്നിരിക്കുന്നു. കഴിഞ്ഞ കാലങ്ങളിൽ ചാകര യഥാസമയത്തു വന്നുകൊണ്ടിരുന്നു. ഈ മാറ്റങ്ങളൊന്നും മത്സ്യബന്ധന വകുപ്പ് കാണുന്നില്ല. നമ്മുടെ തീരദേശങ്ങളിൽ കഴിഞ്ഞ കാലങ്ങളിലൊക്കെ 300-ൽ

LIBRARY ARCHIVES Kerala Legislative Assembly

പ്പരം മത്സ്യ വർഗ്ഗങ്ങളാണ് പിടിച്ചുകൊണ്ടിരുന്നത്. അതിൽ 40-ൽപ്പരം വർഗ്ഗങ്ങൾ വ്യാവസായികമായി പ്രാധാന്യം ഉണ്ടായിരുന്നതാണ്. ഇപ്പോൾ 80,90-ൽപ്പരം മത്സ്യങ്ങൾ മാത്രമേ നമുക്കു പിടിക്കാൻ കഴിയുന്നുള്ളൂ. തേടുകൾ, സ്രാവുകൾ, ആവോലി, കോര, പരവ, അയല, മത്തി, തിരണ്ടി, ചെമ്മീൻ ഇവയിലെല്ലാം എത്ര തരങ്ങളുണ്ടായിരുന്നു. ഈ തരങ്ങളെല്ലാം ഇന്ന് അന്യവൽക്കരിച്ചുകൊണ്ടിരിക്കുകയാണ്. ഇതിന്റെ ഫലമെന്താണ്? മത്സ്യത്തൊഴിലാളികളെ സംബന്ധിച്ചിടത്തോളം ക്ഷാമം ഒരു തുടർക്കഥയായി മാറിക്കൊണ്ടിരിക്കുന്നു. കടലുമായി ബന്ധപ്പെട്ട വ്യവസായങ്ങൾ കാലിയായിക്കൊണ്ടിരിക്കുന്നു. മീൻ വിൽപ്പന നടത്തുന്ന സ്ത്രീകൾ, വാഹനങ്ങളിൽ മൈലുകൾ താണ്ടി മൽസ്യം വിൽപ്പന നടത്തുന്നവർ, പീലിംഗ് ഷെഡ്ഡുകളിലെ തൊഴിലാളികൾ, മത്സ്യ സംസ്കരണശാലയിൽ പണിയെടുക്കുന്നവർ ഇവരെല്ലാം തൊഴിലില്ലാത്ത അവസ്ഥയിലേയ്ക്ക് കൂപ്പുകുത്തിക്കൊണ്ടിരിക്കുകയാണ്. പക്ഷെ ഇതിനെപ്പറ്റിയൊന്നും ചിന്തിക്കാൻ നമ്മുടെ മത്സ്യബന്ധന വകുപ്പിന് യാതൊരു താൽപര്യവുമില്ല. പണ്ട്, ഈ തിരുവിതാംകൂർ-കൊച്ചിയിൽ ആദ്യമായി കടൽക്ഷോഭം ഉണ്ടായപ്പോൾ അന്നത്തെ മുഖ്യമന്ത്രിയായിരുന്ന ശ്രീ. സി. കേശവൻ പ്രധാനമന്ത്രിയായിരുന്ന നെഹ്റുവിനോട് ഈ പ്രശ്നത്തിൽ അടിയിന്തിരമായി ഇടപെട്ട് പരിഹാരം കാണണമെന്ന് ആവശ്യപ്പെട്ടു. ഇൻഡ്യ ആ പ്രശ്നം ഐക്യരാഷ്ട്രസഭയിൽ ഉന്നയിച്ചു. ഐക്യരാഷ്ട്ര സഭയുടെ ഭക്ഷ്യകാർഷിക വകുപ്പ് നോർവീജിയൻ ഗവൺമെന്റിനോട് അടിയന്തിരമായി തിരു-കൊച്ചിയിലേയ്ക്ക് ഒരു സംഘത്തെ അയയ്ക്കണമെന്ന് ആവശ്യപ്പെട്ടു. അങ്ങനെ 1950-ൽ നോർവീജിയന്റെ ഒരു ശാസ്ത്ര സംഘം ഇവിടം സന്ദർശിച്ചു. അവർ കടൽക്ഷോഭം കണ്ടു. കടൽക്ഷോഭം അവസാനിപ്പിക്കണമെങ്കിൽ പുലിമുട്ടുകെട്ടണമെന്ന് അവർ പറഞ്ഞു. പുലിമുട്ടും കടൽഭിത്തികളും കെട്ടിക്കൊണ്ട് നമ്മൾ അവരുടെ ശുപാർശ ഇവിടെ പ്രാവർത്തികമാക്കിക്കൊണ്ടിരിക്കുന്നു. അതിന്റെ ഗുണം തീരദേശത്തിനും മത്സ്യത്തൊഴിലാളികൾക്കും ലഭിക്കുന്നില്ല. 'തെങ്ങിൽ ചാരി നിന്നവൻ പെണ്ണും കൊണ്ടുപോയി' എന്ന് പണ്ടു പറഞ്ഞതുപോലെ അതിന്റെ ഗുണം അനുഭവിക്കുന്നത് ആരാണ്? അശാസ്ത്രീയമായി, നിർണ്ണയിക്കപ്പെട്ടതിനു വിരുദ്ധമായി ഈ കടൽ ഭിത്തികൾ കെട്ടിയതിന്റെ ഫലമായി തിരമാലകളുടെ അടിയേറ്റ് ഈ കടൽഭിത്തികൾ നാണിച്ചു കുനിഞ്ഞു കുനിഞ്ഞു പോകുകയാണ്. എന്നിട്ട് അതിന്റെ കെട്ടു വിടുന്നു. (അദ്ധ്യക്ഷവേദിയിൽ ശ്രീ. ടി.കെ. ബാലൻ) അതിനു താഴെയുള്ള മണ്ണ് ചോർന്നുപോകുന്നു. അങ്ങനെ കടൽഭിത്തികൾ കേരള തീരത്തിൽ അങ്ങോളമിങ്ങോളം താഴ്ന്നു കൊണ്ടിരിക്കുകയാണ്. ഈ ഭിത്തികളുടെ സുരക്ഷിതം ഓർത്ത് പാവപ്പെട്ട മത്സ്യത്തൊഴിലാളികൾ കല്ലുകെട്ടി, ഓടു പാകി നിർമ്മിച്ച കെട്ടിടങ്ങൾ നിലമ്പരിശായി കൊണ്ടിരിക്കുകയാണ്. അവരുടെ ഭൂമിയും കിടപ്പാടവും തെങ്ങുകളും നഷ്ടപ്പെടുന്നു. എന്നിട്ട് എന്തു ഫലം? ഞാൻ താമസിക്കുന്ന നിയോജക മണ്ഡലമായ ആലപ്പുഴയിൽ കഴിഞ്ഞ വർഷത്തെ കെടുതിയിൽ 13 കുടുംബങ്ങൾക്ക് വീടും ഭൂമിയും തെങ്ങുകളും നഷ്ടപ്പെട്ടു. അവർക്ക് പകരം ഭൂമി കൊടുത്തില്ല. അവർ ഇന്നും ആലപ്പുഴ പട്ടണത്തിൽ അലഞ്ഞുതിരിഞ്ഞു നടക്കുകയാണ്. കടൽഭിത്തി ഇല്ലാത്ത തീരപ്രദേശത്തെ കെടുതികളെക്കുറിച്ച് ഞാൻ പറയുന്നില്ല. സബ്ജക്ട് കമ്മിറ്റി III-ന്റെ റിപ്പോർട്ട് ശുപാർശ ഞാൻ വായിക്കാം. കടലാക്രമണത്തിന്റെ നിരോധന പട്ടികയിൽ പ്രത്യേക ഹെഡ്ഡിൽ അനുവദിച്ചിട്ടുള്ള തുക കഴിഞ്ഞ വർഷത്തേക്കാൾ വളരെ കുറവാണെന്നും തന്മൂലം കടലാക്രമണ നിരോധന പ്രവർത്തനങ്ങൾ ഫലപ്രദമായി ചെയ്യാൻ കഴിയില്ല എന്നും കമ്മിറ്റി അഭിപ്രായ

LIBRARY ARCHIVES Kerala Legislative Assembly

പ്പെടുകയുണ്ടായി. കടൽത്തീരം കൂടുതലുള്ള സംസ്ഥാനത്തിന്റെ പ്രത്യേകത പരിഗണിച്ച് ഈ ഹെഡ്ഡിലേയ്ക്ക് കൂടുതൽ തുക അനുവദിയ്ക്കണമെന്ന് കമ്മിറ്റിയുടെ 1996-ലേയും 1997-ലേയും ശുപാർശ ഇവിടെ ആവർത്തിക്കുകയും ഇന്ന് ഉചിതമായ മാർഗ്ഗത്തിലൂടെ കൂടുതൽ തുക ഈ സാമ്പത്തിക വർഷം അനുവദിക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്യുന്നു. അപ്പോൾ 1996-97-ൽ അവഗണിച്ചു, ഇപ്പോഴും അവഗണിച്ചു കൊണ്ടിരിക്കുന്നു. നമ്മുടെ ധനകാര്യവകുപ്പുമന്ത്രി പറഞ്ഞത്, ദാരിദ്ര്യതുരുത്തിൽ താമസിക്കുന്ന ഞങ്ങളെയൊക്കെ സഹായിക്കാൻ പോകുന്നു എന്നാണ്. ഇങ്ങനെയാണോ സഹായിക്കുന്നത്? കഴിഞ്ഞ പ്രാവശ്യത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ പറഞ്ഞില്ലേ മത്സ്യത്തൊഴിലാളികളുടെ ഭവനങ്ങളെ വൈദ്യുതീകരിക്കുന്നതിന് തീരജ്യോതി കൊണ്ടുവരുന്നു എന്ന്. തീരജ്യോതി എവിടെ എത്തി? കേന്ദ്ര ഗവൺമെന്റിൽ നിന്നും 35,000 രൂപ 100 ശതമാനം കേന്ദ്ര സർക്കാർ സബ്സിഡിയോടെ ഭവനങ്ങൾ വയ്ക്കാൻ തന്നിരിക്കുന്ന ആ തുക പോലും നമ്മുടെ ജില്ലകളിൽ പ്രാവർത്തികമാക്കാൻ ഈ സർക്കാരിനു കഴിഞ്ഞോ? ഞങ്ങളുടെ പാവപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് മണ്ണെണ്ണ ലഭിക്കണം. കേന്ദ്ര ഗവൺമെന്റ് മത്സ്യത്തൊഴിലാളികൾക്കുവേണ്ടി മണ്ണെണ്ണ തരുന്നുണ്ടെന്ന് ഈ നിയമസഭയിൽ ഒരു ചോദ്യത്തിന് ഉത്തരമായി പറഞ്ഞു. അങ്ങനെ മണ്ണെണ്ണ തരുന്നുണ്ടെങ്കിൽ ഈ മണ്ണെണ്ണയുടെ വിഹിതം വെട്ടിക്കുറച്ചത് എന്തിനാണ്? അതുപോലെതന്നെ കടൽക്ഷോഭ കാലത്ത് മത്സ്യം പിടിക്കാൻ പോകുന്ന മത്സ്യത്തൊഴിലാളികളുടെ സുരക്ഷ. കഴിഞ്ഞ പ്രാവശ്യം എന്റെ നിയോജക മണ്ഡലത്തിൽ നിന്നും മത്സ്യം പിടിക്കാൻ പോയ 5 പേരെ കാണാതായി. അങ്ങനെയുള്ളവരുടെ സുരക്ഷിതത്വത്തിനുവേണ്ടി എന്തു നടപടികൾ ഇവിടെ കൈക്കൊണ്ടു. ഒരു നടപടിയും കൈക്കൊണ്ടതായിട്ട് ഈ ധനാഭ്യർത്ഥനയിൽ കാണുന്നില്ല. ഇതിലും ഞങ്ങളെ അവഗണിച്ചുകൊണ്ടിരിക്കുകയാണ്. ഞങ്ങളുടെ തീരദേശത്തെ ആരോഗ്യത്തിന്റെ കാര്യവും കഷ്ടമാണ്. അവർക്ക് കുടിയ്ക്കാൻ ശുദ്ധജലമില്ല. ഇവിടെ 9 ലക്ഷത്തിലധികം മത്സ്യത്തൊഴിലാളികൾ ഉണ്ട്. അവരുടെ വീട്ടുകാരുടെ നമ്പർ കൂട്ടിക്കഴിഞ്ഞാൽ ലക്ഷക്കണക്കിന് ആളുകളുണ്ട്. ഞാൻ ഒരു കാര്യം സൂചിപ്പിക്കാൻ മടിക്കുന്നില്ല. 'അളമുട്ടിയാൽ ചേരയും തിരിച്ചു കടിക്കും' എന്നുള്ള പ്രമാണം നിങ്ങൾ മറക്കരുത്. അതിനുള്ള സാഹചര്യം ഉണ്ടാക്കരുത് എന്നുമാത്രമേ എനിക്കു ഈ അവസരത്തിൽ പറയാനുള്ളൂ. ഞാൻ നേരത്തെ പറഞ്ഞല്ലോ, നോർവീജിയൻ ശാസ്ത്ര സംഘം ഇവിടെ വന്നു എന്ന്. അവർ മറ്റൊരു ഉപദേശം കൂടി കൊടുത്തിരുന്നു. നമ്മുടെ കടലിൽ മത്സ്യത്തിന്റെ അക്ഷയശേഖരം ഉണ്ടെന്നും 500 കൊല്ലം പിടിച്ചാലും തീരാത്ത ചെമ്മീൻ ഉണ്ടെന്നും, ആയിരം കൊല്ലം കഴിഞ്ഞാലും വറ്റാത്ത മത്സ്യപാടങ്ങൾ ഉണ്ടെന്നും. പക്ഷെ ഇത് ഇവിടത്തെ ഡിപ്പാർട്ടുമെന്റിന് അറിഞ്ഞുകൂടാ. കടലിന്റെ മനസ്സിനെ അറിയാവുന്ന നോർവീജിയൻകാർ പറഞ്ഞു, ഈ മത്സ്യസമ്പത്തിനെ ശരിയായ രീതിയിൽ ചൂഷണം ചെയ്യണമെങ്കിൽ ട്രോളിംഗ് ഏർപ്പെടുത്തുമെന്ന്. പക്ഷെ ട്രോളിംഗ് ഏർപ്പെടുത്തിയപ്പോൾ ചില വിലക്കുകളും പറഞ്ഞിരുന്നു. ഒരു വർഷം 50,000 ടൺ ചെമ്മീനിൽ കൂടുതൽ പിടിക്കരുത്, ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങൾ പ്രജനന കാലമാണ്, അപ്പോൾ ട്രോളിംഗ് നിരോധിക്കണം. ആ മാസങ്ങൾ ഉൾപ്പെടെയുള്ള എല്ലാ ദിവസങ്ങളിലും രാത്രി ട്രോളിംഗ് നടത്താൻ പാടില്ല. ഇങ്ങനെ കുറെ വിലക്കുകൾ നൽകിയിരുന്നു.

പക്ഷെ ആ വിലക്കുകളെല്ലാം കാറ്റിൽ പറത്തിക്കൊണ്ടാണ് ട്രോളിംഗ് നടത്തുന്നത്. അതിന് മൗനാനുവാദം നൽകിക്കൊണ്ടിരിക്കുന്ന വകുപ്പുകൾ

LIBRARY ARCHIVES Kerala Legislative Assembly

പ്രജനനകാലത്ത് നിരോധനം ഏർപ്പെടുത്തിയില്ലേ? ആ നിരോധനത്തെപ്പോലും ബാഹ്യമായ പ്രേരണകളാൽ ലംഘിച്ചുകൊണ്ട് ട്രോളിംഗ് നടത്താൻ തീരുമാനിച്ചു. പരസ്യമായും അല്ലാതെയും ട്രോളിംഗിന്റെ നിരോധന കാലഘട്ടം കുറച്ചുകൊടുത്തിരുന്നു. ഇവിടത്തെ ഫിഷറീസ് വകുപ്പ് എന്തു ചെയ്തു? മത്സ്യത്തൊഴിലാളികൾക്ക് പണ്ട് ഒരു അലിഖിത നിയമമുണ്ടായിരുന്നു. അത് ആരും പഠിപ്പിച്ചതല്ല. അത് ആരും ഏർപ്പെടുത്തിത്തന്നതുമല്ല, തൊഴിലിന്റെ നൈസർഗികാവസ്ഥയിൽ നിന്നും ഉടലെടുത്തതാണ്. ആ നിയമമനുസരിച്ച് മത്സ്യം പിടിച്ചാൽ കടൽക്ഷോഭത്തെ ഒരു പരിധിവരെ നിയന്ത്രിക്കാനാകും. ഏതേതു വലകൾ ഏതേതു സമയത്ത് ഏതേതു മീനുകളാണ് പിടിക്കേണ്ടത്, കാറ്റിന്റെ ഗതി, കടൽപ്രവാഹത്തിന്റെ ഒഴുക്ക്, കാലാവസ്ഥാ വ്യതിയാനം ഇതൊക്കെ മനസ്സിലാക്കി മത്സ്യം പിടിച്ചപ്പോൾ മത്സ്യത്തിന്റെ വരവ് വർദ്ധിക്കാൻ തുടങ്ങി, ചാകരയുടെ ഉൽഭവമായി. അങ്ങയുടെ മത്സ്യബന്ധനവകുപ്പിലിരിക്കുന്ന ഉദ്യോഗസ്ഥ പ്രമുഖർക്ക് അത് അറിഞ്ഞുകൂട. ഗവേഷണത്തിനും ഗവേഷണ പദ്ധതിക്കും വേണ്ടി ഇവിടെ പണം കൊടുത്തിട്ടുണ്ട്. ആ ഗവേഷണങ്ങൾ ഇതിനെപ്പറ്റി ചർച്ച ചെയ്യാനോ, നടപടി സ്വീകരിക്കാനോ, തയ്യാറായിട്ടില്ല. അതു ചെയ്യാതെ മത്സ്യത്തൊഴിലാളികളെ പറ്റിക്കാനാണെങ്കിൽ ഞങ്ങൾ സമ്മതിക്കുകയില്ല. ഇവിടെ ഒരു പോലീസ് വകുപ്പുണ്ട്. എന്തു നിയന്ത്രണം നടത്താനാണ് അവർ നടക്കുന്നത്? നാളിതുവരെ ഇവിടെ എന്തെങ്കിലും ചെയ്തിട്ടുണ്ടോ? ഈ മേഖലയെ സംരക്ഷിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചില്ലെങ്കിൽ അത് ആപത്താണ് എന്നുമാത്രം സൂചിപ്പിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഒന്നുകൂടി എതിർത്തുകൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീ. വി.കെ. ചന്ദ്രൻ : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ലോകരാജ്യങ്ങൾക്ക്, വിശിഷ്യാ ഇൻഡ്യയിലെ മറ്റു സംസ്ഥാനങ്ങൾക്ക് മാതൃകയാകുന്ന രൂപത്തിലുള്ള നടപടികളുമായാണ് കേരളത്തിലെ ഇടതുപക്ഷജനാധിപത്യമുന്നണി ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. ആരോഗ്യ-കുടുംബ-ക്ഷേമ രംഗങ്ങളിൽത്തന്നെ കേരളം ഇൻഡ്യയിലെ മറ്റ് ഇതര സംസ്ഥാനങ്ങളേക്കാൾ മുമ്പിലാണ്. ഈ ഗവൺമെന്റ് വന്നതിനുശേഷം ആരോഗ്യരംഗത്ത് സമൂലമായ മാറ്റത്തിന് നേതൃത്വം കൊടുക്കുകയാണുണ്ടായത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ അഴിമതിക്കാരുടേയും പൂഴ്ത്തിവയ്പുകാരുടേയും വിഹാരരംഗമായി മാറിയ ആരോഗ്യവകുപ്പ് ഈ രാജ്യത്തെ മുഴുവൻ ജനവിഭാഗങ്ങൾക്കും ഗുണകരമായ രൂപത്തിൽ മാറ്റിയെടുക്കുകയാണ് ചെയ്തത്. പ്രൈമറി ഹെൽത്ത് സെന്ററുകൾ ഇല്ലാത്ത നിരവധി പഞ്ചായത്തുകൾ നമ്മുടെ സംസ്ഥാനത്തുണ്ട്. അവിടെ ചികിത്സാ രീതി മെച്ചപ്പെടുത്താൻ 12 പി.എച്ച്. സെന്ററുകൾ സ്ഥാപിച്ചു. ആയുർവേദ രംഗത്ത് 26 ആയുർവേദ ഡിസ്പെൻസറികളും 10 ഹോമിയോ ഡിസ്പെൻസറികളും അനുവദിച്ചു. ആരോഗ്യ മേഖലയിലെ സ്ഥിതി മെച്ചപ്പെടുത്തുന്നതിന് വിവിധ ഡിപ്പാർട്ടുമെന്റുകളിൽ പുതിയ തസ്തികകൾ സൃഷ്ടിച്ചു. ചികിത്സാ രംഗത്ത് മെഡിക്കൽ കോളേജ് ആശുപത്രികളുടെ പ്രാധാന്യം കണക്കിലെടുത്ത് കൂടുതൽ വിദഗ്ദ്ധന്മാരായ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കത്തക്കവിധത്തിലുള്ള പുതിയ യൂണിറ്റുകൾ ആവിഷ്ക്കരിച്ചു. ആശുപത്രികളിൽ മരുന്നു വിതരണം കാര്യക്ഷമമാക്കാൻ ഈ ഗവൺമെന്റിനു കഴിഞ്ഞു. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഗുണനിലവാരം കുറഞ്ഞ മരുന്നുകൾ വാങ്ങാൻ 8 കോടിരൂപ ചെലവഴിച്ചു. ഇതിൽ കോടിക്കണക്കിന് രൂപയുടെ അഴിമതി നടത്തിയെന്നും അത് ഹൈക്കോടതിയുടെ സിറ്റിംഗ് ജഡ്ജിയെക്കൊണ്ട് അന്വേഷിപ്പിക്കണമെന്നും

LIBRARY ARCHIVES Kerala Legislative Assembly

Page 48 of 102

അന്നത്തെ നിയമസഭയിൽ എസ്റ്റിമേറ്റ് കമ്മിറ്റി ആവശ്യപ്പെട്ടിരുന്നു. അത് ഈ ഗവൺമെന്റ് അന്വേഷിക്കണം. ഗുണനിലവാരം കുറഞ്ഞ ആംബിസിലിൻ വാങ്ങിയതിൽ മൂന്നേകാൽ കോടി രൂപയുടെ തിരിമറി നടന്നത് ബഹുമാനപ്പെട്ട ഇന്നത്തെ പ്രതിപക്ഷനേതാവ് അന്ന് മുഖ്യമന്ത്രിയായിരുന്ന കാലഘട്ടത്തിലാണ്. ഇവിടെ നേരത്തെ സൂചിപ്പിച്ചു, ശ്രീ. വി.എം. സുധീരൻ ആരോഗ്യരംഗത്ത് സമൂലമായ മാറ്റംവരുത്തിയെന്ന്. ഗുണനിലവാരം കുറഞ്ഞ ആംബിസിലിൻ വാങ്ങുന്നതിന് മൂന്നേകാൽ കോടിരൂപയുടെ തിരിമറി നടത്തിയത് 1994-96 കാലഘട്ടത്തിലാണ്. 1994-95-ൽ പൊതുമേഖലയിലെ കമ്പനികൾക്കാണ് ആംബിസിലിൻ കൊണ്ടുവരുന്നതിന് ഓർഡർ നൽകിയിരുന്നത്. എന്നാൽ 1996-ൽ ഫരീദാബാദിലെ ഒരു സ്വകാര്യകമ്പനിക്ക് ആ കരാർ കൊടുക്കുകയായിരുന്നു. ഇതിൽ കോടിക്കണക്കിന് രൂപയുടെ അഴിമതിയാണ് നടത്തിയിരിക്കുന്നത്. സംസ്ഥാന സർക്കാരിന്റെ പണവും സഹകരണസ്ഥാപനങ്ങളിലെ ഫണ്ടും വാരിക്കോരി കൊടുത്തുകൊണ്ട് മുൻ മന്ത്രിയായിരുന്ന ശ്രീ. എം.വി. രാഘവൻ പടച്ചുണ്ടാക്കിയ തട്ടിപ്പ് പ്രസ്ഥാനം എന്ന പരിയാരം മെഡിക്കൽ കോളേജ് സ്വകാര്യമേഖലയിലാണെന്ന് അന്ന് ചീഫ് സെക്രട്ടറി പറഞ്ഞിരുന്നു. അന്ന് അത് പറഞ്ഞ ചീഫ് സെക്രട്ടറിക്ക് വിവരമില്ല എന്നാണ് അന്നത്തെ മന്ത്രി ശ്രീ. എം.വി. രാഘവൻ പറഞ്ഞത്. അന്ന് എൻ.ആർ.ഐ. സീറ്റുകൾക്ക് ലക്ഷക്കണക്കിന് രൂപ കൈക്കൂലി വാങ്ങാൻ വേണ്ടിയുള്ള വേദിയൊരുക്കുകയായിരുന്നു ശ്രീ. എം.വി. രാഘവനും അന്നത്തെ മുഖ്യമന്ത്രി ശ്രീ. കരുണാകരനും. കോടിക്കണക്കിന് രൂപയുടെ പൊതുമുതൽ തട്ടിയെടുത്ത് ഒരു സ്ഥാപനം പടുത്തുയർത്തുകയും അതിനിടയിൽത്തന്നെ അത് സ്വകാര്യമാക്കി മാറ്റിയെടുക്കുകയുമായിരുന്നു അന്നത്തെ യു.ഡി.എഫ്. ഭരണകൂടം. അത് ശരിയായ രൂപത്തിൽ നടത്താൻ ഈ ഗവൺമെന്റ് നടപടി കൈക്കൊണ്ടു. പേയ്മെന്റ് സീറ്റുകളും എൻ.ആർ.ഐ. സീറ്റുകളും നിർത്തൽ ചെയ്ത്, എല്ലാം മെറിറ്റ് ക്വാട്ടായിൽ കൊണ്ടുവന്നത് ഈ ഗവൺമെന്റാണ്. വർദ്ധിച്ചുവരുന്ന ചികിത്സാച്ചെലവുകൊണ്ട് ഗ്രാമപ്രദേശങ്ങളിൽ നിന്നും ആയിരക്കണക്കിന് ആളുകളാണ് ഓരോ ദിവസവും പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ എത്തുന്നത്. സാധാരണക്കാരന് അപ്രാപ്യമാകുന്ന ചികിത്സാ സമ്പ്രദായമാണ് സ്വകാര്യ ആശുപത്രികളിൽ ഇന്ന് നിലനിൽക്കുന്നത്. ഗ്രാമപ്രദേശങ്ങളിലെ ആശുപത്രികളിൽ പലതിലും ഡോക്ടർമാർ ഇല്ലാത്തത് വളരെയേറെ പ്രയാസങ്ങൾ സൃഷ്ടിക്കുന്നുണ്ട്. എന്റെ നിയോജകമണ്ഡലമായ തൃത്താലയിൽ പള്ളിപ്പുറം, കുമ്പിടി, കുമരനെല്ലൂർ എന്നിവിടങ്ങളിലെ മൂന്ന് പി.എച്ച്. സെന്ററുകളിലും ഡോക്ടർമാരില്ല. വളരെയേറെ കഷ്ടത ആ പ്രദേശത്തെ ജനങ്ങൾ അനുഭവിക്കുന്നുണ്ട്. ഡോക്ടർമാർ ഇല്ലാത്ത എല്ലാ മെഡിക്കൽ സെന്ററുകളിലും പി.എച്ച്.സെന്ററുകളിലും യുദ്ധകാലാടിസ്ഥാനത്തിൽ ഡോക്ടർമാരെ നിയമിക്കാനും അതേയവസരത്തിൽ ദീർഘനാളിൽ ലീവിൽ കഴിയുന്ന ഡോക്ടർമാരുടെ പേരിൽ ശിക്ഷാ നടപടികൾ സ്വീകരിക്കാനും ഗവൺമെന്റ് ശ്രദ്ധിക്കണം. ആരോഗ്യ കേന്ദ്രങ്ങളിൽ കൃത്യമായി ഔഷധ വിതരണം ഉറപ്പുവരുത്തണം. ഔഷധങ്ങൾ എത്തിക്കുന്നതിനാവശ്യമായ വാഹനങ്ങൾ ഏർപ്പെടുത്തിക്കൊടുക്കണം. ആതുര ശുശ്രൂഷാരംഗത്ത് സർക്കാർ ആശുപത്രികളെപ്പോലെ സ്വകാര്യമേഖലയിലും ആയിരക്കണത്തിന് ആശുപത്രികൾ പ്രവർത്തിക്കുന്നുണ്ട്. ആയുർവേദ രംഗത്തും അലോപ്പതി രംഗത്തും സ്തുത്യർഹമായ സേവനം അനുഷ്ഠിക്കുന്ന നിരവധി ആശുപത്രികളുണ്ട്. എന്നാൽ പല ആശുപത്രികളിലും ജീവനക്കാരുടെ സ്ഥിതി വളരെ മോശമാണ്. സർക്കാർ മേഖലയിൽ തൊഴിൽ ലഭ്യമാകാതെ വരുന്ന സാഹചര്യത്തിൽ ജീവിക്കുന്നതിനു

LIBRARY ARCHIVES Kerala Legislative Assembly

വേണ്ടി ചെന്നുപെടുന്നത് ഇത്തരം സ്ഥാപനങ്ങളിലാണ്. ലക്ഷക്കണക്കിന് രൂപ പ്രതിദിന വരുമാനമുള്ള സ്ഥാപനങ്ങളിലെ ജീവനക്കാർ പോലും വളരെ തുച്ഛമായ ശമ്പളത്തിനാണ് ജോലി ചെയ്യുന്നത്. ഇത് ആയുർവേദ രംഗത്തും അലോപ്പതി രംഗത്തുമുണ്ട്. ഇതു പരിഹരിക്കാൻ മറ്റു തൊഴിൽ മേഖലകളിലെന്നപോലെ ഇവർക്കും സേവന-വേതന വ്യവസ്ഥകൾ നടപ്പിലാക്കണം. ചികിത്സാരംഗത്ത് ആധുനിക ചികിത്സാ ഉപകരണങ്ങൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുകയും ഇവയുടെ തകരാറുകൾ അതാതു സമയത്ത് പരിശോധിച്ച് നന്നാക്കുന്നതിന് ആവശ്യമായ ബയോമെഡിക്കൽ എൻജീനിയറിംഗ് വിംഗ് സംഘടിപ്പിക്കുകയും ചെയ്യണം.

ജനസാന്ദ്രതയേറിയതും എല്ലാവിധ സൗകര്യങ്ങളുള്ളതും എന്നാൽ കഴിഞ്ഞ കാലഘട്ടത്തിൽ തരംതാഴ്ത്തിയതുമായ പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളെ ആശുപത്രികളാക്കി ഉയർത്തണം. സംസ്ഥാനത്തെ മെഡിക്കൽ കോളേജുകൾ രോഗികളെ ഉൾക്കൊള്ളുവാൻ കഴിയാത്ത രൂപത്തിൽ പ്രയാസപ്പെടുന്നു. ഉള്ള സൗകര്യങ്ങളിൽ കൂടുതൽ രോഗികൾ തള്ളിക്കയറുന്നത് ജീവനക്കാരെയും രോഗികളെയും വളരെയധികം ബുദ്ധിമുട്ടിക്കുന്നു. ഇതിന് സംസ്ഥാനത്തെ പ്രാഥമിക-താലൂക്ക് ജില്ലാ ആശുപത്രികളുടെ നവീകരണവും വികസനവും അടിയന്തിരമായി നടത്തണം. ആവശ്യത്തിന് ജീവനക്കാരില്ലാത്തിടത്ത് ജീവനക്കാരുടെ നിയമനം നടത്തണം. ഡോക്ടർമാരുടെ പ്രൈവറ്റ് പ്രാക്ടീസ് നിർത്തലാക്കണം. കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിലുള്ള ഒരു ഡോക്ടർ പുറത്ത് ഒരു ആശുപത്രി നിർമ്മിച്ച് അവിടെ സ്വകാര്യ പ്രാക്ടീസ് നടത്തുന്ന വിവരം ആ ജില്ലക്കാരനായ ബഹുമാനപ്പെട്ട മന്ത്രി അറിഞ്ഞിരിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു. അതിൽ ശക്തിയായ നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് പറയുവാനുള്ളത്. മെഡിക്കൽകോളേജുകളിൽ ആവശ്യത്തിനുള്ള ഡോക്ടർമാരുടെ അപര്യാപ്തത പല രംഗത്തും വളരെയേറെ പ്രയാസങ്ങൾ സൃഷ്ടിക്കുന്നുണ്ട്. 1977-ലെ ജനതാദൾ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ അന്ന് കുടുംബാസൂത്രണ വിഭാഗത്തിന് വാങ്ങിയ വാഹനങ്ങളിൽ കോട്ടയം മെഡിക്കൽ കോളേജിൽ മാത്രം ഏഴോളം വാഹനങ്ങൾ കേടുപാടായി കിടക്കുകയാണ്. കോടിക്കണക്കിന് രൂപയാണ് ഈ രംഗത്ത് നഷ്ടപ്പെടുന്നത്. ആശുപത്രികളിൽ രോഗികളോട് പെരുമാറാനറിയാത്ത മേലാധികാരികൾ രോഗികൾ ആശുപത്രിയിൽചെന്നാൽ ശവംകീറിമുറിക്കുന്ന അതേരൂപത്തിൽ രോഗികളോട് പെരുമാറുന്ന സമീപനം ചില ജീവനക്കാരിൽ നിലനിൽക്കുന്നുണ്ട്. അത് മാറ്റുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണം. കോഴിക്കോട് മെഡിക്കൽകോളേജ് വടക്കൻമേഖലയിലെ ആറുജില്ലകളെ കേന്ദ്രീകരിച്ചുകൊണ്ടാണ് പ്രവർത്തിക്കുന്നത്. ഇവിടെ ഗൈനക്കോളജിസ്റ്റിന്റെ എണ്ണം വളരെക്കുറവാണെന്ന് മാതൃഭൂമി പത്രം ഒരിക്കൽ റിപ്പോർട്ട് ചെയ്യുകയുണ്ടായി. അയ്യായിരത്തോളം പ്രസവമാണ് ഒരുവർഷത്തിൽ നടക്കേണ്ടത്. എന്നാൽ മാതൃഭൂമി പത്രം റിപ്പോർട്ട് ചെയ്തത് ഇരുപത്തിയൊന്നായിരത്തോളം പ്രസവം നടക്കുന്നുവെന്നാണ്. അതിന് ആവശ്യമായ സജ്ജീകരണങ്ങളോ സംവിധാനങ്ങളോ ആശുപത്രിയിൽ ഇല്ല. 1957-ൽ പ്രവർത്തനം ആരംഭിച്ച ആശുപത്രിയാണിത്. അന്ന് വാങ്ങിയ പല ഉപകരണങ്ങളും ഇന്ന് ആശുപത്രിയിലുണ്ട്. അത് കേടുപാട് സംഭവിച്ച് ഉപയോഗിക്കുവാൻ കഴിയാത്ത രൂപത്തിലാണ്. അത്തരത്തിലുള്ള ഉപകരണങ്ങൾ ഉപയോഗയോഗ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണം. ദീർഘകാല അവധിയിൽപോകുന്ന ഡോക്ടർമാരെ പിരിച്ചുവിടുകയും സ്ഥലം മാറിവരുന്ന ഡോക്ടർമാർ അവധിയിൽപോകുന്നത് അവസാനിപ്പിക്കുകയും ചെയ്യണം. കോഴിക്കോട്

LIBRARY ARCHIVES Kerala Legislative Assembly

Page 50 of 102

മെഡിക്കൽകോളേജിൽ സ്പെഷ്യാലിറ്റി കോംപ്ലക്സിന്റെ പണി മുടങ്ങിക്കിടക്കുകയാണ്. അടിയന്തിരമായി സ്പെഷ്യാലിറ്റി കോംപ്ലക്സിന്റെ പണി പൂർത്തീകരിച്ച് അവിടെ മറ്റ് സൗകര്യങ്ങൾ ഏർപ്പെടുത്തണം. ലൂക്കേമിയ രോഗം ബാധിച്ചുവരുന്ന കുട്ടികൾക്ക് പ്രത്യേക വാർഡ്, പ്രത്യേക യൂണിറ്റ് എന്നിവ നിർമ്മിച്ച് ചികിത്സയ്ക്ക് ആവശ്യമായ സംവിധാനം കോഴിക്കോട് മെഡിക്കൽകോളേജിൽ ഉണ്ടാക്കണം. കോഴിക്കോട് മെഡിക്കൽകോളേജിൽ പാമ്പ് കടിയേറ്റ് വരുന്ന 60-70 ശതമാനത്തോളം രോഗികൾ മരിക്കുകയാണ്. അവരെ ചികിത്സിക്കുവാൻ ആവശ്യമായ സംവിധാനം ഇന്ന് അവിടെയില്ല. അവരെ ചികിത്സിക്കുവാൻ പ്രത്യേക യൂണിറ്റും വാർഡും ആ മെഡിക്കൽകോളേജിൽ ഉണ്ടാക്കണം. അതുപോലെ സമൂഹത്തിൽ അവശതയനുഭവിക്കുന്ന ഒരു വിഭാഗമാണ് മത്സ്യത്തൊഴിലാളികൾ. എനിക്ക് മുമ്പ് ഇവിടെ പ്രസംഗിച്ച ബഹുമാനപ്പെട്ട മാരാരിക്കുളം മെമ്പർ ചിലകാര്യങ്ങളും അതിനെക്കുറിച്ച് ഇവിടെ പറഞ്ഞു. പൂച്ച പാലുകുടിക്കുന്നത് കണ്ണടച്ചിട്ടാണ്. പൂച്ചയുടെ ധാരണ കണ്ണടച്ച് പാലുകുടിച്ചാൽ മറ്റാരും കാണില്ലെന്നാണ്. അതാണ് ബഹുമാനപ്പെട്ട മാരാരിക്കുളം മെമ്പർ ഇവിടെ സൂചിപ്പിച്ചത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നിട്ട് ഈ മേഖലയിൽ എന്തെല്ലാം നടപടികൾ കൈക്കൊണ്ടു. ആ നടപടികളെല്ലാം മത്സ്യത്തൊഴിലാളികളെ സംരക്ഷിക്കുന്നതിനാണ്. അവരെ കൈപിടിച്ച് ഉയർത്തിക്കൊണ്ടുവരാൻ കഴിയുന്ന ഒട്ടനവധി നടപടികളാണ് ഈ ഗവൺമെന്റ് സ്വീകരിച്ചത്. മത്സ്യത്തൊഴിലാളികളെ സംബന്ധിച്ചുപറഞ്ഞാൽ പകലന്തിയോളം പണിയെടുത്താലും പട്ടിണിമാത്രം ബാക്കിയാണ്. അവരെ സംരക്ഷിക്കുവാൻ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് തയ്യാറായി. ഐക്യജനാധിപത്യമുന്നണി ഗവൺമെന്റിന്റെ ഭരണകാലത്ത് ദീർഘവീക്ഷണമില്ലായ്മയും തൊഴിലിനോടും തൊഴിലാളികളോടും കടുത്ത അവഗണനയുമാണ് ഉണ്ടായിരുന്നത്. ഇത് പരിഹരിച്ച് മത്സ്യത്തൊഴിലാളികളെ സംരക്ഷിക്കുവാൻ ഒട്ടനവധി നടപടികൾ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. അത് ഈ സംസ്ഥാനത്തെ ജനങ്ങൾക്ക് അറിയാം. നിങ്ങൾ എത്ര മറച്ചുവച്ചാലും ഈ രാജ്യത്തെ ജനത അത് മനസിലാക്കിയിട്ടുണ്ട്. ഉൾനാടൻ മത്സ്യവിപണനരംഗത്ത് വമ്പിച്ച മുന്നേറ്റമാണ് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഉണ്ടായിട്ടുള്ളത്. ഉൾനാടൻ ജലാശയങ്ങളിൽ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുവാനും മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുവാനും ഉയർന്ന ശാസ്ത്ര സാങ്കേതികവിദ്യ ഉപയോഗിച്ച് നടപ്പാക്കാനും, ഇതിന്റെ ഫലമായി 770-773 ഗ്രാമപഞ്ചായത്തുകളുടെ മേൽനോട്ടത്തിൽ ഈ പ്രവർത്തനം നടത്തിക്കൊണ്ടിരിക്കുകയാണ്. ജർമ്മൻ സാങ്കേതിക സഹായത്തോടുകൂടി നമ്മുടെ ഡാമുകളിൽ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുവാൻ കോടിക്കണക്കിന് രൂപ സർക്കാർ ചെലവഴിച്ചിട്ടുണ്ടെങ്കിലും ഹരിജന-ഗിരിജനങ്ങൾക്ക് തൊഴിൽ സാധ്യത വർദ്ധിപ്പിക്കുവാൻ വേണ്ടിയാണ് ഈ പദ്ധതി കൊണ്ടുവന്നത്. പലമേഖലകളിലും സൊസൈറ്റികളിൽ വേണ്ടത്ര ഗിരിജനങ്ങൾ മത്സ്യബന്ധനവുമായി ബന്ധപ്പെടുന്നില്ല. അവരെ അതുമായി സഹകരിപ്പിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കണം. സ്ഥായിയായ വികസനത്തിനും തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുവാനും സാമൂഹ്യ വികസനം ലക്ഷ്യമാക്കിയുള്ള പ്രവർത്തനം ഇടതുപക്ഷജനാധിപത്യമുന്നണി ഗവൺമെന്റ് നടപ്പിലാക്കി. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ തൊഴിൽദാനപദ്ധതിക്കുകീഴിൽ 21 ബ്ലോക്കുകളാണ് കേരള സംസ്ഥാനത്ത് നടപ്പിലാക്കിയിരുന്നത്. 1996-ൽ അത് 61 എണ്ണം കൂടി വർദ്ധിപ്പിച്ച് 81 എണ്ണമാക്കി. 1997 ആയപ്പോൾ ബ്ലോക്കുകളുടെ എണ്ണം 152 ആയി വർദ്ധിപ്പിച്ചു. തൊഴിൽദാന പദ്ധതി

LIBRARY ARCHIVES Kerala Legislative Assembly

യിൽ കൃഷി, ജലസേചനം, റോഡ്, പാലം, കെട്ടിടം എന്നിവയോടൊപ്പം തന്നെ സാനിട്ടേഷൻ സൗകര്യം മെച്ചപ്പെടുത്തുവാൻ കഴിയുന്ന രൂപത്തിൽ കേന്ദ്ര പദ്ധതിയിൽനിന്ന് ഒരു വിഹിതം മാറ്റിവയ്ക്കുവാൻ ഈ ഗവൺമെന്റ് ശ്രമിക്കണം. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള മുഴുവൻ ജനവിഭാഗങ്ങൾക്ക് വീട് നിർമ്മിച്ചുകൊടുക്കുന്നത് ഈ സർക്കാരാണ്. 1996-ൽ 18,554 വീടുകൾ നിർമ്മിക്കുവാനുള്ള പദ്ധതിയാണ് ഇട്ടിരുന്നത്, എന്നാൽ 29957 വീടുകൾ നിർമ്മിച്ചു. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ഇപ്പോൾ വീട് നിർമ്മിക്കുന്നതിന് 22,000 രൂപയാണ് കൊടുക്കുന്നത്. ഇവർ വീടുവച്ചുകഴിഞ്ഞാൽ വലിയ സാമ്പത്തികബാധ്യതയ്ക്ക് വിധേയരാകുന്നു. അതുകൊണ്ട് ഇവർക്ക് വീടുവയ്ക്കുവാൻ തുക വർദ്ധിപ്പിച്ചു കൊടുക്കുന്നതിന് ഗവൺമെന്റ് ശ്രമിക്കണം. വീടില്ലാത്ത മറ്റ് ദുർബല ജനവിഭാഗങ്ങളെ കണ്ടെത്തി അവർക്ക് വീട് നിർമ്മിക്കുവാനുള്ള സാമ്പത്തികസഹായം നൽകുന്ന ഒരു പദ്ധതിക്ക്, ബ്ലോക്ക് പഞ്ചായത്തുകളിൽ ധനകാര്യസ്ഥാപനങ്ങളുടെ സാമ്പത്തിക സഹായത്തോടുകൂടി ലോൺ നൽകുന്നതിനുള്ള ഒരു പദ്ധതിക്ക് രൂപം നൽകണം. ചുരുങ്ങിയ ചെലവിൽ വീടുവയ്ക്കുവാൻ ബ്ലോക്കടിസ്ഥാനത്തിൽ നിർമ്മിതകേന്ദ്രത്തിന് രൂപംനൽകണം. ദരിദ്രനാമമാത്ര കർഷകർക്കായി രൂപംകൊണ്ടിട്ടുള്ള ദശലക്ഷം കിണർ പദ്ധതിയും ഗംഗാകല്യാൺ പദ്ധതിയും സാമൂഹ്യ ജലസേചന പരിപാടിയാക്കി മാറ്റണം. അഞ്ചോ പത്തോ കൃഷിക്കാരെ ഉൾക്കൊള്ളിക്കുന്ന ഒരു കൂട്ടായ ജലസേചന പദ്ധതിയാക്കിമാറ്റണം. സമ്പൂർണ്ണ ശുചിത്വ പദ്ധതിയിൻ കീഴിൽ സംസ്ഥാനത്ത് എല്ലാപേർക്കും സാനിറ്റേഷൻ സൗകര്യങ്ങൾ ലഭിക്കുന്നതിനുവേണ്ടി സംസ്ഥാനതലത്തിൽ സാനിറ്റേഷൻ സമിതി രൂപീകരിക്കണം. വ്യവസായികളുടെയും സന്നദ്ധസംഘടനകളുടെയും വ്യക്തികളുടെയും സഹായത്തോടുകൂടി അവരുടെ ഇൻകംടാക്സ് കഴിയുന്നതും ഒഴിവാക്കിക്കൊടുത്തുകൊണ്ട് അവരിൽ നിന്നും ഫണ്ട് സ്വീകരിച്ച് കേരള സംസ്ഥാനത്ത് വളരെ അടിയന്തിരമായി ശുചിത്വ പരിപാടി നടപ്പിലാക്കണം. അഞ്ചുജില്ലകളെ ഇപ്പോൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. അതോടൊപ്പം കേരളത്തിലെ എല്ലാ ജില്ലകളെയും ഉൾക്കൊള്ളിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കണം. യുവതീയുവാക്കൾക്കുവേണ്ടി നടപ്പിലാക്കുന്ന തൊഴിൽപരിശീലനത്തിന്റെ ഭാഗമായി ട്രൈസം പരിശീലനത്തോടൊപ്പം ഐ.ആർ.ഡിപി. ഗുണഭോക്താക്കളല്ലാത്ത മറ്റ് യുവതീയുവാക്കളെക്കൂടി പരിശീലിപ്പിക്കണം. ആ പരിശീലകർക്ക് തൊഴിൽ ലഭ്യമാക്കുവാൻ ആവശ്യമായ ഉപകരണങ്ങളും സാമ്പത്തിക സഹായവും ഉറപ്പുവരുത്തുവാൻ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ അനുകൂലിച്ചുകൊണ്ട് അവസാനിപ്പിക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ ശ്രീ. വി.സി. കബീർ)

ഡോ. എ. നീലലോഹിതദാസൻ നാടാർ : സർ, ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങുന്നു. ആരോഗ്യവകുപ്പിന്റെയും ഫിഷറീസ് വകുപ്പിന്റെയും ചർച്ച ഒരുമിച്ച് ഒരു ദിവസം വന്നത് നന്നായി എന്നാണ് എന്റെ അഭിപ്രായം. ആരോഗ്യവകുപ്പും ഫിഷറീസ് വകുപ്പും ചേർന്ന് ഒരുമിച്ച് സംഘടിപ്പിക്കേണ്ട ചില പ്രവർത്തനങ്ങൾ നമ്മുടെ തീരപ്രദേശത്തെ മത്സ്യത്തൊഴിലാളികളുടെ ഇടയിലുണ്ടെന്നാണ് എന്റെ ഉറച്ച അഭിപ്രായം. കേരളത്തിലെ തെക്കൻ തീരപ്രദേശങ്ങൾ നിരന്തരമായി സാംക്രമിക രോഗങ്ങളുടെ പിടിയിൽപ്പെടുന്ന മത്സ്യത്തൊഴിലാളികളുടെ ദയനീയസ്ഥിതിവിശേഷം ഉൾക്കൊള്ളുന്നവയാണ്. തീരപ്രദേശങ്ങളിലെ ചില പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെയും കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളുടെയും സ്ഥിതി പരിശോധിച്ചാൽ വളരെ ദയനീയമാണ്.

LIBRARY ARCHIVES Kerala Legislative Assembly

Page 52 of 102

ഉദാഹരണത്തിന് പുല്ലുവിള ആരോഗ്യകേന്ദ്രം. ഏതാണ്ട് അര നൂറ്റാണ്ടോളം പഴക്കമുള്ള ഒരു പ്രാഥമിക ആരോഗ്യകേന്ദ്രമാണത്. ഒരു പ്രാഥമികാരോഗ്യകേന്ദ്രത്തിന് ആവശ്യമുള്ള സൗകര്യങ്ങൾ അവിടെ ഇല്ല. വിഴിഞ്ഞം ഒരു കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററാണ്. ഒരു കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന് ആവശ്യമുണ്ടാകേണ്ട സൗകര്യങ്ങളൊന്നും അവിടെയില്ല. മറ്റൊരു കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററാണ് പൂവാർ. അവിടെയും യാതൊരു സൗകര്യങ്ങളുമില്ല. കോട്ടുകാൽ, തിരുവല്ലം തുടങ്ങിയ തെക്കൻ തീരപ്രദേശങ്ങളിൽ സ്ഥിതിചെയ്യുന്ന മറ്റു പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളുടെയും സ്ഥിതി വളരെ ദയനീയമാണ്. കേരളത്തിലെ തെക്കൻ തീരപ്രദേശങ്ങളിലെ ആശുപത്രികളുടെ വികസനത്തിനുവേണ്ടി മത്സ്യത്തൊഴിലാളികളുടെയിടയിൽ രോഗപ്രതിരോധ പ്രവർത്തനങ്ങളും രോഗമുണ്ടാകുമ്പോൾ ചികിത്സിക്കാനുള്ള പ്രവർത്തനങ്ങളും ശരിയായ രീതിയിൽ നടത്തുന്നതിനുവേണ്ടി ഫിഷറീസ് വകുപ്പുമായി ബന്ധപ്പെട്ട് ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ ആരോഗ്യവകുപ്പ് നേതൃത്വം നൽകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഡോക്ടർമാരുടെ പ്രൈവറ്റ് പ്രാക്ടീസിനെ സംബന്ധിച്ച് ജയചന്ദ്രൻ കമ്മിറ്റി ഒരു റിപ്പോർട്ട് സമർപ്പിച്ചിരുന്നു. ആ റിപ്പോർട്ടിന്റെ പേരിൽ ഇതുവരെ നടപടി എടുത്തിട്ടില്ല. പ്രൈമറി ഹെൽത്ത് സെന്ററുകളും കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളും താലൂക്കാശുപത്രികളും ത്രിതല പഞ്ചായത്ത് ഭരണസമിതികളുടെയും നഗരപാലിക്സ്ഥാപനങ്ങളുടെയും നിയന്ത്രണത്തിലാണ്. അതുകൊണ്ട് ജില്ലാ ആശുപത്രികളുടെയും മെഡിക്കൽ കോളേജുകളുടെയും മാനസികാശുപത്രികളുടെയും കാര്യത്തിൽ ഗവൺമെന്റ് കൂടുതൽ ശ്രദ്ധിക്കാൻ കഴിയും. അവയെ കൂടുതൽ ശ്രദ്ധിക്കാനുള്ള നടപടികൾ സ്വീകരിക്കണം. പ്രൈമറി ഹെൽത്ത് സെന്ററുകളെയും കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളെയും താലൂക്കാശുപത്രികളെയും ത്രിതല പഞ്ചായത്ത് ഭരണസമിതികൾക്കും നഗരപാലികാ സ്ഥാപനങ്ങൾക്കും വിട്ടുകൊടുത്തിരിക്കുകയാണെന്നു പറഞ്ഞ് ഗവൺമെന്റ് കയ്യൊഴിഞ്ഞ് നിൽക്കാൻ പാടില്ല. ഇടയ്ക്കിടയ്ക്ക് ബന്ധപ്പെട്ടവരെ വിളിച്ച് അവയുടെ പ്രവർത്തനങ്ങളെക്കുറിച്ച് അവലോകനം ചെയ്യാൻ ബഹുമാനപ്പെട്ട മന്ത്രിയും ആരോഗ്യവകുപ്പും തയ്യാറാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. പരമ്പരാഗത ചികിത്സാരീതികളായ സിദ്ധവൈദ്യം, പ്രകൃതിചികിത്സ, ഹോമിയോ, യുനാനി എന്നിവയ്ക്ക് ഇന്ന് നൽകിയിട്ടുള്ളതിൽ കൂടുതൽ പ്രാധാന്യം നൽകണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഒരു മെഡിക്കൽ പ്രാക്ടീഷണേഴ്സ് ബിൽ കൊണ്ടുവരുന്നു എന്ന് കഴിഞ്ഞ കുറേ വർഷങ്ങളായി കേൾക്കുന്നതാണ്. ഇതുവരെ അതിനെ സംബന്ധിച്ച നടപടികൾ സ്വീകരിച്ചിട്ടില്ല. അടിയന്തിരമായി മെഡിക്കൽ പ്രാക്ടീഷണേഴ്സ് ബിൽ കൊണ്ടുവരാൻ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. കേരളത്തിൽ ഒരു മെഡിക്കൽ യൂണിവേഴ്സിറ്റി സ്ഥാപിക്കുന്നതിനെ സംബന്ധിച്ചിടത്തോളം കഴിഞ്ഞ ഗവൺമെന്റ് ആലോചിക്കുകയും അതു സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ഒരു കമ്മിറ്റിയെ നിയോഗിക്കുകയും ചെയ്തിരുന്നു. കേരളത്തിൽ ഒരു മെഡിക്കൽ യൂണിവേഴ്സിറ്റി സ്ഥാപിക്കേണ്ട കാലം വൈകിയിരിക്കുകയാണ്. അതിനുള്ള നടപടികൾ സ്വീകരിക്കണം. മാനസികാരോഗ്യകേന്ദ്രങ്ങളുടെ ശോച്യാവസ്ഥയെക്കുറിച്ച് കേരളാ ഹൈക്കോടതി തന്നെ ചൂണ്ടിക്കാട്ടിയിട്ടുണ്ട്. 1987-ലെ മെന്റൽ ഹെൽത്ത് ആക്ടിലെ സ്റ്റാഫ് പാറ്റേൺ അനുസരിച്ച് നടപടികൾ സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകണം. മരുന്നുവാങ്ങിയത് സംബന്ധിച്ച് ക്രമക്കേടുകൾ നടന്നതായി കണ്ടിട്ടുണ്ട്. ഏതാണ്ട് എട്ടേകാൽ കോടി രൂപയുടെ അഴിമതി നടന്നതിനെക്കുറിച്ച് നിയമസഭയുടെ എസ്റ്റിമേറ്റ് കമ്മിറ്റി ചൂണ്ടിക്കാണിച്ചിട്ടും അതു

LIBRARY ARCHIVES Kerala Legislative Assembly

സംബന്ധിച്ച് ഇതുവരെ നടപടികളൊന്നും കൈക്കൊണ്ടിട്ടില്ല. കഴിഞ്ഞ ഗവണ്മെന്റും ഈ ഗവൺമെന്റും നടപടികൾ കൈക്കൊണ്ടിട്ടില്ല. അതിനുള്ള നടപടികൾ കൈക്കൊള്ളണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഇടയ്ക്കുണ്ടാകുന്ന പവർക്കട്ട് ആശുപത്രികളെ വല്ലാതെ ബുദ്ധിമുട്ടിലാക്കുകയാണ്. ആശുപത്രികളെ പരിപൂർണ്ണമായും പവർകട്ടിൽ നിന്ന് ഒഴിവാക്കുകയോ അല്ലെങ്കിൽ ആശുപത്രികളിൽ ജനറേറ്ററുകൾ സ്ഥാപിക്കാനുള്ള നടപടി സ്വീകരിക്കുകയോ ചെയ്യണമെന്ന് അഭ്യർത്ഥിക്കുകയാണ്. കഴിഞ്ഞ കുറേ വർഷങ്ങളായി ഇൻഡ്യയിൽ നിന്നും പരിപൂർണ്ണമായി നിർമ്മാർജ്ജനം ചെയ്തുവെന്ന് കരുതപ്പെട്ടിരുന്ന സാംക്രമിക രോഗങ്ങൾ പൂർവ്വാധികം ശക്തിയോടെ തിരിച്ചുവരുന്ന സ്ഥിതിവിശേഷമാണ് നാം കാണുന്നത്. പഴയ സാംക്രമിക രോഗങ്ങൾ തിരിച്ചുവരുന്നു എന്നു മാത്രമല്ല പുതിയ രോഗങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുകയുമാണ്. ഈ കാര്യങ്ങൾ വളരെ ഗൗരവത്തോടുകൂടി കൈകാര്യം ചെയ്യുകയും അവയെ നേരിടാനുള്ള നടപടി സ്വീകരിക്കുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുകയാണ്. പുലയനാർ കോട്ട റ്റി.ബി. സാനിട്ടോറിയമുണ്ട്. ആ റ്റി.ബി. സാനിട്ടോറിയത്തിന് മൊത്തത്തിൽ ക്ഷയരോഗബാധ പിടിച്ച സ്ഥിതിയാണുള്ളത്. അതിനെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഈ റ്റി.ബി. സാനിട്ടോറിയത്തെ സംബന്ധിച്ച് വന്നിട്ടുള്ള ചില റിപ്പോർട്ടുകളുടെ പ്രസക്തഭാഗങ്ങൾ ഇവിടെ വായിക്കുകയാണ്. ''ചുവരുകളില്ലാത്ത വാർഡുകൾ, പ്രവർത്തിക്കാത്ത എക്സ്-റേ യൂണിറ്റ്, രാസവസ്തുക്കളില്ലാത്ത ലാബോറട്ടറി, നഴ്സുമാരോ നഴ്സിംഗ് റൂമോ ഇല്ലാത്ത വാർഡുകൾ, പ്രകാശിക്കാത്ത ബൾബുകൾ, കറങ്ങാത്ത് ഫാനുകൾ, നാൽപ്പത്തിനാലാം വയസ്സിൽ അകാലവാർദ്ധക്യം വന്നുപെട്ട പുലയനാർകോട്ട റ്റി.ബി. സാനിട്ടോറിയത്തിന് സ്വന്തമെന്നുപറയാൻ ഇല്ലായ്മയുടെ കഥകൾ മാത്രം''. ബഹുമാനപ്പെട്ട മന്ത്രി പുലയനാർ കോട്ട റ്റി.ബി സാനിട്ടോറിയം സന്ദർശിക്കുകയും ബന്ധപ്പെട്ടവരുമായി ചർച്ച ചെയ്തു അവിടത്തെ പോരായ്മകൾ ഇല്ലാതാക്കാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുകയാണ്. സർക്കാർ ആശുപത്രികളുടെ പ്രവർത്തനങ്ങളെക്കുറിച്ച് നിരന്തരമായി അവലോകനം ചെയ്ത് അപ്പപ്പോൾ സ്വീകരിക്കേണ്ട നടപടികൾ സ്വീകരിക്കുന്നതിനായി ഒരു ഹൈപവർ കമ്മിറ്റിയെ നിയോഗിക്കണം. പാവപ്പെട്ട രോഗികൾക്ക് മരുന്നിന് പകരം മരുന്നു കുറിച്ചു കൊടുക്കുന്ന സമ്പ്രദായം നിർത്തലാക്കണം. അവർക്ക് മരുന്നു തന്നെ കൊടുക്കാനുള്ള നടപടികൾ സ്വീകരിക്കണം. മെഡിക്കൽ കോളേജുകളില്ലാത്ത ജില്ലകളിൽ ജില്ലാ ആശുപത്രികളെ റഫറൽ ആശുപത്രികളാക്കി മാറ്റേണ്ടതുണ്ട്. ഔഷധ വിപണിയിൽ ഗവൺമെന്റിന്റെ ഇടപെടൽ വേണ്ടത്ര പോരാ. ഗവൺമെന്റ് ഫലപ്രദമായി ഔഷധ വിപണിയിൽ ഇടപെട്ടാൽ ഇന്ന് മരുന്നിന്റെ വില കുതിച്ചുയരുന്നത് കുറേയൊക്കെ നിയന്ത്രിച്ചു നിർത്താൻ കഴിയും. ഉദാഹരണമായി, മെഡിക്കൽ കോളേജാശുപത്രിയിൽ ഒരു കൺസ്യൂമർ സ്റ്റോർ ഉണ്ട്. ആ സ്റ്റോറിലെ മരുന്നിന്റെ വിലയും പുറത്തുള്ള മെഡിക്കൽ സ്റ്റോറുകളിലുള്ള മരുന്നിന്റെ വിലയും തമ്മിൽ വളരെയധികം വ്യത്യാസമുണ്ട്. അതുകൊണ്ട് അത്തരം കൺസ്യൂമർ സ്റ്റോറുകൾ സ്ഥാപിച്ചുകൊണ്ട് പൊതുവിതരണ സമ്പ്രദായം ശക്തിപ്പെടുത്തി മരുന്നിന്റെ വില നിയന്ത്രിക്കാൻ ഗവൺമെന്റ് നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. ആയുർവേദ ഹോമിയോ വകുപ്പുകളിൽ പ്രത്യേക ഡ്രഗ് ഇൻസ്പെക്ടർമാരെ നിയമിച്ച് അത് സംബന്ധിച്ചുള്ള പോരായ്മകൾ പരിഹരിക്കാൻ നടപടി സ്വീകരിക്കണം. സഹകരണസ്ഥാപനങ്ങളെ കൂടുതലായി ആതുരശുശ്രൂഷാ രംഗത്തേയ്ക്ക് ആകർഷിക്കാനുള്ള നടപടികൾ കൈക്കൊള്ളണം.

LIBRARY ARCHIVES Kerala Legislative Assembly

കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്സ്-ന്റെ പേവാർഡുകളിൽ ആവശ്യത്തിന് നേഴ്സുമാരില്ല. മെച്ചപ്പെട്ട സൗകര്യങ്ങൾക്കുവേണ്ടിയാണ് കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്സ്-ന്റെ പേവാർഡുകളിലേയ്ക്ക് ആളുകൾ പോകുന്നത്. അവിടെയുള്ള രോഗികൾക്ക് രോഗം മൂർച്ഛിച്ചാൽ അവരെ നോക്കാൻ നേഴ്സുമാരില്ലാത്ത അവസ്ഥയാണുള്ളത്. ആ പോരായ്മ പരിഹരിക്കണം. സഹകരണ ബാങ്കുകളുടെ സഹായത്തോടുകൂടി കൂടുതൽ പേവാർഡുകൾ പണിയാനുള്ള നടപടി സ്വീകരിക്കണം. ഔഷധച്ചെടി ഉൽപ്പന്നങ്ങളുടെ അന്താരാഷ്ട്ര വില ഇൻഡ്യയിലുള്ള വിലയേക്കാൾ കുറഞ്ഞതാണെന്നാണ് ലോകബാങ്ക് നടത്തിയിട്ടുള്ള പഠനറിപ്പോർട്ട് വ്യക്തമാക്കുന്നത്. ഔഷധച്ചെടികളുടെ വില നിജപ്പെടുത്താൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഔഷധച്ചെടികളുടെ കൃഷിക്കും അവയിൽ നിന്ന് ഔഷധങ്ങളുടെ ഉൽപാദനത്തിനും, അവയുടെ വിപണനത്തിനുമൊക്കെ പര്യാപ്തമായ മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ ഗവൺമെന്റ് മുന്നോട്ടു വരണം.

ഫിഷറീസ് വകുപ്പിനെ സംബന്ധിച്ച് പ്രധാനപ്പെട്ട ഒന്നാണ് ട്രോളിംഗ് നിരോധനം. പക്ഷേ ട്രോളിംഗ് നിരോധിച്ചുകൊണ്ട് ഗവൺമെന്റ് നടപടി സ്വീകരിക്കുന്നുവെങ്കിലും ആ കാലയളവിൽ വിദേശക്കപ്പലുകൾ നമ്മുടെ സമുദ്രമേഖലകളിൽ വന്ന് വമ്പിച്ച തോതിൽ മീൻപിടുത്തം നടത്തുന്നതുകാരണം മത്സ്യക്കുഞ്ഞുങ്ങൾക്ക് വംശനാശം സംഭവിക്കുന്നു എന്നതാണ് റിപ്പോർട്ടുള്ളത്. കന്യാകുമാരി മുതൽ ഗോവ വരെയുള്ള അറബിക്കടലിൽ ഏതാണ്ട് 372 വിദേശക്കപ്പലുകൾ രാപ്പകലില്ലാതെ ട്രോളിംഗ് നടത്തി മീൻപിടുത്തം നടത്തുന്നു എന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. 15 കൂറ്റൻ ട്രോളറുകൾ കൊച്ചി തുറമുഖത്ത് ട്രോളിംഗിനുവേണ്ടി എത്തി എന്നു ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുണ്ട്. വിദേശ കപ്പലുകളുടെ ട്രോളിംഗ് നിരോധിക്കാൻ ശക്തമായി നടപടികൾ കേന്ദ്രഗവൺമെന്റിനെക്കൊണ്ട് സ്വീകരിപ്പിക്കാൻ സഭയുടെ ഇപ്പുറത്തിരിക്കുന്നവരും അപ്പുറത്തിരിക്കുന്നവരും ഒരുപോലെ മുന്നോട്ടു വരണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. മുരാരി കമ്മിഷൻ ശുപാർശയുടെ അടിസ്ഥാനത്തിൽ ഇനി പുതിയതായി ലൈസൻസ് കൊടുക്കില്ല എന്ന് കേന്ദ്രഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ടെങ്കിലും കൊടുത്ത ലൈസൻസ് റദ്ദ് ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. കൊടുത്ത ലൈസൻസ് റദ്ദ് ചെയ്യിക്കാനുള്ള നടപടി കേന്ദ്രഗവൺമെന്റിനെക്കൊണ്ട് സ്വീകരിക്കാൻ അപ്പുറത്തിരിക്കുന്നവരും ഇപ്പുറത്തിരിക്കുന്നവരും ഒരുപോലെ ശക്തമായ സമ്മർദ്ദം ചെലുത്തണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. മീൻപിടിത്തത്തിന് കടലിൽ പോയി കാണാതാകുന്ന മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങളുടെ സ്ഥിതി വളരെയധികം ദയനീയമാണ്. വിഴിഞ്ഞം, പൂവാർ, കരിങ്കുളം എന്നീ പ്രദേശങ്ങളെ ചുറ്റിപ്പറ്റി തെക്കൻ തീരപ്രദേശങ്ങളിൽ അടിക്കടി ഇത്തരം സംഭവങ്ങളുണ്ടായിക്കൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട ഫിഷറീസ് വകുപ്പുമന്ത്രിക്ക് നേരിട്ടറിയാവുന്നതാണ്. അത്തരത്തിലുള്ള സംഭവങ്ങളുണ്ടാകുമ്പോൾ അവരെ കണ്ടെത്താനുള്ള അത്യാധുനിക സൗകര്യങ്ങളും സംവിധാനവുമുള്ള സ്പീഡ് ബോട്ടുകൾ ധാരാളം ഈ രംഗത്തിറക്കാൻ കഴിയുന്ന രീതിയിലുള്ള കേന്ദ്രം വിഴിഞ്ഞത്ത് ആരംഭിക്കുമെന്ന് കുറേക്കാലമായി പറയുന്നുണ്ട്. ഇതുവരെ അതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. വിഴിഞ്ഞത്ത് അത്തരത്തിലുള്ള ഒരു കേന്ദ്രം തുറക്കുന്നതിന് നടപടികൾ സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. വളരെ വിവാദമായ ഒരു കാര്യമാണ് തീരദേശപരിപാലന നിയമം. അതിൽ ചില നല്ല വശങ്ങളും പോരായ്മകളുമുണ്ട്. നമ്മുടെ കടൽത്തീര പ്രദേശത്ത് ബിനാമി പേരിൽ പലരും സ്വത്തുക്കൾ സമ്പാദിച്ചുകൊണ്ടിരിക്കുകയാണ്. അതിൽ ചിലർക്ക് വിദേശ ചാര സംഘടനകളുമായി ബന്ധമുള്ളവരുണ്ടെന്ന്

LIBRARY ARCHIVES Kerala Legislative Assembly

Page 55 of 102

ഇടയ്ക്ക് ചില റിപ്പോർട്ടുകൾ സൂചിപ്പിച്ചിക്കുന്നുണ്ട്. ഇത് നമ്മുടെ രാജ്യത്തിന്റെ സുരക്ഷയ്ക്ക് തന്നെ ഭീഷണിയാണ്. അതുകൊണ്ട് തീരദേശപരിപാലന നിയമത്തിന്റെ എല്ലാ വശങ്ങളെക്കുറിച്ചും സമഗ്രമായ ഒരു ചർച്ച നടത്താനും അതനുസരിച്ചുള്ള പോരായ്മകൾ പരിഹരിക്കാനും നടപടികൾ സ്വീകരിക്കേണ്ടതാണ്. എല്ലാ അർത്ഥത്തിലും ഫിഷറീസ് വകുപ്പും ആരോഗ്യവകുപ്പും ഒരുമിച്ച് ചേർന്ന് തീരദേശവാസികളുടെ ആരോഗ്യ പ്രശ്നങ്ങളെയും അവരുടെ കുടിവെള്ളത്തിന്റെ പ്രശ്നങ്ങളെയും കുറിച്ച് കൈകാര്യം ചെയ്താൽ മാത്രമേ ആരോഗ്യമുള്ള ഒരു സമൂഹമായി നമുക്ക് അവരെ വളർത്തിയെടുക്കാൻ കഴിയൂ. ചെറുകിട തുറമുഖ വികസനത്തിനുവേണ്ടി നടപടികൾ സ്വീകരിക്കേണ്ടതാണ്. വിഴിഞ്ഞം തുറമുഖത്തിന് അന്താരാഷ്ട്ര നാവിക ഭൂപടത്തിൽ നിർണ്ണായകമായ സ്ഥാനമാണുള്ളത്. പക്ഷേ അതിന്റെ വികസനത്തിനുവേണ്ടി കാര്യമായ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. ഞാൻ നേരത്തേ സൂചിപ്പിച്ച ചാരസംഘടനകളും മറ്റും തീരപ്രദേശങ്ങളിൽ താൽപ്പര്യമെടുത്ത് പ്രവർത്തിക്കുന്നു എന്ന് റിപ്പോർട്ടുള്ള കാലഘട്ടത്തിൽ സൂക്ഷിക്കേണ്ടതാണ്. ബഹുരാഷ്ട്ര കുത്തക കമ്പനികളുമായി ബന്ധമുള്ള സ്വകാര്യകമ്പനികൾക്ക് നമ്മുടെ തുറമുഖങ്ങൾ വിട്ടുകൊടുക്കുന്നത് അത്ര ശരിയായ കാര്യമായി എനിക്ക് തോന്നുന്നില്ല. അതിനെക്കുറിച്ച് ഒരു പുനർചിന്തയ്ക്ക് ഗവൺമെന്റ് തയ്യാറാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഞാൻ ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽകൂടി പിന്താങ്ങിക്കൊണ്ട് നിർത്തുന്നു.

ശ്രീ. വി.ജെ: പൗലോസ് : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ ശക്തിയായി എതിർക്കുന്നു. കേരളത്തിലെ ഏറ്റവും വലിയ ഡിപ്പാർട്ടുമെന്റുകളിലൊന്നാണ് ആരോഗ്യവകുപ്പ്. എന്നാൽ നടത്തിപ്പിൽ ഏറ്റവും കൂടുതൽ അഴിമതിയും കെടുകാര്യസ്ഥതയും നിലനിൽക്കുന്ന ഒരു രംഗമായിട്ടാണ് വർഷങ്ങളായി ഈ ഡിപ്പാർട്ടുമെന്റിനെ കാണാൻ കഴിയുന്നത്. ഈ ഡിപ്പാർട്ടുമെന്റിൽ ആകെ നടക്കുന്നത് സ്ഥലംമാറ്റവും നിയമനവും മാത്രമാണ്. കാര്യങ്ങൾ യഥാസമയം നോക്കി നടത്താനുള്ള സംവിധാനമില്ല. മന്ത്രിക്കാണെങ്കിൽ അതിനൊട്ടും താല്പര്യമുള്ളതായി ഇതുവരെ തോന്നിയിട്ടില്ല. ഒരു ഡിപ്പാർട്ടുമെന്റിന്റെ അഭിവൃദ്ധിക്കുവേണ്ടി തുക അനുവദിക്കുന്ന കാര്യത്തിൽ മാർക്സിസ്റ്റുകാരല്ലാത്ത മന്ത്രിമാരോട് കാണിക്കുന്ന ചിറ്റമ്മനയം ഏറ്റവും കൂടുതൽ അനുഭവിക്കുന്നത് ഇന്ന് ആരോഗ്യരംഗത്താണ്. പ്രതികരിക്കാനുള്ള ശക്തി മന്ത്രിക്കില്ലാത്തതുകൊണ്ടും പ്രതികരിച്ചിട്ട് കാര്യമില്ലാത്തതുകൊണ്ടും മന്ത്രി ഒഴുക്കിനനുസരിച്ച് തുഴയുകയാണ്. വസ്തുത ഇതായിരിക്കെ പബ്ലിക് റിലേഷൻസ് ഡിപ്പാർട്ടുമെന്റ് ആരോഗ്യരംഗത്തെ സംബന്ധിച്ച് ഇറക്കിയിട്ടുള്ള ഒരു പ്രസിദ്ധീകരണത്തിന്റെ തലക്കെട്ടു തന്നെ 'ആരോഗ്യ രംഗത്ത് നവജീവൻ' എന്നാണ്. സത്യത്തിൽ ആരോഗ്യ രംഗത്ത് ഇപ്പോൾ കാണുന്നത് ഒരു മരണരോദനമാണ്. നമ്മുടെ വർത്തമാനപ്പത്രങ്ങൾ ഈ ഡിപ്പാർട്ടുമെന്റിനെ സംബന്ധിച്ച് പറഞ്ഞിട്ടുള്ള കാര്യങ്ങൾ ഇതാണ്. ആരോഗ്യവകുപ്പിൽ സാംക്രമിക രോഗമെന്ന് മന്ത്രി; ശസ്ത്രക്രിയ കാത്ത് ഗർഭിണികൾ തീയേറ്ററിൽ; തിയേറ്ററിൽ ഒരു നേഴ്സ് മാത്രം; കക്കൂസിൽ ഗർഭിണി പ്രസവിച്ചു; ആശുപത്രിയിലുള്ള മരുന്നിന് പുറത്തേയ്ക്ക് കുറിക്കുന്നു; തീരദേശ ആരോഗ്യ പദ്ധതി അവതാളത്തിലായി; ഓക്സിജന്റെ ക്ഷാമം മൂലം ശസ്ത്രക്രിയ മുടങ്ങുന്നു; ആരോഗ്യ വകുപ്പിൽ പി.എസ്.സി. യെ മറികടന്ന് നിയമനം; സർക്കാർ ആശുപത്രിയിലേക്കുള്ള ഔഷധങ്ങളിൽ പൊതുമേഖലാ സ്ഥാപനങ്ങളെ ഒഴിവാക്കുന്നു. ഇത് ഏതാനും ചില പത്രങ്ങളിൽ വന്നിട്ടുള്ള വാർത്തകളെപ്പറ്റിയുള്ള തലക്കെട്ടാണ്. എത്രയോ വാർത്തകൾ ഇതുപോലെ നമ്മുടെ ആരോഗ്യവകുപ്പിനെക്കു

LIBRARY ARCHIVES Kerala Legislative Assembly

റിച്ചും അവിടെ നടക്കുന്ന ചെയ്തികളെക്കുറിച്ചും അഴിമതികളെക്കുറിച്ചുമെല്ലാം നിത്യേന പത്രങ്ങളിൽ വന്നുകൊണ്ടിരിക്കുന്നു. പക്ഷേ അതിനെതിരായി ഒരു ചെറുവിരൽ പോലും അനക്കാനുള്ള നടപടി അല്ലെങ്കിൽ അതിനുള്ള ശക്തി നമ്മുടെ മന്ത്രിക്കുണ്ടോയെന്നുള്ള കാര്യത്തിലാണ് എനിക്ക് ഇപ്പോൾ സംശയം. പബ്ലിക് റിലേഷൻസ് ഡിപ്പാർട്ടുമെന്റ് ലഘുലേഖകൾ വളരെ ഭംഗിയായി അച്ചടിക്കുന്നു. വസ്തുത നേരെ മറിച്ചാണ്. നമ്മുടെ ആരോഗ്യ പരിപാലനരംഗം മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് പല കാരണങ്ങളാൽ ഒരു കാലഘട്ടത്തിൽ മുന്നിലായിരുന്നുവെന്ന് ഇവിടെ സൂചിപ്പിച്ചു. അതിന് കാരണം ഉയർന്ന സാക്ഷരതാ നിരക്ക്, ആയുർദൈർഘ്യ വർദ്ധനവ്, ശിശുമരണ നിരക്കിന്റെ കുറവ്, കൂടാതെ കുടുംബാസൂത്രണ രംഗത്തെ പ്രവർത്തനം, അവിടെയുണ്ടായിട്ടുള്ള മികച്ച പ്രകടനം, മലമ്പനി, പ്ലേഗ് നിർമ്മാർജ്ജനം ആദിയായവയാണ്. ഇന്ന് എന്താണ് സ്ഥിതി? 20 വർഷങ്ങൾക്കു മുമ്പ് നമ്മൾ നിർമ്മാർജ്ജനം ചെയ്ത മലമ്പനിയും പ്ലേഗും കേരളത്തിൽ തിരിച്ചുവന്നിരിക്കുന്നു. നമുക്കുണ്ടായിരുന്ന ഈ രംഗത്തെ സൽപ്പേര് ഇപ്പോൾ നഷ്ടമായിരിക്കുകയാണ്. പണ്ടുണ്ടായിരുന്ന സൽപ്പേരിനെക്കുറിച്ച് അഭിമാനിക്കാതെ, ഇപ്പോൾ ഈ രംഗത്തെ യാഥാർത്ഥ്യസ്ഥിതിയെന്താണെന്നുള്ളത് മനസ്സിലാക്കാതെ, ആ പഴയ സ്മരണകൾ അയവിറക്കുന്നതിലാണ് ഇപ്പോഴും നമ്മുടെ വകുപ്പിന്റെ തലപ്പത്തുള്ളവർക്ക് കൂടുതൽ താല്പര്യമെന്ന് ഞാൻ ഈ അവസരത്തിൽ ചൂണ്ടിക്കാട്ടുന്നു. നമ്മുടെ താലൂക്ക് ജില്ലാ ആശുപത്രികളുടെ സ്ഥിതിയെന്താണ്? ദുർഗന്ധം വമിക്കുന്ന അന്തരീക്ഷമാണ് ഇപ്പോഴുള്ളത്. ചോർന്നൊലിക്കുന്ന ഭിത്തികൾ, പൊട്ടിയൊഴുകുന്ന കക്കൂസുകൾ, ഇരുട്ട് തളം കെട്ടി നിൽക്കുന്ന മുറികൾ, നടുവൊടിഞ്ഞ കട്ടിലുകൾ, അറപ്പുളവാക്കുന്ന ബെഡ്ഷീറ്റുകൾ അങ്ങനെ ആർക്കും വെറുപ്പുളവാക്കുന്ന ഒരന്തരീക്ഷം. ഇതാണ് നമ്മുടെ എല്ലാ ആശുപത്രികളിലേയും സ്ഥിതി. അത്യാവശ്യത്തിന് ഒരാശുപത്രിയിലും മരുന്നില്ല. മരുന്നിന് കുറിക്കാൻ കടലാസില്ല. ഫസ്റ്റ് എയ്ഡ് ചെയ്യാൻ പഞ്ഞിയില്ല, കാലഹരണപ്പെട്ട മരുന്നുകളുടെ ഒരു കൂമ്പാരം. കേടുവന്ന ഉപകരണങ്ങൾ, കേടുവന്ന് നശിച്ചുകൊണ്ടിരിക്കുന്ന വാഹനങ്ങൾ, ആകെ ഒരു ശവപ്പറമ്പിന്റെ അന്തരീക്ഷമാണ് ജില്ലാ താലൂക്കാശുപത്രികൾ സന്ദർശിച്ചാൽ നമുക്ക് കാണാൻ കഴിയുന്നത്. ഈ സ്ഥിതി ആരോഗ്യരംഗത്ത് ഇനിയും തുടരാൻ അനുവദിക്കുന്നത് നമുക്ക് നല്ലതിനാണോയെന്നതിനെക്കുറിച്ചാണ് ചിന്തിക്കേണ്ടത്. പല ആശുപത്രികളിലും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും ഡോക്ടർമാരില്ല. ആവശ്യത്തിനുള്ള മരുന്ന് സമയത്തിന് എത്തിച്ചുകൊടുക്കുന്നില്ല, എത്തിച്ചു കൊടുക്കുമ്പോഴേക്കും കാലാവധി തീരുന്നതിനാൽ മരുന്നുകൾ ഉപയോഗശൂന്യമാകും, രോഗികളെ പരിശോധിക്കലും മരുന്നുകൾ കുറിക്കലും മാത്രമല്ല ഉത്തരവാദപ്പെട്ട ഡോക്ടർമാരുടെ ചുമതല. ആശുപത്രിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിൽക്കൂടി ഡോക്ടർമാർ ശ്രദ്ധിക്കേണ്ടതാണ്. കേടുവന്ന യന്ത്രങ്ങൾ നന്നാക്കണം. ശുചീകരണ പ്രവർത്തനങ്ങൾ നടപ്പിലാക്കണം, അറ്റകുറ്റപ്പണികൾ യഥാസമയം നടത്തണം. ഇതിന് പണം അത്യന്താപേക്ഷിതമാണ്. എല്ലാവർക്കും സൗജന്യമെന്നുള്ള മുദ്രാവാക്യത്തിന്റെ കാലഘട്ടം കഴിഞ്ഞിരിക്കുന്നു. ആശുപത്രിയുടെ പ്രവർത്തനത്തിനും മെയിന്റനൻസിനും ആവശ്യമുള്ള തുക സ്വരൂപിക്കുന്നതിന് ആശുപത്രിയിൽ വരുന്ന സാമ്പത്തിക ശേഷിയുള്ളവരിൽനിന്നും ഒരു ചെറിയ തുക ഈടാക്കുന്ന സമ്പ്രദായം കൊണ്ടുവരണം. എല്ലാത്തിനും സർക്കാരിലേയ്ക്ക് എഴുതി കാശു ചോദിക്കുക, അത് നടക്കാതിരിക്കുക എന്നതാണ് ഇന്നത്തെ ഒരു സ്ഥിതിവിശേഷം. ആ സ്ഥിതിവിശേഷത്തിന് മാറ്റം വരുത്തുന്നതിനാവശ്യമായ നടപടി

LIBRARY ARCHIVES Kerala Legislative Assembly

Page 57 of 102

സ്വീകരിക്കണം. സൗജന്യമെന്നുള്ള ആ പൊള്ളയായ മുദ്രാവാക്യം ഈ കാല ഘട്ടത്തിന് അനുയോജ്യമായിട്ടുള്ളതല്ല. അതിനൊരു മാറ്റം വരുത്തി നമ്മുടെ ആശുപത്രികളുടെ പ്രവർത്തനത്തിനും അത്യാവശ്യമായ നിത്യനിദാന ചെല വുകൾക്കും ആവശ്യമായിട്ടുള്ള വരുമാനം ആശുപത്രികളിൽ സ്വരൂപിക്കാൻ കഴിയുന്ന ഒരു സാഹചര്യം നമ്മുടെ സംസ്ഥാനത്തുണ്ടാക്കുന്നതിനാവശ്യമായ സംവിധാനമുണ്ടാക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

നമ്മുടെ മുഖ്യമന്ത്രിയടക്കമുള്ള മന്ത്രിമാർ ഇപ്പോൾ ഒരു വിദേശപര്യട നത്തിന്റെ ലഹരിയിലാണ്. മുഖ്യമന്ത്രി പല പ്രാവശ്യം പോയി, വിദ്യാഭ്യാസ വകുപ്പുമന്ത്രി പലപ്രാവശ്യം പോയി, ഇപ്പോൾ നമ്മുടെ വിദ്യുച്ഛക്തി വകുപ്പു മന്ത്രിയും പോയി. അവരൊക്കെ പോയത് കേരളത്തിൽ വ്യവസായം തുടങ്ങാ നാണെന്നാണ് പറയുന്നത്. കേരളത്തിൽ 100% വൈദ്യുതി കട്ട് ഏർപ്പെടുത്തി ക്കൊണ്ടാണ് പാശ്ചാത്യ രാജ്യങ്ങളിൽ സന്ദർശനം നടത്തി വ്യവസായികളെ ക്ഷണിക്കുന്നതിന് അവരെല്ലാം പോയത്. ഞാൻ അതിലേയ്ക്കു കടക്കുന്നില്ല. എന്നാൽ ആ കൂട്ടത്തിൽ നമ്മുടെ ആരോഗ്യവകുപ്പുമന്ത്രിയും അമേരിക്ക സന്ദർശിച്ചു. അദ്ദേഹത്തിന്റെ സന്ദർശനത്തെ സംബന്ധിച്ച് വലിയൊരു ദുരൂ ഹത അമേരിക്കയിലെ മലയാളികൾതന്നെ ഉന്നയിച്ചിരിക്കുകയാണ്. ഏതാ യാലും വ്യവസായികളെ ക്ഷണിക്കാനല്ല മന്ത്രി അമേരിക്കയിൽ പോയത്, നഴ്സുമാരുടെ സമ്മേളനത്തിൽ പങ്കെടുക്കാനാണ്. എങ്കിൽ എന്തുകൊണ്ട് നഴ്സുമാരുടെ സമ്മേളനത്തിൽ പങ്കെടുത്തില്ല എന്നുള്ള ചോദ്യം അവിടെ ഉദി ക്കുകയാണ്. നഴ്സുമാരുടെ സമ്മേളനത്തിൽ പങ്കെടുക്കാതെ അദ്ദേഹം എവി ടെയായിരുന്നു? അദ്ദേഹം ഡാലസ്സിലെ ഇൻഡ്യൻ നഴ്സസ് അസോസിയേ ഷന്റെ വാർഷിക സമ്മേളനത്തിൽ പങ്കെടുക്കാൻ പോയി. അതൊരു ചെറിയ യൂണിറ്റ് സമ്മേളനമായിരുന്നു. മേയ്മാസം 8-ാം തീയതി അദ്ദേഹം ഡാലസ്സിൽ എത്തിയതാണ്. 10-ാം തീയതി ഡാലസ്സിൽ നഴ്സസ് അസോസിയേഷന്റെ സമ്മേളനത്തിൽ മന്ത്രി പങ്കെടുത്തുവെങ്കിലും 11-ാം തീയതി ഹ്യൂസ്റ്റണിൽ നട ത്തിയ സമ്മേളനത്തിൽ മന്ത്രി പങ്കെടുത്തില്ല. നഴ്സുമാരുടെ സമ്മേളനത്തിൽ പങ്കെടുക്കാനായിരുന്നു മന്ത്രി പോയത്.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

ഹ്യൂസ്റ്റണിൽ സമ്മേളനം നടന്നുകൊണ്ടിരിക്കുമ്പോൾ അതിന്റെ സം ഘാടകർ അദ്ദേഹത്തെ ആവർത്തിച്ചു ഓർമ്മപ്പെടുത്തിയിട്ടും സമ്മേളനത്തിൽ പങ്കെടുക്കാതെ അതിന് വളരെയടുത്തുള്ള ഒരു ഇന്ത്യൻ റെസ്റ്റോറന്റിൽ നാലു മണിക്കൂർ നേരം മലയാളികളുടെ സാന്നിദ്ധ്യത്തിൽ 10 മണിവരെ അദ്ദേഹം ചെലവഴിച്ചു. ഈ മന്ത്രിയുടെ യാത്രാചെലവ് ആരാണ് വഹിച്ചത്? നമ്മുടെ ഗവൺമെന്റാണ്. മന്ത്രിയുടെ യാത്രാചെലവ് വഹിച്ചത് ഗവൺമെന്റാണെങ്കിൽ ഈ നഴ്സുമാരുടെ സംഘടനകളിൽ നിന്ന് യാത്രാചെലവ് ഈടാക്കിയതി നുള്ള ന്യായീകരണമെന്താണ്? ഇതു കേവലം ഉന്നയിക്കുന്ന ഒരു ആരോപണ മല്ല. അമേരിക്കയിലെ മലയാളികൾ അവിടെ മലയാള ഭാഷയിൽ അച്ചടിച്ചിറ ക്കുന്ന 'മലയാളി' എന്നു പറയുന്ന ഒരു പത്രത്തിൽ വന്നിട്ടുള്ള ആരോപണ മാണ്. ആ വാരികയിൽത്തന്നെ ഇതു സംബന്ധിച്ച് ആരോഗ്യ വകുപ്പുമന്ത്രി യുടെ 'ആയുർവേദ പ്രചാരണം' എന്നു പറഞ്ഞ് ഒരു മുഖപ്രസംഗം എഴുതിയി ട്ടുണ്ട്. അദ്ദേഹത്തിന്റെ യാത്രയെ സംബന്ധിച്ച് ദുരൂഹതകൾ ഏറെയുണ്ട്. അദ്ദേഹം അവിടത്തെ ഒരു ആയുർവേദ മരുന്നു കച്ചവടക്കാരനുമായി, ഏഴെട്ടു ദിവസം മലയാളി അസോസിയേഷനുകളുമായി ബന്ധപ്പെടാതിരുന്നുകൊണ്ട് സ്വകാര്യമായി അവിടെ താമസിച്ചതിനെ സംബന്ധിച്ചും പത്രത്തിൽ വാർത്ത

LIBRARY ARCHIVES Kerala Legislative Assembly

യില്ല, മുഖപ്രസംഗം കൂടി എഴുതിക്കൊണ്ടു വന്നിരിക്കുകയാണ്. അമേരിക്കയിലെ ഡാലസിലെ കേരള മലയാളി അസോസിയേഷൻ അദ്ദേഹത്തെ സ്വീകരണത്തിനു ക്ഷണിച്ചു. നിങ്ങൾ സ്വീകരണത്തിനു വരണം, മലയാളികളുമായി പരിചയപ്പെടണം, ഞങ്ങൾ ഏഴായിരം ഡോളർ കേരളത്തിലെ ഭവനരഹിതരായ ആളുകൾക്ക് മൈത്രീ ഭവന പദ്ധതിക്ക് സംഭാവന ചെയ്യാൻ സ്വരൂപിച്ചുവച്ചിട്ടുണ്ട്. അതു അങ്ങു വന്നു ഏറ്റു വാങ്ങിക്കൊണ്ട് പോകണമെന്നും അവർ ആവശ്യപ്പെട്ടു. അതിന് അദ്ദേഹത്തിനു സമയമുണ്ടായിരുന്നില്ല. നമ്മുടെ വിദേശ മലയാളികൾ സ്വരൂപിച്ചു വച്ചിരുന്ന ഏഴായിരം ഡോളർ സ്വീകരിക്കാൻ പോലും സമയം കണ്ടെത്താതെ, അമേരിക്കയിലെ അദ്ദേഹത്തിന്റെ യാത്രാ പരിപാടി തയ്യാറാക്കാതെ ഒരു ആയുർവേദ മരുന്നു കച്ചവടക്കാരന്റെ പരിപാടിയനുസരിച്ച് സ്വകാര്യ സന്ദർശനമാണ് അദ്ദേഹം നടത്തിയത്. ഈ ഗവൺമെന്റിന്റെ പ്രതിനിധിയായിട്ടോ, മലയാളി അസോസിയേഷന്റെ അതിഥിയായിട്ടോ അദ്ദേഹം പങ്കെടുക്കുന്നതായുള്ള ഒരു അറിവും അദ്ദേഹത്തിന്റെ സന്ദർശനത്തെ സംബന്ധിച്ചുണ്ടായിരുന്നില്ല. അതിനെ സംബന്ധിച്ച് വളരെ വലിയ ദുരൂഹതകൾ നിലനിൽക്കുകയാണ്. അദ്ദേഹം നേഴ്സസ് അസോസിയേഷനിൽ നിന്നു വാങ്ങിച്ച പണത്തെ സംബന്ധിച്ചുള്ള ആരോപണം ഈ വാരിക ഉന്നയിച്ചിരിക്കുന്നു. അതിന്റെ നിജസ്ഥിതി നമുക്ക് കണ്ടെത്തേണ്ട ഒരു സാഹചര്യം ഉണ്ടായിരിക്കുന്നു. അതുകൊണ്ടാണ് ഞാൻ ഈ പത്രം ചൂണ്ടിക്കാണിച്ചത്.

ശ്രീ. വി.സി. കബീർ : സർ, ആ പത്രം മേശപ്പുറത്തു വയ്ക്കണം.

ശ്രീ. വി.ജെ. പൗലോസ് : സർ, ആ പത്രം മേശപ്പുറത്തു വയ്ക്കാം. ആരോഗ്യരംഗത്തെക്കുറിച്ച് പറയുകയാണെങ്കിൽ 'പണ്ടു' മറ്റു സംസ്ഥാനങ്ങളിൽ നിന്നും തികച്ചും മെച്ചപ്പെട്ട പ്രവർത്തനങ്ങൾ കാഴ്ച വച്ചിരുന്ന ഒരു കാലഘട്ടം നമുക്ക് ഉണ്ടായിരുന്നു. ഇപ്പോൾ നമ്മുടെ ആശുപത്രികളിൽ എന്തു നടക്കുന്നു? ആശുപത്രികളിലെ ശോചനീയ സ്ഥിതി മനസ്സിലാക്കാൻ താല്പര്യമില്ലാത്ത ഒരു മന്ത്രി, അതു എങ്ങനെ നടന്നാലും വിരോധമില്ല എന്നുള്ള ഒരു സമീപനം വച്ചു പുലർത്തുന്ന ഒരു മന്ത്രി, അതു തീർച്ചയായും ആരോഗ്യരംഗത്തിന് ആരോഗ്യകരമല്ല, അനാരോഗ്യകരമാണ്. ഈ കാര്യത്തിൽ മാറ്റമുണ്ടാകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽ കൂടി എതിർക്കുന്നു.

ശ്രീ. കെ. പ്രകാശ് ബാബു : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഏതോ ഒരു അമേരിക്കൻ പത്രത്തിൽ വന്ന വാർത്തയെ ആശ്രയിച്ചുകൊണ്ട് ശ്രീ. വി.ജെ. പൗലോസ് ബഹുമാനപ്പെട്ട മന്ത്രിയെക്കുറിച്ച് നടത്തിയ പരാമർശങ്ങൾ അദ്ദേഹത്തിന് തന്നെ ഉത്തമ വിശ്വാസമില്ലാത്തതാണ് എന്നാണ് എനിക്ക് തോന്നുന്നത്. അമേരിക്കയിലെ സന്ദർശനവേളയിൽ യോഗത്തിൽ പങ്കെടുത്തതിനെ സംബന്ധിച്ചും മറ്റുമുള്ള അമേരിക്കയിൽ പ്രസിദ്ധീകരിച്ച ഒരു വാർത്താ മാധ്യമത്തെയാണ് അദ്ദേഹം ആശ്രയിച്ചത്. ഈ ഗവൺമെന്റിനെക്കുറിച്ചോ മന്ത്രിയെക്കുറിച്ചോ എന്തെങ്കിലും അഭിപ്രായ പ്രകടനങ്ങളോ ആരോപണങ്ങളോ ഉന്നയിക്കണമെങ്കിൽ അദ്ദേഹത്തിന് എറണാകുളം ജില്ലയിലേയോ കേരളത്തിലേയോ സംഭവവികാസങ്ങളെ ആശ്രയിക്കാമായിരുന്നു. അങ്ങനെയൊന്നുമില്ലാത്തതുകൊണ്ട് അദ്ദേഹത്തിന് അമേരിക്കയിലെ ഈ പത്രത്തെ ആശ്രയിക്കേണ്ടിവന്നു എന്നാണ് എനിക്ക് തോന്നുന്നത്. ആരോഗ്യ രംഗത്ത് കേരളം കൈവരിച്ചിട്ടുള്ള നേട്ടങ്ങൾ എന്നും ഇന്ത്യാ രാജ്യത്തിന് ഒരു മാതൃകയായി മാറിയിട്ടുണ്ട്. ലോക രാഷ്ട്രങ്ങളുടെ ശ്രദ്ധയെ

LIBRARY ARCHIVES Kerala Legislative Assembly

ആകർഷിക്കുവാൻ കഴിയുന്ന തരത്തിൽ കേരളം ആരോഗ്യരംഗത്ത് നേടിയെടുത്ത നേട്ടങ്ങൾ അയവിറക്കുമ്പോൾ, 1957-ൽ കേരളത്തിൽ അധികാരത്തിലിരുന്ന കമ്മ്യൂണിസ്റ്റു ഗവൺമെന്റിനേയും അന്നത്തെ ആരോഗ്യവകുപ്പുമന്ത്രിയായിരുന്ന ഡോ. എ.ആർ. മേനോനെയും അനുസ്മരിക്കാതെ പോകുന്നതു ശരിയല്ലെന്നാണ് എന്റെ പക്ഷം. ആ നേട്ടങ്ങളാണ് പിൽക്കാലത്ത് കേരളത്തിനും ഇന്ത്യാ രാജ്യത്തിനും മാതൃകയായി ഭവിച്ചത്. ഇന്നു കേരളം ആരോഗ്യ രംഗത്തു വലിയൊരു കുതിച്ചു ചാട്ടം തന്നെ നടത്തിയിട്ടുണ്ട്. എല്ലാ പഞ്ചായത്തുകളിലും പ്രാഥമിക ചികിത്സ കൊടുക്കാൻ കഴിയുന്ന വിധത്തിൽ കേരളം മാറിയിട്ടുണ്ട്. ചികിത്സയെ ഒരു മൗലിക അവകാശമായി മാറ്റിയെടുക്കുവാൻ 1957-ലെ ഗവൺമെന്റിനു കഴിഞ്ഞുവെന്നുള്ളതാണ് എടുത്തു പറയത്തക്ക നേട്ടം. ഇന്ന് ആ നേട്ടം നിലനിർത്തുന്നതിനുവേണ്ടി നാം പാടുപെടുകയാണ്. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെയും ഇപ്പോഴത്തെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെയും ആരോഗ്യരംഗത്തെ സംബന്ധിച്ചുള്ള കാഴ്ചപ്പാടുകളിൽ വളരെ വ്യത്യാസമുണ്ട്. ഈ രംഗം കൂടുതൽ ശ്രദ്ധിക്കുവാനും കേരളത്തിലെ മുഴുവൻ ജനങ്ങൾക്കും ആരോഗ്യരംഗത്തിന്റെ പ്രയോജനം ലഭ്യമാക്കുവാനും എപ്പോഴും ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ഗവൺമെന്റ് ശ്രമിച്ചിട്ടുണ്ട്. ഈ ധനാഭ്യർത്ഥനകളുടെ ചർച്ച നടക്കുമ്പോൾ, ഈ വർഷത്തെ ബഡ്ജറ്റു പരിശോധിച്ചാൽ നമുക്കറിയാം, മുൻ വർഷങ്ങളെ അപേക്ഷിച്ച്, ഈ വർഷം ഗവൺമെന്റ് 679 കോടി രൂപ ആരോഗ്യ രംഗത്തേയ്ക്ക് ബഡ്ജറ്റിൽ നീക്കിവച്ചിട്ടുണ്ട്. വികസന രംഗത്ത് അതിന്റേതായ മാറ്റങ്ങൾ ഈ ഗവൺമെന്റിന്റെ കാലത്തും യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്തുമുണ്ടായിട്ടുണ്ടെന്നു പറയുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. മുതൽ മുടക്കിനെ (Capital investment) സംബന്ധിച്ച് ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ ഗവൺമെന്റ് 1997-98-ലെ ബഡ്ജറ്റിൽ നീക്കി വച്ചിട്ടുള്ളത് 2071 ലക്ഷം രൂപയാണ്. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലഘട്ടങ്ങളിൽ 1991-92-ൽ 914 ലക്ഷം രൂപയായിരുന്നു. 1992-93-ൽ 910 ലക്ഷം രൂപ. ആ നിലയിലായിരുന്നു യു.ഡി.എഫ് ഗവൺമെന്റ് ആരോഗ്യരംഗത്തേയ്ക്കു തുക നീക്കി വച്ചത്. 1994-95-ൽ 2.99 ശതമാനം മാത്രമായിരുന്നത് ഇപ്പോൾ 3.17 ശതമാനത്തിൽ കൂടി 2071 ലക്ഷം രൂപ ഈ ഇനത്തിലേയ്ക്കു നീക്കിവയ്ക്കാൻ ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ഗവൺമെന്റിനു കഴിഞ്ഞത് ആരോഗ്യരംഗത്തെ സംബന്ധിച്ച് യു.ഡി.എഫ്., എൽ.ഡി.എഫ്. ഗവൺമെന്റുകളുടെ വ്യത്യസ്തമായ കാഴ്ചപ്പാടുകൾ, ദീർഘവീക്ഷണം അതു കാണിക്കുന്നുവെന്നു പറയാൻ ഞാൻ ഈ സന്ദർഭം ഉപയോഗിക്കുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 12 പി.എച്ച്. സെന്ററുകളും 26 ആയുർവേദ ഡിസ്പെൻസറികളും 10 ഹോമിയോ ഡിസ്പൻസറികളും പുതിയതായി അനുവദിച്ചു. 20 പി.എച്ച്. സെന്ററുകൾ കമ്മ്യൂണിറ്റി ഹെൽത്തു സെന്ററായി ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം അപ്ഗ്രേഡ് ചെയ്തു. ഇപ്പോൾ 72 ആശുപത്രികളെ ഫസ്റ്റ് റഫറൽ യൂണിറ്റുകളായി ഗവൺമെന്റ് പ്രഖ്യാപിച്ചുകഴിഞ്ഞു. വളരെ വലിയ മാറ്റം ആ രംഗത്ത് വരുത്തിക്കൊണ്ടിരിക്കുകയാണ്. ഈ 72 ആശുപത്രികളിലും കൂടുതൽ കൂടുതൽ ചികിത്സാ സൗകര്യങ്ങൾ ഗവൺമെന്റ് ഏർപ്പെടുത്തുകയാണ്. ഇന്നു ആശുപത്രികളിൽ ഉയർന്നു വരുന്ന ഏറ്റവും വലിയ പ്രശ്നങ്ങളാണ് മാലിന്യക്കൂമ്പാരങ്ങൾ. രോഗികളും കാണാൻ വരുന്നവരും കൂടെ ഇരിക്കുന്നവരും കഴിക്കുന്ന ഭക്ഷണം, അവർ പൊതിഞ്ഞു കൊണ്ടുവരുന്ന ഇല, കടലാസ്, പ്ലാസ്റ്റിക്, ഇവ മുഴുവൻ ഡംപു ചെയ്തു ആശുപത്രിയുടെ പരിസരം മാലിന്യങ്ങൾ നിറഞ്ഞ സ്ഥലങ്ങളായി മാറിക്കൊ

LIBRARY ARCHIVES Kerala Legislative Assembly

 Page 60 of 102

ണ്ടിരിക്കുന്നു. ആ മാലിന്യങ്ങൾ കത്തിച്ചു കളയുന്നതിനുവേണ്ടി ഇൻസിനറേറ്ററുകൾ വാങ്ങിക്കുവാൻ ഈ ഗവൺമെന്റ് അനുമതി കൊടുത്തു. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഒരു വർഷം ഏകദേശം മൂന്ന് ലക്ഷത്തിലധികം രോഗികൾ എത്തിച്ചേരുന്നുണ്ട്. ആ മെഡിക്കൽ കോളേജിൽ വർദ്ധിച്ചുവരുന്ന രോഗികളെ പൂർണ്ണമായ തോതിൽ അക്കോമഡേറ്റ് ചെയ്യുന്നതിന് പലപ്പോഴും കഴിയുന്നില്ല. ഇവിടെ ഒരു ഹോസ്പിറ്റൽ ഡെവലപ്മെന്റ് കമ്മിറ്റി പ്രവർത്തിക്കുന്നുണ്ട്. ഞാൻ അതിലൊരു കാര്യം ബഹുമാനപ്പെട്ട മന്ത്രിയുടെയും ഗവൺമെന്റിന്റെയും ശ്രദ്ധയിൽ കൊണ്ടുവരാൻ ആഗ്രഹിക്കുകയാണ്. സർ, ഇന്ന് മെഡിക്കൽ കോളേജിനും എസ്.എ.റ്റി. ഹോസ്പിറ്റലിനും, ഡെന്റൽ ഹോസ്പിറ്റലിനും കൂടി ഒരുമിച്ചുള്ള ഒരു ഡെവലപ്മെന്റ് കമ്മിറ്റിയാണ്. അത് മാറണം. അതു മാറി എസ്.എ.റ്റി. ഹോസ്പിറ്റലിന് പ്രത്യേകം കമ്മിറ്റിയും, ഡെന്റൽ ഹോസ്പിറ്റലിന് പ്രത്യേകം കമ്മിറ്റിയും, മെഡിക്കൽ കോളേജിന് പ്രത്യേകം കമ്മിറ്റിയും, അങ്ങനെ മൂന്ന് കമ്മിറ്റികൾ കോൺസ്റ്റിറ്റ്യൂട്ട് ചെയ്യുകയും അതാത് ആശുപത്രിയിൽ നിന്ന് ലഭ്യമാകുന്ന പണം അതാത് ആശുപത്രികളുടെ വികസനത്തിന് വിനിയോഗിക്കാൻ കഴിയുന്ന വിധം കൊണ്ടുവരുകയും ചെയ്യണമെന്നാണ് എന്റെ അഭിപ്രായം.

മി. സ്പീക്കർ : അങ്ങ് പറഞ്ഞതിൽ ഒന്നുകൂടി ഉണ്ട്, കണ്ണാശുപത്രി, അതും ഇതിന്റെ കീഴിലാണ് വരുന്നത്.

ശ്രീ. കെ. പ്രകാശ് ബാബു : ശരിയാണ്, കണ്ണാശുപത്രികൂടി ഉണ്ട്. ഈ നാല് ആശുപത്രികൾക്കും കൂടി ഒരു കമ്മിറ്റി എന്നു പറയുന്നത്, ആ കമ്മിറ്റിക്ക് കിട്ടുന്ന പണം, ഫലപ്രദമായി ഉപയോഗിക്കാൻ കഴിയാതെ പോകുന്നു എന്നുള്ള ഒരു വസ്തുതയുണ്ട്. ബഹുമാനപ്പെട്ട സ്പീക്കർ ഇത് നേരിട്ട് ബോദ്ധ്യമുള്ള ആളായതുകൊണ്ടാണ് അദ്ദേഹം ഇതു ചൂണ്ടിക്കാണിച്ചത്. ഇത് ചൂണ്ടിക്കാണിച്ചതിൽ എനിക്ക് അങ്ങേയറ്റം കൃതാർത്ഥതയുണ്ട്. സർ, ഇത് മാറണം, ഇത് മാറിയേ മതിയാകൂ. ഇപ്പോൾ സ്ത്രീകളെയും കുട്ടികളെയും ചികിത്സിക്കുന്ന എസ്.എ.റ്റി. ഹോസ്പിറ്റലിൽ വളരെ ദുരിതപൂർണ്ണമായ ജീവിതമാണ് അവിടത്തെ രോഗികൾക്കുള്ളത്. ടാങ്കർ ലോറികളിൽ കോർപ്പറേഷൻ എത്തിച്ചുകൊടുക്കുന്ന വെള്ളം മാത്രമാണ് ഇന്ന് ആശുപത്രിയിൽ വിനിയോഗിക്കാൻ കഴിയുന്നത്. എത്രയോ ഗുരുതരമായ ഒരു കാര്യമാണ്. ആ കോർപ്പറേഷൻ വണ്ടി ഒരു ദിവസം എസ്.എ.റ്റി. ഹോസ്പിറ്റലിൽ ചെന്നില്ലെങ്കിൽ അവിടെ വെള്ളം കിട്ടുകയില്ല. പുതിയ ജന്മം നല്കുന്ന ഒരു സ്ഥാപനമെന്നുള്ള നിലയ്ക്ക്, നൂറ് കണക്കിന് ഓപ്പറേഷൻ നടക്കുന്ന ഒരു സ്ഥാപനത്തിൽ വെള്ളമില്ല, വെളിച്ചമില്ല, അവിടെ ജനറേറ്റർ സ്ഥാപിക്കുന്നതിനുള്ള പരിശ്രമങ്ങൾ ഇപ്പോഴും നടന്നുവരുന്നതേയുള്ളു. ഈ ഗവൺമെന്റ് വന്നതിനുശേഷം ത്വരിതഗതിയിൽ അത് തുടങ്ങിയിട്ടുണ്ട്. പക്ഷെ ഇന്നുവരെയും ഇത് ഇൻസ്റ്റാൾ ചെയ്യാൻ കഴിഞ്ഞിട്ടില്ല. എസ്.എ.റ്റി ഹോസ്പിറ്റലിൽ വളരെ ദുരിതപൂർണ്ണമായ ജീവിതമാണ് അവിടെ എത്തിച്ചേരുന്ന രോഗികൾക്കുള്ളത്. അതിൽ മാറ്റം വരുത്താൻ കഴിയണം. അതുപോലെതന്നെ മറ്റ് ആശുപത്രികളുടെയും കാര്യം. ഞാൻ അത് സൂചിപ്പിക്കുന്നതു ഗവൺമെന്റ് കൂടുതലായി അതിന്റെ കാര്യം ശ്രദ്ധിക്കണം എന്നുള്ളതുകൊണ്ടാണ്. മറ്റൊരു കാര്യം ഒ.പി. തുടങ്ങുന്നത് രാവിലെ എട്ട് മണിക്കാണ്. രാവിലെ ഡോക്ടർ വന്ന് എട്ട് മണിക്ക് ഒ.പി. തുടങ്ങിയാൽ രോഗികൾക്ക് രക്തവും, യൂറിനും ഒക്കെ പരിശോധിക്കുന്നതിന് എഴുതി കൊടുക്കും. രോഗികൾ രക്തവും യൂറിനും എടുത്ത് കുപ്പിയിലാക്കി മണിക്കൂറുകളോളം വെച്ചുകൊണ്ട് നിൽക്കും. പത്ത് മണി കഴിഞ്ഞേ

LIBRARY ARCHIVES Kerala Legislative Assembly

Page 61 of 102

ലാബിലെ ടെക്നീഷ്യൻ വരുകയുള്ളു. ആ രണ്ട് മണിക്കൂർ കൊണ്ട് യൂറിന്റെ പല അംശങ്ങളും പോയെന്നുമിരിക്കും. അത് പരിശോധിക്കുമ്പോൾ പലതരത്തിലുള്ള അപാകതകളും ഉണ്ടാകാം. രോഗികളെ കൂടുതൽ രോഗികളാക്കുവാനേ ഇത് സഹായമാകുകയുള്ളു. എട്ട് മണിക്ക് ഒ.പി. തുടങ്ങിയാൽ എട്ട് മണിക്കുതന്നെ ലാബിന്റെ പ്രവർത്തനവും ആരംഭിക്കുവാനും ലാബ് ടെക്നീഷ്യൻമാർ വരുന്നതിനുമുള്ള നടപടി എടുക്കണമെന്നാണ് ഞാൻ പറഞ്ഞത്. വളരെ ഗൗരവമുള്ള ഒരു വിഷയമാണ്, ഗവൺമെന്റ് അക്കാര്യത്തിൽ ശ്രദ്ധിക്കണം എന്നാണ് എന്റെ അഭിപ്രായം. അതുകൊണ്ട് ഒ.പി. തുടങ്ങുന്ന സമയത്തുതന്നെ ലാബുകളുടെ പ്രവർത്തനവും ആരംഭിക്കത്തക്കനിലയിൽ അത് കൊണ്ടുവരുന്നതിനാവശ്യമായ നടപടികൾ എടുക്കണമെന്നാണ് ഞാൻ ഈ സന്ദർഭത്തിൽ ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുന്നത്. അതുപോലെ നമ്മുടെ എസ്.എ.റ്റി. ആശുപത്രിക്കും, കണ്ണാശുപത്രിക്കും, ശ്രീ ചിത്രയിലും ആർ.സി.സി.യിലും ഉള്ളതുപോലെ ഒരു പ്രത്യേക അഡ്മിനിസ്ട്രേറ്റീവ് സെറ്റ് അപ് ഉണ്ടാക്കുന്നതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കണം എന്നുകൂടി ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുന്നു. ഇന്ന് ആർ.സി.സി. മെഡിക്കൽ കോളേജിന്റെ പരിധിയിൽ നിന്ന് വിട്ടുമാറി നിൽക്കുന്നതുകൊണ്ട് തന്നെ ആർ.സി.സി.യ്ക്ക് ഒരു പ്രത്യേക അഡ്മിനിസ്ട്രേറ്റീവ് സെറ്റപ്പ് ഉള്ളതുകൊണ്ടും ഇന്ന് അത് നല്ല ശുചിത്വവും അതുപോലെതന്നെ നല്ല ട്രീറ്റ്മെന്റും ഡ്യൂ കെയറും രോഗികൾക്ക് ലഭ്യമാക്കുന്നുണ്ട്. അനാവശ്യമായ ഇടപെടലുകൾ ഇല്ലാത്തതിനാലാണ് ആർ.സി.സി. നല്ല നിലയിൽ പ്രവർത്തിക്കുന്നത്. കേരളത്തിലെ നല്ല ഒരു സ്ഥാപനം, മാതൃകാ സ്ഥാപനമായി നിലനിൽക്കുന്നു. അതേ രീതിയിൽ മറ്റ് രണ്ട് ഹോസ്പിറ്റലുകളെ കൂടി കൊണ്ടുവരുന്നതിന് ഗവൺമെന്റ് ശ്രമിക്കണം എന്നുകൂടി ഞാൻ ഈ സന്ദർഭത്തിൽ അഭ്യർത്ഥിക്കുകയാണ്. കാർഡിയോളജി യൂണിറ്റ്, ഇന്ന് കേരളത്തിൽ അതിനുള്ള ചികിത്സ ഇല്ല എന്നുതന്നെ പറയാം. ഹൃദയസംബന്ധമായ അസുഖം ബാധിച്ച് മെഡിക്കൽ കോളേജ് ആശുപത്രിയിൽ എത്തുന്ന രോഗികൾ ഇന്ന് ഭയത്തിലാണ് കഴിയുന്നത്. ഈ അടുത്തകാലത്ത് ഉണ്ടായിട്ടുള്ള സംഭവ വികാസങ്ങൾ കൊണ്ട് കൂടുതൽ ഭയം തോന്നുകയാണ്, അവിടെ ചെല്ലുന്ന ഒരു രോഗിക്ക് ആശ്വാസം ലഭിക്കുമെന്ന് കരുതാനേ നിവൃത്തിയില്ല. ലക്ഷക്കണക്കിന് രൂപ വിലയുള്ള എക്വിപ്മെന്റ്സ് ശ്രീചിത്രയിൽ കെട്ടികിടപ്പുണ്ട്. അത് ഉപയോഗിക്കാൻ ഡോക്ടർമാരില്ല. വൈദഗ്ധ്യമുള്ള ഡോക്ടർമാർ കേരളത്തിൽനിന്നും ഇൻഡ്യയ്ക്ക് വെളിയിലേക്കും തമിഴ്നാട്ടിലേയ്ക്കും പോകുന്നു. അവർക്ക് അർഹമായ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും കൊടുത്തു കൊണ്ടുതന്നെ അവരുടെ പ്രൈവറ്റ് പ്രാക്റ്റീസ് നിർത്തൽ ചെയ്യുന്ന കാര്യംകൂടി ഗവൺമെന്റ് ആലോചിക്കണം എന്ന് ഞാൻ ഈ സന്ദർഭത്തിൽ അഭ്യർത്ഥിക്കുകയാണ്. പ്രൈവറ്റ് പ്രാക്ടീസ് നിർത്താണമെന്ന് പറയുമ്പോൾ അവരുടെ മറ്റ് സേവന-വേതന ആനുകൂല്യങ്ങൾ ഗണ്യമായ തോതിൽ വർദ്ധിപ്പിച്ചുകൊണ്ടേ അതിലൊരു മാറ്റം വരുത്താൻ കഴിയൂ. ഇന്ന് ജില്ലാ ആശുപത്രികളുടെ സ്ഥിതി ഇതിനേക്കാളേറെ പരിതാപകരമാണ്. ജില്ലാ ആശുപത്രികളിലും വേണ്ടത്ര ഡോക്ടർമാരില്ല. അവിടത്തെ ഉപകരണങ്ങളെല്ലാം കേടായി കിടക്കുമ്പോൾ അത് നന്നാക്കുന്നതിന് ആവശ്യമായ സാമ്പത്തിക അധികാരം, അതാത് ജില്ലാ ആശുപത്രികളിലെ സൂപ്രണ്ടുമാർക്കോ, ഡി.എം.ഒ.മാർക്കോ, കൊടുത്ത് കൊണ്ടല്ലാതെ ഈ രംഗത്ത് ഒരു മാറ്റം വരുത്താൻ കഴിയുകയില്ല. അതിൽ 'പിശുക്കൻ മടിശ്ശീല അഴിക്കുന്ന' ആ ഒരു സമീപനം എടുക്കരുത്. അവർക്കാവശ്യമായ അധികാരങ്ങൾ കൊടുത്തുകൊണ്ടുതന്നെ ആ രംഗത്ത് മാറ്റം

LIBRARY ARCHIVES Kerala Legislative Assembly

Page 62 of 102

വരുത്തണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഇടുക്കി ജില്ലയിലെ നിരവധി ആശുപത്രികളെ കുറിച്ച് പത്രത്തിൽ വാർത്ത വരുന്നുണ്ട്. ഇടുക്കി ജില്ലയിലും വയനാട് ജില്ലയിലും ഡോക്ടർമാർ പോകാൻ തയ്യാറാകുന്നില്ല. എന്റെ മണ്ഡലത്തിൽ അച്ചൻകോവിൽ എന്ന സ്ഥലത്ത് ഡോക്ടറെ പോസ്റ്റ് ചെയ്താൽ പോകുകയില്ല. പി.എസ്.സി.യിൽ നിന്നും നിയമനം ലഭിക്കുന്നവരെ അങ്ങോട്ട് പോസ്റ്റ് ചെയ്യുമ്പോൾ ഏതെങ്കിലും മാർഗ്ഗമുപയോഗിച്ച്, ആരെയെങ്കിലും സ്വാധീനിച്ച് അവർ ട്രാൻസ്ഫർ വാങ്ങി വേറെ എവിടെയെങ്കിലും പോകുന്നു. അത് നിർത്തലാക്കാൻ കഴിയണ്ടേ? അത് നിർത്തലാക്കാൻ കഴിയണമെന്ന് മാത്രമേ ഞാൻ ഈ സന്ദർഭത്തിൽ പറയുന്നുള്ളു. ഗവൺമെന്റിന്റെ ശ്രദ്ധ ഇല്ലാത്തതുകൊണ്ടുമാത്രം ലക്ഷക്കണക്കിന് രൂപ പാഴാകുന്നു. സംസ്ഥാന ബജനാവിൽനിന്ന് എക്സ്റേ യൂണിറ്റിന് ചെലവാക്കിയ നാല്പതു ലക്ഷത്തോളം രൂപ പാഴായിപ്പോയി. 1990-ൽ 12 കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിലേയ്ക്ക് എക്സറേ വാങ്ങിക്കുന്നതിന് ഗവൺമെന്റ് പണം ചെലവാക്കി. കഴിഞ്ഞ അഞ്ചുവർഷം ഇവിടെ ഉണ്ടായിരുന്ന യു.ഡി.എഫ്. ഗവൺമെന്റ് ഒന്നും ചെയ്തില്ല. വിലപിടിച്ച എക്സ്റേ ഉപകരണങ്ങൾ ഇൻസ്റ്റാൾ ചെയ്യുന്നതിനെപ്പറ്റി കഴിഞ്ഞ ഗവൺമെന്റ് ആലോചിച്ചില്ല. അതിനാവശ്യമുള്ള കെട്ടിട സൗകര്യം ഉണ്ടാകണമെന്നഭ്യർത്ഥിക്കുന്നു. ഗ്രാമപ്രദേശങ്ങളിലെ പി.എച്ച്. സെന്ററുകളിൽ ആവശ്യമുള്ള ഡോക്ടർമാരെയും മറ്റ് സ്റ്റാഫുകളേയും നിയമിക്കുവാൻ ഈ ഗവൺമെന്റ് തയ്യാറാകണം എന്ന് ഞാൻ വിനീതമായി അഭ്യർത്ഥിക്കുയാണ്. അതുപോലെ ഞാൻ താമസിക്കുന്ന പഞ്ചായത്തിൽ ഒരു പി.എച്ച്. സെന്ററിൽ ഡോക്ടർ ട്രാൻസ്ഫർ ആയിട്ട് പോയപ്പോൾ ആശുപത്രി പൂട്ടിയിട്ടു. എന്താണെന്നുവച്ചാൽ പുതിയ ഡോക്ടർമാർക്ക് രാവിലെ ഒ.പി. മാത്രമേയുള്ളു എന്നാണ് അദ്ദേഹം പറയുന്നത്. അതുകൊണ്ട് അവിടെ ഇതുവരെയുണ്ടായിരുന്ന സമ്പ്രദായം മാറ്റി ആശുപത്രി പൂട്ടിയിടുകയും അവിടെയുണ്ടായിരുന്ന രോഗികളെ മുഴുവൻ അവിടെനിന്നും ഇറക്കി വിടുകയും ചെയ്തു. തിരുവനന്തപുരത്തായതുകൊണ്ട് പത്രത്തിൽ വാർത്ത വന്നപ്പോഴാണ് ഞാൻ അറിഞ്ഞത്. ഇതൊന്നും ഒരു ഗവൺമെന്റിനും ഭൂഷണമല്ല എന്ന് പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു. അതുകൊണ്ടുതന്നെ ഡോക്ടർമാരെയും മറ്റ് പാരാമെഡിക്കൽ സ്റ്റാഫിനേയും ആവശ്യാനുസരണം ഇൻപേഷ്യൻസുള്ള വാർഡുകളുള്ള ആശുപത്രിയിലേയ്ക്ക് കൊടുക്കണം എന്ന് അഭ്യർത്ഥിക്കുകയാണ്.

റൂറൽ ഡെവലപ്മെന്റിനെ സംബന്ധിച്ച് ഒരു കാര്യം മാത്രമേ പറയുന്നുള്ളു. റൂറൽ ഡെവലപ്മെന്റ് എന്നു പറയുന്ന ഇന്നത്തെ ഡിപ്പാർട്ടുമെന്റ് ആവശ്യമില്ല എന്നുള്ളതാണ് എന്റെ അഭിപ്രായം. അത് പഞ്ചായത്ത് വകുപ്പിൽ ലയിപ്പിക്കണമെന്ന് ഞാൻ ബഹുമാനപ്പെട്ട ഗവൺമെന്റിനോട് അഭ്യർത്ഥിക്കുന്നു. ഇപ്പോഴത്തെ സാഹചര്യത്തിൽ ഇങ്ങനെ ഒരു വകുപ്പിന്റെ ആവശ്യമില്ല. അതുപോലെതന്നെ ഡി.ആർ.ഡി.എ. എന്നു പറയുന്ന ഒരു അജഗളസ്തനം നിർത്തൽ ചെയ്യുന്നതിന് കേന്ദ്രഗവൺമെന്റിൽ ആവശ്യമായ സമ്മർദ്ദം ചെലുത്തിക്കൊണ്ട് ആ തീരുമാനം ഇൻഡ്യയിൽ വ്യാപിപ്പിക്കണമെന്നും കേരളത്തിൽ അതിന് തുടക്കം കുറിക്കണമെന്നും കൂടി ബഹുമാനപ്പെട്ട ഗവൺമെന്റിനോട് അഭ്യർത്ഥിച്ചുകൊണ്ട് ബന്ധപ്പെട്ട മന്ത്രിമാരോട് അഭ്യർത്ഥിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനയെ ഒന്നുകൂടി പിന്താങ്ങുന്നു.

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : സർ, ഇവിടെ അവതരിപ്പിക്കപ്പെട്ട ധനാഭ്യർത്ഥനകളെ ഞാൻ ശക്തിയായി എതിർക്കുന്നു. ഈ വകുപ്പുകൾക്കു വേണ്ടി ധനാഭ്യർത്ഥനകളുമായി ഈ സഭയ്ക്കു മുമ്പിൽ വരാൻ ബഹുമാന

LIBRARY ARCHIVES Kerala Legislative Assembly

പ്പെട്ട മന്ത്രിമാർക്ക് അവകാശമില്ല എന്നതാണ് യാഥാർത്ഥ്യം. എന്തിനാണ് ഈ വകുപ്പുകൾക്ക് പണം അനുവദിക്കുന്നത്? വളരെ മോശപ്പെട്ട രീതിയിലാണ് ഈ വകുപ്പുകളുടെ പ്രവർത്തനം നടക്കുന്നത്. ആരോഗ്യമേഖലയ്ക്ക് ഇത്ര മാത്രം രോഗം ബാധിച്ച ഒരു കാലഘട്ടം ഉണ്ടായിട്ടുണ്ടോ; ആരോഗ്യമേഖലയ്ക്ക് ഒരു മന്ത്രിയുണ്ടെന്ന് തോന്നത്തക്കവിധത്തിൽ അല്ല കാര്യങ്ങൾ നടക്കുന്നത്. അതുപോലെ ഫിഷറീസ് ഡിപ്പാർട്ടുമെന്റ് എന്ന് ഒന്നുണ്ടോയെന്ന് സംശയം തോന്നുകയാണ്. ആരോഗ്യവകുപ്പിന് ആകെ കുളമായി മാറിയിരിക്കുകയാണ്. ഫിഷറീസ് വകുപ്പാകട്ടെ ജനകീയ മത്സ്യകൃഷിയ്ക്കുവേണ്ടി കുളങ്ങൾ തെരഞ്ഞുകൊണ്ടിരിക്കുകയാണ്.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ : കലക്കവെള്ളത്തിൽ മീൻ പിടിക്കുക എന്നത് കേട്ടുകാണുമല്ലോ? വാസ്തവത്തിൽ മെമ്പറുടെ അഭിപ്രായത്തിൽ കുളമായി കിടക്കുന്ന ആരോഗ്യവകുപ്പിൽനിന്ന് മീൻ പിടിക്കാൻ ഫിഷറീസ് വകുപ്പ് മത്സ്യ തൊഴിലാളികളുടെ ആരോഗ്യമെന്നൊക്കെ പറഞ്ഞ് ശ്രമിക്കുന്നതായി തോന്നുന്നുണ്ടോ?

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : ഈ രണ്ടുവകുപ്പുകളിലും കലങ്ങിയ വെള്ളത്തിൽ മീൻ പിടിക്കാൻ ഉള്ള ശ്രമമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. ഫിഷറീസ് ഡിപ്പാർട്ടുമെന്റിൽ കഴിഞ്ഞ വർഷത്തെ എക്സ്പെൻഡിച്ചർ 30% ആണ്. ബഹുമാനപ്പെട്ട മന്ത്രി ഒരു പക്ഷേ കണക്കുകളിൽ 60% എന്ന് പറഞ്ഞേക്കും.. 30% മുതൽ 40% വരെയാണ് കഴിഞ്ഞ പ്രാവശ്യം പ്ലാൻ എക്സ്പെൻഡിച്ചർ ഉണ്ടായിരുന്നത്. ഇവിടെ സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് ഈ ആവശ്യത്തിനുള്ള പണം മാറ്റിക്കൊണ്ട് എക്സ്പെൻഡിച്ചർ 60% ആക്കി കാണിക്കും. അത് കണക്കുകളിലുള്ള കസർത്താണ്. മത്സ്യത്തൊഴിലാളി മേഖലയിലെ ക്ഷേമപ്രവർത്തനങ്ങളും വികസന പ്രവർത്തനങ്ങളുമെല്ലാംതന്നെ ചെറിയ ചില കാര്യങ്ങളിൽ മാത്രം ഒതുങ്ങിയിരിക്കുകയാണ്. ഇവിടെ മത്സ്യത്തൊഴിലാളികളുടെ മേഖലയിൽ ഒരുപാട് വികസന പ്രവർത്തനങ്ങൾ നടന്നിരുന്നു. ഫിഷറീസ് റോഡുകൾ, സ്കൂളുകൾ, ആശുപത്രികൾ എന്നിവയെല്ലാം ഉണ്ടായിരുന്നു. ഇന്ന് അതെല്ലാം നിലച്ചിരിക്കുകയാണ്. മത്സ്യ ഫെഡ് നടത്തുന്ന എഞ്ചിൻ വിതരണവും അതുപോലുള്ള ചില പരിപാടികളും ഒഴികെ ഇപ്പോൾ മറ്റൊന്നുമില്ല. പേരിനു ചില ഭവന നിർമ്മാണ പദ്ധതികളുമുണ്ട്. മാറിമാറി വരുന്ന സർക്കാരുകൾ മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനും വികസനത്തിനും വേണ്ടി ഒട്ടേറെ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിരുന്നു. അതിനായി സർക്കാർ ഖജനാവിൽനിന്ന് ഒട്ടേറെ പണവും ചെലവഴിച്ചിരുന്നു. ഇത്തരത്തിലുള്ള നടപടികളുണ്ടായിട്ടും ഇന്നും കേരളത്തിലെ മത്സ്യത്തൊഴിലാളികൾ പ്രശ്നങ്ങളുടെ തീരഭൂമിയിലാണ്. ഇത് പഞ്ഞമാസമാണ്, മത്സ്യത്തൊഴിലാളികൾ പട്ടിണിയിലാണ്. ഒരു ഭാഗത്ത് കടലാക്രമണം, മറുഭാഗത്ത് പട്ടിണി, അതോടൊപ്പം രോഗങ്ങളും. ഇങ്ങനെ ദുരിതങ്ങളുടെ നടുക്കടലിൽ കഴിയുന്ന മത്സ്യത്തൊഴിലാളികളെ മോചിപ്പിക്കാനുള്ള ബൃഹത്തായ പദ്ധതികളൊന്നുംതന്നെ ഈ ഗവൺമെന്റ് ആവിഷ്ക്കരിക്കുന്നില്ല എന്നത് ഖേദകരമാണ്. അതിനുള്ള നടപടികളുണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ആരോഗ്യരംഗത്ത് ഉണ്ടാക്കിയ നേട്ടങ്ങളുടെ പേരിൽ നമ്മൾ ഒരുപാട് അഭിമാനിച്ചിരുന്നു. പക്ഷേ ഇന്നത്തെ സ്ഥിതി എന്താണ്? ഈ നേട്ടങ്ങളുണ്ടാക്കാൻ കാരണമാക്കിയ നമ്മുടെ ആരോഗ്യ സേവന ശൃംഖല, ചികിത്സാ സൗകര്യങ്ങൾക്കുള്ള സബ് സെന്ററുകൾ, പ്രൈമറി ഹെൽത്ത് സെന്ററുകൾ, താലൂക്ക് ആശുപത്രികൾ, മെഡിക്കൽ കോളേജുകൾ എന്നീ സ്ഥാപനങ്ങൾ എത്രമാത്രം ശക്തമായിരുന്നു, ഇന്ന് അവയുടെ സ്ഥിതി

LIBRARY ARCHIVES Kerala Legislative Assembly

Page 64 of 102

എന്താണ്? ഇവയെല്ലാം തകർച്ചയെ നേരിട്ടുകൊണ്ടിരിക്കുകയാണ്. ഗവൺമെന്റ് ആശുപത്രികളിൽ ഇന്ന് ചികിത്സയ്ക്കായി ആരെങ്കിലും കടന്നുചെല്ലുമോ? അല്പം വിവരമുള്ള ആരും ഇന്ന് ചികിത്സയ്ക്ക് ഗവൺമെന്റ് ആശുപത്രിയിൽ പോകാറില്ല. അതുകൊണ്ടുതന്നെ ഇന്നത്തെ ആളുകൾ സ്വകാര്യമേഖലയെ ആശ്രയിക്കുന്നതിന് നിർബന്ധിതനാകുന്നു. എന്താണ് സ്വകാര്യമേഖലയുടെ സ്ഥിതി? അവിടെ ചികിത്സ എന്നത് കച്ചവടമായി മാറിയിരിക്കുന്നു. ചികിത്സയ്ക്ക് ഒരുപാട് ചെലവ് കൂടിയിരിക്കുകയാണ്. അതുകൊണ്ടുതന്നെ ആ മേഖലയിൽ പോയി ചികിത്സാ സൗകര്യങ്ങൾ നേടാൻ ഇന്ന് സാധാരണക്കാരന് കഴിയുകയില്ല. കേരളത്തെപ്പോലെ ദാരിദ്ര്യം കൂടുതൽ അനുഭവപ്പെടുന്ന ഒരു പ്രദേശത്ത് ഗവൺമെന്റ് ഫണ്ട് ചെലവഴിച്ച് ആരോഗ്യ പരിപാലനം നടത്തേണ്ടത് അത്യാവശ്യമാണ്. പൈമ്രറി ഹെൽത്ത് സെന്ററുകളുടെ സ്ഥിതിയെ സംബന്ധിച്ച് നമ്മുടെ സുഹൃത്തുക്കൾ പറയുകയുണ്ടായി. അതുപോലെ താലൂക്ക് ആശുപത്രികളുടെയും ജില്ലാ ആശുപത്രികളുടെയും സ്ഥിതിയെ സംബന്ധിച്ചും മെഡിക്കൽ കോളേജുകളുടെ സ്ഥിതിയെ സംബന്ധിച്ചും പറയുകയുണ്ടായി, ഇവയെല്ലാം വളരെ ദയനീയമാണ്. അഞ്ചു ജില്ലകളിലെ ഒരു കോടിയോളം വരുന്ന ജനങ്ങൾക്ക് ഏക ആശ്രയമാണ് കോഴിക്കോട് മെഡിക്കൽ കോളേജ്. അവിടത്തെ സ്ഥിതി നോക്കുകയാണെങ്കിൽ സ്പെഷ്യലിസ്റ്റുകളുടെ തസ്തിക മുഴുവൻ ഒഴിഞ്ഞുകിടക്കുകയാണ്. ഡിപ്പാർട്ടുമെന്റുകൾ പലതും പ്രവർത്തനരഹിതമാണ്. എക്യൂപ്മെന്റുകളൊന്നും പ്രവർത്തിക്കുന്നില്ല. പലതും എന്നും കേടുപാടായി പ്രവർത്തനരഹിതമായി കിടക്കുന്ന അവസ്ഥയാണ് അവിടെയുള്ളത്. ഐ.എം.സി.എച്ച്., മാതൃശിശു സംരക്ഷണ കേന്ദ്രത്തിന്റെ സ്ഥിതി വളരെ ദയനീയമാണ്. അവിടെ പോഷകാഹാര കുറവുമൂലം ഉണ്ടാകുന്ന രോഗങ്ങൾ, പോഷകാഹാര കുറവുമൂലം പ്രതിരോധശേഷി നശിച്ച രോഗികൾ, അതുപോലെ രക്താർബുദം ബാധിച്ച കുട്ടികളുടെ ചികിത്സ എന്നിവയ്ക്കായി പ്രത്യേക വാർഡ് ഉണ്ടായിരുന്നു. ന്യൂട്രീഷൻ റിഹാബിലിറ്റേഷൻ, ഹെമീറ്റോ ഓങ്കോളജി വാർഡ് കുറേക്കാലമായി അവിടെ പ്രവർത്തിച്ചിരുന്നു. അത് ഇന്ന് പ്രവർത്തിക്കുന്നില്ല. പലതരത്തിലുള്ള രോഗങ്ങളുള്ള ആളുകളെയും ജനറൽ വാർഡിലാണ് കിടത്തുന്നത്. പലവിധ രോഗങ്ങളുള്ള, പകർച്ചവ്യാധികളുള്ള രോഗികളുടെ ഇടയിൽ പ്രതിരോധശേഷി നശിച്ച രോഗികളെ കിടത്തുമ്പോൾ അവർക്ക് അണുബാധ ഉണ്ടാകുന്നു, അങ്ങനെയുള്ള ഒരുപാട് കേസുകൾ ഉണ്ടായിട്ടുണ്ട്. രക്താർബുദം ബാധിച്ച രോഗികളെ ജനറൽ വാർഡിൽ കിടത്തി അണുബാധമൂലം മരിച്ച ഒരുപാട് സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. കോഴിക്കോട് മെഡിക്കൽ കോളേജിന്റെ അടിയന്തിര പ്രാധാന്യമുള്ള പ്രശ്നങ്ങൾ പരിഹരിക്കാൻ അവിടെയുള്ള ജനപ്രതിനിധികൾ ഒരുപാട് തവണ ബഹുമാനപ്പെട്ട മന്ത്രിയോട് ആവശ്യപ്പെടുകയുണ്ടായി. എന്റെ സുഹൃത്ത് ശ്രീ. സി. മൊയീൻകുട്ടി ശ്രദ്ധക്ഷണിക്കലിലൂടെ ഇവിടെ അവതരിപ്പിക്കുകയുണ്ടായി. ഡോക്ടറായ ശ്രീ. എം.കെ. മുനീർ കോഴിക്കോട് മെഡിക്കൽ കോളേജിന്റെ ഒരുപാട് ആവശ്യങ്ങൾ മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തി. അതുപോലെ കോഴിക്കോടുള്ള മറ്റ് എം.എൽ.എ. മാരായ ശ്രീ. എളമരം കരീം, ശ്രീ. എ.വി. അബ്ദു റഹ്മാൻ ഹാജി ഇവരെല്ലാംതന്നെ പല തവണ കോഴിക്കോടുള്ള പ്രശ്നങ്ങൾ പരിഹരിക്കണമെന്ന് പറഞ്ഞു. കോഴിക്കോട് ജില്ലക്കാരനായ ഒരു മന്ത്രി ആരോഗ്യവകുപ്പിൽ ഉണ്ടായപ്പോൾ കോഴിക്കോട് മെഡിക്കൽ കോളേജിന് ന്യായമായ പരിഗണന ലഭിക്കുമെന്ന് കരുതുകയുണ്ടായി. എന്നാൽ ന്യായമായ പരിഗണനയല്ല, ക്രൂരമായ അവഗണനയാണ് ഉണ്ടായത് എന്നു പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ചെയ്യാൻ

LIBRARY ARCHIVES Kerala Legislative Assembly

കഴിയുന്ന കാര്യങ്ങൾപോലും ചെയ്യാൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകുന്നില്ല. എന്തിനാണ് അങ്ങയുടെ ജില്ലയിലെ ഒരു മെഡിക്കൽ കോളേജിനോട് ഇത്രമാത്രം അലർജി കാണിക്കുന്നതെന്ന് ഞാൻ ചോദിക്കുകയാണ്. ഇത് ശരിയല്ല, നമ്മുടെ ആരോഗ്യ മേഖല ഒട്ടേറെ പ്രശ്നങ്ങളെ അഭിമുഖീകരിച്ചുകൊണ്ടിരിക്കുകയാണ്. ഞാൻ വേൾഡ് ഹെൽത്ത് ഓർഗനൈസേഷന്റെ 1996-ലെ റിപ്പോർട്ടിലെ ആമുഖത്തിലെ ഏതാനും ചില വരികൾ വായിക്കുകയാണ്.

" We also stand on the brink of global crisies, infectious disease. In the case of infectious disease, no country is safe from it, no country can any longer afford to ignore that. Major disease such as Malaria, Tuberculosis are making a deadly come back in many parts of the world. In addition, HIV, AIDS and other new and highly infectious diseases such ebrola hemergic fever and emerging an unprecedented rise".

ഇത് കേരളത്തിനുതന്നെയുള്ള ഒരു മുന്നറിയിപ്പാണ്. നമ്മുടെ സ്ഥിതിയും ഇതുതന്നെയാണ്. നമ്മൾ ഉന്മൂലനം ചെയ്തുവെന്ന് കരുതുന്ന പകർച്ചവ്യാധികൾ പൂർവ്വാധികം ശക്തിയോടെ തിരിച്ചു വന്നിരിക്കുകയാണ്. ഈയടുത്ത കാലത്ത്. പല പ്രദേശങ്ങളിലും പകർച്ചവ്യാധികൾ ഭീതി വിതച്ചുകൊണ്ട് മരണം കൊയ്തപ്പോൾ നമ്മക്ക് നിസ്സഹായരായി നോക്കിനിൽക്കേണ്ടിവന്നു. നമുക്ക് അതിനെ പ്രതിരോധിക്കാൻ കഴിഞ്ഞില്ല എന്നുള്ളത് സത്യമാണ്. ഈ പ്രശ്നം ആരോഗ്യമേഖലയിലെ ഏറ്റവും വലിയ പ്രശ്നമായി നിലനിൽക്കുന്നു. അതോടൊപ്പംതന്നെ ഹൃദ്രോഗം നമ്മുടെ സംസ്ഥാനത്ത് വർദ്ധിച്ചുവരികയാണ്. 40 വയസ്സുള്ള ചെറുപ്പക്കാരന് ഹൃദ്രോഗം വളർന്നുവരുന്നുവെന്ന് ഈ രംഗത്തെ വിദഗ്ദ്ധൻമാർ ചൂണ്ടിക്കാണിക്കുന്നു. ഇതിന് വിദഗ്ദ്ധ ചികിത്സാ സൗകര്യങ്ങൾ ഉണ്ടാക്കിയെടുക്കുക എന്നത് നമ്മെ സംബന്ധിച്ചിടത്തോളം അസാദ്ധ്യമായ കാര്യമാണ്. ഗവൺമെന്റിനു ഇത്തരം സ്ഥാപനങ്ങൾ നടത്തിക്കൊണ്ടുപോകുവാൻ വളരെ പ്രയാസമാണ്. ഭീമമായ സംഖ്യ ചെലവുള്ളതാണ് ഇത്തരം സ്ഥാപനങ്ങളുടെ ചികിത്സ. അതുകൊണ്ടുതന്നെ ഗവൺമെന്റിന് ഇതിനുവേണ്ടി വഹിക്കാവുന്ന പങ്ക് വളരെ ചെറുതാണ്. അതോടൊപ്പംതന്നെ സ്വകാര്യമേഖലയെ ഇതിന് ആശ്രയിക്കാമെന്നുവച്ചാൽ സ്വകാര്യമേഖലയിൽ ചികിത്സയ്ക്കു വേണ്ടിവരുന്ന ചെലവ് സാധാരണക്കാരായ രോഗികൾക്ക് താങ്ങാൻ കഴിയുകയില്ല. വേൾഡ് ഹെൽത്ത് ഓർഗനൈസേഷൻ പറയുന്നത് പ്രിവൻഷനും കൺട്രോളിനും പ്രാധാന്യം കൊടുക്കണമെന്നാണ്. ഹൃദ്രോഗം വളർന്നുവരുന്നതിന് പ്രധാനപ്പെട്ട കാരണമായി പറയുന്നത് ലാക്ക് ഓഫ് ഫിസിക്കൽ എക്സർസൈസ്, നമ്മുടെ ഭക്ഷണരീതി, ജീവിത ശൈലി എന്നിവയാണ്. നമ്മുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ കായിക പരിശീലനത്തിനുള്ള ശ്രമങ്ങൾ അവസാനിപ്പിച്ചിരിക്കുകയാണ്.

ഈ രംഗത്ത് കാർഡിയോളജിസ്റ്റുകളുടെ സമ്മേളനം എറണാകുളത്തും തിരുവനന്തപുരത്തുമെല്ലാം നടന്നു. ആശുപത്രികൾക്ക് പ്രാധാന്യം കൊടുക്കുന്നതിനേക്കാൾ നല്ലത് രോഗം വരാതിരിക്കാൻ വേണ്ടി സ്കൂളുകളിൽ കായിക പരിശീലനം നടത്തണമെന്നതിനാണ്. ആളുകൾക്ക് ശരീരം ശ്രദ്ധിക്കാനുള്ള ബോധവൽക്കരണമുണ്ടാകണം. ശാരീരികമായി അധ്വാനിക്കുന്നതിന് താല്പര്യമുണ്ടാകണം. അതിനു ബോധവൽക്കരണമാണ് ആവശ്യം. ആ രീതിയിൽ കാര്യങ്ങൾ ചിന്തിക്കണം. ഇവിടെ പകർച്ചവ്യാധികൾ ഒരു വശത്ത്, സമ്പന്നൻമാരുടേതെന്നു പറയപ്പെടുന്ന രോഗങ്ങൾ മറുവശത്ത്. ഇതു രണ്ടും കേരളത്തെ രോഗാതുരമായ സമൂഹമാക്കി മാറ്റിയിരിക്കുകയാണ്. ആയുർദൈർഘ്യം കൂടിയ കാര്യത്തിൽ നമ്മൾ വളരെയധികം അഭിമാനിച്ചി

LIBRARY ARCHIVES Kerala Legislative Assembly

രുന്നു. എന്നാൽ നമുക്ക് നീട്ടിക്കിട്ടിയ വർഷങ്ങൾ രോഗങ്ങൾകൊണ്ട് കഷ്ടപ്പെടുന്ന വർഷങ്ങളാണ്. ഇവിടെ ആയുർദൈർഘ്യം എന്നതിനേക്കാൾ ആയുരാരോഗ്യ ദൈർഘ്യം എന്നതാണ് നാം ലക്ഷ്യമാക്കേണ്ടത്. എനിക്ക് പറയുവാനുള്ളത് നാം പുതിയ പ്രശ്നങ്ങൾ, പുതിയ വെല്ലുവിളികൾ നേരിട്ടുകൊണ്ടിരിക്കുകയാണ്. നാം നേരിടുന്ന വെല്ലുവിളികളെക്കുറിച്ച് അതുമായി ബന്ധപ്പെട്ട് വളരെ ഗവേഷണപരമായ ഒരു ലേഖനം ഇക്കണോമിക് ആന്റ് പൊളിറ്റിക്കൽ വീക്കിലിയിൽ വന്നത് ഞാൻ വായിക്കുകയാണ്. "The Kerala rank first among the States in India in term of literacy and educational attainment. There exists the unresearched problems. The ever increasing incidents of abortion, child prostitution, HIV +ve cases, suicides and accidents" ഇങ്ങനെ നമുക്ക് പുതിയ കുറെ പ്രശ്നങ്ങൾ ഉണ്ടായിരിക്കുകയാണ്. ഇവിടെ വൃദ്ധരായ ആളുകൾ കൂടിക്കൊണ്ടിരിക്കുകയാണ്. കേരളത്തിന് വയസ്സാവുകയാണ്. വൃദ്ധരായ ആളുകൾ കൂടുന്നതുകൊണ്ട് രോഗങ്ങളുടെ അനുപാതം മാറിക്കൊണ്ടിരിക്കുകയാണ്. കൂടുതൽ ചികിത്സ ആവശ്യമുള്ള, കൂടുതൽ ചെലവ് ആവശ്യമുള്ള ചികിത്സാ സംവിധാനങ്ങൾ ആവശ്യമുള്ള രോഗങ്ങൾ കൂടിവരികയാണ്. അതുകൊണ്ട് ഈ രംഗത്ത് പുതിയ വെല്ലുവിളികളെ നേരിടാനുള്ള ഒരു ശ്രമവും ഗവൺമെന്റിന്റെ പക്ഷത്തില്ല. അതിന് ഉതകുന്ന രീതിയിൽ പുതിയ ആരോഗ്യനയം പ്രഖ്യാപിക്കാൻ ഗവൺമെന്റ് തയ്യാറാകണം. പുതിയ സാഹചര്യങ്ങളും പുതിയ വെല്ലുവിളികളും നേരിടാൻ വേണ്ടിയുള്ള ശ്രമങ്ങൾ ഈ ഗവൺമെന്റ് നടത്തുന്നില്ല. അത് ഖേദകരമാണ്. അതുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽകൂടി എതിർക്കുന്നു.

ശ്രീ. ടി.കെ. ബാലൻ : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങുന്നു. എനിക്ക് തൊട്ടുമുമ്പ് പ്രസംഗിച്ച ശ്രീ. കെ. പ്രകാശ് ബാബുവിന്റെയും ശ്രീ. കുട്ടി അഹമ്മദ് കുട്ടിയുടെയും ആരോഗ്യമേഖലയിലുള്ള പ്രശ്നങ്ങളെ സംബന്ധിച്ചുള്ള നിലപാടിനോട് ഞാൻ യോജിക്കുകയാണ്. കാരണം കേരളത്തിലുള്ള പ്രധാനപ്പെട്ട നേട്ടങ്ങളിൽ ഒന്ന്, കേരള മോഡൽ എന്നുതന്നെ പറയാവുന്ന പൊതുജനാരോഗ്യരംഗത്ത് ആളുകൾ കാണിക്കുന്ന ശ്രദ്ധയായിരുന്നു. അതുകൊണ്ടു സർക്കാർ മേഖലയിൽതന്നെ നമുക്ക് അഭിമാനിക്കത്തക്കവിധത്തിലുള്ള ആതുര ശുശ്രൂഷാരംഗമുണ്ടായിരുന്നു. പക്ഷെ 1991-ൽ ഇൻഡ്യയിലാകെ നടപ്പിലാക്കിയിട്ടുള്ള സ്വകാര്യവൽക്കരണത്തിന്റെ ഏറ്റവും വലിയ ആഘാതം ആരോഗ്യമേഖലയെ പിടികൂടിയിരിക്കുകയാണ്. സർക്കാർ മേഖലയിലുള്ള ആശുപത്രികളും മറ്റ് പൊതുജനാരോഗ്യകേന്ദ്രങ്ങളുമൊക്കെ ദുർബ്ബലപ്പെട്ടുപോയിരിക്കുകയാണ്. കഴിഞ്ഞ ഒരു വർഷക്കാലമായി ഇടതുപക്ഷ ജനാധിപത്യ മുന്നണി ഈ ദുർബലപ്പെട്ടുപോയ സർക്കാർ മേഖലയെ പിടിച്ചുനിർത്താനുള്ള ശ്രമങ്ങളാണ് നടത്തിയിരിക്കുന്നത്. ആ രൂപത്തിൽത്തന്നെ നമ്മൾ പ്രശ്നങ്ങൾ കാണണം. ഇപ്പോൾത്തന്നെ പഞ്ചായത്തുകൾക്ക് കൊടുത്തിരിക്കുന്ന പ്ലാൻ ഫണ്ട് പരിശോധിച്ച് നോക്കുകയാണെങ്കിൽ 30 ശതമാനത്തോളം ആരോഗ്യമേഖലയിൽ ചെലവഴിക്കാൻ വേണ്ടി നൽകിയിരിക്കുകയാണ്. തീർച്ചയായും പൊതുജന സഹകരണത്തോടുകൂടി ഈ കർത്തവ്യം നിർവ്വഹിക്കണം. നമുക്ക് അഭിമാനമായ ആരോഗ്യമേഖലയെ ശരിയായ രൂപത്തിലേയ്ക്ക് കൊണ്ടുവരാൻ സാധിക്കണം. സ്വകാര്യവൽക്കരണത്തിന്റെ ആഘാതങ്ങൾ പരിശോധിച്ചു നോക്കുകയാണെങ്കിൽ, കേരളത്തിലെ പ്രശ്നങ്ങൾ പരിശോധിച്ചാൽ, നമ്മൾ പണ്ട് കൺട്രോൾ ചെയ്തുവെന്നു പറയുന്ന മലേറിയ, ടി.ബി., അതുപോലെയുള്ള മറ്റു നിരവധി സാംക്രമിക രോഗങ്ങൾ വീണ്ടും കേരളത്തിലേയ്ക്ക് തിരിച്ചുവരികയാണ്. അത് കേരളത്തിൽ മാത്ര

LIBRARY ARCHIVES Kerala Legislative Assembly

 Page 67 of 102

മുള്ള അവസ്ഥാവിശേഷമല്ല. സൂറത്തിൽ പ്ലേഗ് വന്നപ്പോൾ അതു സംബന്ധിച്ച അന്വേഷണ റിപ്പോർട്ട് വെളിവാക്കുന്നത് ഗവൺമെന്റ് മേഖലയിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും സാനിറ്റേഷൻ വർക്കിനുള്ളസംഖ്യ പോലും വളരെ കുറച്ചേ ഉള്ളു എന്നാണ്. അതെല്ലാം സ്വകാര്യമേഖലയെ ഏല്പിക്കാൻവേണ്ടിയുള്ള മുറവിളി വന്നിരിക്കുകയാണ്. സ്വകാര്യവൽക്കരണത്തിന്റെ ദുരന്തഫലങ്ങളായിരുന്നു സൂറത്ത് എന്ന് അതിന്റെ അന്വേഷണ റിപ്പോർട്ടിൽ വ്യക്തമായി പറഞ്ഞിട്ടുണ്ട്. അതുകൊണ്ട് കേരളത്തിൽ ഈ ദുരവസ്ഥ വരാതിരിക്കുവാൻ നമുക്ക് എന്തൊക്കെ ചെയ്യാൻ സാധിക്കുമെന്നത് നാം ഗൗരവമായി ആലോചിക്കണം. താഴെത്തട്ടിലുള്ള ഗ്രാമീണ ഡിസ്പെൻസറികൾ മുതൽ മേലെത്തട്ടിലുള്ള മെഡിക്കൽ കോളേജുകൾ വരെ എന്തെല്ലാം മാറ്റങ്ങൾ വരുത്തണമെന്നതുസംബന്ധിച്ച് ഇവിടെ ഗൗരവമായ ചർച്ചകൾ നടന്നിട്ടുണ്ട്. സ്വകാര്യ മേഖലയിൽ വരുന്ന ആരോഗ്യസ്ഥാപനങ്ങളെ സംബന്ധിച്ച് ബഹുമാനപ്പെട്ട പി.കെ.കെ. ബാവ ഒരു കാര്യം പറഞ്ഞു. ഞാൻ സ്വകാര്യമേഖലയൊന്നും വേണ്ട എന്നു പറയുകയല്ല. പക്ഷേ അങ്ങേയറ്റം ചൂഷണം നടക്കുകയാണ്. അവിടെ നടക്കുന്ന വെട്ടിപ്പുകളെയും മറ്റും സംബന്ധിച്ച് അദ്ദേഹം വിശദീകരിക്കുകയുണ്ടായി. എന്നാൽ ഇന്ന് കേരളത്തിലെ ഉൾനാടുകളിൽ പോലും ഒരു സംവിധാനവുമില്ലാത്ത ഒരു ചെറിയ വീടിന് നേഴ്സിംഗ് ഹോം എന്ന പേരിട്ട് കൂണുപോലെ പ്രൈവറ്റ് നേഴ്സിംഗ് ഹോമുകൾ തഴച്ചുവളരുകയാണ്. ഇത്തരത്തിലുള്ള, അനാരോഗ്യകരമായ, ആപൽക്കരമായ സ്വകാര്യ നേഴ്സിംഗ് ഹോമുകളെ തടയാൻ ആവശ്യമായ ഒരു നിയമനിർമ്മാണം കേരളത്തിലില്ല. ഇത് ഗൗരവമായി ഗവൺമെന്റ് ആലോചിക്കണം. സ്വകാര്യ നേഴ്സിംഗ് ഹോമിന് പഞ്ചായത്തിൽ നിന്ന് ലൈസൻസ് വാങ്ങിക്കണമെന്ന് വന്നപ്പോൾ അതിനെതിരായി സംഘടിതമായി നമ്മുടെ നാട്ടിലുള്ള നേഴ്സിംഗ് ഹോം ഉടമസ്ഥർ പ്രതികരിച്ചതാണ്. ഒരു കാരണവശാലും കേരള ഗവൺമെന്റ് വഴങ്ങരുത്. ഇത്തരത്തിലുള്ള ആപൽക്കരമായ, ജനങ്ങളെ ചൂഷണം ചെയ്യുന്ന സ്വകാര്യമേഖലയിലുള്ള നേഴ്സിംഗ് ഹോമുകളെ നിയന്ത്രിക്കാൻ ഫലപ്രദമായ നടപടി വേണം. ഇതു സംബന്ധിച്ച് അതിവേഗത്തിൽ നിയമനിർമ്മാണം കൊണ്ടുവരണം.

മറ്റൊരു കാര്യം പറയുകയാണെങ്കിൽ നമുക്ക് ചില നേട്ടങ്ങളുണ്ടായിട്ടുണ്ട്. 1984-നു ശേഷം കേരളത്തിൽ എക്സ്റ്റേർണൽ അസിസ്റ്റൻസ് വന്നുകൊണ്ടിരിക്കുകയാണ്. ലോകബാങ്കിൽ നിന്നും മറ്റു ചില ഏജൻസികളിൽ നിന്നും 36 കോടി രൂപ നമുക്ക് അടിയന്തിരമായി ലഭിച്ചുകഴിഞ്ഞിരിക്കുകയാണ്. കോഴിക്കോട് കോർപ്പറേഷനിൽ 12 കോടി രൂപ ചെലവാക്കി ആരോഗ്യ പരിപാലന കേന്ദ്രങ്ങൾ ശക്തിപ്പെടുത്താനുള്ള തീരുമാനമാണ് എടുത്തിരിക്കുന്നത്. മറ്റ് അഞ്ചു ജില്ലകളിലേയ്ക്ക് 24 കോടി രൂപ ഇത്തരത്തിൽ ചെലവാക്കാൻ തീരുമാനിച്ചു എന്നു കാണുന്നത് വളരെ സ്വാഗതാർഹമായ കാര്യമാണ്. ഗവൺമെന്റ് എടുത്ത പുതിയ തീരുമാനത്തിൽ 72 പി.എച്ച്.സി.കളെ ഫസ്റ്റ് റഫറൽ യൂണിറ്റുകളായി മാറ്റുകയാണ്. വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ് പി.എച്ച്.സി. കളെ ശക്തിപ്പെടുത്തി ഒന്നാംഘട്ട റഫറൽ യൂണിറ്റുകളായി മാറ്റുന്നത്. അതിനനുസൃതമായ എല്ലാവിധ സംവിധാനങ്ങളും അവിടെ കൊണ്ടുവരണം. ഗവൺമെന്റു തന്നെ ഇപ്പോൾ പ്രഖ്യാപിച്ചിട്ടുള്ളത്, 25 ലക്ഷം രൂപ ഓരോ പ്രൈമറി ഹെൽത്ത് സെന്ററിനും ചെലവാക്കി ഈ സംവിധാനം സ്ട്രെങ്തൻ ചെയ്യാൻ പോകുന്നു എന്നാണ്. അത് വളരെ സ്വാഗതാർഹമായ കാര്യമാണ്. മറ്റുചില കാര്യങ്ങൾ പറയുവാനുള്ളത്, നേഴ്സുമാരുടെയും ഹോസ്പിറ്റൽ സ്റ്റാഫിന്റെയും ജോലി സമയം എട്ടുമണിക്കൂറാക്കേണ്ടത് പടിപ്പ

LIBRARY ARCHIVES Kerala Legislative Assembly

ടിയായി ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. അത് പൂർത്തീകരിക്കാൻ അടിയന്തിരമായ നടപടി വേണം.

അതുപോലെ ഇവിടെ ട്രാൻസ്ഫർ നോംസ് പരിപാലിക്കുന്നില്ല എന്നു പറഞ്ഞു. പക്ഷെ കഴിഞ്ഞ പതിമൂന്നു മാസക്കാലമായി ആരോഗ്യമേഖലയിലെ ഏറ്റവും പ്രധാനപ്പെട്ട കാര്യം എന്താണെന്നു ചൂണ്ടിക്കാട്ടാനുണ്ടെങ്കിൽ അത് ട്രാൻസ്ഫർ നോംസ് സ്ട്രിക്ടായി ഫോളോ ചെയ്യുന്നു എന്നതാണ്. അതു സംബന്ധിച്ച് ഒരു പരാതിയും പത്രങ്ങളിൽ കാണാനില്ല. ഞാൻ ആരെയും വേദനിപ്പിക്കാൻ വേണ്ടിയോ മറ്റ് ഏതെങ്കിലും വിമർശനം ഉന്നയിക്കാനോ പറയുന്നതല്ല. കഴിഞ്ഞ അഞ്ചുവർഷക്കാലം അപ്പുറത്ത് എന്തായിരുന്നു സ്ഥിതി? അതിനെക്കുറിച്ച് ഇവിടത്തെ പ്രധാന പത്രങ്ങൾ എഴുതിയില്ലേ? ശ്രീ. കെ.ജി. ആർ. കർത്തായും ശ്രീ. രാമചന്ദ്രൻ നായരുമെല്ലാം ആരോഗ്യ വകുപ്പുമന്ത്രിയായിരുന്നപ്പോൾ ഡോക്ടർമാരും നേഴ്സുമാരും തലയിൽ കെട്ടുംവച്ചുകൊണ്ട് 'കർത്താവേ ശരണം' എന്നു വിളിച്ചുകൊണ്ട് സ്ഥലംമാറ്റത്തിനുവേണ്ടി ഇങ്ങോട്ട് വരികയായിരുന്നു. അത് അങ്ങേയറ്റം കുത്തഴിഞ്ഞ സ്ഥിതിവിശേഷമായിരുന്നില്ലേ? കഴിഞ്ഞ പതിമൂന്നുമാസക്കാലംകൊണ്ട് സ്ഥലംമാറ്റത്തിന് അംഗീകരിച്ചിട്ടുള്ള നോംസിൽ എന്തെങ്കിലും വലിയ വ്യതിയാനം വന്നുവെന്ന് ആർക്കെങ്കിലും ചൂണ്ടിക്കാണിക്കാൻ സാധിക്കുമോ?

സർ, ഇവിടത്തെ ഡിസ്ട്രിക്ട് ആശുപത്രികൾ സ്ട്രെങ്തെൻ ചെയ്യുന്ന കാര്യത്തെ സംബന്ധിച്ച് പറയുകയാണെങ്കിൽ അത്യാവശ്യമായിട്ടുള്ള ജീവൽ പ്രധാനമായിട്ടുള്ള മരുന്നുകൾ വാങ്ങുന്നതിനെ സംബന്ധിച്ച് ഒരുപാട് ആക്ഷേപങ്ങൾ വന്നുകൊണ്ടിരിക്കുകയാണ്. ഗവൺമെന്റിന്റെ കയ്യിൽനിന്ന് കാശ് കൊടുത്തിട്ടുപോലും ആശുപത്രി അധികൃതർ അത് ചെലവാക്കാത്ത അനുഭവം ചില കൂടിയാലോചനായോഗങ്ങളിൽ ഞങ്ങൾക്കുതന്നെ നേരിട്ട് അനുഭവപ്പെട്ടിട്ടുണ്ട്. പാവപ്പെട്ട ആളുകൾ ഇപ്പോഴും ഡോക്ടർമാർ എഴുതിക്കൊടുക്കുന്ന ചീട്ടിനെ ആശ്രയിക്കുകയെന്നുള്ള ഒരു ദുരവസ്ഥയുണ്ട്. അക്കാര്യത്തെ സംബന്ധിച്ച് വളരെ സ്ട്രിക്ടായിട്ടുള്ള ഒരു നിലപാട് ആരോഗ്യ വകുപ്പ് അധികൃതർ കൈക്കൊള്ളണമെന്നാണ് എനിക്ക് പറയാനുള്ളത്.

സർ, മറ്റൊരു കാര്യം സ്പെഷ്യലിസ്റ്റുകളെ കിട്ടാനില്ലെന്നുള്ളതാണ്. ജില്ലാ ആശുപത്രികളിലൊന്നും സ്പെഷ്യലിസ്റ്റുകളുടെ പ്രത്യേകം പോസ്റ്റില്ലെന്ന സാങ്കേതികത്വം അറിയാം. എന്താണ് അതിന്റെ പിന്നിലെന്ന് ചോദിച്ചാൽ സംഘടിതമായി ഹെൽത്ത് ഡിപ്പാർട്ടുമെന്റിലെ ഡോക്ടർമാർ ആരും തന്നെ അവരുടെ ബയോഡേറ്റ താഴോട്ട് കൊടുക്കുന്നില്ല. ഞാൻ ഒരു ഗൈനക്കോളജിസ്റ്റാണെന്നോ, പീഡിയാട്രീഷനാണെന്നോ, ഓർതോയുടെ ഡോക്ടറാണെന്നോ ഉള്ള ബയോഡേറ്റ താഴോട്ട് കൊടുക്കുന്നില്ല. അവിടെ സിവിൽ സർജന്റെയും അസിസ്റ്റന്റ് സിവിൽ സർജന്റെയുമൊക്കെ പോസ്റ്റായിരിക്കും. ബയോഡേറ്റ കിട്ടാത്തതുകൊണ്ട് ഡിപ്പാർട്ടുമെന്റിന് തന്നെ കൃത്യമായി ആവശ്യമുള്ള സ്പെഷ്യലിസ്റ്റുകളെ പോസ്റ്റ് ചെയ്യാൻ സാധിക്കുന്നില്ല. ചില ആശുപത്രികളിൽ ഗൈനക്കോളജിസ്റ്റുകളെക്കൊണ്ട് നിറഞ്ഞിരിക്കുകയാണ്. അതുപോലെ ഓർതോയേയും ഫിസിഷ്യനേയും കൊണ്ട് നിറഞ്ഞിരിക്കുകയാണ്. ചില സ്ഥലത്ത് സർജൻമാരെക്കൊണ്ട് നിറഞ്ഞിരിക്കുകയാണ്. മറ്റ് സ്പെഷ്യലിസ്റ്റുകളെ കിട്ടാനില്ലാത്ത സ്ഥിതിവിശേഷമുണ്ട്. ഇതിന് പരിഹാരം കാണണം. ഹെൽത്ത് ഡയറക്ടർ ഇക്കാര്യത്തെ സംബന്ധിച്ചിടത്തോളം വളരെ വ്യക്തമായ ഒരു നോംസ് ഇട്ട് വളരെ സ്ട്രിക്റ്റായിട്ട് അവരുടെ ബയോഡേറ്റ വാങ്ങിച്ച് ആവശ്യത്തിന് സ്പെഷ്യലിസ്റ്റുമാരെ പോസ്റ്റ് ചെയ്യുന്നതിന് ഗവൺ

LIBRARY ARCHIVES Kerala Legislative Assembly

മെന്റ് നടപടി സ്വീകരിക്കണം. എന്നാൽ മാത്രമേ ഇതൊക്കെ നന്നാക്കി എടുക്കാൻ സാധിക്കൂ.

സർ, മറ്റൊന്ന് ആശുപത്രികളെ സംബന്ധിച്ചിടത്തോളം ഇൻഫ്യൂഷൻ, പ്രത്യേകിച്ച് നോർമൽ സലൈനും ഗ്ലൂക്കോസ് സലൈനും ഒക്കെയുണ്ടാക്കാൻ മെഡിക്കൽ കോളേജ്, ജില്ലാആശുപത്രി, പി.എച്ച്.സി.-യിൽ പോലും മുമ്പ് അതിന്റെ ഉപകരണങ്ങളുണ്ടായിരുന്നതാണ്. ഇന്ന് അത് തിരിഞ്ഞുനോക്കാൻ ആളില്ല. ആളുകൾക്ക് എഴുതിക്കൊണ്ടിരിക്കുകയാണ്. ഇത്തരത്തിലുള്ള ഇൻഫ്യൂഷനുവേണ്ടിയുള്ള ആയിരക്കണക്കിന് പ്രിസ്ക്രിപ്ഷൻ പുറത്തുപോവുകയാണ്. ചുരുങ്ങിയ കാശ്കൊണ്ട് നമ്മുടെ ആശുപത്രികളിൽ നോർമൽ സലൈനും ഗ്ലൂക്കോസ് സലൈനും ഉണ്ടാക്കാൻ സാധിക്കും. അതിനുള്ള സംവിധാനം വീണ്ടും ഉണ്ടാക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. മെഡിക്കൽ കോളേജിലെ ടീച്ചേഴ്സിന്റെ പ്രാക്ടീസിനെ സംബന്ധിച്ച് പറഞ്ഞു. ഇതിനിടെ ഒരു പത്രത്തിൽ എഴുതി മെഡിക്കൽ കോളേജിലെ പ്രൊഫസർമാരുടെ വീട്ടിൽ രോഗികൾ ക്യൂ നിൽക്കുന്നതു നോക്കിയിട്ടാണ് ആ ഡോക്ടറുടെ സാമൂഹ്യ അംഗീകരണമെന്ന്. അയാൾ ചികിത്സിക്കാൻ മിടുക്കനാണോയെന്ന് തീരുമാനിക്കുന്നത് അയാളുടെ വീട്ടിലേ മുന്നിലെ ക്യൂ നോക്കിയിട്ടാണെന്നാണ് പറയുന്നത്. ഈ ദുരവസ്ഥയ്ക്ക് പരിഹാരമുണ്ടാക്കണം. മെഡിക്കൽ കോളേജ് എന്നു പറഞ്ഞാൽ കൂട്ടായ ഒരു ടീം നിരവധി ഇൻവെസ്റ്റിഗേഷൻ നടത്തി രോഗികളെ ചികിത്സിക്കേണ്ട സ്ഥലമാണ്. അവിടെ അതിന് പ്രൊഫസർമാർക്ക് സമയമില്ല. അവർ രോഗികളെ വേട്ടയാടുന്നതിനാണ് പോകുന്നത്. അവരുടെ വീട്ടിൽ പ്രൈവറ്റ് പ്രാക്ടീസാണ്. ഇതൊക്കെ ഒറ്റദിവസംകൊണ്ട് നിറുത്താൻ സാധിച്ചില്ലെങ്കിൽ പോലും അവർക്ക് നോൺ പ്രാക്ടീസിംഗ് അലവൻസ് കൊടുത്തുകൊണ്ട് ഇത് പടിപടിയായി ഇല്ലാതാക്കണം. ഒറ്റയടിക്ക് ഇല്ലാതാക്കാൻ സാധിക്കില്ല. പക്ഷേ, ഇത് വളരെ അനാരോഗ്യകരമായ ഒരു പ്രവണതയാണ്. ഇത് വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. അത് ഇല്ലാതാക്കണം.

സർ, മറ്റൊന്ന് ആയുർവേദമേഖലയിലെ സ്ഥിതിയെ സംബന്ധിച്ച് അവരുടെ ഒരു സംഘടന ഇന്ന് പ്രതികരിച്ചിരിക്കുന്നു. ആയുർവേദ ശാസ്ത്രപ്രകാരമുള്ള നിരവധി ശാഖകളുണ്ട്. അതൊന്നും ഇപ്പോൾ പ്രാക്ടീസ് ചെയ്യാൻ സാധിക്കുന്നില്ല. അവിടെയാകെ ആയുർവേദം സമം രസായന ചികിത്സ എന്നായി മാറിയിട്ടുണ്ടെന്നാണ് പറയുന്നത്. ഈ ദുരവസ്ഥ പരിഹരിക്കണം. ആയുർവേദ മേഖല സ്ട്രെങ്തൻ ചെയ്യണം. ആ മേഖലയിലെ എല്ലാ ശാഖകളിലും ഡോക്ടർമാർക്ക് പ്രാക്ടീസ് അനുവദിക്കത്തക്കവിധത്തിലുള്ള സംവിധാനം അടിയന്തിരമായി കൊണ്ടുവരണം. ആയുർവേദ കോളേജിലെ സ്റ്റാഫ് പാറ്റേൺ ശാസ്ത്രീയമായി പരിഷ്കരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

സർ, മറ്റൊരു കാര്യം ഹോമിയോയെ സംബന്ധിച്ചാണ്. അതിന്റെ മാഹാത്മ്യത്തെപ്പറ്റി പറയാത്ത ആളുകളില്ല. പക്ഷേ കേരളത്തിൽ ഹോമിയോക്ക് ഇനിയും വേണ്ടത്ര അംഗീകാരം കിട്ടിയിട്ടില്ല. ബഹുമാനപ്പെട്ട മന്ത്രി എല്ലാ പഞ്ചായത്തുകളിലും ഹോമിയോ, അലോപ്പതി, ആയുർവേദ ഡിസ്പൻസറികൾ സ്ഥാപിക്കുന്നുണ്ട്. അത് ശരിയാണ്. പക്ഷേ, എന്റെ ഒരനുഭവം ഞാൻ പറയാം. 48 ഹോമിയോ ഡിസ്പെൻസറികൾ കണ്ണൂർ ജില്ലയിലുണ്ട്. കാസർഗോഡ് 24 എണ്ണമുണ്ട്. പക്ഷേ, ഒരൊറ്റ ജില്ലാ ഓഫീസറാണുള്ളത്. അദ്ദേഹം 24 സ്ഥാപനങ്ങളുള്ള കാഞ്ഞങ്ങാടാണ് ഇരിക്കുന്നത്. അതുകൊണ്ട് എല്ലാ ജില്ലകളിലും ഹോമിയോ ഓഫീസുകൾ ഉണ്ടായിരിക്കണം. എന്നിട്ട്

LIBRARY ARCHIVES Kerala Legislative Assembly

Page 70 of 102

ഭരണപരമായ വികസനപ്രവർത്തനങ്ങൾ ശക്തിപ്പെടുത്താനുള്ള സംവിധാനങ്ങളുണ്ടാക്കണം.

സർ, അതുപോലെതന്നെ പോർട്ട് വികസനത്തെ സംബന്ധിച്ച് BOT സ്കീം പ്രകാരം പ്രധാനപ്പെട്ട ചെറിയ പോർട്ടുകളെ വികസിപ്പിച്ചെടുക്കാൻ വേണ്ടി ഗവൺമെന്റിന് സമയബന്ധിതമായി പരിപാടികളുണ്ട്. അത് നല്ല ഒരു കാര്യമാണ്. പക്ഷേ, ധാരാളം ജനങ്ങൾ തിങ്ങിപ്പാർക്കുന്ന സ്ഥലങ്ങളിലും 5,000 ഏക്കർസ്ഥലം വരെ ഒരു ചെറിയ പോർട്ട് വികസനത്തിന് വേണ്ടിവരുമെന്ന് ഭയപ്പെടുത്തുന്ന റിപ്പോർട്ടുകൾ വന്നുകൊണ്ടിരിക്കുകയാണ്. അതിൽ നിന്നെല്ലാം വ്യത്യസ്തമായ ഒരു സമീപനമെടുക്കണം. അതുമായി ബന്ധപ്പെട്ടുള്ള ഇൻഡസ്ട്രിയൽ യൂണിറ്റുകളൊക്കെ വളരെ അകലെയായാലും തരക്കേടില്ല. ബാർജ്ജുകളോ, ടെർമിനലുകളോ അവിടെത്തന്നെവേണം. അതിനാവശ്യമായ സ്ഥലങ്ങൾ എടുക്കണം. പക്ഷേ, ഇൻഡസ്ട്രിയൽ യൂണിറ്റ് സ്ഥാപിക്കുന്നതിനുവേണ്ടി ആ പോർട്ടിന്റെ അടുത്തുതന്നെ സ്ഥലംവേണമെന്ന് നിർബന്ധിക്കരുത്. കാരണം, ജനങ്ങളാകെ തിങ്ങിപ്പാർക്കുന്ന സ്ഥലമാണ്. വികസനത്തിന് അത്യാവശ്യമുള്ള സ്ഥലങ്ങൾ എടുക്കുന്ന കാര്യത്തെ സംബന്ധിച്ച് സർക്കാർ ഒരു പുനരാലോചന നടത്തണമെന്നാണ് എനിക്ക് പറയാനുള്ളത്.

സർ, മറ്റൊന്ന് ഗ്രാമവികസനവും ഫിഷറീസുമായി ബന്ധപ്പെട്ടിട്ടുള്ള കാര്യമാണ്. ഇവിടെ ഫിഷറീസിന്റെ ചർച്ച വന്നപ്പോൾ ശ്രീ. ഫ്രാൻസിസ് പേറുവിയൻ പരീക്ഷണത്തെപ്പറ്റി വാചാലമായി സംസാരിച്ചു. ഇവിടെ മത്സ്യം കിട്ടാത്തതിനെപ്പറ്റി അദ്ദേഹം പറഞ്ഞു. അയല കിട്ടുന്നില്ല, മത്തി കിട്ടുന്നില്ല എന്നൊക്കെ പറഞ്ഞു. അതുകേട്ടാൽ തോന്നും മന്ത്രി ശ്രീ. ടി.കെ. രാമകൃഷ്ണനും ഫിഷറീസ് ഡിപ്പാർട്ടുമെന്റുകാരുമൊക്കെ വാരിക്കൊണ്ടുപോയി എന്ന്. ആ രൂപത്തിലാണ് അദ്ദേഹം പ്രസംഗിച്ചത്. പെറുവിയൻ പരിഷ്ക്കരണത്തെപ്പറ്റി അദ്ദേഹം പറഞ്ഞപ്പോൾ 5 കൊല്ലക്കാലം അവിടെ മത്സ്യപ്രജനനം മര്യാദയ്ക്ക് നടത്താൻ വേണ്ടി ട്രോളിംഗ് ഇല്ലാതാക്കി എന്നാണ് പറഞ്ഞത്. നല്ല കാര്യമാണ്. അദ്ദേഹം അതിനെ സ്വാഗതം ചെയ്തു. പക്ഷേ, 1984 മുതൽ ഇങ്ങോട്ട് നമ്മുടെ ഈ മേഖലയിലുണ്ടായിട്ടുള്ള കാച്ചിനെ സംബന്ധിച്ചിടത്തോളമുള്ള സ്ഥിതിയെന്താണെന്ന് ഒന്നു പരിശോധിച്ചു നോക്കണം. അങ്ങനെ പരിശോധിച്ചാൽ നമുക്ക് ചില കാര്യങ്ങൾ മനസ്സിലാക്കാൻ സാധിക്കും. 1984-ൽ 2.6 ലക്ഷം ടണ്ണാണ് നമ്മൾ ഇവിടെ പിടിച്ചിരുന്നത്.

ശ്രീ. സി.പി. ബാലൻ വൈദ്യർ : സർ, അങ്ങ് മത്സ്യമേഖലയെപ്പറ്റി പറഞ്ഞല്ലോ? മത്സ്യത്തൊഴിലാളികൾക്ക് വളരെ തുച്ഛമായ വരുമാനമാണുള്ളത്. പക്ഷേ, നമ്മൾ മാർക്കറ്റിൽ നിന്ന് തീപിടിച്ച വിലയ്ക്കാണ് മത്സ്യം വാങ്ങുന്നത്. ഇടത്തട്ടുകാരാണ് നമ്മളേയും അവരേയും എല്ലാം ചൂഷണം ചെയ്യുന്നത്. അത് അവസാനിപ്പിക്കാൻ എന്തെങ്കിലും നിർദ്ദേശം അങ്ങേയ്ക്ക് ഗവൺമെന്റിന്റെ മുന്നിൽ വയ്ക്കാനുണ്ടോ?

ശ്രീ. ടി.കെ. ബാലൻ : സർ, 1987-ൽ 3.3 ലക്ഷം ടൺ മത്സ്യമാണ് ഇവിടെ കിട്ടിയിട്ടുള്ളത്. എന്നാൽ ട്രോളിംഗ് നിരോധനം 1988-ൽ നടപ്പിലാക്കിയപ്പോൾ ആ നിരോധനത്തിനുശേഷം 6.1 ലക്ഷം ടൺ മത്സ്യം നമുക്ക് പിടിക്കാൻ സാധിച്ചു. ബഹുമാനപ്പെട്ട ഫ്രാൻസിസ് പറഞ്ഞത് ശരിയാണ്. പിന്നീട് ഇങ്ങോട്ട് 1990-ൽ സർവ്വകാല റിക്കോർഡായിരുന്നു. 6.69 ലക്ഷം ടൺ മത്സ്യം പിടിക്കാൻ സാധിച്ചു. കാരണം പ്രജനനകാലത്ത് മത്സ്യ സമ്പത്തിനെ സംരക്ഷിച്ചുകൊണ്ട് Deep Sea Fishing, ട്രോളിംഗ് നിരോധിച്ചതിന്റെ ഭാഗമായിട്ടുള്ള വമ്പിച്ച നേട്ടമാണ്. ശാസ്ത്രീയമായ റിപ്പോർട്ടുകൾ ക്ഷണിച്ചുവരുത്തിക്കൊണ്ടാണ് 1987-ലെ ഗവൺമെന്റ് ആണ് അത് നടപ്പിലാക്കിയത്. ശ്രീ. ഫ്രാൻസിസ്

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞത് മുഴുവൻ ശരിയാണ്. 1991-നു ശേഷം ഇങ്ങോട്ട് കാച്ചിംഗ് വളരെ മോശമായിരുന്നു. 1991-നുശേഷം അത് 5 ലക്ഷം ടണ്ണിലേയ്ക്ക് താണു. പിന്നീട് വീണ്ടും താണുപോവുകയാണ്. അത് എന്തുകൊണ്ടാണ്? ആരുടെ നയംകൊണ്ടാണ്? അദ്ദേഹം ഇവിടെ അതുമാത്രം മറച്ചുവച്ചു. യഥാർത്ഥത്തിൽ 1991-നുശേഷം 292 ഡീപ് സീ ട്രോളിംഗിന് ലൈസൻസ് കൊടുത്തത് ആരായിരുന്നു? ഇപ്പോൾ നരസിംഹറാവുവിനെപ്പറ്റി പത്രത്തിലൊക്കെ കണ്ണിൽ മഷിയിട്ടു നോക്കിയാലും നരസിംഹറാവു എന്നുള്ള രണ്ട് പദം കാണാനില്ല. ആ നയമായിരുന്നില്ലേ? അത് മറച്ചുവയ്ക്കേണ്ട കാര്യമുണ്ടോ? മുരാരി കമ്മിഷൻ റിപ്പോർട്ട് പോലും വരാനുള്ള കാരണം നിങ്ങൾക്ക് അറിയാമോ? ഇൻഡ്യയിലാകെ രാഷ്ട്രീയാഭിപ്രായ വ്യത്യാസമന്യേ കേന്ദ്രഗവൺമെന്റിലെ നരസിംഹറാവു 292 ഡീപ് സീ ട്രോളിംഗിന് ലൈസൻസ് കൊടുത്തതിന് എതിരായി സടകുടഞ്ഞുകൊണ്ട് കോസ്റ്റൽ ഏരിയായിലെ പാവപ്പെട്ട മുഴുവൻ ആളുകളും ട്രേഡ് യൂണിയനും മുന്നോട്ടുവന്നു. ഒറീസ്സയിൽ നിങ്ങളുടെ ആളുകളും കൂടി അതിൽ പങ്കെടുത്തിരുന്നു. ശ്രീ. ജെ.പി. പട്നായിക് കൂടി അന്ന് അതിനുവേണ്ടി വാദിച്ചിരുന്നു. ഇല്ലെന്ന് ഞാൻ പറയുന്നില്ല. അങ്ങനെയാണ് മുരാരി കമ്മിഷൻ വന്നത്. മുരാരി കമ്മിഷൻ നടപ്പിലാക്കണമെന്ന് ഈ നിയമസഭ ഏകകണ്ഠമായി ഇവിടെ പാസാക്കിയതാണ്. ഉള്ള ലൈസൻസ് റദ്ദ് ചെയ്യണം; ഇനി ലൈസൻസ് കൊടുക്കാൻ പാടില്ലെന്ന് പറഞ്ഞു. കേന്ദ്രത്തിലെ ഇപ്പോഴത്തെ ഗവൺമെന്റ് ഒരു കാര്യം ചെയ്തു. ഇനി ഭാവിയിൽ ആർക്കും ലൈസൻസ് കൊടുക്കുകയില്ല, ഇപ്പോൾ ലൈസൻസ് കൊടുത്തിടത്തോളം തുടരുമെന്ന് പറഞ്ഞു. അത് പോര. കേരള ഗവൺമെന്റ് നിവേദനം കൊടുത്തത് ഇപ്പോഴുള്ള 292 എണ്ണത്തിന്റേത് അതിന്റെ കാലാവധി തീരുന്നതിനുമുമ്പു തന്നെ ക്യാൻസൽ ചെയ്യണമെന്നാണ് പറഞ്ഞിട്ടുള്ളത്. അതിൽ ഞങ്ങൾ ഉറച്ച് നിൽക്കുന്നു. ബഹുമാനപ്പെട്ട ഫ്രാൻസീസും ഉറച്ച് നിൽക്കുന്നുവെന്നാണ് ഞാൻ മനസ്സിലാക്കുന്നത്.

സർ, മറ്റൊരുകാര്യം പറയാനുള്ളത് ജനകീയ മത്സ്യക്കൃഷിയെക്കുറിച്ചാണ്. നമ്മുടെ ഫിഷറീസ് ഡിപ്പാർട്ടുമെന്റിന് സാദ്ധ്യതകളില്ലാത്തതുകൊണ്ടാണോ? നമ്മുടെ ഫിഷറീസ് ഡിപ്പാർട്ടുമെന്റിന്റെ ഔദ്യോഗിക നയം തന്നെ ഇപ്പോൾ പ്രഖ്യാപിച്ചിട്ടുള്ളത് ഇത് ഉല്പാദിപ്പിക്കുന്ന അല്ലെങ്കിൽ മത്സ്യം പിടിക്കുന്ന തൊഴിലാളികൾക്ക് ശ്രീ. സി.പി. ബാലൻ വൈദ്യർ പറഞ്ഞതുപോലെ പരമാവധി കാശ് കിട്ടണമെന്നാണ്. ഇടത്തട്ടുകാരെ ഒഴിവാക്കണം. പരമാവധി ഉത്പാദനം ഈ മേഖലയിൽ ഉണ്ടാകണം. അതനുസരിച്ചാണ് ജനകീയ മത്സ്യക്കൃഷി വികസനം ഈ ഗവൺമെന്റ് ഇപ്പോൾ പ്രഖ്യാപിച്ചിട്ടുള്ളത്. പതിനായിരം ഹെക്ടർ സ്ഥലത്താണ് അത് കൊണ്ടുവരാൻ പോകുന്നത്. 777 പഞ്ചായത്തുകളിലും 33 മുനിസിപ്പാലിറ്റികളിലും അത് കൊണ്ടുവരാൻ പോവുകയാണ്. 24,000 മത്സ്യക്കൃഷിക്കാർക്ക് അതിനുവേണ്ടി ഈ ആറുമാസക്കാലത്തിനിടയ്ക്ക് ട്രെയിനിംഗ് കൊടുത്തുകഴിഞ്ഞു. കൊച്ച് സംസ്ഥാനമാണ് കേരളം. നമുക്ക് ഏറ്റവും കൂടുതൽ കടൽത്തീരമുണ്ട്. നല്ല മത്സ്യസമ്പത്തുമുണ്ട്. ജപ്പാനിൽപോലും കിട്ടാത്ത അപൂർവ്വമായ നല്ല മത്സ്യങ്ങൾ ഏറ്റവും കൂടുതൽ ഇവിടെ കിട്ടുന്നതാണ്. ആ രൂപത്തിലുള്ള മത്സ്യക്കൃഷി എന്തുകൊണ്ട് ഇവിടെ ലാഭമാകുന്നില്ല? ശ്രീ. സി.പി. ബാലൻ വൈദ്യർ ചോദിച്ചതുപോലെ പാവപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് എന്തുകൊണ്ട് കാശ് കിട്ടുന്നില്ലയെന്നുള്ളതാണ്. അതിനുള്ള പരിഹാരമാണ് ഇപ്പോൾ ജനകീയ പങ്കാളിത്തത്തോടുകൂടി കരയിലുള്ള മത്സ്യക്കൃഷി വിപുലപ്പെടുത്തുക എന്നുള്ളത്. കൊച്ച് കേരളത്തിൽ എത്ര ഫിഷറീസ് ടെക്നോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് ഉണ്ടെന്ന് അറിയാമോ?

LIBRARY ARCHIVES Kerala Legislative Assembly

എത്ര ഗവേഷണ സ്ഥാപനമുണ്ടെന്ന് അറിയാമോ? ഇൻഡ്യയിൽ മറ്റൊരു സംസ്ഥാനത്തും ഇതുപോലെയില്ല. ഒറീസ്സയിലും കർണ്ണാടകയിലും മഹാരാഷ്ട്രയിലും ഗുജറാത്തിലുമില്ല. അവർക്കെല്ലാം നല്ല കടലോരമുണ്ട്. ഇവിടെ നമുക്ക് സി.ഐ.എഫ്.ഡി.യും സി.എം.എഫ്.ആർ.ഐ.യും എം.പി.ഡി.എ.യും ഉണ്ട്. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓഷ്യാനോഗ്രാഫിയും ഇന്റഗ്രേറ്റഡ് ഫിഷറീസ് പ്രോജക്ടും ഫിഷറീസ് സർവ്വേ ഓഫ് ഇൻഡ്യയും ഫിഷറീസ് കോളേജുകളുമുണ്ട്.

സർ, ഇവിടെയൊക്കെയുള്ള എല്ലാ തരത്തിലുള്ള വിദഗ്ദ്ധൻമാരെയും വിദ്യാർത്ഥികളെയും ടെക്നീഷ്യൻസിനെയും ശാസ്ത്രജ്ഞൻമാരെയും ഉപയോഗപ്പെടുത്തിക്കൊണ്ടാണ് ഈ ഗവൺമെന്റ് മത്സ്യക്കൃഷി വിപണനത്തിനു വേണ്ടി, വിശേഷിച്ചും ജനകീയ മത്സ്യക്കൃഷി വിപണനത്തിനുവേണ്ടിയുള്ള പ്രോജക്റ്റുകൾ ഉണ്ടാക്കിയിട്ടുള്ളത്. എല്ലാവരുടെയും സഹകരണത്തോടെ ഇത് നേടിയെടുക്കാൻ സാധിച്ചാൽ 30,000 ടൺ മത്സ്യം നമുക്കുണ്ടാക്കാൻ കഴിയും. 50,000 കുടുംബങ്ങൾക്ക് ജോലികൊടുക്കാൻ കഴിയും. ഇത്രയും ബൃഹത്തും സ്വാഗതാർഹവുമായ ഒരു സ്കീം ഇതുവരെ ഉണ്ടായിട്ടില്ല. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ തൊപ്പിയിലെ ഒരു തൂവലായിട്ട് വരാൻ പോവുകയാണ് ഈ ജനകീയ മത്സ്യക്കൃഷിയെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

പട്രോളിംഗിനുവേണ്ടിയും അപകടം പറ്റിയാൽ ആളുകളെ രക്ഷിക്കാൻ വേണ്ടിയും ഫിഷറീസ് ഡിപ്പാർട്ടുമെന്റിൽ 5 റസ്ക്യൂ ബോട്ടുകൾ ഉണ്ടായിട്ടുണ്ട്. ആ അഞ്ചു ബോട്ടുകളും കൊച്ചിൻ ഷിപ്പ്യാർഡിൽവച്ചാണ് ഉണ്ടാക്കിയിട്ടുള്ളത്. അത് അഞ്ച് സ്ഥലത്ത് എത്തിയപ്പോൾത്തന്നെ അനങ്ങുന്നില്ല. അത് കേടാണ്. അതിന്റെ സ്കിപ്പർമാർ പുറത്തിറങ്ങുന്നില്ല. ബോട്ട് എടുക്കുന്നില്ല. എന്റെ നിയോജകമണ്ഡലത്തിൽ അത്തരത്തിലൊരു ബോട്ട് കൊണ്ടുവന്നിട്ടുണ്ട്. ഈ കഴിഞ്ഞ ചൊവ്വാഴ്ച അവർ വന്ന് അത് റിപ്പയർ ചെയ്തു. നാലാമത്തെ തവണയാണ് ഈ മുടിഞ്ഞ റിപ്പയർ ചെയ്യുന്നത്. അടിയന്തിരമായി ഇതിനെപ്പറ്റി സമഗ്രമായി അന്വേഷിച്ചുകൊണ്ട് ഈ കാലവർഷക്കാലത്ത് എന്തെങ്കിലും അപകടമുണ്ടായാൽ കടലിലേയ്ക്ക് അയയ്ക്കാൻ ഈ റസ്ക്യൂ ബോട്ടുകൾ ശരിയാക്കി വയ്ക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

സർ, ഇവിടെ നമ്മുടെ ഐസ് പ്ലാന്റിനെക്കുറിച്ചും പീലിംഗ് ഷെഡ്ഡിനെക്കുറിച്ചു പറഞ്ഞു. എന്റെ നിയോജകമണ്ഡലത്തിൽ കണ്ടാൽ സങ്കടം തോന്നും, ഇതിന്റെ യന്ത്ര ഭാഗങ്ങളാകെ തുരുമ്പുപിടിച്ചു പോവുകയാണ്. അടിയന്തിരമായി ഫിഷറീസ് ഡിപ്പാർട്ടുമെന്റിനെക്കൊണ്ടോ അല്ലെങ്കിൽ മറ്റേതെങ്കിലും സംവിധാനത്തിലൂടെയോ ഈ ഐസ് പ്ലാന്റുകൾ റിവൈവ് ചെയ്യാൻ സാധിക്കുമോയെന്ന് നോക്കണം. ഡിപ്പാർട്ടുമെന്റിലെ ഇച്ഛാശക്തിയുള്ള ഓഫീസർമാരെ വച്ചുകൊണ്ട് ഇത് വീണ്ടും നന്നാക്കിയെടുക്കുന്നതിന് ഗവൺമെന്റ് വേണ്ടത് ചെയ്യണമെന്നാണ് ഈ കാര്യത്തെക്കുറിച്ച് എനിക്ക് പറയാനുള്ളത്.

സർ, ഗ്രാമീണമേഖലയിലുണ്ടായിട്ടുള്ള ഗ്രാമവികസനത്തെക്കുറിച്ചു കുറെ കാര്യങ്ങൾ പറയാനുണ്ട്. നമ്മുടെ ഗ്രാമപഞ്ചായത്തും, ബ്ളോക്ക് പഞ്ചായത്തും ജില്ലാ പഞ്ചായത്തും വന്ന സമയത്ത് ഒന്നുമല്ല ബ്ലോക്ക് പഞ്ചായത്ത് എന്നല്ലേ പറഞ്ഞു കേട്ടത്. എന്നാൽ അത് സ്ട്രെങ്തൻ ചെയ്യാൻവേണ്ടി ഫലപ്രദമായ നടപടിയെടുത്തിട്ടുള്ളത് ഗ്രാമവികസന വകുപ്പുമന്ത്രി ശ്രീമാൻ ടി.കെ. രാമകൃഷ്ണനാണെന്ന് നമുക്ക് അഭിമാനത്തോടുകൂടി പറയാൻ സാധിക്കും. പഞ്ചായത്തുകൾക്ക് കൊടുത്തിട്ടുള്ള പണത്തിന്റെ 83%, ഏകദേശം 227 കോടി രൂപ ഈ പഞ്ചായത്തുകൾക്ക് ഈ സ്കീമിലൂടെ ചെലവാക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

Page 73 of 102

കൊടുത്തു. മാത്രമല്ല, തൊഴിൽ ഉറപ്പു പദ്ധതി 21 ബ്ലോക്കുകളിലുള്ളത് കേരളത്തിൽ 152 ബ്ലോക്കുകളിലും നടപ്പാക്കി. നമ്മുടെ ഡി.ആർ.ഡി.എ. യിൽ ബ്ലോക്കുപഞ്ചായത്ത് പ്രസിഡന്റുമാരെ നോമിനേറ്റ് ചെയ്തു. എനിക്ക് ചില അഭിപ്രായങ്ങൾ ഇതിൽ മുന്നോട്ടുവയ്ക്കാനുണ്ട്. ഡി.ആർ.ഡി.എ-കളെ സംബന്ധിച്ചിടത്തോളം ഇവിടെ ശ്രീ. പ്രകാശ് ബാബു ചില കാര്യങ്ങൾ പറഞ്ഞു. അതിനെപ്പറ്റി ഗവൺമെന്റ് നയപരമായ തീരുമാനമെടുക്കുന്നതോടൊപ്പം തന്നെ ഇന്നുള്ള ഡി.ആർ.ഡി.എ. യുടെ ഘടനയിൽ സമൂലമായ മാറ്റങ്ങൾ അടിയന്തിരമായി ഉണ്ടാക്കണം. ഇന്ന് ചീഫ് എക്സിക്യൂട്ടീവായി കളക്ടർ അവിടെ വിരാജിക്കുകയാണ്. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പ്രിസൈഡ് ചെയ്യുകമാത്രമാണ് ചെയ്യുന്നത്. ആ സ്ഥിതി പോയി പഴയ ജില്ലാ കൗൺസിലുണ്ടായിരുന്ന കാലത്തെ സൊസൈറ്റി ആക്ടുപ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള അതേ ഭരണഘടന റീപ്ളേസ് ചെയ്യണമെന്ന് ഞാൻ പറയുകയാണ്.

സർ, ഞാൻ ആരോഗ്യപരിപാലനവുമായി ബന്ധപ്പെട്ട് പറഞ്ഞപ്പോൾ പരിയാരം മെഡിക്കൽ കോളേജിനെപ്പറ്റി പറയാൻ വിട്ടുപോയി. ഒരു നിയമനിർമ്മാണം നടത്തിക്കൊണ്ട്, ഒരു ബിൽ അവതരിപ്പിച്ചുകൊണ്ട് പരിയാരം മെഡിക്കൽ കോളേജ് താൽക്കാലികമായി ടേക്കോവർ ചെയ്ത ഈ ഗവൺമെന്റിനെ അങ്ങേയറ്റം അഭിനന്ദിക്കുകയാണ്. അത് കഴിഞ്ഞതിനുശേഷം ഇവിടെ അതിനെപ്പറ്റി ചർച്ച നടന്ന സമയത്ത് മെറിറ്റ് സീറ്റ് 50 ശതമാനമേയുള്ളു, അവിടെ എൻ.ആർ.ഐ. സീറ്റുണ്ടാകുമോ, കാശ് കൊടുക്കുന്ന സീറ്റിന്റെ സ്ഥിതി എന്താണ് എന്നൊക്കെ ചോദിച്ചു. ഗവൺമെന്റ് നയപരമായ തീരുമാനം ആ കാര്യത്തിലെടുത്തു. 50% മെറിറ്റ് സീറ്റ്, 35 ശതമാനത്തോളം വരുന്ന ഡൊണേഷൻ സീറ്റ്, 15 % എൻ.ആർ.ഐ. സീറ്റ് എന്നുള്ളത് ഇല്ലാതാക്കി 100 ശതമാനവും അവിടെ മെറിറ്റ് സീറ്റാക്കിയിരിക്കുകയാണ്. പാവപ്പെട്ട കർഷകത്തൊഴിലാളികളുടെയും ബീഡിത്തൊഴിലാളികളുടെയും നെയ്ത്തു തൊഴിലാളികളുടെയും പ്രതിഭാശാലികളായ മക്കൾക്ക് മെഡിക്കൽ കോളേജിൽ വരാൻ വേണ്ടി ഈ ഗവൺമെന്റ് വഴിതുറന്നു കൊടുത്തിരിക്കുകയാണ്. ശ്രീ. എം.വി. രാഘവന്റെ പരിപാടിയല്ല അവിടെ നടക്കുന്നതെന്ന് നിങ്ങൾ വ്യക്തമായി മനസ്സിലാക്കണം. ഇപ്പോൾ ശ്രീ. എം.വി. രാഘവനെ അറസ്റ്റ് ചെയ്തപ്പോൾ "മെഡിക്കൽ കോളേജ് തന്ന എം.വി.ആർ. മുന്നോട്ടു പോവുക" എന്നു പറഞ്ഞുകൊണ്ട് അവിടെ പോസ്റ്ററുകൾ വച്ചിട്ടുണ്ട്. എന്തൊരു സ്നേഹമാണിപ്പോൾ. ഇപ്പോൾ രണ്ടുദിവസമായി ചന്ദ്രിക വായിച്ചാൽ വേറെ ന്യൂസൊന്നുമില്ല. കുഞ്ഞാലിക്കുട്ടി സാഹിബിന്റെ ഒറ്റ പ്രസ്താവനയുമില്ല. "രാഘവായ നമഃ"- ഇന്നലെ ശ്രീധരൻ നമ്പ്യാരുടെ ഒരു ലേഖനമുണ്ടായിരുന്നു. ശ്രീ. രാഘവന്റെ ഫോട്ടോ കൊടുത്തുകൊണ്ട് വേറൊരു രമണന്റെ ലേഖനമുണ്ടായിരുന്നു. എന്റെ ലീഗുകാർക്ക് എപ്പോൾ മുതലാണ് ശ്രീ. രാഘവനോട് ഈ സ്നേഹം തുടങ്ങിയത്. ഈ മെഡിക്കൽ കോളേജിന്റെ ഇന്നത്തെ മിസ്മാനേജുമെന്റുമാത്രം എടുത്തുനോക്കാം. 300-ഓളം പോസ്റ്റുകളിൽ 252-ഉം അവിഹിതമായിട്ട് നിയമിച്ചതാണ്. ഞാൻ ഈ ഗവൺമെന്റിനോട്, ആരോഗ്യവകുപ്പുമന്ത്രിയോട് ഇതിനെപ്പറ്റി അടിയന്തിരമായി അന്വേഷണം നടത്തണമെന്ന് ആവശ്യപ്പെടുകയാണ്. ശ്രീ. രാഘവനെ അറസ്റ്റ് ചെയ്തപ്പോൾ ഇവിടെ കുറച്ച് കോലാഹലമുണ്ടാക്കിയതുകൊണ്ട് അതിൽനിന്ന് പിൻമാറരുത്. അതിലെ അഴിമതി പുറത്തുകൊണ്ടുവരണം. അവിഹിതമായിട്ട് നിയമിച്ചവരെ പിരിച്ചുവിടണം. അതിനെപ്പറ്റി സമഗ്രമായ ഒരന്വേഷണം നടത്തണം.

സർ, ഇവിടെ എല്ലാത്തിനും ബന്ദല്ലേ? തളിപ്പറമ്പ് ആശുപത്രി ഇതിനു വേണ്ടി ഏറ്റെടുത്തപ്പോൾ ബന്ദ് നടത്തി. പക്ഷേ, അതിനുമുമ്പ് തന്നെ ഗവൺ

LIBRARY ARCHIVES Kerala Legislative Assembly

മെന്റ് പ്രഖ്യാപിച്ചു, അവിടെ പോസ്റ്റുമോർട്ടം നടക്കും, എല്ലാ സൗകര്യവുമുണ്ടാകും, ഫീസ് ഉണ്ടാവുകയില്ല എന്നൊക്കെ. അതൊക്കെ വേറെ കാര്യം. ഇടതുപക്ഷഗവൺമെന്റ് അല്ലേ ഇവിടെ, ഞങ്ങൾക്ക് ബന്ദ് നടത്തണ്ടേ എന്നുള്ള രൂപത്തിലാണ് പോകുന്നത്. അടിയന്തിരമായി പരിയാരം മെഡിക്കൽകോളേജിലെ നിയമനങ്ങളെപ്പറ്റി അന്വേഷണം നടത്തി അതുസംബന്ധമായ എല്ലാ വസ്തുതകളും പുറത്തുകൊണ്ടുവരണമെന്ന് അപേക്ഷിച്ചുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ ശക്തിയായി പിന്താങ്ങുന്നു.

ശ്രീ. കെ.പി. വിശ്വനാഥൻ : സർ, ബഹുമാന്യ മന്ത്രിമാരായ ശ്രീ. എ.സി. ഷൺമുഖദാസും ശ്രീ. ടി.കെ. രാമകൃഷ്ണനും ഇവിടെ കൊണ്ടുവന്നിട്ടുള്ള ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുന്നു. എതിർക്കാനുള്ള കാരണം ഈ രണ്ട് മന്ത്രിമാരും ഈ വകുപ്പുകളോട് യാതൊരു ആത്മാർത്ഥതയും പുലർത്തിയിട്ടില്ലെന്നുള്ളതാണ്. നമുക്കറിയാം, ശ്രീ. ഷൺമുഖദാസ് ഒരിക്കൽ ഭരിച്ച വകുപ്പാണ് ആരോഗ്യവകുപ്പ്. ഇടതുപക്ഷ ജനാധിപത്യമുന്നണി അധികാരമേറ്റെടുത്തപ്പോൾ അദ്ദേഹത്തിനു ഈ വകുപ്പ് ഏറ്റെടുക്കാൻ തീരെ താൽപര്യമുണ്ടായിരുന്നില്ല. അതുപോലെതന്നെയാണ് ശ്രീ. ടി.കെ. രാമകൃഷ്ണനും. അദ്ദേഹത്തിന് ഇഷ്ടപ്പെട്ട വകുപ്പുകളല്ല. അദ്ദേഹത്തിന് ഇഷ്ടപ്പെട്ട വകുപ്പുകൾ വേറെയാണ് എന്നുള്ളത് നിങ്ങൾക്കൊക്കെ അറിയാം. അതുകൊണ്ടുതന്നെ ഈ രണ്ട് മന്ത്രിമാരും അവരുടെ വകുപ്പുകളിൽ യാതൊരു താൽപര്യവും കാണിച്ചിട്ടില്ല. അവരുടെ മേച്ചിൽ സ്ഥലങ്ങൾ വേറെയാണ്. ശ്രീ. എ.സി. ഷൺമുഖദാസിന്റെ വിദേശപര്യടനത്തെക്കുറിച്ച് ശ്രീ. വി.ജെ. പൗലോസ് സംസാരിച്ചപ്പോൾ ഞാൻ അദ്ദേഹത്തിന്റെ ആദ്യകാല ജീവിതരീതിയെക്കുറിച്ച് ആലോചിച്ചുപോയി. ഞങ്ങളൊക്കെ ഒരുമിച്ച് പ്രവർത്തിച്ചിരുന്ന കാലത്ത് അദ്ദേഹം ട്രെയിനിൽ മൂന്നാം ക്ലാസ്സിലെ യാത്രചെയ്യുകയുള്ളൂ. അദ്ദേഹം ആദ്യം 1980-ൽ മന്ത്രിയായപ്പോൾ കൊടിവച്ച കാറിൽ സഞ്ചരിക്കുകയില്ലായിരുന്നു. സ്റ്റേറ്റ് കാർ ഉപയോഗിച്ചിരുന്നില്ല, സാധാരണ പ്രൈവറ്റ് കാറിലാണ് പോയിരുന്നത്. ഇന്ന് അദ്ദേഹത്തിന്റെ മട്ടൊക്കെ മാറി, വലിയ മാറ്റം വന്നിരിക്കുകയാണ്. അദ്ദേഹം ഒരു കല്യാണവീട്ടിൽപ്പോയി ഭക്ഷണം പോലും കഴിക്കുകയില്ല. അദ്ദേഹം അമേരിക്കയിലെ ഫൈവ് സ്റ്റാർ ഹോട്ടലിൽ നാലു മണിക്കൂർ എങ്ങനെ ചെലവഴിച്ചുവെന്ന് ആലോചിച്ചപ്പോൾ എനിക്ക് പിടികിട്ടിയില്ല. അപ്പോൾ അദ്ദേഹത്തിന് ഒരുപാട് മാറ്റങ്ങൾ വന്നിട്ടുണ്ട്. ഭരണകക്ഷി അംഗങ്ങൾ, ശ്രീ. രാജു പ്രസംഗിച്ചപ്പോൾ വിശേഷിപ്പിച്ചത് അദ്ദേഹം കേരളം കണ്ട ഏറ്റവും നല്ല ആരോഗ്യ വകുപ്പുമന്ത്രിയെന്നാണ്. ഡോക്ടർ എന്നാണ് വിശേഷിപ്പിച്ചത്. അദ്ദേഹം ആയുർവേദം പഠിച്ചിരുന്നു. പക്ഷേ ഇടയ്ക്കുവച്ച് ഓടിപ്പോയത് നമുക്കൊക്കെ അറിയാവുന്നതാണ്. ആയുർവേദ ഡോക്ടറാണെന്ന് പറയുന്നതിൽ അദ്ദേഹത്തിന് യാതൊരു താൽപര്യവുമില്ല. അടുത്തറിയാവുന്നതുകൊണ്ട് പറയുകയാണ്. ഇദംപര്യന്തമുള്ള ആരോഗ്യവകുപ്പിലെ നേട്ടങ്ങൾ മൊത്തത്തിൽ ഇവർ കച്ചവടം നടത്തുകയാണ്. അതെല്ലാം ഈ ഗവൺമെന്റിന്റെ നേട്ടമായിട്ടാണ് പറയുന്നത്. നമ്മുടെ സംസ്ഥാനം ആരോഗ്യ പരിപാലനരംഗത്ത് ഏറ്റവും നല്ല നിലയിൽ പ്രവർത്തിക്കുന്ന സംസ്ഥാനമാണെന്നുള്ള ഖ്യാതി കിട്ടി.

കുടുംബാസൂത്രണ രംഗത്ത് ബഹുമാനപ്പെട്ട മന്ത്രി ലോകാരോഗ്യ സംഘടനയിൽനിന്നു പാരിതോഷികമായി കിട്ടിയ നാലുകോടി രൂപ വാങ്ങാൻ പോയി. അങ്ങനെ കുടുംബാസൂത്രണ രംഗത്തും ആരോഗ്യരംഗത്തും ഇൻഡ്യയിലെ മറ്റേത് സംസ്ഥാനത്തെ അപേക്ഷിച്ച് നോക്കിയാലും നമ്മൾ മുൻപന്തിയിലാണ്.. അത് മന്ത്രിയുടെയോ ഗവൺമെന്റിന്റെയോ നേട്ടമല്ല. ഗവൺമെന്റും

LIBRARY ARCHIVES Kerala Legislative Assembly

ഈ രംഗത്തു പ്രവർത്തിച്ചിരുന്ന ഡോക്ടർമാരും അതുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരും കാലാകാലങ്ങളിൽ ചെയ്തുവന്ന ഭാവനാപൂർണ്ണമായ പ്രവർത്തനങ്ങളുടെ ഫലമാണ്. അതുകൊണ്ടാണ് നമ്മുടെ സംസ്ഥാനത്ത് പല രോഗങ്ങളും ഇല്ലായ്മ ചെയ്യാൻ കഴിഞ്ഞത്. പക്ഷേ അതിന്റെ റിവേഴ്സ് ഇപ്പോൾ ആരംഭിക്കുകയാണ്. അതാണ് കാതലായ പ്രശ്നം. മലമ്പനി നാം നിർമ്മാർജ്ജനം ചെയ്തു എന്ന് അവകാശപ്പെടുന്നു. കോളറയും മസൂരി അടക്കമുള്ള പല രോഗങ്ങളും നിർമ്മാർജ്ജനം ചെയ്തതാണ്. പക്ഷെ അതെല്ലാം ഇപ്പോൾ മടങ്ങിവരുന്നുണ്ട്. അതുപോലെ തന്നെ ഈ കാലഘട്ടത്തിന്റെ ജീവിത രീതികളുടെ പരിണതഫലമായിട്ട് എയിഡ്സ് അടക്കമുള്ള ഒട്ടേറെ പുതിയ രോഗങ്ങൾ ഉണ്ടാകുന്നു. അതെല്ലാം കേട്ടു കേൾവി പോലുമില്ലാത്ത രീതിയിൽ പടർന്നു പന്തലിക്കുന്നു. നമ്മുടെ രാജ്യത്ത് പ്രത്യേകിച്ചും കേരളത്തിൽ ഹൃദ്രോഗികളുടെ എണ്ണം വർദ്ധിക്കുന്നു. ഇതിനെയെല്ലാം ഫലപ്രദമായി പ്രതിരോധിക്കണമെങ്കിൽ ഇന്നുള്ള നമ്മുടെ ചികിത്സാ സമ്പ്രദായങ്ങളും ചികിത്സാ രീതികളും ഒരുപാട് മാറ്റങ്ങൾക്ക് വിധേയമാകണം. ലോകാരോഗ്യ സംഘടനയും മറ്റു രാജ്യങ്ങളുമെല്ലാം രണ്ടായിരമാണ്ടോടുകൂടി എല്ലാവർക്കും ആരോഗ്യം എന്നൊരു സമവാക്യം പറഞ്ഞിരുന്നു. ശിശുമരണം ഉൾപ്പെടെ ഇവിടെ പ്രസ്താവിച്ച കാര്യങ്ങളാണ്. നമ്മുടെ ശരാശരി ആയുസ്സ് വർദ്ധിപ്പിച്ചിട്ടുണ്ട്. അതു വലിയ നേട്ടമാണ്. ഇന്ന് ഹൃദ്രോഗം തടയുന്നതിന് ബൈപാസ് അടക്കമുള്ള സർജറികളുണ്ട്. അത്തരത്തിലുള്ള ആധുനിക വൈദ്യശാസ്ത്രത്തിന്റെ നേട്ടങ്ങൾ ചിലയാളുകൾക്കെങ്കിലും ലഭ്യമാക്കാൻ നമുക്ക് സാധിച്ചിട്ടുണ്ട്. പക്ഷെ അതിരൂക്ഷമായ അതിന്റെ ചെലവ് സാധാരണക്കാരന് താങ്ങാനാവാത്തതാണ്. നമ്മുടെ രാജ്യത്ത് മറ്റെല്ലാ സംസ്ഥാനങ്ങളിലും നല്ല രീതിയിൽ പ്രവർത്തിക്കുന്ന ആശുപത്രികളുണ്ട്. മദ്രാസിൽ ഗവൺമെന്റ് ജനറൽ ഹോസ്പിറ്റൽ നല്ലരീതിയിൽ പ്രവർത്തിക്കുന്നുണ്ട്. അവിടെ ജനറൽ മെഡിസിനിലും സർജറിയിലും വളരെ പരിചയമുള്ള വിദഗ്ദ്ധരായ ഡോക്ടർമാരെ നിയമിച്ചുകൊണ്ട് സാധാരണക്കാർക്ക് നല്ല ചികിത്സ കിട്ടുന്നതിനു സർജറി അടക്കമുള്ള ചികിത്സയ്ക്ക് അവസരമുണ്ട്. ഹൈദ്രാബാദിലെ നൈസാം ഇൻസ്റ്റിറ്റ്യൂട്ട് ഗവൺമെന്റ് സ്ഥാപനമാണ്. നമ്മുടെ സംസ്ഥാനത്ത് അതിന്റെ അപര്യാപ്തത പലപ്പോഴും സാധാരണക്കാരായ രോഗികൾക്ക് നല്ല ചികിത്സ കിട്ടാതെയാക്കുന്നു. സാധാരണക്കാരായ രോഗികളെ സംബന്ധിച്ചിടത്തോളം നല്ല ചികിത്സ അപ്രാപ്യമായിത്തീർന്നിരിക്കുന്നു. ഇന്ന് സ്വകാര്യ മേഖലയിൽ ധാരാളം നല്ല ആശുപത്രികൾ പ്രവർത്തിക്കുന്നുണ്ട്. ഒരു ശിശു അമ്മയുടെ ഗർഭത്തിൽ രൂപമെടുക്കുന്നതോടുകൂടി തന്നെ സാധാരണക്കാരായ ഏതു താഴ്ന്ന വരുമാനക്കാരും, ഏതു പാവപ്പെട്ട വീട്ടിലെ സ്ത്രീയാണെങ്കിലും ഒരു ഡോക്ടറുടെ പരിചരണത്തിലും നിർദ്ദേശത്തിലും അതുവഴി ചികിത്സക്ക് വിധേയമാകുന്നതാണ് നാം കാണുന്നത്. ഒരു കുട്ടിയുടെ ജനനം മുതൽ മരണം വരെ ഡോക്ടറെ ആശ്രയിക്കുന്ന രീതിയുണ്ടായിരിക്കുന്നു. ആരോഗ്യരംഗത്ത് ഒരു പൊളിച്ചെഴുത്ത് ആവശ്യമാണ്. ഇവിടെ കാലാകാലങ്ങളിൽ ഭരിച്ചിട്ടുള്ള മന്ത്രിമാരുടെയും ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റിന്റെയുമൊക്കെ സഹകരണത്തോടുകൂടി പല നല്ല കാര്യങ്ങളും ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട ഷൺമുഖദാസും ചെയ്തിട്ടുണ്ട്. പക്ഷെ കഴിഞ്ഞ കാലങ്ങളിൽ നടന്നത് കണ്ടില്ലെന്ന് നടിക്കുന്നത് ശരിയല്ല. കഴിഞ്ഞ പതിമൂന്നു മാസക്കാലത്തെ കാര്യങ്ങളെപ്പറ്റി ഇവിടെ സംസാരിച്ചു. ഡോക്ടർമാരുടെ ട്രാൻസ്ഫറിനു പൊതു മാനദണ്ഡം വച്ചത് ശ്രീ. വി.എം. സുധീരനായിരുന്നു. അതിനു മുൻപ് ശ്രീ. കെ.പി. പ്രഭാകരൻ ആരോഗ്യവകുപ്പുമന്ത്രിയായിരുന്നപ്പോൾ അതിന് ഒരു നോംസ് ഉണ്ടാക്കി

LIBRARY ARCHIVES Kerala Legislative Assembly

യിരുന്നു. അതിനുശേഷം ശ്രീ. ഷൺമുഖദാസ് വന്നു. പിന്നെ ശ്രീ. വി.എം. സുധീരൻ മന്ത്രിയായപ്പോൾ ഉണ്ടാക്കിയ നോംസ് എല്ലാം നിങ്ങൾ കാറ്റിൽ പറത്തി. ഇപ്പോൾ പി.എസ്.സി. മുഖേന ഡോക്ടർമാരെയും നേഴ്സുമാരേയും കിട്ടുന്നില്ല. ശ്രീ. വി.എം. സുധിരൻ കൊണ്ടുവന്ന നോംസ് അനുസരിച്ച് ഏതെങ്കിലും ആശുപത്രിയിൽ ഡോക്ടർമാരില്ല എന്നു കണ്ടാൽ കോൺട്രാക്ട് അടിസ്ഥാനത്തിൽ ഡോക്ടർമാരെ നിയമിക്കാനുള്ള അധികാരം ഡി.എം.ഒ. ക്കും ജില്ലാ കളക്ടർക്കും കൊടുത്തു. പബ്ലിക് സർവ്വീസ് കമ്മിഷന്റെ അപ്പോയിന്റ്മെന്റ് നടക്കുന്നതുവരെ ഒരു തരത്തിലും ഡോക്ടർമാർക്ക് ലീവ് അനുവദിക്കുകയില്ല എന്നു തീരുമാനമെടുത്തിരുന്നു. നിങ്ങൾ ഇപ്പോൾ എല്ലാവർക്കും ലീവ് കൊടുക്കുന്നു. ആശുപത്രി പൂട്ടിപ്പോയ കാര്യം പറഞ്ഞു. നോംസിൽ അയവു വരുത്തിയതാണ് ഇതിന് കാരണം. ശ്രീ. പ്രകാശ് ബാബുവിന്റെ നിയോജകമണ്ഡലത്തിലാണ് ആശുപത്രി പൂട്ടിപ്പോയത് എന്നു പറയുകയുണ്ടായി. ലീവെടുത്തുപോകാൻ ഡോക്ടർമാർക്ക് നിഷേധിക്കപ്പെട്ടിരുന്ന അവകാശം നിങ്ങൾ അനുവദിച്ചു കൊടുത്തു. ഇവിടെ ആശുപത്രിയിൽ ഒ.പി. ടിക്കറ്റിനു പൈസ വാങ്ങുന്നു. അതിന് എതിരായി ഡി.വൈ.എഫ്.ഐ. ക്കാർ സമരം നടത്തിയിരുന്നു. നിങ്ങൾ അധികാരത്തിൽ വന്നപ്പോൾ എന്താണ് ചെയ്തത്, രണ്ടുരൂപയുണ്ടായിരുന്ന സ്ഥാനത്ത് അഞ്ചു രൂപയും അഞ്ചുരൂപയുണ്ടായിരുന്നതിന് പതിനഞ്ചുരൂപയും വാങ്ങുന്നു. നിങ്ങൾ റേറ്റ് വർദ്ധിപ്പിച്ച് രോഗികളെ പിഴിഞ്ഞ് ഗവൺമെന്റിന് പണം കൂട്ടുന്ന ആദായകരമായ നിലപാട് സ്വീകരിച്ചിരിക്കുകയാണ്. നിങ്ങൾക്ക് നിഷേധിക്കാൻ സാധിക്കുമോ? ശ്രീ. താമരാക്ഷൻ ഇവിടെ സംസാരിച്ചപ്പോൾ പറഞ്ഞത് മുഴുവനും രേഖയിലുണ്ട്. ശ്രീ. വി.സി. കബീർ സംസാരിച്ചപ്പോൾ ആദ്യം മന്ത്രിയെ ഒന്നു പൊക്കി. പിന്നെ ഒരിടത്തും മന്ത്രിയുടെ പേരു പറഞ്ഞില്ല. ഉദ്യോഗസ്ഥൻമാരെ അഭിനന്ദിക്കുകയാണ് എന്നു പറഞ്ഞു. മന്ത്രിയെ അഭിനന്ദിച്ചില്ല. ശ്രീ. പി. രാജു എന്താണ് പറഞ്ഞത്. ആരോഗ്യവകുപ്പിൽ ഒട്ടേറെ നല്ല കാര്യങ്ങൾ കഴിഞ്ഞ ഗവൺമെന്റിന്റെ അവസാന കാലഘട്ടത്തിൽ ചെയ്തു. അത് ആരും നിഷേധിക്കില്ല. ഇടുക്കി, വയനാട്, കാസർഗോഡ് തുടങ്ങിയ പിന്നോക്ക ജില്ലകളിൽ ഡോക്ടർമാരില്ല എന്ന പരാതിയുണ്ടായിരുന്നു. അവിടെയൊക്കെ കൂടുതൽ ആളുകളെ നിയമിക്കാൻ സാധിച്ചു. അത്യാവശ്യം മരുന്നുകൾ ആശുപത്രി അധികൃതർക്കു നേരിട്ടുവാങ്ങാൻ അനുവാദം കൊടുത്തു. ഇവിടെ കാത്ത് ലാബിനെപ്പറ്റി സംസാരിച്ചു. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തു സ്ഥാപിച്ച കാത്ത് ലാബ് ഇതുവരെ പ്രവർത്തിപ്പിക്കാൻ സാധിച്ചില്ല. തൃശ്ശൂരും ആലപ്പുഴ മെഡിക്കൽ കോളേജിലും ശ്രീ. താമരാക്ഷൻ പറഞ്ഞല്ലോ കഴിഞ്ഞ ഗവൺമെന്റ് ഒന്നരകോടി രൂപയും രണ്ടര കോടി രൂപയും വീതം ഓരോ ആശുപത്രിക്കും കാത്ത് ലാബ് ഉണ്ടാക്കുന്നതിനുവേണ്ടി അനുവദിച്ചു. ക്യാബിനറ്റ് ഡിസിഷൻ എടുത്തു. അതു നടപ്പാക്കാൻ നിങ്ങൾക്കു കഴിഞ്ഞില്ല. എന്നിട്ടാണ് കഴിഞ്ഞ ഗവൺമെന്റിനെ കുറ്റം പറയുന്നത്. ഇവിടെ വിദേശ യൂണിവേഴ്സിറ്റികളുടെ സഹായത്തോടെ എം.ഒ.യു. ഒപ്പുവച്ചു. ക്രിട്ടിക്കൽ കെയർ നേഴ്സിംഗിനുള്ള പ്രവർത്തനങ്ങളുണ്ടായി. വൈറോളജി യൂണിറ്റിനെപ്പറ്റി സംസാരിച്ചു. ശ്രീ. വി.എം. സുധീരൻ മന്ത്രിയായിരുന്നപ്പോൾ എടുത്ത തീരുമാനം നടപ്പാക്കാൻ കഴിഞ്ഞില്ല. അത്തരത്തിലുള്ള വൈറോളജി, നാചറോപ്പതി ഡിപ്പാർട്ടുമെന്റുമുണ്ട്.

സർ, അദ്ദേഹം ആയുർവേദം പഠിച്ച ആളല്ലേ? ആയുർവേദ കോളേജിൽ ഡിപ്പാർട്ടുമെന്റ് സിസ്റ്റം കൊണ്ടുവരണമെന്ന് അദ്ദേഹം തന്നെ പറഞ്ഞുനടന്നതല്ലേ? ബഹുമാനപ്പെട്ട സുധീരൻ കൊണ്ടുവന്നതല്ലേ? നിങ്ങൾക്ക് അത്

LIBRARY ARCHIVES Kerala Legislative Assembly

നടപ്പിലാക്കിക്കൂടെ? എസ്.എഫ്.ഐ. ക്കാർ ഇപ്പോഴും സമരം നടത്തുകയാണ് അവിടത്തെ വിദ്യാർത്ഥികളുമായി. അങ്ങനെ കഴിഞ്ഞ ഗവൺമെന്റ് ചെയ്ത ഒട്ടേറെ കാര്യങ്ങൾ നടപ്പിലാക്കാൻ സാധിച്ചാൽ തീർച്ചയായിട്ടും അത് കുറച്ചു കൂടി ഊർജ്ജസ്വലമായി ഈ രംഗത്തെ മാറ്റിയെടുക്കാൻ കഴിയും. വളരെ നല്ല രീതിയിൽ ആരോഗ്യവകുപ്പിനെ വളർത്തിയെടുക്കാനും കഴിയും. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലുള്ള സെന്റർ ഓഫ് എക്സെലൻസ് എല്ലാ മെഡിക്കൽ കോളേജുകളിലും ഏതെങ്കിലും ഡിപ്പാർട്ടുമെന്റിലുണ്ടാക്കണം. സംസ്ഥാനത്ത് കോടിക്കണക്കിന് രൂപയാണ് നമ്മുടെ എം.എൽ.എ. മാർക്കും എക്സ് എം.എൽ.എ. മാർക്കും വേണ്ടി ഗവൺമെന്റ് ചെലവഴിക്കുന്നത്. ഇപ്പോൾ എവിടെയാണ് ചികിത്സയ്ക്ക് പോകുന്നത്? മദ്രാസിൽ അപ്പോളോ ആശുപത്രിയിലും, അതുപോലെ അമേരിക്കയിലുമൊക്കെയാണ്. നമുക്ക് ഇതിനുവേണ്ടി കുറച്ച് പണം സ്വരൂപിച്ച് റീജിയണലായി കോഴിക്കോട്, തൃശ്ശൂർ, തിരുവനന്തപുരം പോലുള്ള സ്ഥലങ്ങളിൽ ഇതുപോലുള്ള സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും നമ്മുടെ ചികിത്സാരംഗം എല്ലാ ആളുകൾക്കും ലഭ്യമാക്കുന്നതിനും സാധിക്കണം. പ്രത്യേകിച്ച് സാധാരണക്കാർക്ക്. നാലുലക്ഷം രൂപ മുടക്കി മദ്രാസിൽ ആർക്കെങ്കിലും ഹൃദ്രോഗ ചികിത്സയ്ക്ക് പോകാൻ കഴിയുമോ? അതിനുള്ള സൗകര്യം ഇവിടെ ലഭ്യമാക്കണം. നമ്മളൊക്കെ പോകുന്നതെങ്ങനെയാണ്? ഗവൺമെന്റിന്റെ കാശ് കൊടുക്കുന്നതുകൊണ്ടാണ്. അല്ലെങ്കിൽ നമ്മൾ പോകുമോ? നമ്മൾ പോകുകയില്ല. പക്ഷേ സാധാരണക്കാരായിട്ടുള്ള എത്ര ആളുകൾ ബൈപാസ് സർജറിക്ക് കഴിയാതെ, വാൽവു മാറ്റിവയ്ക്കാൻ കഴിയാതെ അകാലത്തിൽ മരണപ്പെടുന്നുണ്ട്. അവർക്കുവേണ്ടി ഈ ഗവൺമെന്റിന് എന്തുചെയ്യാൻ കഴിയും? ഞാൻ ഒരൊറ്റ കാര്യംകൂടി ചോദിക്കട്ടെ, നമ്മുടെ മെഡിക്കൽ കോളേജിൽനിന്ന് ഒരു ഡോക്ടറെ ട്രെയിനിംഗിന് വിട്ടു. എന്തിന്റെ താൽപര്യത്തിലാണ് സീനിയോറിറ്റി മറികടന്ന് വിട്ടത്. ആ ഡോക്ടർ ആദ്യമായിട്ടല്ല അമേരിക്കയിൽ പോകുന്നത്. പിന്നെയും പോയി. അയാളുടെ പേരൊന്നും ഞാൻ പറയുന്നില്ല. അങ്ങനെ ജൂനിയർ പ്രൊഫസർമാരുടെ സീനിയോറിറ്റിയടക്കം കുത്തഴിഞ്ഞ രീതിയിൽ വഴിവിട്ട് കാര്യങ്ങൾ ചെയ്യുന്ന ഒരു സാഹചര്യത്തിലേയ്ക്ക് ഈ വകുപ്പ് എത്തി.

ബഹുമാനപ്പെട്ട ഗ്രാമവികസന വകുപ്പുമന്ത്രിയോട് ഒരു വാക്കുപറയാനാഗ്രഹിക്കുകയാണ്. നമ്മുടെ സംസ്ഥാനത്തിലെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് ബ്ലോക്കുമുഖേന 25 ലക്ഷം രൂപ ആദ്യഗഡു കൊടുത്തു. അത് എവിടെയെങ്കിലും ചെലവഴിച്ചിട്ടുണ്ടോ? ഇതുവരെ ചെലവഴിക്കാൻ കഴിഞ്ഞിട്ടില്ല. അത് ലാപ്സാകുകയാണ്. ബഹുമാനപ്പെട്ട മന്ത്രി അത് പരിശോധിച്ചിട്ടുണ്ടോ? അത് പരിശോധിക്കണം. അതുപോലെ തൃശ്ശൂർ മെഡിക്കൽ കോളേജിന്റെ കാര്യത്തിൽ അദ്ദേഹം കൂടി പങ്കെടുത്ത കോൺഫറൻസിലെ ഒരു കാര്യം കൂടി പറയട്ടെ. അവിടത്തെ നിർമ്മാണ പ്രവർത്തനങ്ങൾ സ്തംഭിച്ചിരിക്കുകയാണ്. സിമന്റ് കൊടുക്കുന്ന കാര്യത്തിലും കമ്പി കൊടുക്കുന്ന കാര്യത്തിലും കൺസ്ട്രക്ഷൻ കോർപ്പറേഷനും പി.ഡബ്ളിയു.ഡി.യും തമ്മിലുള്ള ശീതസമരം കാരണം ആ തർക്കം പരിഹരിക്കുന്നതിന് ആ തർക്കത്തിലിടപെട്ട് സംസാരിച്ച ആളാണ് ബഹുമാനപ്പെട്ട മന്ത്രി. ഇങ്ങനെ ഒട്ടേറെ കാര്യങ്ങൾ ഈ വകുപ്പിൽ അനാശാസ്യമായ രീതിയിൽ നടക്കുന്നതുകൊണ്ട് നമ്മുടെ സംസ്ഥാനത്തിന്റെ മൊത്തത്തിലുള്ള താൽപര്യങ്ങൾ പാവപ്പെട്ടവന്റെ താൽപര്യങ്ങൾ പരിഗണിച്ച് ഈ വകുപ്പിനെ നല്ല രീതിയിൽ മുന്നോട്ടുകൊണ്ടുപോകാൻ യാതൊരു നിർദ്ദേശങ്ങളുമില്ലാത്ത ഈ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എ.സി. ഷൺമുഖദാസ്) : സർ, ഫലമുള്ള സ്ഥലത്തേക്കേ കല്ലെറിയൂ, എന്നാലേ അത് താഴെ വീഴൂ. ആരോഗ്യ വകുപ്പ് ജനങ്ങളെ സംബന്ധിച്ചിടത്തോളം ഫലം നൽകുന്നതായതുകൊണ്ട് അതിന് ഇടയ്ക്കിടയ്ക്ക് കല്ലേറുണ്ടാകും. ആ കല്ലേറിൽ ചിലതാണ് ഇവിടെയാകെയുണ്ടായത്. ബഹുമാനപ്പെട്ട ഭരണപക്ഷത്തേയും പ്രതിപക്ഷത്തേയും അംഗങ്ങൾ കുറെ വിലപ്പെട്ട നിർദ്ദേശങ്ങൾ വച്ചു. അവരുടെ നിയോജകമണ്ഡലത്തിലെ കാര്യങ്ങൾ പറഞ്ഞു. ചികിത്സാ സ്ഥാപനങ്ങളിൽ നിലനിൽക്കുന്ന കാര്യം എല്ലാവരും ഒരുപോലെ സമ്മതിച്ചു. വർഷങ്ങളോളമായി നിലനിൽക്കുന്നു, ഇപ്പോഴും നിലനിൽക്കുന്നു. ചിലർ മാറ്റങ്ങളെ ചൂണ്ടിക്കാണിക്കുകയും അഭിനന്ദിക്കുകയും ചെയ്തു. ചിലർ ആ മാറ്റങ്ങൾ എങ്ങനെയെങ്കിലും മറച്ചുവയ്ക്കാനുള്ള ഒരു ശ്രമവും നടത്തി. ഏതായാലും ഞാൻ ബഹുമാനപ്പെട്ട മെമ്പർമാരോട് നന്ദി പറയുകയാണ്. കേരളം ആരോഗ്യരംഗത്ത് കൈവരിച്ച നേട്ടങ്ങൾ ലോകപ്രശസ്തമാണ്. ഏറ്റവും ചുരുങ്ങിയ ചെലവുകൊണ്ട് മെച്ചപ്പെട്ട ആരോഗ്യം കൊടുത്തുവെന്നുള്ളതാണ് ലോക രാഷ്ട്ര സംഘടന ഈ കാര്യത്തിൽ കേരളത്തിന് കൊടുക്കുന്ന പരിഗണന. അതിന്റെ ഫലമായി ശിശുമരണ നിരക്ക് ആയിരത്തിൽ പതിമൂന്നായി. മാതൃ മരണ നിരക്ക് മൂവായിരത്തിന് ഒന്നായി. ജനനനിരക്ക് ആയിരത്തിൽ 17 ആയി. മരണനിരക്ക് ആയിരത്തിൽ ആറായി. ശരാശരി ആയുർദൈർഘ്യം പുരുഷന്മാർ 69-ഉം സ്ത്രീകൾ 72 -ഉം ആയി ഉയർത്തിക്കൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ട്. ഒരു രാജ്യത്തിന്റെ ആരോഗ്യരംഗത്തെ നേട്ടം പ്രതിഫലിക്കുന്നത് മരണനിരക്കിലെ കുറവും ആയുർദൈർഘ്യത്തിലെ വർദ്ധനവുമാണ്. അത് പുതിയ കുറെ പ്രശ്നങ്ങൾ നമ്മുടെ സംസ്ഥാനത്ത് ആരോഗ്യ രംഗത്തുണ്ടാക്കുന്നുണ്ട്. കഴിഞ്ഞ വർഷങ്ങളിൽ ഇതിനുവേണ്ടി ഗവൺമെന്റ് ചികിത്സാ സ്ഥാപനങ്ങളിൽ കുറെ മെച്ചപ്പെട്ട സൗകര്യങ്ങളുണ്ടാക്കിയിട്ടുണ്ട്. പോളിയോ ഇമ്മ്യൂണൈസേഷൻ പ്രവർത്തനം ഡിസംബറിൽ തുടങ്ങിയപ്പോൾ 94.5 ശതമാനമായിരുന്നു. ജനുവരി വന്നപ്പോൾ നൂറു ശതമാനമായി വിജയിച്ചു. കഴിഞ്ഞ വർഷത്തിൽ 12 പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ തുടങ്ങി. കഴിഞ്ഞ 5 വർഷമായി തുടങ്ങിയത് അനുവാദം കൊടുത്തുവെങ്കിലും ചിലത് ഇനിയും പ്രവർത്തനം തുടങ്ങിയിരുന്നില്ല. കോട്ടയത്ത് രണ്ടും മൂന്നും ഒക്കെയുള്ള ബ്ലോക്കുകളുണ്ട്. അവയൊക്കെ തുടങ്ങാനുള്ള ശ്രമത്തിലാണ്. ചില പഞ്ചായത്തിൽ കൂടിയായാൽ കേരളത്തിലെ എല്ലാ പഞ്ചായത്തിലും മിനിമം ഒരു മിനി പ്രൈമറി ഹെൽത്ത് സെന്ററെങ്കിലും ഈ വർഷമുണ്ടാകും. അതിനുള്ള ശ്രമത്തിലാണ്. 26 ആയുർവേദ ഡിസ്പെൻസറികളുണ്ടായി. അത് ഒരു റിക്കാർഡാണ്. അതുപോലെ പത്ത് ഹോമിയോ ഡിസ്പെൻസറികളുണ്ടായി. ഘട്ടം ഘട്ടമായി ഓരോ പഞ്ചായത്തിലും മൂന്നു സമ്പ്രദായമുണ്ടാകണമെന്നാണ് ജനങ്ങളുടെ ആഗ്രഹം. അത് ഗവൺമെന്റിന്റെ നയമായി സ്വീകരിച്ചിട്ടുണ്ട്. പക്ഷേ ധനലഭ്യതയനുസരിച്ചുമാത്രമേ പൂർത്തിയാക്കാൻ കഴിയൂ. അതുപോലെ 20 പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളായി ഉയർത്തിയിട്ടുണ്ട്. അവിടെ ക്രമേണ ഒരു ഗൈനക്കോളജിസ്റ്റ്-പീഡിയാട്രീഷ്യൻ, ജനറൽ മെഡിസിൻ തുടങ്ങിയ സംവിധാനങ്ങളുണ്ടാക്കണമെന്ന് ഗവൺമെന്റ് ആഗ്രഹിക്കുന്നു. അതിനുള്ള ശ്രമത്തിലാണ്. തിരുവനന്തപുരം മെഡിക്കൽ കോളേജിലെ സ്റ്റാഫ് ഇല്ലായ്മയെക്കുറിച്ച് ബഹുമാനപ്പെട്ട താമരാക്ഷൻ പറഞ്ഞു. അതുപോലെ മറ്റൊരു ബഹുമാനപ്പെട്ട മെമ്പർ കോഴിക്കോട് മെഡിക്കൽ കോളേജിലെ സ്റ്റാഫ് ഇല്ലായ്മയെക്കുറിച്ച് പറഞ്ഞു. 5 മെഡിക്കൽ കോളേജുകളിൽ 229 തസ്തികകൾ ഈ ഗവൺമെന്റിന്റെ കഴിഞ്ഞ സാമ്പത്തിക വർഷ

LIBRARY ARCHIVES Kerala Legislative Assembly

ത്തിന്റെ അവസാനത്തിൽ അനുവദിച്ചിട്ടുണ്ട്. അതിലൊന്നും വലിയ മാറ്റമൊന്നുമില്ല. കണക്കുകളൊക്കെ പരിശോധിച്ചാൽ കാണാൻ കഴിയും. ഓരോ കോളേജിന്റെയും ആവശ്യമനുസരിച്ച് പരിഗണിക്കാൻ ശ്രമിച്ചു. ഈ കാര്യത്തിൽ ഏറ്റവും പ്രധാനപ്പെട്ടത് ഗവൺമെന്റ് അടുത്ത കാലത്ത് ഏറ്റവും കൂടുതൽ സ്റ്റാഫിനെ അനുവദിച്ചതാണ്. സ്റ്റാഫ് ഇല്ലാത്തതുകൊണ്ട് ഇൻഡ്യൻ മെഡിക്കൽ കൗൺസിൽ ചില കാര്യങ്ങളിൽ അവരുടെ അഭിപ്രായങ്ങൾ പറയാറുണ്ട്. അതൊക്കെ നികത്താൻ നമ്മൾ ശ്രമിക്കുകയാണ്. 5 എക്സ്റെ മെഷീനുകളും 9 അൾട്രാ സൗണ്ട് സ്കാനറും കഴിഞ്ഞ വർഷം ഗവൺമെന്റ് അനുവദിച്ചിട്ടുണ്ട്. ഇ.സി.ജി. മെഷീനുകൾ വാങ്ങിച്ചിട്ടുണ്ട്. ഇവിടെ ചുണ്ടിക്കാണിച്ചു, 1989-ൽ അനുവദിച്ച എക്സ്റെ പോലും പ്രവർത്തിക്കാൻ കഴിയുന്നില്ല എന്ന്. അതിന് പ്രാദേശിക തലത്തിലുണ്ടാകേണ്ട സൗകര്യങ്ങൾ വന്നിട്ടില്ലെങ്കിലും ഈ ഗവൺമെന്റ് വന്നതിനുശേഷം 1981-ൽ അനുവദിച്ച പീരുമേട് എക്സ്റെയുടെ ഉദ്ഘാടനം ഡെപ്യൂട്ടി സ്പീക്കർ ശ്രീ. കുര്യനാണ് നിർവ്വഹിച്ചത്. 5 വർഷം വേണ്ടിവന്നു. ഇനിയുമുണ്ട്. ആ സ്ഥലങ്ങളിൽ ഇലക്ട്രിസിറ്റി കണക്ഷൻ, കെട്ടിടത്തിന്റെ പോരായ്മയൊക്കെ നികത്താൻ ശ്രമിക്കുകയാണ്. അതുപോലെതന്നെ ജില്ലാ ആശുപത്രികൾ ഒഴികെയുള്ള ആശുപത്രി കെട്ടിടം, വൈദ്യുതി എന്നിവ ലഭ്യമാക്കുന്നതിന് എച്ച്.ഡി.സി മുന്നോട്ടുവരണം. ഇവിടെ എവിടെയും ഇൻസിനറേറ്റർ ഇല്ല. രണ്ട് സ്ഥലങ്ങളിൽ അനുവദിച്ചിട്ടുണ്ട്. കോഴിക്കോടും എറണാകുളത്തും ജനറൽ ആശുപത്രിയിൽ. മെഡിക്കൽ കോളേജിലെല്ലാം നൽകിയിട്ടുണ്ട്. ഇതിന്റെ പ്രവർത്തനം നടക്കുകയാണ്. ഒരു കൊല്ലത്തിനുള്ളിൽ കേരളത്തിലെ പ്രധാനപ്പെട്ട ജില്ലാ ആശുപത്രികളിലും മെഡിക്കൽ കോളേജിലും ഇൻസിനറേറ്റർ ഉണ്ടാകും. അതില്ലാത്ത സ്ഥിതിയായിരുന്നു നമ്മുടെ സംസ്ഥാനത്തിലെ ആരോഗ്യ പ്രവർത്തനങ്ങൾക്ക് തടസ്സമായി നിന്നിരുന്നത്. അതുപോലെതന്നെ ചീത്തയായ മെഡിക്കൽ ഉപകരണങ്ങളെ സംബന്ധിച്ച് ബഹുമാനപ്പെട്ട പല അംഗങ്ങളും ചൂണ്ടിക്കാണിക്കുകയുണ്ടായി. അത് ശരിയാണ്. ഇവയ്ക്കൊന്നുമാവശ്യമായ മെയിന്റനൻസിനുള്ള സംവിധാനമുണ്ടായിരുന്നില്ല. ഒരുപക്ഷേ ഇൻഡ്യയിലാദ്യമായി ഒരു ശ്രമം നടത്തി. രോഗികൾക്ക് ക്യാമ്പ് നടത്തുന്നതുപോലെ രണ്ടും മൂന്നും ജില്ലയിലുള്ള ഇക്വിപ്മെന്റ്സൊക്കെ ഒരു സ്ഥലത്ത് കൊണ്ടുവന്ന് ഇക്വിപ്മെന്റ്സിനുവേണ്ടിയുള്ള ഒരു മെയിന്റെനൻസ് ക്യാമ്പ് നടത്തി. 5 കോടി രൂപയുടെ ഇക്വിപ്മെന്റ്സ് കോഴിക്കോട്, വയനാട്, മലപ്പുറം, ജില്ലകളിൽനിന്ന് കൊണ്ടുവന്ന് റിപ്പയർ ചെയ്യാൻ കഴിഞ്ഞു. അതിനുവേണ്ടി ആകെ മുതൽ മുടക്ക് 20 ലക്ഷം രൂപയാണ്. വിദ്യാഭ്യാസവകുപ്പിന്റെ കീഴിലുള്ള ഐ.എച്ച്.ആർ.ഡി.ഇ.യും ഹെൽത്ത് ഡിപ്പാർട്ടുമെന്റും, കെ.എച്ച്.ആർ.ഡബ്ലിയു.എസ്.-ഉം കൂടി യോജിച്ചുകൊണ്ട് സംയുക്തമായി നടത്തിയ പ്രവർത്തനമാണ്. നേരത്തേ പോയി സർവ്വേ നടത്തും. റിപ്പയർ ചെയ്യാനുള്ള സാധനം കൊണ്ടുവരാൻ പറയും. രണ്ടുമാസത്തെ ക്യാമ്പും നടത്തും. ഇത്തരത്തിൽ ആറു ക്യാമ്പുകൾ നടത്താനുദ്ദേശിക്കുന്നു. കോട്ടയത്തെ ക്യാമ്പ് മിനിഞ്ഞാന്ന് നടന്നു. ആലപ്പുഴ, കോട്ടയം, എറണാകുളം, ഇടുക്കി, പത്തനംതിട്ട, ജില്ലകളിൽ നിന്ന് 117 ലക്ഷം രൂപയുടെ ഉപകരണങ്ങൾ കൊണ്ടുവന്ന്. അത് മുഴുവൻ മെയിന്റെയിൻ ചെയ്യാൻ കഴിഞ്ഞു. ഇവിടെ പല പ്രഗൽഭൻമാരുമുണ്ടായിരുന്നല്ലോ. അന്നൊക്കെ കിടന്നിരുന്ന ആവശ്യമുള്ള ഉപകരണങ്ങൾ വളരെ ശ്രമകരമായ പ്രവർത്തനത്തിന്റെ ഫലമായി റിപ്പയറിംഗ് നടന്നു. ഇനിയുള്ള ക്യാമ്പ് തിരുവനന്തപുരത്തും കൊല്ലത്തുമാണ്. അത് കഴിഞ്ഞാൽ കാസർഗോഡും കണ്ണൂരുമാണ്. പിന്നെ പാലക്കാടും, തൃശ്ശൂരുമാണ്. ഈ രീതിയിൽ ക്യാമ്പുകൾ നടത്താൻ ശ്രമിക്കുക

LIBRARY ARCHIVES Kerala Legislative Assembly

Page 80 of 102

യാണ്. പത്തിരുപത് വർഷക്കാലമായി അനാവശ്യമുള്ള ഉപകരണങ്ങളാണെങ്കിൽ കണ്ടംചെയ്യും. ഈ രീതിയിലുള്ള ശ്രമം നടക്കുകയാണ്. ഇത് ഒരു പുതിയ ശ്രമമാണ്. ഇതാരും പറഞ്ഞു കേട്ടില്ല. പോയി കണ്ടവരുണ്ട്, അതിനെ പ്രശംസിച്ചവരുണ്ട്. പക്ഷേ അത് ആരും കാര്യമായി എടുത്തില്ലെന്ന് തോന്നുന്നു.

അതുപോലെതന്നെ ബഹുമാനപ്പെട്ട സുപ്രീം കോടതി രാജ്യത്തിലെ ബ്ലഡ് ബാങ്കുകളെ സംബന്ധിച്ച് ഒരു തീരുമാനമെടുത്തു. കഴിഞ്ഞ മേയ് 31 നുള്ളിൽ എയർ കണ്ടീഷനടക്കമുള്ള എല്ലാ സൗകര്യവും ഉണ്ടാകണം, പുതിയ ഡ്രഗ്സ് ആന്റ് കോസ്മെറ്റിക് ആക്ടിൽ വന്ന അമന്റുമെന്റ് പ്രകാരം മദ്രാസിലെ ഡ്രഗ്സ് കൺട്രോളർ ഓഫ് ഇൻഡ്യയുടെ ഓഫീസിൽ നിന്ന് ലൈസൻസ് കിട്ടണം. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ 30 ബ്ലഡ് ബാങ്കുകളായിരുന്നു. ഇന്ന് 80 എണ്ണമുണ്ട്. ഇത്രയും കൊല്ലമായിട്ട് 30 എണ്ണമുണ്ടായിരുന്നത് ഈയൊരു വർഷത്തിനുള്ളിൽ 80 എണ്ണമായി മാറിയിരിക്കുന്നു. സുപ്രീംകോടതി വിധി കൂടി ഒരു ഘടകമാണ്. ആ വിധിയുടെ അടിസ്ഥാനത്തിൽ നടപ്പിലാക്കാൻ നമ്മൾ നിർബന്ധിതരായി. സ്വാഭാവികമായി ചില സജ്ജീകരണങ്ങൾ ഒത്തുവന്നു. സ്വകാര്യമേഖലയിൽ 25 എണ്ണവും ബാക്കിയെല്ലാം ഗവൺമെന്റ് സെക്ടറിലുമാണ്. സ്വകാര്യമേഖലയുടെ സഹകരണം ഇക്കാര്യത്തിൽ നമ്മൾ തേടിക്കൊണ്ടിരിക്കുകയാണ്. അതുപോലെതന്നെ താലൂക്കാശുപത്രികളിൽ ബ്ലഡ് ബാങ്കുകളുണ്ടാക്കാനും ജില്ലാ ആശുപത്രിയിൽ അത് പൂർത്തിയാക്കാനുമുള്ള ശ്രമത്തിലാണ്. കോഴിക്കോട് ജനറൽ ആശുപത്രിയുണ്ടെങ്കിലും ഡബ്ലിയു. ആന്റ് സി. യിൽ ഉണ്ടായിരുന്നില്ല. ഇപ്പോൾ അതിന് തീരുമാനിച്ചിട്ടുണ്ട്. കൊടുങ്ങല്ലൂർ താലൂക്കാശുപത്രിയിലും കൊല്ലങ്ങളായി ആവശ്യപ്പെട്ടിരുന്നതാണ്. ഇരിങ്ങാലക്കുടയിൽ അതിന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ച് തടസ്സമുണ്ട്. ഇങ്ങനെ താലൂക്കാശുപത്രികളിലൊക്കെ ബ്ലഡ് ബാങ്ക് ഉണ്ടാക്കാനുള്ള ശ്രമത്തിലാണ്. അതിനാവശ്യമായ സജ്ജീകരണങ്ങൾ ഏർപ്പെടുത്താൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. എച്ച്.ഡി.സി.കളുടെയും ബ്ലോക്ക് പഞ്ചായത്തുകളുടെയും മുനിസിപ്പാലിറ്റികളുടെയും സഹകരണത്തോടുകൂടിയാണ് ഇവ ഉണ്ടാക്കേണ്ടത്. അതുപോലെതന്നെ ആർ.സി.സി.കളിൽ രക്താർബുദ രോഗികളെ ചികിത്സിക്കാൻ "ഓൺ ലൈൻ എപ്രസിസ്സ്" എന്നു പറയുന്ന ഒരു ഉപകരണം ആദ്യമായി പ്രവർത്തിപ്പിക്കാൻ പോകുകയാണ്. 40 രോഗികൾക്ക് രക്തം നൽകേണ്ട സ്ഥാനത്ത് പരമാവധി 10 ആളുകളുടെ രക്തം മതിയാകുന്നതാണ്. രക്തം ലാഭിക്കാൻ കഴിയുന്ന ഒരു പുതിയ ഉപകരണം അവർ ഉണ്ടാക്കാൻ പോകുകയാണ്. കൂടുതൽ കമ്പനികൾ സെൻട്രൽ പർചെയ്സ് കമ്മിറ്റിയിൽ രജിസ്റ്റർ ചെയ്ത് അവർ തമ്മിൽ മത്സരം നടത്തി മരുന്ന് ചുരുങ്ങിയ വിലയ്ക്ക് ലഭിക്കാനുള്ള ശ്രമത്തിലാണ്. പൊതുമേഖലാസ്ഥാപനങ്ങളെ ക്രമേണ നമ്മൾ ഒഴിവാക്കിക്കൊണ്ടിരിക്കുകയായിരുന്നു. മരുന്നുകളുടെ ഗുണനിലവാരം കൂട്ടാനും ചൂഷണം ഒഴിവാക്കാനും പൊതുമേഖലാ സ്ഥാപനങ്ങൾക്കുതന്നെ മുൻഗണന കൊടുക്കും. ഇപ്പോൾ ഗവൺമെന്റ് എടുത്ത തീരുമാനപ്രകാരം 60% മരുന്നും ആലപ്പുഴ കെ.എസ്.ഡി.പി. യ്ക്ക് കൊടുക്കാൻ നിശ്ചയിച്ചിരിക്കുന്നു. കേരളത്തിൽ 350-നും 400-നും ഇടയ്ക്ക് കോടിരൂപ വിലയ്ക്കുള്ള അലോപ്പതി മരുന്നുകൾ മാർക്കറ്റിൽ വിഹരിക്കുന്നു. നമ്മുടെ സംസ്ഥാനത്തുൽപ്പാദിപ്പിക്കുന്നത് 35 കോടി രൂപയുടെ മരുന്നാണ്. പ്രധാനപ്പെട്ട മരുന്നുൽപാദിപ്പിക്കുന്ന ആധുനിക വ്യവസായ ശാലയാണ് കെ.എസ്.ഡി.പി. ഏതുസമയത്തും പൂട്ടുന്ന അവസ്ഥയിലായിരുന്നു. കെ.എസ്.ഡി.പി. യുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട്. അവർക്ക് 25%

LIBRARY ARCHIVES Kerala Legislative Assembly

ഇളവ് അനുവദിച്ചുകൊണ്ട് അതിന്റെ ഒരു പങ്ക് ഇൻഡസ്ട്രീസ് ഡിപ്പാർട്ടുമെന്റ് വഹിക്കാമെന്ന് ഏറ്റിട്ടുണ്ട്. അങ്ങനെ 25% ഇളവ് അനുവദിച്ചുകൊണ്ട് സംസ്ഥാനത്തിന് ആവശ്യമായ 60% മരുന്നും കെ.എസ്.ഡി.പി.യിൽ നിന്നും വാങ്ങാൻ ഗവൺമെന്റ് ഉത്തരവ് കൊടുത്തു. ചില മരുന്നുകൾ നിർമ്മിക്കാനുള്ള മെഷീനറി അവർക്കില്ല. അത് ഉണ്ടാക്കിക്കൊടുക്കാനുള്ള ശ്രമത്തിലാണ്. ഇത് പൊതുമേഖലാ സ്ഥാപനങ്ങളുടെ വളർച്ചയ്ക്കുകൂടി പ്രയോജനകരമാണ്. സാംക്രമിക രോഗം തടയുന്ന പ്രവർത്തനങ്ങളെക്കുറിച്ച് ഇവിടെ പലരും ചൂണ്ടിക്കാണിച്ചു.അത് മുളയിൽത്തന്നെ നുള്ളിക്കളയാൻ നമുക്ക് സാധിച്ചിട്ടുണ്ട്. ആലപ്പുഴ ജില്ലയിൽ പ്രത്യക്ഷപ്പെട്ട ഹർദ്ദ്യാതിസാരം ഇപ്പോൾ ഇല്ല. കോളറ, ഡങ്കിപ്പനി, ജപ്പാനീസ് പനി, മലമ്പനി, എന്നിവ ഈ ഗവൺമെന്റ് വരുമ്പോൾ രൂക്ഷമായ സ്ഥിതിയിലായിരുന്നു. നേരത്തെ ശ്രീ. ആന്റണി രാജു ഇവിടെ സൂചിപ്പിച്ചു. ഇക്കുറി വലിയതുറയിൽ ഇതുസംബന്ധിച്ച് റിപ്പോർട്ടുണ്ടായില്ല. 200 രോഗികൾ കിടന്ന സമയമുണ്ടായിരുന്നു. ഇത് പരത്തുന്ന കൊതുകുകളെ നശിപ്പിക്കാൻ ആവശ്യമായ മത്സ്യക്കുഞ്ഞുങ്ങളെ വളർത്താനുള്ള ശ്രമം നടത്തി. പഞ്ചായത്തുകളും കോർപ്പറേഷനുകളും പൊതുപ്രവർത്തകരും സഹകരിച്ച് പ്രവർത്തിച്ചതിന്റെ ഫലമായിട്ട് മലമ്പനി നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള ശ്രമം വിജയിച്ചുവെന്നാണ് കാണുന്നത്. ആലപ്പുഴ ജില്ലയിൽ ഈ വർഷം 850 രോഗികൾ ചികിത്സയിലായിരുന്നതിൽ 6 പേർ മരിച്ചതായിട്ട് റിപ്പോർട്ടുണ്ട്. ഇതിൽ മൂന്നുപേർ പ്രായമുള്ളവരായിരുന്നു. കഴിഞ്ഞ വർഷം 365 രോഗികളിൽ 11 പേരും മരണമടഞ്ഞു. എപ്പിഡമിക് രോഗങ്ങൾ ഉണ്ടാകുന്നത് മുഖ്യമായും ജലത്തിൽക്കൂടിയാണ്. ആലപ്പുഴ ജില്ലയിൽ 1962-63-ൽ ഇട്ട കാസ്റ്റ് അയേൺ പൈപ്പുകൾ 37 കൊല്ലമായിട്ടും മാറ്റിയിട്ടില്ല. ഇത്തവണ ക്യാബിനറ്റ് കൂടി സ്പെഷ്യൽ ഉത്തരവിലൂടെ ആലപ്പുഴയിലെ പൈപ്പ് പൂർണ്ണമായും മാറ്റുന്നതിന് 1.25 കോടി രൂപ അനുവദിച്ചു. അതിനുപുറമേ ചികിത്സയ്ക്ക് വന്ന 365 ഐ.പി. രോഗികളിൽ 11 പേരാണ് കഴിഞ്ഞ തവണ മരിച്ചത്. ഇത്തവണ 851 പേർക്ക് വന്നപ്പോൾ 6 പേരാണ് മരിച്ചത്. ചികിത്സാ രംഗത്ത് വന്ന മാറ്റത്തിന് ഇതിലും വലിയ അളവും കണക്കും ആവശ്യമുണ്ടോ സർ. ഡോക്ടർമാരുടെ സ്ഥലം മാറ്റത്തെക്കുറിച്ച് എല്ലാക്കാലത്തും ആരോപണങ്ങൾ ഉണ്ടാകാറുണ്ട്. ഇത്തവണ നേരത്തേ ഡ്രാഫ്റ്റ് ഡി.എം.ഒ മാരുടെ ആഫീസുകളിൽ പ്രസിദ്ധീകരിച്ചു. മൂന്ന് ഉദ്യോഗസ്ഥൻമാരടങ്ങുന്ന ഒരു കമ്മിറ്റിയെ വച്ച് പരിശോധിക്കാൻ പറഞ്ഞു. ഡോക്ടർമാരുടെ സംഘടനകളോട് പരാതിയുണ്ടെങ്കിൽ പറയണമെന്ന് പറഞ്ഞു. അവർക്ക് സന്തോഷമായി. അവർ ഒഫിഷ്യൽ ഓർഡറിൽതന്നെ ഇത് എഴുതുകയും ചെയ്തു. എന്നിട്ടും ഒറ്റപ്പെട്ട പരാതികളുണ്ട്. ഇവിടെ പലരും ചൂണ്ടിക്കാണിച്ചു നോംസ് ഉണ്ടാക്കിയത് പഴയ ഗവൺമെന്റാണെന്ന്. 1987-ലെ നായനാർ ഗവൺമെന്റിന്റെ രണ്ടാമത്തെ ക്യാബിനറ്റ് തീരുമാനമാണ് കേരളത്തിലെ സർവ്വീസ് രംഗത്ത് സ്ഥലം മാറ്റത്തിന് ഒരു നോംസ് വേണമെന്നത്. ആ ക്യാബിനറ്റ് യോഗത്തെ വളച്ചൊടിച്ച് അതിൽ നിന്നും വ്യതിചലിച്ച് ശ്രീ. കെ.പി. വിശ്വനാഥൻ പറയുന്നതു കേട്ടു 1994-95-ലാണ് നോംസ് ഉണ്ടായതെന്ന്. ഇവിടെ സ്ഥലംമാറ്റത്തിന്റെ കാര്യത്തിൽ ഞാൻ എടുക്കുന്ന തീരുമാനം എം.എൽ.എ.മാർക്കെല്ലാം അറിയാം.

ശ്രീ. ആര്യാടൻ മുഹമ്മദ് : 1987-ലെ നായനാർ ഗവൺമെന്റാണ് സ്ഥലം മാറ്റത്തിന് നോംസ് വേണമെന്ന് തീരുമാനിച്ചതെന്നു പറഞ്ഞു. അതിനുമുമ്പ് തന്നെ ശ്രീ. കെ.പി. പ്രഭാകരൻ നോംസ് ഉണ്ടാക്കിയിരുന്നു. അത് ജി.ഒ. ആക്കിയിരുന്നുവെന്നുള്ള കാര്യം അങ്ങേയ്ക്കറിയാമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ.സി. ഷൺമുഖദാസ് : അങ്ങ് ശ്രദ്ധിച്ചില്ല. ഞാൻ ക്യാബിനറ്റ് തീരുമാനമെന്നാണ് പറഞ്ഞത്. ശ്രീ. കെ.പി. പ്രഭാകരന്റെ കാലത്ത് ഡിപ്പാർട്ടുമെന്റൽ ആയി ജി.ഒ. ഉണ്ടായിരുന്നു. ക്യാബിനറ്റ് തീരുമാനം എല്ലാ ഡിപ്പാർട്ടുമെന്റിലും തുല്യമാണ്. അതുകൊണ്ടാണ് ക്യാബിനറ്റ് തീരുമാനമെന്നു പറഞ്ഞത്. അങ്ങ് അറിഞ്ഞിട്ടും അറിഞ്ഞില്ലെന്നുള്ള ഭാവം നടിക്കുകയാണോ, അതോ സ്വതസിദ്ധമായ ശൈലിയാണോയെന്ന് എനിക്കറിയില്ല.

ശ്രീ. ആര്യാടൻ മുഹമ്മദ് : അങ്ങ് ഇപ്പോൾ സംസാരിക്കുന്നത് ഹെൽത്ത് ഡിപ്പാർട്ടുമെന്റിനെക്കുറിച്ചാണ്. ഹെൽത്തിൽ വളരെ നേരത്തെ തന്നെ ഇതുണ്ട്. അതാണ് ഞാൻ പറഞ്ഞത്. അത് 1987-ലെ ഗവൺമെന്റ് കൊണ്ടുവന്നുവെന്നു പറഞ്ഞാൽ ഈ വകുപ്പിൽ ആദ്യം കൊണ്ടുവന്നത് 1982-ലാണ്. അങ്ങാണ് അത് ട്വിസ്റ്റ് ചെയ്യുന്നത്.

ശ്രീ. എ.സി. ഷൺമുഖദാസ് : ഇല്ല. ഇടതുപക്ഷമുന്നണി ഗവൺമെന്റിന്റെ നയത്തിന്റെ പ്രധാനപ്പെട്ട ഒരു ഭാഗമാണിത്. ആ നയത്തിൽ ഒരു വിട്ടുവീഴ്ചയും ചെയ്യാൻ തയ്യാറില്ല. കാരണം അതിവിടെ നടപ്പിലാക്കുമ്പോൾ ഡയറക്ടറേറ്റ്, ജില്ലാതലത്തിലാണ് ട്രാൻസ്ഫർ നടത്തുന്നത്. അവിടെ എന്തെങ്കിലും അപാകതകളുണ്ടെങ്കിൽ അപ്പീൽ വാങ്ങും. ആർക്കും ഒരു തെറ്റിദ്ധാരണയും വേണ്ട. ഈ കാര്യത്തിൽ എവിടെയെങ്കിലും തെറ്റുപറ്റിയാൽ തിരുത്തും. തെറ്റു ചെയ്തവരുടെ പേരിൽ നടപടിയെടുക്കും. സ്ഥലം മാറ്റത്തിന്റെ പേരിൽ ആരുടെയും കൈയിൽ അമ്മാനമാടാൻ ജീവനക്കാരെ വിട്ടുകൊടുക്കുകയില്ല. സ്ഥലംമാറ്റത്തിന്റെ പേരിൽ ഒരു വ്യവസ്ഥ വേണം. അനുഭവിച്ചതുകൊണ്ടു പറയുകയാണ്. സ്ഥലംമാറ്റത്തിന്റെ പേരിൽ ഒരു കാരണവശാലും ഇഷ്ടത്തിനൊത്ത്, താളത്തിനൊത്ത് തുള്ളാൻ ഒക്കുകയില്ല. അതുകൊണ്ട് വ്യവസ്ഥ നിർബന്ധമായും പാലിക്കാൻ ശ്രമിക്കുകയാണ്. ചില പ്രശ്നങ്ങളുണ്ട്. നേരത്തേ ചൂണ്ടിക്കാണിച്ചു പല്ലിന് പകരം എല്ല്, എല്ലിന് പകരം കണ്ണ് അത് ശരിയാണ്. ഡിപ്പാർട്ടുമെന്റ് തലത്തിൽ ഹെൽത്ത് സർവ്വീസിൽ പ്രത്യേക കാറ്റഗറിയില്ല. മെഡിക്കൽ കോളേജിൽ സ്പെഷ്യലിസ്റ്റ് ഡിപ്പാർട്ടുമെന്റുണ്ട്. ഹെൽത്ത് സർവ്വീസിൽ അസിസ്റ്റന്റ് സർജനും സിവിൽ സർജനുമെന്ന് പറഞ്ഞ് രണ്ട് വിഭാഗമേ ഉള്ളു. അതുകൊണ്ട് ട്രാൻസ്ഫറിൽ നോംസ് അക്ഷരാർത്ഥത്തിൽ പാലിക്കുമ്പോൾ അവിടെ ചിലപ്പോൾ ഗൈനക്കോളജിസ്റ്റിനു പകരം പീഡിയാട്രീഷ്യൻ വരും. പീഡിയാട്രീഷ്യനു പകരം മറ്റ് സ്പെഷ്യലിസ്റ്റുകൾ വരും. അത് മാറ്റാൻ ശ്രമിക്കുകയാണ്. കഴിയുന്നതും അവരുടെ സംഘടനകളുമായിട്ട് ആലോചിച്ച് പ്രത്യേക ഡിപ്പാർട്ടുമെന്റുകളാക്കി മാറ്റി ട്രാൻസ്ഫറിലും ഈ സ്പെഷ്യലിസ്റ്റ് ഉണ്ടാക്കിയെടുക്കാനുള്ള ശ്രമത്തിലാണ്. ഇപ്പോൾ നമ്മൾ കമ്പ്യൂട്ടറിൽ മുഴുവൻ ആളുകളുടെയും വിവരം ശേഖരിക്കാൻ ശ്രമിക്കുകയാണ്. നേരത്തെ ശ്രീ. ബാലൻ പറഞ്ഞു അവർ എം.ബി.ബി.എസ്. എടുത്തുകൊണ്ടാണ് അസിസ്റ്റന്റ് സർജനായിട്ട് ചേരുന്നത്, പിന്നീടാണ് സ്പെഷ്യലിസ്റ്റ് അക്വയർ ചെയ്യുന്നത് എന്ന്. അത് പലരും അറിയിക്കാറില്ല. അവരുടെയൊക്കെ വിവരം ശേഖരിക്കാൻ ശ്രമിക്കുകയാണ്.

സർ, ആ ശ്രമം പൂർത്തീകരിച്ചാൽ അടുത്ത വർഷത്തെ ട്രാൻസ്ഫറിൽ ഓരോ സ്പെഷ്യാലിറ്റിക്കൊത്ത രീതിയിൽ ട്രാൻസ്ഫർ എങ്ങനെയുണ്ടാക്കിയെടുക്കാൻ കഴിയുമെന്ന ശ്രമത്തിലാണ്. ഇതു കൂടി കഴിഞ്ഞാൽ കുറെ പരാതി പരിഹരിക്കാൻ കഴിയും. സ്ഥലംമാറ്റം ജീവനക്കാരെ സംരക്ഷിക്കാനാണ്. അതേസമയം ജീവനക്കാർ സ്ഥാപനത്തിനുവേണ്ടിയാണ്. സ്ഥാപനം ജീവനക്കാർക്കു വേണ്ടിയല്ല. ആരോഗ്യവകുപ്പിന്റെ നയത്തിൽ ഒന്നുകൂടിയുണ്ട്. ജീവനക്കാർക്കുവേണ്ടി സ്ഥാപനമെന്ന നില വിട്ട് സ്ഥാപനത്തിനു

LIBRARY ARCHIVES Kerala Legislative Assembly

വേണ്ടി ജീവനക്കാർ ഉണ്ടാകണം. ആ ജീവനക്കാരെ ഉണ്ടാക്കിയെടുക്കാൻ സ്ഥലമാറ്റത്തിന്റെ ഈ നയവും കൂടി ഉൾപ്പെടുത്താൻ ശ്രമിക്കുകയാണ്. കേരളത്തിലെ ആരോഗ്യനില മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് നോക്കിയാൽ സാമ്പത്തികമായി ഇനിയും കുറെക്കൂടി മുന്നോട്ടുപോകണം. ഇന്നലെ പ്ലാനിംഗ് കമ്മീഷൻ ഉപാദ്ധ്യക്ഷന്റെ പ്രസംഗം വന്നു. അദ്ദേഹം ഉപസംഹരിച്ചത് ചൈനയിൽ ചെലവഴിക്കുന്നതിന്റെ 3%-ഉം കേരളത്തിൽ ചെലവഴിക്കുന്ന 12%-ഉം ഇതിൽനിന്നുണ്ടാകുന്ന അച്ചീവ്മെന്റുമാണ്. അവിടത്തെ ഡിസിപ്ലിനും സംവിധാനത്തിനും വ്യത്യസ്തമായി അവിടെയുണ്ടാകുന്ന ചെലവിൽ നിന്ന് കിട്ടുന്ന റിട്ടേൺ ഇവിടെ കിട്ടുന്നില്ലയെന്ന് ചർച്ചയിൽ സംസാരിച്ചിട്ടുണ്ട്. ആ യോഗത്തിൽ ഞാനുണ്ടായിരുന്നു. സംസാരം കേട്ട ആളുകൾ റിപ്പോർട്ട് ചെയ്തതാണ്. ഞാൻ അദ്ദേഹത്തെ പിന്നീട് വിളിച്ചിട്ട് കിട്ടിയില്ല. അത് റിപ്പോർട്ട് ചെയ്തത് ഏത് രീതിയിലാണെന്ന് എനിക്കറിഞ്ഞുകൂടാ. ചൈനീസ് ചെലവും ആരോഗ്യരംഗത്തെ പെർസെന്റേജും കേരളത്തിലെ ചെലവും ആരോഗ്യരംഗത്തെ പെർസെന്റേജും അച്ചീവ്മെന്റും ചൈനയോടൊപ്പം എത്തുകയില്ല. ചൈന ഒരു കുടുംബത്തിൽ ഒരു കുട്ടി എന്ന മാതൃകയാണ്. അത് നിയമത്തിന്റെ പേരിലൊന്നുമല്ല. ജനങ്ങൾ സമ്പൂർണ്ണമായി സ്വീകരിച്ചിരിക്കുന്നു. ജനസംഖ്യ പെരുപ്പത്തിന്റെ കെടുതി അവർ അനുഭവിക്കുന്നു. ലോകത്തിൽ ഏറ്റവും വലിയ ജനസംഖ്യയുള്ള രാജ്യങ്ങളിൽ ഒരുപക്ഷേ നമ്മൾ രണ്ടാം സ്ഥാനത്ത് നിന്ന് ഒന്നാം സ്ഥാനത്തേയ്ക്കു പോകും. കാരണം നമ്മുടെ സാമൂഹ്യ അന്തരീക്ഷത്തിൽ ചില പ്രശ്നങ്ങളുണ്ട്. ചില ജില്ലകളിൽ ജനസംഖ്യ കൂടുകയാണ്. അതുകൂടി കണ്ടുകൊണ്ട് പരിഹരിക്കാൻ ശ്രമിക്കുകയാണ്. ആരോഗ്യരംഗത്തുള്ള കേരളത്തിലെ പ്രശ്നം പ്രത്യേകമായ ഒന്നാണ്. അത് ലോക ബാങ്ക് അധികൃതർ പലപ്പോഴും പറഞ്ഞിട്ടുള്ളതാണ്. അത് ബഹുമാനപ്പെട്ട പല മെമ്പർമാരും ഇവിടെ ചൂണ്ടിക്കാണിച്ചു. 1984-ലാണ് ആരോഗ്യ വകുപ്പിന് ഈ സംസ്ഥാനത്ത് പ്രത്യേകമായി ഒരു ഐ.പി.പി. പ്രോജക്ട് കിട്ടുന്നത്. ഇവിടെ കഴിഞ്ഞ അഞ്ചുകൊല്ലം ഒരു ഗവൺമെന്റുണ്ടായിരുന്നു. ഭാവനയുള്ളവരും കഴിവുള്ളവരും ചർച്ച ചെയ്യുന്നവരുമൊക്കെയുണ്ടായിരുന്നു. പക്ഷേ വേൾഡ് ബാങ്കിന്റെ മുമ്പിൽ ഒരു പ്രോജക്റ്റും വന്നിട്ടില്ല. എനിക്ക് അഭിമാനമുണ്ട്. ഈ ഗവൺമെന്റ് വന്ന് ഏതാനും മാസങ്ങൾക്കുള്ളിൽ വേൾഡ് ബാങ്കിന്റെ മുമ്പിൽ രണ്ടുമൂന്നു പ്രോജക്ടുകൾ സമർപ്പിച്ചിട്ടുണ്ട്. ഒരു പ്രോജക്ടിന് വേൾഡ് ബാങ്കിന്റെ അംഗീകാരമായി. മൊത്തം 90 കോടി രൂപ ചെലവു വരുന്നതാണ്. കോഴിക്കോട് അർബൻ ഏരിയ, പാലക്കാട് ജില്ല, ആലപ്പുഴ ജില്ലയിലെ മുനിസിപ്പാലിറ്റികൾ, മാവേലിക്കര, ചേർത്തല എന്നീ ജില്ലകളിൽ നിന്നു വരുന്ന വികസന പ്രവർത്തനങ്ങൾക്ക് ഒക്കെ സഹായിക്കുന്ന ഒരു പദ്ധതിയാണ്. ഈ പദ്ധതിക്ക് വേൾഡ് ബാങ്കിന്റെ അംഗീകാരമായി. കേന്ദ്രഗവൺമെന്റിന്റെ ക്യാബിനറ്റ് തീരുമാനം കൂടി വേണം. അത് കിട്ടിയാൽ 90-95 കോടി രൂപയുടെ പ്രവർത്തനം തുടങ്ങാൻ കഴിയും. ഈ കൂട്ടത്തിൽ അടുത്ത കാലത്ത് 500 കോടി രൂപയുടെ മറ്റൊരു പ്രോജക്റ്റ് വേൾഡ് ബാങ്കിന്റെ മുമ്പിൽ സമർപ്പിച്ചിട്ടുണ്ട്. വേൾഡ് ബാങ്ക് ഉദ്യോഗസ്ഥൻമാരുമായി സംസാരിച്ചപ്പോൾ നമ്മുടെ പ്രോജക്റ്റിനെപ്പറ്റി അവർക്ക് നല്ല മതിപ്പാണ്. അവരുടെ ക്ലിയറൻസ് കിട്ടണം. ചിലപ്പോൾ ഒരു കൊല്ലമോ, ഒന്നര കൊല്ലമോ എടുത്തു എന്നു വന്നേക്കാം. കേന്ദ്രഗവൺമെന്റിന്റെ അനുവാദം വേണം. 1984-നു ശേഷം ഈ സംസ്ഥാനത്ത് അടിസ്ഥാന മാറ്റങ്ങൾക്കുവേണ്ടി ബഡ്ജറ്റിലെ പണമല്ലാതെ മറ്റൊന്നുമുണ്ടാക്കിയെടുക്കാൻ കഴിഞ്ഞിട്ടില്ല. നാഷണൽ പ്രോഗ്രാമിന്റെ ഫലമായി ചില പദ്ധതികൾ കിട്ടാറുണ്ട്. പക്ഷേ ഫിഫ്റ്റി, ഫിഫ്റ്റിയേ കിട്ടാറുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

പുതിയ പ്രോജക്റ്റുകൾ സ്റ്റേറ്റിന് കിട്ടാറില്ല. ആദ്യമായി നമ്മൾ ശ്രമം നടത്തുകയാണ്. ഈ ശ്രമം കൂടി വിജയിക്കുമെങ്കിൽ ബഹുമാനപ്പെട്ട എം.എൽ.എ. മാർ പലരും ചൂണ്ടിക്കാണിച്ച അവരുടെ നിയോജകമണ്ഡലങ്ങളിലെ പോരായ്മകൾ പരിഹരിക്കാൻ ഈ പദ്ധതികൾ ഉൾപ്പെടുത്തി അവർക്ക് കൂടി തൃപ്തിയുള്ള ഒരു സ്ഥിതിയിലേയ്ക്ക് വരുത്താൻ കഴിയുമെന്ന് ഗവൺമെന്റ് കരുതുന്നു. ഡി.എഫ്.ഐ.ഡി.യുടെ സഹായത്തോടെ കേരളത്തിൽ എച്ച്.ഐ.വി. തുടങ്ങിയ രോഗങ്ങൾ നിയന്ത്രിക്കുന്നതിന് പുതിയ രൂപവും ഭാവവും നൽകാനുള്ള ഒരു സ്കീം കൂടി നടപ്പാക്കാൻ 100 മില്യൺ പൗണ്ട്സ് സഹായം കിട്ടാനുള്ള ശ്രമത്തിലാണ്. ആ അംഗീകാരം കൂടി കിട്ടിയാൽ ഇത് നടപ്പിലാക്കാൻ സാധിക്കും. വിദേശ സഹായം കൂടുതൽ ലഭ്യമായിട്ടുള്ളത് പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾക്കാണ്. എന്നാൽ പി.എച്ച്.സി., താലൂക്കാശുപത്രികൾ, ജില്ലാ ആശുപത്രികൾ എന്നിവിടങ്ങളിലൊക്കെ പുരോഗതിയുണ്ടാക്കുന്നതിന് ഒരു പ്രോജക്റ്റ് തയ്യാറാക്കി വേൾഡ് ബാങ്കിന് അയച്ചിട്ടുണ്ട്. അതിന് അംഗീകാരം കിട്ടുമെന്ന് പ്രതീക്ഷിക്കുന്നു. ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യകേന്ദ്രങ്ങളിൽ ഡോക്ടർമാരുടെ അഭാവമുണ്ട്. ഇവിടെ ചൂണ്ടിക്കാണിച്ചു ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ എൽ.ഡബ്ലിയു.എ അനുവദിച്ചു. ആന്റണിയുടെ ഗവൺമെന്റ് അത് തടഞ്ഞിരിക്കുന്നു എന്ന്. ഗവൺമെന്റ് അത് പരിശോധിച്ചു. ഞങ്ങൾ രാഷ്ട്രീയ ലവലിലും ഉന്നത വേദികളിലും ഇക്കാര്യം ചർച്ച ചെയ്തിട്ടുണ്ട്. പരിപാടികൾ തീരുമാനിച്ചതിനു ശേഷം സംസ്ഥാനത്തെ പല താല്പര്യങ്ങളും വച്ചുകൊണ്ട് എൻ.ഡബ്ളിയു.എ. കൊടുക്കാൻ നിശ്ചയിച്ചു. അത് തീരുമാനിക്കുമ്പോഴും സ്പെഷ്യാലിറ്റികൾക്ക് ഒരു കാരണവശാലും അനുവാദം കൊടുക്കുകയില്ലെന്ന് തീരുമാനമെടുത്തിട്ടുണ്ട്. മെഡിക്കൽ കോളേജിലെ കാർഡിയോളജി, അനസ്തേഷ്യ തുടങ്ങിയ വിഭാഗങ്ങൾക്ക് കൊടുക്കുകയില്ലെന്ന് തീരുമാനിച്ചിട്ടുണ്ട്. അന്ന് പി.എസ്.സി. ലിസ്റ്റുണ്ടായിരുന്നു. പി.എസ്.സി. ലിസ്റ്റ് തീർന്നു. ഇപ്പോൾ ഗവൺമെന്റുത്തരവ് കൊടുക്കുന്നത് സബ്സ്റ്റിറ്റ്യൂട്ട് ഹാജരായാലേ, ജോയിൻ ചെയ്താലേ എൽ.ഡബ്ലിയു.എ. കൊടുക്കുകയുള്ളു.

ശ്രീ. പി.സി. ജോർജ്ജ് : ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞതെല്ലാം ഞാൻ അംഗീകരിക്കുകയാണ്. പക്ഷേ നമ്മുടെ ആശുപത്രികളിൽ ഡോക്ടർമാരില്ലെന്നുള്ള സത്യം നമ്മുടെ മുമ്പിൽ നിൽക്കുകയാണ്. നമ്മുടെ ത്രിതല പഞ്ചായത്തുകൾക്ക് കോൺട്രാക്റ്റ് ബെയ്സിസ്സിൽ ഡോക്ടർമാരെ നിയമിക്കാമെന്നുള്ള നിയമമുണ്ടെന്നു പറയുന്നു. ഇവിടെ വന്നിരിക്കുന്ന അപകടം ആ നിയമം ഇപ്പോഴും നിലനിൽക്കുന്നു. പക്ഷേ ഡോക്ടർമാർ വന്ന് ചാർജ്ജെടുത്തിട്ട് ലീവെടുത്ത് പോവുകയാണ്. അങ്ങനെ ലീവെടുത്തു പോയി ഒന്നും രണ്ടും വർഷം കഴിഞ്ഞാൽ പോലും ഡോക്ടർമാരെ അവിടെ വേറെ നിയമിക്കാൻ കഴിയുന്നില്ല. ഇത് പരിഹരിക്കാൻ ആറു മാസത്തിൽ കൂടുതൽ ലീവെടുക്കുന്ന ഡോക്ടർമാർക്ക് പകരമായി കോൺട്രാക്ട് ബെയ് സിസ്സിൽ ഡോക്ടർമാരെ നിയമിക്കാനുള്ള അധികാരം പഞ്ചായത്തുകൾക്ക് കൊടുത്ത് കേരളത്തിലെ ജനങ്ങളെ രക്ഷിക്കാൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകുമോ?

ശ്രീ. എ.സി. ഷൺമുഖദാസ് : ഇപ്പോൾ തന്നെ അതിന് ഓർഡറുണ്ട്. പഞ്ചായത്തുകൾക്ക് ഡോക്ടർമാരെ കിട്ടുന്നില്ല. ഞാൻ 11 ജില്ലകളിൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാരുടെ യോഗം എം.എൽ.എ. മാരടക്കം വിളിച്ചുകൂട്ടി. അവർക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ട്. നിങ്ങളുടെ കയ്യിൽ ഡോക്ടർമാരെ കിട്ടുന്നുവെങ്കിൽ ഇന്റർവ്യൂ വേണ്ട. നിങ്ങൾക്ക് കളക്ടറോടോ, ഡി.എം.ഒ. യോടോ പറഞ്ഞ് അപ്പോയിന്റ് ചെയ്യാം.

LIBRARY ARCHIVES Kerala Legislative Assembly

ഡോ. കെ.സി. ജോസഫ് : ഡോക്ടർമാരെ നിയമിക്കുന്നതിന് പഞ്ചായത്തുകൾക്ക് അധികാരം കൊടുത്തിട്ടുണ്ടെങ്കിലും കോൺട്രാക്ട് ബെയ്സിസ്സിൽ അപ്പോയിന്റ് ചെയ്യുന്നതിന് കൺസോളിഡേറ്റഡ് പേ ആയി 5,000 രൂപ മാത്രം നിശ്ചയിച്ചിരിക്കുന്നതുകൊണ്ട് വെറും 5000 രൂപയ്ക്ക് ഇന്ന് ഡോക്ടർമാരെ സേവനത്തിന് ലഭിക്കുകയില്ലെന്നുള്ളതുകൊണ്ട് പര്യാപ്തമായ തുക വർദ്ധിപ്പിച്ചു കൊടുക്കാൻ കഴിയുമോ?

ശ്രീ. എ.സി. ഷൺമുഖദാസ് : പി.എസ്.സി. മുഖേന അസിസ്റ്റന്റ് സർജനായി വരുന്നവർക്ക് എൻട്രി കേഡറിൽ കിട്ടുന്ന തുകയേക്കാൾ കുറവാണ് ഇത്. അത് വർദ്ധിപ്പിക്കാൻ ഗവൺമെന്റാലോചിക്കുന്നു. അത് ഫൈനാൻസ് ഡിപ്പാർട്ടുമെന്റുമായി ആലോചിച്ച് തീരുമാനിക്കേണ്ടതാണ്. ഡോക്ടർമാരെ സർവ്വീസിൽ കിട്ടുന്നതിനുവേണ്ടി ന്യായമായ തുക അവർക്ക് കൊടുക്കണം. ആ രീതിയിൽ ഒരു തീരുമാനം ഗവൺമെന്റ് എടുക്കും. അത് കൂടിയെടുത്താലും ഡോക്ടർമാർ വരാൻ തയ്യാറല്ല. വയനാട്, ഇടുക്കി, കാസർഗോഡ് എന്നിവിടങ്ങളിൽ ആളില്ല. ചിലപ്പോൾ നഗരത്തിൽ കിട്ടും. അവർക്ക് മറ്റു ചില സൗകര്യം കൂടി വേണം. വിദ്യാഭ്യാസ പഠന സൗകര്യമൊക്കെ അതിന്റെ ഘടകമാണ്. അതിന്റെ അഭാവമുണ്ട്. അത് പരിഹരിക്കാൻ ശ്രമിക്കുകയാണ്. ഈ ഗവൺമെന്റ് വന്നതിനുശേഷം 550 ഡോക്ടർ മാരെ ഒരു കൊല്ലത്തിനുള്ളിൽ അപ്പോയിന്റ് ചെയ്തിട്ടുണ്ട്. കഴിഞ്ഞ കുറെ കൊല്ലങ്ങളെടുത്താൽ ഇതൊരു വലിയ കണക്കായിരിക്കാം. പക്ഷേ പകുതിപ്പേരും ജോയിൻ ചെയ്യാതെ പോയവരുണ്ട്, പിന്നീട് ജോയിൻ ചെയ്തവരുമുണ്ട്. ഒരു കാര്യത്തിലേ അവർക്ക് ലീവ് കൊടുക്കുന്നുള്ളു. അവർ ഹയർ സ്റ്റഡീസിനു പോകുന്നുവെങ്കിൽ പഠനം തുടരാൻ ലീവ് കൊടുക്കുന്നതൊഴിച്ചാൽ ജോയിനിംഗ് ടൈമിൽ എക്സംപ്ഷൻ കൊടുക്കുന്നില്ല. ഇതിനു മാത്രമേ കൊടുക്കുന്നുള്ളു. എന്നിട്ടും കുറെ ആളുകൾ പുറത്താണ്. അവരെ കൊണ്ടുവരാൻ ശ്രമിക്കുകയാണ്. ആത്മഹത്യാ പ്രവണത കുട്ടികളുടെ ഇടയിൽ വർദ്ധിച്ചുവരുന്നതിനെക്കുറിച്ച് ഇവിടെ പറഞ്ഞു. അത് തടയുന്നതിനുവേണ്ടി ഒരു കൗൺസിലിംഗ് പരിപാടി നടത്താൻ സന്നദ്ധസേവകന്മാരുമായി ശ്രമം നടത്തുകയാണ്. അതുപോലെ ആരോഗ്യ കേന്ദ്രങ്ങളിലെ നില മെച്ചപ്പെടുത്തണമെന്ന വാഗ്ദാനം നിറവേറ്റാൻ പരമാവധി ശ്രമിക്കുകയാണ്. പേഷ്യന്റ്-നഴ്സ് അനുപാതം പത്തിലൊന്നാണ്. അത് അഞ്ചിലൊന്നാക്കി മാറ്റാൻ ഹെൽത്ത് ആക്ട് അടിസ്ഥാനത്തിലുള്ള നടപടികൾ സ്വീകരിച്ച് ആ നടപടികളുമായി മുന്നോട്ടു പോകുകയാണ്. അതുപോലെ റോഡപകടങ്ങൾ വർദ്ധിച്ചുവരുന്നതിനെക്കുറിച്ച് പറഞ്ഞു. ബഹുമാനപ്പെട്ട എ.വി. താമരാക്ഷൻ തൃശ്ശൂർ നാഷണൽ ഹൈവേയിലെ അപകടത്തെക്കുറിച്ച് പറഞ്ഞു. അത് ശരിയാണ്. നാഷണൽ ഹൈവേയിലാണ് ഏറ്റവും കൂടുതൽ അപകടങ്ങളുണ്ടാകുന്നത്. അതിനുവേണ്ടി സംസ്ഥാന ഗവൺമെന്റ് മറ്റു ചില എക്സ്റ്റേണൽ അഫയേഴ്സിന്റെ അസിസ്റ്റൻസോടുകൂടി ആലപ്പുഴ മെഡിക്കൽ കോളേജ്, തൃശ്ശൂർ മെഡിക്കൽ കോളേജുകളിലൊക്കെ ഇതിനുവേണ്ടി ഒരു പ്രത്യേക വിഭാഗമുണ്ടാക്കാൻ ഒരു പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. അവരുടെ അനുവാദംകൂടി കിട്ടിയാൽ മതി. അതിനുവേണ്ടി മുൻഗണന കൊടുക്കേണ്ടതില്ല. ഹൃദ്രോഗം വർദ്ധിച്ചുവരുന്നതിനെക്കുറിച്ച് ഇവിടെ ശ്രീ. കെ.എ. ചന്ദ്രനും, ശ്രീ. വി.കെ. ചന്ദ്രനും, ജോണി നെല്ലൂരും ചൂണ്ടിക്കാണിച്ചു. അത് ശരിയാണ്. ഇവിടെ കാത്ത് ലാബിന്റെ സൗകര്യമില്ല. തൊറാസിക് സർജറിയും മറ്റു സംവിധാനങ്ങളുമുണ്ടായിരുന്നില്ല. കേരളത്തിലെ ഒരു സ്ഥാപനത്തിലും ഈ സൗകര്യമുണ്ടായിരുന്നില്ല. തിരുവനന്തപുരം മെഡിക്കൽ കോളേജിലും കോഴിക്കോട് മെഡിക്കൽ കോളേജിലും കാത്ത് ലാബ് വന്നു. കാത്ത് ലാബ്

LIBRARY ARCHIVES Kerala Legislative Assembly

വരുമ്പോൾ ആവശ്യമായ സജ്ജീകരണങ്ങളുണ്ടായിരുന്നില്ല. ശ്രീ. ജോണി നെല്ലൂർ പറഞ്ഞു തിരുവനന്തപുരം മെഡിക്കൽ കോളേജിൽ കാത്ത് ലാബ് പെട്ടിയിലാണെന്ന്. ഞാൻ ഇന്ന് അദ്ദേഹവുമായി പോയി അത് കാണാം. ട്രയൽ തന്നെ കാണിച്ചു കൊടുക്കാം. കഴിഞ്ഞ നാലു ദിവസത്തിനു മുൻപാണ് വൈദ്യുതി കണക്ഷൻ കിട്ടിയത്. ഞാൻ അവിടെ പോകാറുണ്ട്. മെയിന്റനൻസ ടക്കം നടത്തിയതും മെഷീൻ ഇറക്ട് ചെയ്ത സ്ഥലത്തും ഞാൻ പോകാ റുണ്ട്. കാരണം ഇത് എങ്ങനെയെങ്കിലും പൂർത്തീകരിക്കണം. കോഴിക്കോട് ഒരു ആഴ്ച മുമ്പ് കാത്ത് ലാബ് വന്നപ്പോൾ തിരുവനന്തപുരത്ത് വൈകിച്ചു എന്ന ആക്ഷേപം വന്നു. ആക്ഷേപത്തിൽ എന്തൊക്കെ വന്നു എന്നറിയാമോ? കോഴിക്കോട് ട്രയൽ റൺ നടത്തിയപ്പോൾ ഒരേ കമ്പനിയിൽ നിന്ന് രണ്ട് മെഷിനറികൾ. ഒരു ചെറിയ എക്വിപ്മെന്റ് കോഴിക്കോട് എത്തിയില്ല. അതേ കമ്പനിക്കാർ ഇവിടെ നിന്നു കൊണ്ടുപോയി ട്രയൽ റൺ നടത്തി. പത്രത്തിൽ വന്നത് മോഷ്ടിച്ചു കോഴിക്കോട് കൊണ്ടുപോയി എന്ന്. എങ്ങനെ വന്നു വെന്ന് എനിക്കറിഞ്ഞുകൂടാ. ട്രയൽ റണ്ണിന് രണ്ടുജില്ലയിൽ ഈ സാധനം കിട ക്കുകയാണ്. ട്രയൽ റണ്ണിന് സാധനമെടുത്ത് അതേ കമ്പനിക്കാർ കൊണ്ടു പോയാൽ ആ രീതിയിലൊക്കെയാണ് പ്രചാരണമെങ്കിൽ ഈ പ്രചാരണ ത്തിന്റെ മായാവലയം എന്നു പറഞ്ഞുകൊണ്ട് ഞാൻ ഇവിടെ വച്ച് അവസാനി പ്പിക്കുന്നു. ഒരു കാര്യം തീർച്ച. കോഴിക്കോടും തിരുവനന്തപുരത്തും അല്ലെ ങ്കിൽ തിരുവനന്തപുരത്തും കോഴിക്കോടും കാത്ത് ലാബ് വളരെ വൈകാതെ ഫിറ്റ് ചെയ്ത് ഫങ്ഷൻ ചെയ്യും. കോഴിക്കോട് ഒരു ചെറിയ പ്രശ്നമുണ്ട്. ആവശ്യമായ സ്റ്റാഫിനെ കിട്ടുകയില്ല, തൊറാസിക് സർജനെ വേണം, നല്ല കാർഡിയോളജിസ്റ്റിനെ വേണം. പലപ്പോഴും ജോയിൻ ചെയ്യുന്നവർക്ക് അവിടെ ജോലി ചെയ്യാൻ താല്പര്യമില്ല. അവർക്ക് പകരം ആളിനെ നിയമി ക്കാൻ ശ്രമിക്കുകയാണ്. ശ്രീ. വി.സി. കബീറും ശ്രീ. ചന്ദ്രനും പാലക്കാട്ടേ ഡയാലിസിസിന്റെ കാര്യം സൂചിപ്പിക്കുകയുണ്ടായി, ശരിയാണ്, ഡയാലിസിസ് മെഷീൻ കൊണ്ടുവന്നിട്ടുണ്ട്. പക്ഷേ നെഫ്റോളജിസ്റ്റ് ഇല്ല. കോൺട്രാക്ട് അടിസ്ഥാനത്തിൽ 30,000 രൂപ കൊടുക്കാമെന്ന് എച്ച്.ഡി.സി. തീരുമാനിച്ചു, പക്ഷേ ആളിനെ കിട്ടിയില്ല. ഹെൽത്ത് ഡിപ്പാർട്ടുമെന്റിൽ ഒരു നെഫ്റോള ജിസ്റ്റും ഇല്ല. നെഫ്റോളജിസ്റ്റില്ലാതെ അവിടെ എങ്ങനെ മെഷീൻ വാങ്ങിയെ ന്നുള്ളത് വേറൊരു കാര്യം. എച്ച്.ഡി.സി. യും എം.ടി. യും ഐ.സി. യൂണിറ്റും ഡയാലിസിസുമൊക്കെ വന്നു, പക്ഷേ ഇതൊന്നും ആരും ആലോചിച്ചില്ല. ആരോഗ്യവകുപ്പിൽ കാർഡിയോളജിസ്റ്റുകൾ ഇല്ല. അവരുടെ അഭാവമുണ്ട്. അവർ ലീവെടുക്കുകയല്ല ഉപേക്ഷിച്ചിട്ട് പോകുകയാണ്, ഞാൻ എം.എൽ.എ. മാരും എം.പി. മാരുമായി ഇക്കാര്യം ചർച്ച ചെയ്തു. കഴിയുമെങ്കിൽ ഒരു ഫിസിഷ്യനെ വച്ച് സാധാരണ മെഡിസിന്റെ ഐ.സി. യൂണിറ്റാക്കി പ്രവർത്തി പ്പിക്കാമെന്നുള്ള കാര്യം ചർച്ച ചെയ്യുകയാണ്. ഇത്തരത്തിൽ നമ്മുടെ സ്ഥാപ നങ്ങളെ മെച്ചപ്പെടുത്താൻ ശ്രമിക്കുകയാണ്. മുൻകാലങ്ങളെ അപേക്ഷിച്ച് ഡോക്ടർമാരുടെയും നേഴ്സുമാരുടെയും പാരാമെഡിക്കൽ സ്റ്റാഫിന്റെയും നല്ല സഹകരണമുണ്ട്. അവരെ കുറ്റപ്പെടുത്തുന്നതെന്തിനാണ്? മൂന്ന് കൊല്ല മായി ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് യൂണിഫോം കൊടുത്തിട്ടില്ല, പിന്നെ അവ രുടെ സഹകരണം എങ്ങനെ കിട്ടും. ഇപ്പോൾ ഈ ഗവൺമെന്റ് അതിന് ശ്രമിച്ചു, യൂണിഫോം കൊടുത്തുകൊണ്ടിരിക്കുന്ന നടപടിയിലാണ്. ഡിപ്പാർട്ടു മെന്റ് പർച്ചേസ് കമ്മിറ്റിയുമായി ചില തർക്കങ്ങളൊക്കെയുണ്ടായി, അത് പരി ഹരിച്ചുകൊടുക്കാനുള്ള ശ്രമത്തിലാണ്. പാരാമെഡിക്കൽ സ്റ്റാഫിന് യൂണിഫോം കൊടുക്കുന്ന കാര്യം ആരും ആലോചിച്ചില്ല. ഈ വക ചെറിയ ചെറിയ കാര്യ

LIBRARY ARCHIVES Kerala Legislative Assembly

ങ്ങൾ മെച്ചപ്പെടുത്തിയാൽ വലിയ മെച്ചം ഈ രാജ്യത്തുണ്ടാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ആരും ബഹളമൊന്നുമുണ്ടാക്കാതെ ഈ പ്രശ്നത്തിന് പരിഹാരമുണ്ടാക്കിയതിൽ എല്ലാപേരുടേയും സഹകരണമുണ്ട്.

ശ്രീ. ഉമ്മൻ ചാണ്ടി : ഈ ഗവൺമെന്റ് വന്നതിനുശേഷം ആരോഗ്യരംഗത്ത് വളരെ പ്രാധാന്യത്തോടുകൂടി എടുത്ത ഒരു സ്ഥാപനമാണ് തലശ്ശേരിയില കാൻസർ സെന്റർ, വിദേശസഹായത്തോടുകൂടിയ ഈ സ്ഥാപനത്തെക്കുറിച്ച് അങ്ങ് ഒന്നും പറഞ്ഞില്ല. ആ സ്ഥാപനത്തിന് ആരോഗ്യവകുപ്പുമായിട്ട് എന്തെങ്കിലും ബന്ധമുണ്ടോ? ഉണ്ടെങ്കിൽ എങ്ങനെയാണ് ബന്ധം?

ശ്രീ. എ.സി. ഷൺമുഖദാസ് : കനേഡിയൻ അസിസ്റ്റന്റ്സ് ഇലക്ട്രിസിറ്റി ബോർഡുമായിട്ടുള്ള ബന്ധത്തിന്റെ അടിസ്ഥാനത്തിലും ഇലക്ട്രിസിറ്റി ബോർഡിന്റെ നിയന്ത്രണത്തിലുള്ള ലോണിന്റെ അടിസ്ഥാനത്തിലും അവരുടെ സോഷ്യൽ ആക്ടിവിറ്റീസിന്റെ ഭാഗമായിട്ടുമാണിത്. സാങ്കേതികമായ ഉപദേശം ആരോഗ്യവകുപ്പ് നൽകും. ഫൈനൽ തീരുമാനമെടുക്കുമ്പോൾ അതിന്റെ നടത്തിപ്പ് എങ്ങനെയാണെന്നുള്ള കാര്യം പരിശോധിക്കും.

തുറമുഖങ്ങളെ സംബന്ധിച്ചിടത്തോളം 13 ഇടത്തരം-ചെറുകിട തുറമുഖങ്ങളുണ്ട്. പ്രൈവറ്റൈസേഷന് തീരുമാനിച്ചിട്ടുണ്ട്, അവരുമായി ചില സ്ഥലത്ത് എം.ഒ.യു. ഒപ്പിട്ടിട്ടുണ്ട്. ബേയ്പ്പൂർ, കൊടുങ്ങല്ലൂർ, വിഴിഞ്ഞം എന്നിവയുടെ എം.ഒ.യു. ഒപ്പിട്ടിട്ടുണ്ട്. ആലപ്പുഴയ്ക്ക് രണ്ടുതവണ പരസ്യപ്പെടുത്തിയിട്ടും ആളുകൾ ഉണ്ടായില്ല. കമ്പനികളിൽ നിന്നും ഇത് സംബന്ധിച്ച് വന്നിട്ടുള്ള ചില വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ പരിശോധിക്കുവാൻ കേന്ദ്രഷിപ്പിംഗ് സെക്രട്ടറിയായ ശ്രീ. പി.എം. എബ്രഹാം ചെയർമാനായ ഒരു കമ്മിറ്റി ആറുമാസമായി പ്രവർത്തിക്കുന്നുണ്ട്. മുനമ്പത്തിന്റെയും ബേയ്പ്പൂരിന്റെയും പണി പൂർത്തീകരിച്ച രീതിയിലാണ് അവർ പറഞ്ഞത്. വിഴിഞ്ഞത്തെ സംബന്ധിച്ചിടത്തോളം ക്യാപ്റ്റീവ് ബർത്തായിരുന്നു. അവർ ആദ്യം പറഞ്ഞിരുന്നത് വൈദ്യുതിനിലയം സ്ഥാപിക്കാനാണെന്നാണ്. അതുമായി ചില പ്രശ്നങ്ങളുണ്ട്. അത് സംബന്ധിച്ച് നയപരമായി തീരുമാനിക്കണം. അഴീക്കൽ തുറമുഖത്തിന്റെ പ്രവർത്തനങ്ങൾ നടക്കുകയാണ്. നാലുകോടി രൂപ ഈ വർഷം ചെലവാകും. ഒരു കോടി രൂപയേ ബഡ്ജറ്റിലുള്ളു, അതുംകൂടി ഉണ്ടാക്കി ഈ കൊല്ലം അല്ലെങ്കിൽ അടുത്ത കൊല്ലമെങ്കിലും കയറ്റിറക്കുമതിയ്ക്ക് സാധിക്കും. 1982-ൽ കപ്പൽ വന്നതിനുശേഷം 1989-ലാണ് കപ്പൽ അവിടെ വന്നത്. 1989-നുശേഷം അവിടെ കപ്പൽ വന്നിട്ടില്ല. ഇപ്പോൾ ശ്രമിക്കുകയാണ്. അടുത്തവർഷമെങ്കിലും ഗോതമ്പോ മറ്റ് എന്തെങ്കിലും സാധനങ്ങളോ ഇറക്കുമതി ചെയ്യുന്നതിനു ശ്രമിക്കുകയാണ്. അങ്ങനെ ആലപ്പുഴ തുറമുഖം പ്രവർത്തിപ്പിക്കുന്നതിനുള്ള ശ്രമത്തിലാണ്. എഫ്.സി.ഐ. താല്ക്കാലികമായി അംഗീകരിച്ചിട്ടുണ്ട്. സെൻട്രൽ ഗവൺമെന്റിന്റെ അംഗീകാരം കൂടി വേണം. ആലപ്പുഴ തുറമുഖത്തിൽ കയറ്റിറക്കുമതിയ്ക്കുള്ള എല്ലാ സജ്ജീകരണവും സംസ്ഥാന ഗവൺമെന്റ് പൂർത്തീകരിക്കും. ചരക്ക് കിട്ടേണ്ടത് ഞങ്ങളുടെ നിയന്ത്രണത്തിൽ അല്ല. ആറ് ലക്ഷം രൂപയുടെ എ.എസ്. കൊടുത്തിട്ടുണ്ട്. പോരാത്തതിന് എ.എസ്. കൊടുക്കാം. പണം പ്രശ്നമല്ല. ആലപ്പുഴ തുറമുഖം പ്രവർത്തിപ്പിക്കുന്നതിനുവേണ്ടി എത്ര പണം ചെലവഴിക്കേണ്ടി വന്നാലും ആ പണം ചെലവഴിക്കാൻ സംസ്ഥാന ഗവൺമെന്റ് തയ്യാറാണ്. ആലപ്പുഴയുടെ പ്രശ്നം ഒരു പ്രസ്റ്റീജിന്റെ പ്രശ്നമായിട്ട് എടുക്കാൻ ഗവൺമെന്റ് തയ്യാറാണ്. ഇവിടെ എന്റെ സുഹൃത്ത് ശ്രീ. വി. ജെ. പൗലോസ്, എന്റെ അമേരിക്കൻ യാത്രയുമായി ബന്ധപ്പെട്ട ചില കാര്യങ്ങൾ പറഞ്ഞു. എന്റെ കൈവശം അന്നത്തെ പരിപാടിയുടെ ലിസ്റ്റുണ്ട്, അത് ബന്ധപ്പെട്ട എല്ലാവർക്കും അയച്ചുകൊടുത്തതാണ്. പി.ആർ.ഡി.യ്ക്കും കൊടു

LIBRARY ARCHIVES Kerala Legislative Assembly

Page 88 of 102

ത്തതാണ്. അതിൽ പറഞ്ഞിരിക്കുന്നത്, ഫ്രാങ്ക്ഫർട്ട്, ഡാളസ്, ഷിക്കാഗോ, വാഷിംഗ്ടൺ, ന്യൂയോർക്ക്. എനിക്ക് ഹ്യൂസ്റ്റണിൽ പോകേണ്ടിവന്നു, ഒരു ഞായറാഴ്ച ആയിരുന്നു, ഞാൻ പോയത് നോർത്ത് ടെക്സാസ് നേഴ്സസ് അസോസിയേഷൻ നടത്തിയ ഇന്ത്യൻ സ്വാതന്ത്ര്യത്തിന്റെ 50-ാം വാർഷിക പരിപാടിയ്ക്കാണ്. മറ്റ് പരിപാടിയ്ക്ക് പോയത് ഔഷധിയുമായി ബന്ധപ്പെട്ടാണ്. അമേരിക്കയിൽ ആയുർവേദ ഔഷധങ്ങൾക്ക് ലീഗലായിട്ടുള്ള വ്യവസ്ഥകളായിട്ടില്ല, ഇനിയും കുറെ ശ്രമങ്ങൾ നടക്കണം, അവിടത്തെ ഉദ്യോഗസ്ഥൻമാരെ ബോദ്ധ്യപ്പെടുത്തണം, അതു സാധിക്കുമെങ്കിൽ നമ്മുടെ നാട്ടിലെ തൊഴിലില്ലായ്മയ്ക്കും വരുമാനത്തിനും ഗുണമാണ്. ജർമ്മനിയിൽ ആയുർവേദ ഔഷധങ്ങൾക്ക് പ്രിയം കൂടുകയാണ്. അമേരിക്കയിൽ ഒരു ഇന്ത്യാക്കാരൻ വലിയ പ്രചാരണം ആയുർവേദത്തിന് നടത്തുന്നുണ്ട്, ആയുർവേദ പഠനവും നടത്തുന്നുണ്ട്. അമേരിക്കൻ ഗവൺമെന്റുമായും പൊളിറ്റിക്കലായും ബന്ധപ്പെട്ട് ആയുർവേദ ഔഷധങ്ങൾക്ക് നിയമപരമായി അമേരിക്കയുടെ വ്യവസ്ഥകൾക്കുള്ളിൽ കൊണ്ടുവന്നാൽ അതിന്റെ നേരിട്ട് പ്രയോജനം ലഭിക്കുന്നത് കേരള സംസ്ഥാനത്തിനാണ്. കേരളത്തിലെ പൊതുമേഖലാ സ്ഥാപനമായ ഔഷധി, ലാഭത്തിൽ പ്രവർത്തിക്കുകയാണ്. കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ കാലത്ത് ശ്രീ. നായനാർ തറക്കല്ലിട്ട് ആ ഗവൺമെന്റ് പോകുന്നതിനുമുമ്പ് പൂർത്തീകരിച്ചു. ആ ഔഷധിയുടെ മാർക്കറ്റ് അമേരിക്കയിൽ നിന്നും അന്വേഷണമുണ്ടായി. പക്ഷേ അന്വേഷണത്തിന് അവർക്കുവേണ്ട സഹായമുണ്ട്, ആ സഹായത്തിന് നിയമപരമായ സംരക്ഷണം വേണം. ആ സംരക്ഷണത്തിന് നമ്മൾ കുറെ പ്രവർത്തിക്കേണ്ടിവരും. എത്ര ഡെലിഗേഷൻസ് വന്നാലും പോയാലും നഷ്ടമില്ല, അപ്പുറത്തുള്ള ആളുകൾ പോകുമെങ്കിൽ ഞാൻ സഹായിക്കാൻ തയ്യാറാണ്. നിങ്ങൾക്ക് വാങ്ങിക്കാൻ കഴിയുമെങ്കിൽ സംസ്ഥാനത്തിന് ലാഭകരമാണ്. ആ രീതിയിൽ അന്വേഷണമുണ്ടായി. അമേരിക്കൻ അക്കാഡമി ഓഫ് ആയുർവേദത്തിന്റെ ക്ഷണപ്രകാരമാണ് ഞാൻ അവിടെ പോയത്. പോകുമ്പോൾ ഇന്ത്യൻ സ്വാതന്ത്ര്യത്തിന്റെ 50-ാം വാർഷിക സമ്മേളനത്തിന് പ്രസംഗിക്കണമെന്ന് പറഞ്ഞു. അതിന് ഞാൻ പോയി. ഹ്യൂസ്റ്റണിൽ പോകാൻ കാരണം, തിരുവനന്തപുരമെന്നു പറയുന്നതിൽ അഭിമാനമുണ്ട്. അവിടെയുള്ള ഗാലസ്റ്റൺ എന്നു പറയുന്ന ഒരു സിറ്റി കോർപ്പറേഷൻ ലോകത്തിലെ ഏഴ് സിറ്റികൾ അവരുടെ സഹോദര സിറ്റികളായി പ്രഖ്യാപിച്ചും, അതിൽ തിരുവനന്തപുരവും ഉൾപ്പെടും. രണ്ടുകൊല്ലത്തിനു മുൻപ്, അവിടത്തെ മേയറുമായും അന്ന് അവിടെ ചാർജ്ജുണ്ടായിരുന്ന ഐ.എ.എസ്. ഓഫീസറുമായും അന്യോന്യം സംസാരിച്ചു. പിന്നെ ബന്ധമൊന്നുമുണ്ടായില്ല. ഞാൻ ഡാളസിൽ ഉള്ളപ്പോൾ ആ മേയറുമായി ബന്ധപ്പെട്ട സുഹൃത്ത് ആ മേയറെ പോയി കാണണമെന്നു പറഞ്ഞു. തിരുവനന്തപുരം സിറ്റിയുടെ സഹോദര സിറ്റി പോയി കണ്ടാൽ കൊള്ളാമെന്ന് തോന്നി, ഞായറാഴ്ചയാണ്. അങ്ങനെ അദ്ദേഹത്തെ കാണാൻ പോയി. എനിക്ക് സന്തോഷമുണ്ട്. മേയർ വന്ന് കോർപ്പറേഷൻ ആഫീസ് തുറന്നു. ഞങ്ങൾ ചർച്ച നടത്തി. അവർ ഇവിടെയുമായി ബന്ധപ്പെടാൻ ശ്രമം നടത്തുന്നു. റീഡേഴ്സ് ഡൈജസ്റ്റ് ലോകത്തിലെ സത്യവാൻമാരുടെ സിറ്റിയെ കണ്ടെത്താൻ ഒരു സർവ്വേ നടത്തി. തിരുവനന്തപുരം സിറ്റി ലോകത്തിലെ Honest സിറ്റിയായി റീഡേഴ്സ് ഡൈജസ്റ്റ് സെലക്ട് ചെയ്തിരിക്കുന്നു. ആ സിറ്റി സെലക്ട് ചെയ്തവരുമായിട്ട് ബന്ധപ്പെടുന്നത് ഗുണകരമാണെന്നുള്ളതുകൊണ്ട് പോയിരുന്നു. വഴിക്ക് എന്റെ നിയോജകമണ്ഡലത്തിലെ പഴയ സഹപ്രവർത്തകർ അടക്കം ഒരു ഇന്ത്യൻ റെസ്റ്റോറന്റിൽ വൈകുന്നേരം

LIBRARY ARCHIVES Kerala Legislative Assembly

കുറച്ചുസമയം ഇരിക്കണമെന്ന് ആവശ്യപ്പെട്ടു. സഹപ്രവർത്തകരെ മറക്കാൻ ഉന്നതസ്ഥാനത്തു എത്തുമ്പോൾ പലർക്കും കഴിയുമായിരിക്കും, എനിക്ക് അതിന് കഴിയാറില്ല. ഇതിനപ്പുറം അതിന് മറുപടി വേണ്ട. പഴയ സഹപ്രവർത്തകൻ ഞങ്ങളുടെ എല്ലാപേരുടേയും സഹപ്രവർത്തകനാണ്. ഇന്ത്യൻ റെസ്റ്റോറന്റിലാണ് പോയി ഇരുന്നത്. ആ സമയത്ത് നേഴ്സുമാരുടെ ഒരു യോഗം നടക്കുന്നതിൽ പങ്കെടുക്കണമെന്ന് പത്രപ്രവർത്തകർ പറഞ്ഞു, ഞാൻ പറഞ്ഞു, വന്ന കാര്യം ഇതാണ്, അതിനല്ലാതെ കമ്മിറ്റിയിൽ വരാൻ പറ്റില്ല, സമയം പാലിക്കുന്നതിൽ കഴിയുന്നതും ശ്രമിക്കാറുണ്ട്. സമയം പാലിക്കുന്നതിലുള്ള എന്റെ നിർബന്ധം കൊണ്ട് അതിന് പോകാൻ കഴിഞ്ഞില്ല. ശ്രീ. പൗലോസ് അങ്ങും ഞാനുമായി അധികം ബന്ധമില്ല, ബന്ധമില്ലാത്തതുകൊണ്ട് അങ്ങേയ്ക്ക് ഇത് പറയാൻ കഴിഞ്ഞു. ബന്ധമുള്ള പല സുഹൃത്തുക്കളും അവിടെ ഉണ്ടല്ലോ, ആ സുഹൃത്തുക്കൾക്ക് അറിയാം. ഞാൻ എടുക്കുന്ന എല്ലാ കാര്യങ്ങളിലുമുള്ള നിലപാടിൽ ഒരു തെറ്റിദ്ധാരണയും നിങ്ങൾക്ക് വേണ്ട. ഒറ്റയ്ക്ക് നീന്തേണ്ടിവന്നാലും ശരി, ഒരുപക്ഷേ ഒറ്റപ്പെട്ടാലും ശരി, ചെറുപ്പകാലത്ത് എടുത്തിട്ടുള്ള വിശ്വാസപ്രമാണങ്ങൾ അക്ഷരാർത്ഥത്തിൽ പാലിക്കും. കെ.എസ്.യു. ക്കാരനായ എനിക്ക് എന്റെ ജീവിതത്തിലെ ഏറ്റവും നല്ല മുദ്രാവാക്യത്തിന്റെ ഒരു അവതരണമായിരുന്നു പരിയാരം മെഡിക്കൽ കോളേജ് ബിൽ. നിങ്ങൾക്ക് മറക്കാൻ കഴിയും, ഞങ്ങൾക്ക് മറക്കാനുള്ള ആഗ്രഹവുമില്ല. പുകമറ സൃഷ്ടിച്ച് ചെറിയൊരു പത്രത്തിൽ വന്നത് നിയമസഭയിൽ ശ്രീ. പൗലോസിനെ പോലെയുള്ള ആളുകൾ വായിക്കാൻ ഇടവന്നത് അദ്ദേഹത്തിന്റെ കുറ്റമല്ല, അത് അച്ചടിച്ചുവന്നതുകൊണ്ടാണ്. മുഴുവൻ കുടിച്ചു നോക്കിയിട്ട് ഒരു വറ്റും കിട്ടിയില്ല, എന്നാൽ മേലെയുള്ള ഒരു പാടയെങ്കിലും കിട്ടട്ടേയെന്ന ആഗ്രഹത്തിലാണ് ഇതെങ്കിൽ ആ പാടകൊണ്ട് നിങ്ങൾക്ക് അവസാനിപ്പിക്കേണ്ടിവരും. ഇവിടെ പറയാൻ നോക്കിയത് അതാണ്.

ശ്രീ. ടി.കെ. ഹംസ : കോൺഗ്രസ്സുകാർക്ക് ആലപ്പുഴ സമ്മേളനത്തിന്റെ ഓർമ്മയാണ്. നേഴ്സുമാരുടെ സമ്മേളനം, ഡോക്ടർമാരുടെ സമ്മേളനം, ഏത് സമ്മേളനം കാണുമ്പോഴും അവരുടെ മനസ്സിൽ ആലപ്പുഴ സമ്മേളനത്തിന്റെ ഓർമ്മയാണ് ..... ബഹളം .....

ശ്രീ. എ.സി. ഷൺമുഖദാസ് : ആലപ്പുഴ സമ്മേളനം എന്നുപറഞ്ഞാൽ എനിക്ക് അറിഞ്ഞുകൂടാ. ശ്രീ. ടി.കെ. ഹംസയൊക്കെ കെ.എസ്.യു.വിൽ ഉണ്ടായിരുന്ന കാലത്തായിരുന്നു ആ സമ്മേളനം. ഈ നിയമസഭയിലെ പഴയ പ്രൊസീഡിംഗ്സ് ഇന്നലെയും വായിച്ച ആളാണ് ഞാൻ. കഴിഞ്ഞ കുറെ കാലത്തിനുള്ളിൽ ഒരു വകുപ്പിനോട് അനുബന്ധമായി ഇത്രയേറെ സംതൃപ്തിയോടുകൂടി ചർച്ച നടന്ന ഒരു പ്രൊസീഡിംഗ്സ് ഇതുവരെ ഉണ്ടായിട്ടില്ല. ഇനിയുണ്ടാകും എന്ന് പ്രതീക്ഷിച്ചുകൊണ്ട്, എല്ലാവർക്കും നന്ദി പറഞ്ഞുകൊണ്ട്, ഇതു പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. ടി.കെ. രാമകൃഷ്ണൻ) : സർ, ഗ്രാമവികസനത്തെപ്പറ്റിയും ഫിഷറീസ് വകുപ്പിനെപ്പറ്റിയും ഇവിടെ നടന്ന ചർച്ചയിൽ പങ്കെടുത്തുകൊണ്ട് അഭിപ്രായപ്രകടനങ്ങൾ നടത്തിയ എല്ലാ മെമ്പർമാരെയും ഞാൻ കൃതജ്ഞത അറിയിക്കുന്നു. വലിയ വിമർശനങ്ങളൊന്നും വന്നില്ല. ചില വിമർശനങ്ങൾ വന്നതുതന്നെ തെറ്റിദ്ധാരണയുടെ അടിസ്ഥാനത്തിലാണ്. പക്ഷേ ഒരു കാര്യം, ഈ വകുപ്പുകളിൽ എന്തെല്ലാം നടക്കുന്നുവെന്ന് നാട്ടുകാർ അറിയേണ്ടേ? അതിനുവേണ്ടി ചില കാര്യങ്ങൾ ചുരുക്കി ഞാൻ പറയാം. ഗ്രാമവികസനത്തിന്റെ കാര്യത്തിൽ ഏതാണ്ട് 114 ശതമാനം ചെലവു ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്. ഈ രംഗത്ത് നല്ല

LIBRARY ARCHIVES Kerala Legislative Assembly

Page 90 of 102

രീതിയിൽ പുരോഗതിയുണ്ടായിട്ടുണ്ട്. രണ്ടുമൂന്നു സെക്ടറുകൾക്ക് മാർച്ചുമാസത്തിലാണ് കേന്ദ്രത്തിൽ നിന്നും പണം കിട്ടിയത്. നേട്ടങ്ങളെപ്പറ്റി ഇവിടെ സംസാരിച്ചു. ഇനി ചെയ്യാൻ പോകുന്ന ചില കാര്യങ്ങളെപ്പറ്റി സൂചിപ്പിച്ച് അവസാനിപ്പിക്കാം. സ്വയം തൊഴിൽ പദ്ധതിക്കുവേണ്ടി 37,000 പേർക്ക് സഹായം നൽകാൻ ലക്ഷ്യമിട്ടിരുന്നു. 48,670 പേർക്ക് അതിന്റെ സഹായം നൽകാൻ കഴിഞ്ഞു. 5086 യുവതീയുവാക്കന്മാർക്ക് സ്വന്തമായി തൊഴിൽ ചെയ്യാൻ പരിശീലനം നൽകി. പരിശീലനം നൽകിയതുകൊണ്ടുമാത്രം തൊഴിൽ ആകുകയില്ല എന്നു കണക്കാക്കി ഇനിയുള്ള കാര്യത്തിൽ, പരിശീലനം സിദ്ധിക്കുന്നയാളുകൾക്ക് തൊഴിൽ ഉണ്ടാക്കിക്കൊടുക്കാനും, തൊഴിൽ ചെയ്തു ജീവിക്കുന്നതിന് ആവശ്യമായ സഹായം നൽകാനും ഉള്ള പദ്ധതിയാണ് അടുത്ത പ്രാവശ്യം ആവിഷ്ക്കരിക്കുന്നത്. 5288 കൈത്തൊഴിലുകാർക്ക് ആധുനിക തൊഴിൽ ഉപകരണങ്ങൾ നൽകി. അതിൽ 1.33 ലക്ഷം തൊഴിൽദിനങ്ങൾ സൃഷ്ടിക്കുകയുമുണ്ടായി. നിർദ്ധനരായ 29,932 പേർക്ക് വീടും 61,800 പേർക്ക് കക്കൂസുകളും നിർമ്മിച്ച് നൽകുകയുണ്ടായി. ശ്രീ. ടി.കെ. ബാലൻ പറഞ്ഞതുപോലെ, ഇത് രൂപീകരിക്കുന്ന സമയത്ത് ഒരൊറ്റ ചില്ലിക്കാശ് ഉണ്ടായിരുന്നില്ല. ഇപ്പോൾ എല്ലാ ബ്ലോക്കുകളും തൊഴിൽദാന പദ്ധതിയിൽപ്പെടുത്തി ഒരു വർഷം ഒരു കോടി രൂപ വരെ കേന്ദ്രസഹായം വാങ്ങിക്കൊടുക്കാനുള്ള പദ്ധതി ആവിഷ്കരിക്കാൻ സാധിച്ചു. കിട്ടുന്ന പണം ചെലവു ചെയ്ത്, അതിന്റെ പകുതിയുടെ കണക്ക് അയച്ചാൽ അത്രയും തുക വീണ്ടും കിട്ടും. അങ്ങനെ ഒരു കോടി രൂപ വരെ നമ്മുടെ ബ്ലോക്കുകളുടെ കൈയിൽ കിട്ടും. ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിരുന്ന 1025 കോടി രൂപയിൽ 108 കോടി രൂപ ബ്ലോക്കുകൾക്ക് അവരുടെ പ്രവർത്തനത്തിന് ആവശ്യമായി കൊടുക്കുകയും ചെയ്തു. ആ രൂപത്തിൽ പദ്ധതികൾ ആസൂത്രണം ചെയ്യാനുള്ള സൗകര്യം ബ്ലോക്കുകൾക്ക് നൽകിയിരിക്കുകയാണ്. ജെ.ആർ.വൈ. യുടെ 15 ശതമാനം ബ്ലോക്കുകൾക്കു നൽകിയിരിക്കുകയാണ്. ഗ്രാമവികസന വകുപ്പിന്റെ പ്രവർത്തനങ്ങൾ ഈ രൂപത്തിലാകാൻ പ്രധാനപ്പെട്ട കാരണം, തെരഞ്ഞെടുക്കപ്പെട്ട ബ്ലോക്കുകളും, ജില്ലാ പഞ്ചായത്തുകളുമായി ബന്ധപ്പെട്ട് അവരെക്കൊണ്ട് ഈ പദ്ധതി നടത്തിക്കുന്നതിന്റെ ഗുണമാണ്. ഗ്രാമവികസന വകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ ജനകീയമാക്കുന്നതിനുവേണ്ടിയുള്ള ചില പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്. അതുകൊണ്ട് പദ്ധതി തുകയായ 272.30 കോടി രൂപയിൽ 227.33 കോടി രൂപയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി ചെലവു ചെയ്യാനാണ് ഉദ്ദേശം. അതായത് 83.5 ശതമാനം. ഈ വർഷത്തിൽ നടപ്പാക്കാൻ പോകുന്ന ചില പദ്ധതികളെപ്പറ്റി ഞാൻ സൂചിപ്പിക്കാം. സർക്കാർ സഹായത്തോടുകൂടി 100 കോടി രൂപയുടെ നിക്ഷേപത്തോടെ ഒരു ബാങ്ക് സ്ഥാപിച്ച് വേണ്ടതുപോലെ പണം മുടക്കാൻ കൈവശമില്ലാത്തയാളുകൾക്ക് പണി നടത്താനായിട്ട് ബാങ്കിന്റെ വായ്പയിലൂടെ 50,000 കുടുംബങ്ങൾക്ക് സ്വന്തമായി തൊഴിൽ കണ്ടെത്താനുള്ള ഒരു പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഗ്രാമീണ നിർദ്ധനരായിട്ടുള്ള ആളുകൾക്ക് തൊഴിൽ നൽകാൻ 140 കോടി രൂപ ചെലവായി. 180 ലക്ഷം മനുഷ്യപ്രയത്നം സൃഷ്ടിക്കുന്ന മറ്റൊരു പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ട്. കുറഞ്ഞത് 50,000 സ്ത്രീകൾക്ക് പ്രയോജനം കിട്ടുന്ന, വരുമാനം ഉണ്ടാക്കുന്ന, അതുകൊണ്ടു ജീവിക്കാൻ കഴിയുന്ന ചില പദ്ധതികൾ രൂപീകരിച്ചിട്ടുണ്ട്. ഇവിടെ ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ സ്ത്രീകളുടെ ജോലികളുടെ കാര്യം പ്രത്യേകിച്ച് എടുത്തുപറഞ്ഞു. 25,000 നിർദ്ധനർക്ക് വീടും ഒരു ലക്ഷം പേർക്ക് കക്കൂസും നിർമ്മിച്ചു നൽകാനുള്ള മറ്റൊരു പദ്ധതിയ്ക്കും ലക്ഷ്യമിട്ടിട്ടുണ്ട്. മുമ്പ് നടത്തിയിരുന്ന ഒരു സർവേയാണ്

LIBRARY ARCHIVES Kerala Legislative Assembly

ഐ.ആർ.ഡി.പി. സർവ്വേ. പുതിയ ഒരു സർവേ സ്വയംഭരണ വകുപ്പിന്റെയും സാങ്കേതിക വകുപ്പുകളുടെയും സഹായത്തോടുകൂടി ആവിഷ്ക്കരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ജില്ലാടിസ്ഥാനത്തിലും സംസ്ഥാന അടിസ്ഥാനത്തിലും വിപണന സൊസൈറ്റികൾ ഉണ്ടാക്കി, സ്ത്രീകൾ വീട്ടിലിരുന്ന് ഉണ്ടാക്കുന്ന സാധനങ്ങൾ വിൽപന നടത്തുന്നതിനും മറ്റും ആവശ്യമായിട്ടുള്ള വിപണന സൗകര്യങ്ങൾക്കുവേണ്ടി 145 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. 30,000 രൂപ വരെ കുടുംബ വരുമാനമുള്ള അഭ്യസ്തവിദ്യർക്ക്, ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവരുടെ കാര്യത്തിലാണ് ഈ വകുപ്പ് മുൻതൂക്കം കൊടുത്തിട്ടുള്ളത്. ഇതിനെപ്പറ്റി ഇവിടെ ചില സ്നേഹിതന്മാർ സബ്മിഷനിലൂടെയും മറ്റും സൂചിപ്പിച്ചു. ദാരിദ്ര്യ രേഖയ്ക്കു സ്വൽപം മുകളിലാണെങ്കിലും യാതൊരു ജോലിയുമില്ലാതെ വിഷമിക്കുന്ന അഭ്യസ്തവിദ്യരായ ചെറുപ്പക്കാർക്ക് തൊഴിൽ സഹായം കിട്ടുന്നതിനുവേണ്ടിയുള്ള ഒരു പുതിയ പദ്ധതിയും ആവിഷ്ക്കരിച്ചിട്ടുണ്ട്. 50,000 സ്ത്രീകൾക്ക് തൊഴിലിൽ ഏർപ്പെടാൻ സഹായിക്കുന്ന മറ്റൊരു പദ്ധതിയും യൂണിസെഫിന്റെ സഹായത്തോടുകൂടി ആവിഷ്ക്കരിച്ചിട്ടുണ്ട്. തീരദേശത്തുള്ള സ്ത്രീകൾക്ക് മുൻഗണന നൽകുന്ന 100 ലക്ഷം രൂപ വകയിരുത്തിയിട്ടുള്ള മറ്റൊരു പദ്ധതിയും നടപ്പാക്കുന്നതാണ്. ഐ.എ.വൈ., ജെ.ആർ. വൈ. പദ്ധതികളിൽ പട്ടികജാതി വിഭാഗത്തിലെ ഗുണഭോക്താക്കൾക്ക് 30,000 രൂപയാക്കി അവരുടെ സഹായധനം വർദ്ധിപ്പിച്ചിട്ടുണ്ട്. അവരെ ഉദ്ദേശിച്ചു മറ്റൊരു പദ്ധതിയും നടപ്പാക്കുന്നതാണ്. ഗ്രാമവികസന വകുപ്പിന്റെ കീഴിൽ ഒരു സമ്പൂർണ്ണ ശുചിത്വ പരിപാടിയും ആവിഷ്ക്കരിക്കാൻ പോകുന്നുണ്ട്. ഇന്ന് സ്വന്തമായി വീടുള്ളയാളുകളിൽ 30 ശതമാനത്തിനും സ്വന്തമായി കക്കൂസ് ഇല്ല. കക്കൂസ് ഉണ്ടാക്കാൻ ഒരു പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി കേന്ദ്രത്തിന് അയച്ചു. കേന്ദ്രത്തിൽ നിന്നും സഹായം തരാമെന്ന് കേന്ദ്രമന്ത്രി സമ്മതിച്ചു. 11 പഞ്ചായത്തുകളുടെ പദ്ധതിക്കും അതുപോലെ മലപ്പുറം, കൊല്ലം, ആലപ്പുഴ, തൃശ്ശൂർ, കോട്ടയം എന്നീ ജില്ലകൾക്ക് ജില്ലാ പദ്ധതിയും അംഗീകരിച്ചിട്ടുണ്ട്. കോട്ടയത്തിന് 37 ലക്ഷം രൂപ കിട്ടിക്കഴിഞ്ഞു. വീണ്ടും 50 ലക്ഷം രൂപ കൂടെ തരാമെന്ന നിലയ്ക്ക് നടപടി ആയിട്ടുണ്ട്. ഇവിടെ ചില സ്നേഹിതന്മാർ ചൂണ്ടിക്കാണിച്ചതുപോലെ ബാക്കിയുള്ള ജില്ലകളിലും പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി അയക്കാൻ പറഞ്ഞിരിക്കുകയാണ്. അതു തയ്യാറാക്കി കിട്ടിയാൽ കേന്ദ്രത്തിൽ അയച്ച് നെതർലാൻഡ് ഗവൺമെന്റിന്റെ സഹായത്തോടുകൂടി സമ്പൂർണ്ണ ശുചിത്വ പരിപാടി നടപ്പിൽ വരുത്തുന്നതാണ്.

എന്റെ രണ്ടാമത്തെ വകുപ്പ് ഫിഷറീസ് വകുപ്പാണ്. മത്സ്യം കിട്ടുന്നില്ലല്ലോ എന്നു പറഞ്ഞപ്പോൾ ശ്രീ. ആര്യാടൻ പറഞ്ഞു മത്സ്യം കിട്ടും, മത്സ്യം കൂടുതൽ കിട്ടാനുള്ള പദ്ധതി ഉണ്ട് എന്ന്. എന്റെ സ്നേഹിതൻ ശ്രീ. പി.ജെ. ഫ്രാൻസിസ് പറഞ്ഞ കണക്ക് അദ്ദേഹം വിശ്വസിച്ച കണക്കായിരിക്കും. ആ കണക്കുകേട്ടപ്പോൾ എനിക്ക് വിഷമം തോന്നി. ഞാൻ ഊണുകഴിക്കാൻ പോയ സമയത്താണ് അദ്ദേഹത്തിന്റെ പ്രസംഗം കേട്ടത്. പക്ഷേ വസ്തുത അതല്ല. 1992-93 മുതൽ 1996-97 വരെയുള്ള കണക്കുനോക്കിയപ്പോൾ മത്സ്യോല്പാദനം വർദ്ധിച്ചിട്ടേയുള്ളൂ. ശ്രീ. ടി.കെ. ബാലൻ പറഞ്ഞതുപോലെ ഒന്നു രണ്ടു പ്രാവശ്യം കുറഞ്ഞിട്ടുണ്ടെങ്കിലും ട്രോളിംഗ് നിരോധനം നടപ്പാക്കിയതിനുശേഷം അതിൽ അമാന്തം വരുത്തിയ വർഷങ്ങളിൽ ആയിരുന്നു കുറഞ്ഞത്. കടൽ മത്സ്യത്തിന്റെ ഉൽപ്പാദനം 1992-93-ൽ 5.5 ലക്ഷം ടൺ ആയിരുന്നുവെങ്കിൽ ഇപ്പോൾ അതായത് 1996-97-ൽ 5.72 ലക്ഷം ടണ്ണാണ്. കുറയുകയല്ലായുണ്ടായത്. ചെമ്മീനിന്റെ ഉൽപ്പാദനം 1992-93-ൽ 42,376 ടണ്ണായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

1993-94-ൽ 51,000-ൽ ചിലാനം ടണ്ണായി. 1994-95-ൽ 70,345 ടണ്ണും 1995-96-ൽ 41,250 ടണ്ണും 1996-97-ൽ 62,279 ടണ്ണും ആണ്. ഇവിടെ നിന്ന് മത്സ്യം കയറ്റുമതി ചെയ്തതിന്റെ കണക്കും വർദ്ധിച്ചിട്ടുണ്ട്. 1992-93-ൽ 49,094 ടണ്ണും 1993-94-ൽ 63,809 ടണ്ണും 1994-95-ൽ 74,653 ടണ്ണും 1995-96-ൽ 81,357 ടണ്ണും 1996-97-ൽ 92,288 ടണ്ണുമാണ്. കയറ്റുമതി ചെയ്തതിൽ നിന്നുള്ള വരുമാനവും വർദ്ധിച്ചിട്ടുണ്ട്. അത് 1992-94-ൽ 414 കോടി രൂപയുടെയും 1996-97-ൽ 936 കോടി രൂപയുടെയും കയറ്റുമതി ചെയ്തിട്ടുണ്ട്. അങ്ങനെ വർദ്ധനവാണ്. ഇത് കൂടുതൽ വർദ്ധിപ്പിക്കുന്നതിനുള്ള സ്കീമാണ് ഇപ്പോൾ തയ്യാറാക്കിയിട്ടുള്ള ജനകീയ മത്സ്യക്കൃഷി. ഇതുവരെ കടലിലും കായലിലുമുള്ള മത്സ്യസമ്പത്തിനെ ആശ്രയിച്ചാണ് ജീവിച്ചിരുന്നതെങ്കിൽ ഇന്ന് നമ്മുടെ കുളങ്ങളിലും നാട്ടിൻപുറത്തെ ജലാശയങ്ങളിലും സൗജന്യമായി മത്സ്യക്കുഞ്ഞുങ്ങളെ തീറ്റയും കൊടുത്ത് അതിന്റെ സർവ്വേയും അതിനാവശ്യമായ പരീക്ഷണങ്ങളും നടത്തി, ഇപ്പോൾ കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിച്ചുകൊണ്ടിരിക്കുകയാണ്. ആഗസ്റ്റുമാസമാകുമ്പോഴേക്കും ആ കുഞ്ഞുങ്ങളെ വിതരണം ചെയ്യാൻ കഴിയും. അങ്ങനെ വളരെയധികം മാറ്റം ആ രംഗത്തുണ്ടാക്കാൻ സാധിക്കും. ശ്രീ. ടി.കെ. ബാലൻ പറഞ്ഞതുപോലെ 882 സന്നദ്ധഭടന്മാരെ പഞ്ചായത്തുകളിൽ നിന്നും എടുത്ത്, 350 സാങ്കേതിക പ്രവർത്തകരും കൂടിച്ചേർന്ന് സർവ്വേ നടത്തി 773 പഞ്ചായത്തുകളിലും 33 മുനിസിപ്പാലിറ്റികളിലും ഒരു കോർപ്പറേഷനിലും ആണ് ഈ പദ്ധതി നടപ്പാക്കുക. 25,000 ടൺ മത്സ്യമുൽപ്പാദിപ്പിക്കാനും 500 ടൺ ആറ്റുകൊഞ്ച് ഉൽപ്പാദിപ്പിക്കാനും 100 വിത്തുല്പാദനകേന്ദ്രങ്ങളുണ്ടാക്കാനും 50,000 കുടുംബങ്ങൾക്ക് അതുവഴി തൊഴിൽ കൊടുക്കാനും കഴിയുമെന്നാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. നമ്മുടെ മത്സ്യമേഖലയിൽ പുറത്തുനിന്ന് മത്സ്യം വരുത്തുകയാണ് ചെയ്യുന്നത്. എന്നാൽ നമുക്ക് കുറച്ചു കൂടി മത്സ്യം പുറത്തേയ്ക്ക് കയറ്റി അയയ്ക്കാനും, നമുക്കാവശ്യമായ മത്സ്യം കിട്ടത്തക്കവിധത്തിലുമാണ് ഈ പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. കേന്ദ്രത്തിന്റെ അനുമതിയും പരിശീലനത്തിനുള്ള ആദ്യഗഡുവായ പണവും കിട്ടി. കൂടുതൽ സഹായം തരാമെന്ന് കേന്ദ്രമന്ത്രി ഉത്ഘാടനത്തിന് വന്നപ്പോൾ പറഞ്ഞിട്ടുണ്ട്. ആ രൂപത്തിൽ ഈ പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി മത്സ്യ ഉൽപാദനവും വർദ്ധിച്ച മത്സ്യോല്പാദനത്തിന്റെ ഗുണവും പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് കിട്ടണം. നാട്ടുകാർക്ക് നല്ല മത്സ്യവും കിട്ടണം. ബഹുമാനപ്പെട്ട വൈദ്യർ ഇവിടെ മത്സ്യത്തിന്റെ വിലയെപ്പറ്റി പറഞ്ഞു. വില കൊടുക്കാതെ മത്സ്യം കഴിക്കാമെന്നു വിചാരിച്ചാൽ പറ്റുകയില്ല. ഏതായാലും കൂടുതൽ ഉൽപ്പാദിപ്പിച്ചുവരുമ്പോൾ ഈ കാര്യത്തിൽ ഒരു മാറ്റമുണ്ടാക്കാൻ കഴിയും. ചെലവു ചെയ്യാത്തതിന്റെ സംഗതിയെ സംബന്ധിച്ച് ഒരു സ്നേഹിതൻ പറഞ്ഞു. ഏതാണ്ട് 30 ശതമാനമെന്നും 60 ശതമാനമെന്നുമൊക്കെ പറഞ്ഞു. അങ്ങനെയല്ല. 65 ശതമാനമേ ചെലവു ചെയ്യാൻ കഴിഞ്ഞിട്ടുള്ളു. ചെലവു ചെയ്യാൻ കഴിയാതിരുന്നത് ഗവൺമെന്റിന്റെ കുറ്റംകൊണ്ടല്ല. 22.98 കോടി രൂപ സറണ്ടർ ചെയ്യേണ്ടിവന്നു. അതിൽ കുവൈറ്റ് ഫണ്ട് 9.45 കോടി രൂപ സുപ്രീം കോടതിയുടെ വിധിമൂലം ചെലവുചെയ്യാൻ സാദ്ധ്യമല്ലാത്ത സ്ഥിതിയിലാണ് കിടക്കുന്നത്. അതുകൊണ്ട് ചെലവുചെയ്യാൻ കഴിഞ്ഞിട്ടില്ല. ഉൾനാടൻ മാർക്കറ്റിനുവേണ്ടി 245 ലക്ഷം രൂപ വകയിരുത്തുന്നു. അതിന് കേന്ദ്രാനുമതി തന്നില്ല. ഉൾനാടൻ മാർക്കറ്റ് അഞ്ചെണ്ണം തന്നു. അതിന്റെ പണി നടന്നുകൊണ്ടിരിക്കുകയാണ്. ചിലത് പൂർത്തിയായി. പുതുതായി ഈ ഇനത്തിൽ പൈസ തരില്ലായെന്നാണ് കേന്ദ്രം പറയുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആര്യാടൻ മുഹമ്മദ് : ഇവിടെ ചെലവുചെയ്തുവെന്നാണ് പറഞ്ഞത്. അതിൽ തന്നെ ഭീമമായ സംഖ്യ ഡ്രാ ചെയ്തിട്ട് വീണ്ടും ട്രഷറിയിലിട്ട് ചെലവുചെയ്തതായി കണക്കാക്കിയിരിക്കുകയാണ് എന്നാണ് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത്. അതിനെക്കുറിച്ച് എന്താണ് പറയാനുള്ളത്? അങ്ങനെ വല്ലതും ചെയ്തിട്ടുണ്ടോ?

ശ്രീ. ടി.കെ. രാമകൃഷ്ണൻ : അതു ശരിയല്ല. ആക്ചലായി ചെലവു ചെയ്തുവെന്നാണ് ഞാൻ പറയുന്നത്. ചെലവു ചെയ്യാൻ സാധിക്കാതിരുന്നത് മുമ്പു പറഞ്ഞതിനു പുറമേ പെട്രോൾ വെസ്സലുകൾക്ക് 6 കോടി രൂപ ചെലവു ചെയ്യാൻ കേന്ദ്രം ഇപ്പോൾ സമ്മതിച്ചിട്ടില്ല. 10-ാം ധനകാര്യകമ്മീഷൻ റോഡ്, വീട് തുടങ്ങിയ കാര്യങ്ങൾക്കുള്ള പണം തന്നുകഴിഞ്ഞിട്ടില്ല. എൻ.സി.ഡി.സി. യുടെ സഹായമായ 4.24 കോടി രൂപ നമുക്ക് ലഭിച്ചിട്ടില്ല. അതുകൊണ്ട് ഇത് ചെലവുചെയ്യാൻ സാധിച്ചിട്ടില്ല. അങ്ങനെ കേന്ദ്രാനുമതി പ്രതീക്ഷിച്ച് സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയ 22 കോടി 97 ലക്ഷം (22,97,00,000 രൂപ) രൂപ സറണ്ടർ ചെയ്യേണ്ടിവന്നു. ഇനി ഇതിന്റെ ഭാഗമായി നടപ്പിലാക്കാൻ പോകുന്ന ചില പദ്ധതികളുടെ കാര്യത്തെപ്പറ്റി സംസാരിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. ജനകീയ മത്സ്യക്കൃഷിയുടെ കാര്യം ഇവിടെ പറഞ്ഞു. ഈ ഗവൺമെന്റ് വന്നതിനുശേഷം മത്സ്യത്തൊഴിലാളികളുടെ കാര്യത്തിൽ ഒന്നും ചെയ്തില്ലെന്ന് ബഹുമാനപ്പെട്ട ഫ്രാൻസിസ് ഇവിടെ പറഞ്ഞു. അങ്ങനെ പറയുന്നത് ശരിയാണോ? ശ്രീ. ഫ്രാൻസിസും ഞാനും സംബന്ധിച്ച യോഗത്തിൽത്തന്നെ ഞങ്ങൾ രണ്ടുകൂട്ടരും വിശദീകരിച്ച കാര്യങ്ങളുണ്ട്. അപകടംപറ്റി മരിച്ചാൽ 25,000 രൂപ കൊടുത്തുകൊണ്ടിരുന്നത് ഈ ഗവൺമെന്റ് വന്നതിനുശേഷം 50,000 രൂപയായി വർദ്ധിപ്പിച്ചു. മത്സ്യഫെഡ് വഴി ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തി ഇൻഷ്വർ ചെയ്തിട്ടുള്ള തൊഴിലാളികൾ മരിച്ചാൽ 1 ലക്ഷം രൂപ. അങ്ങനെ ഒന്നര ലക്ഷം രൂപ ഞാൻ തന്നെ പല യോഗസ്ഥലത്തുവച്ചും അത് കൊടുക്കുകയുണ്ടായി. സ്ഥിരമായോ ഭാഗികമായോ അപകടം പറ്റിയ ആളുകൾക്ക് 12,500 രൂപ കൊടുത്തുകൊണ്ടിരുന്നത് 25,000 രൂപയാക്കി വർദ്ധിപ്പിച്ചു. അതുപോലെ കണ്ണോ, കാലോ നഷ്ടപ്പെട്ടാൽ ഇൻഷ്വറൻസ് തുക 50,000 രൂപ കൊടുക്കുന്നതാണ്. സാധാരണ മരണത്തിന് 5,000 രൂപ. കേരളത്തിൽ ഒരു വിഭാഗത്തിനും ഇല്ലാത്ത പദ്ധതിയാണ് അത്. ക്യാൻസർ പോലെ പൊറുക്കാൻ വയ്യാത്ത രോഗമാണെങ്കിൽ 40,000 രൂപ ആ രോഗിയുടെ ചികിത്സയ്ക്കുവേണ്ടി കൊടുക്കും. നടപ്പിൽ വരുത്തിയ മറ്റു പദ്ധതികളെക്കുറിച്ചൊന്നും ഇപ്പോൾ പറയുന്നില്ല. ട്രോളിംഗിനെ സംബന്ധിച്ച് ശ്രീ. ഫ്രാൻസിസ് പറഞ്ഞു. ട്രോളിംഗ് നടപ്പിലാക്കിയതിന്റെ ഫലമായിട്ടാണ് ഉൽപ്പാദനം വർദ്ധിച്ചിട്ടുള്ളത് എന്നുള്ള കാര്യത്തിൽ തർക്കമില്ല. ഇത്തവണ ട്രോളിംഗ് നടപ്പാക്കിയതിനെതിരായി സെക്രട്ടേറിയറ്റ് ധർണ നടത്തിയ കൂട്ടത്തിൽ ആരെല്ലാമുണ്ടായിരുന്നുവെന്ന് നോക്കി യാൽ ശ്രീ. ഫ്രാൻസിസിന് മനസ്സിലാക്കാൻ സാധിക്കും. കുറച്ചു ബോട്ടുകാർ അവിടെ നിന്നുവന്നു. ആ കൂട്ടത്തിലുണ്ടായിരുന്ന ആളുകൾ മറ്റേ ആളുകളാണ്. ശ്രീ. ഫ്രാൻസിസിന്റെ കൂടെ നിൽക്കുന്നവരും നിൽക്കാൻ ഇടയുള്ളവരുമാണ്. അങ്ങനെ വേണോ? ഇത് നടപ്പാക്കുന്നത് ആത്മാർത്ഥമായിട്ടുതന്നെയാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ ട്രോളിംഗ് നടപ്പാക്കിയ അത്രയും ദിവസങ്ങൾ അപ്പുറത്തുള്ള ആളുകൾ നടപ്പാക്കിയിരുന്നില്ല. ഇപ്പോൾ കേന്ദ്ര ഗവൺമെന്റ്, നമ്മൾ ആവശ്യപ്പെട്ടതനുസരിച്ച് ഇനി വിദേശ ട്രോളറുകൾക്ക് ലൈസൻസ് കൊടുക്കുകയില്ല എന്ന നിലപാടെടുത്തിട്ടുണ്ട്. പക്ഷേ ഇപ്പോഴുള്ള ട്രോളറുകൾ പ്രവർത്തിക്കുകയാണ്. നിരോധനകാലത്ത് 45 ദിവസം ആ ട്രോളറുകൾ

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെ വന്ന് കൊച്ചി തുറമുഖത്ത് നിന്ന് എണ്ണയെടുക്കാൻ പാടില്ല എന്ന തീരുമാനത്തോടുകൂടി ട്രോളിംഗ് നടപ്പാക്കാൻ തീരുമാനിച്ചു. അതിന്റെ കോപ്പി കേന്ദ്രഗവൺമെന്റിന് അയച്ചു. കേന്ദ്ര ഗവൺമെന്റ് അത് സമ്മതിച്ചുകൊണ്ടുള്ള കത്തും തന്നിട്ടുണ്ട്. ഇവിടെ ചില സ്നേഹിതന്മാർ പറഞ്ഞതുപോലെ എന്റെ അന്വേഷണത്തിൽ വിദേശ ട്രോളറുകളൊന്നും നിരോധനകാലത്ത് നിരോധിത മേഖലയിൽ വന്നതായിട്ട് അറിയുകയില്ല. ഇതിനുമുമ്പ് വിവരം കിട്ടിയതു കൊണ്ട് വീണ്ടും ഞാൻ അന്വേഷിച്ചു, വന്നിട്ടുണ്ടോ എന്ന്. തീർച്ചയായും വീണ്ടും അന്വേഷിക്കാം. അങ്ങനെ ട്രോളിംഗ് നിരോധനം നടപ്പാക്കിയതിന്റെ ഫലമായി വളരെയേറെ ഗുണങ്ങൾ ഉണ്ടായിട്ടുണ്ട്. അത് സ്ഥിരമായി നടപ്പാക്കണമെന്ന ആവശ്യം ഇവിടെ വന്നിട്ടുണ്ട്. എല്ലാ കൊല്ലവും പ്രത്യേകം പ്രഖ്യാപിക്കാതെ, പ്രഖ്യാപിക്കുന്ന കാര്യങ്ങൾ നിശ്ചിത ഘട്ടത്തിൽ നടക്കത്തക്കരീതിയിൽ അതിനെപ്പറ്റി തീർച്ചയായും ആലോചിക്കുന്നതാണ്. അതുപോലെ കായംകുളം പദ്ധതി ആരംഭിച്ചുകഴിഞ്ഞു. മുതലപ്പൊഴി, പൊന്നാനി, കാസർഗോഡ് ഇതിനൊക്കെ മോഡൽ സ്റ്റഡി നടത്താനുള്ള ഏർപ്പാടു ചെയ്തു. ബന്ധപ്പെട്ട കമ്പനികളെയാണ് അതിന് ഏർപ്പാടു ചെയ്തിരിക്കുന്നത്. അനുമതി കിട്ടിക്കഴിഞ്ഞാൽ കേന്ദ്രത്തിന്റെ മുമ്പാകെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി അയയ്ക്കുന്നതായിരിക്കും. മത്സ്യക്കൃഷി കൂടുതൽ ഭാഗത്തേയ്ക്ക് വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി കുട്ടനാടൻ പ്രദേശങ്ങളിലും കൃഷി ചെയ്യാതിരിക്കുന്ന പ്രദേശങ്ങളിലും മത്സ്യക്കൃഷി ചെയ്താൽ നെൽ കൃഷിയിൽ ലഭിക്കുന്നതിനേക്കാൾ ആറേഴിരട്ടി ലാഭം ഉണ്ടാകുമെന്നുള്ളത് വാസ്തവമാണ്. അതിന്റെ രണ്ട് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. കർഷകത്തൊഴിലാളികളുടെയും കൃഷിക്കാരുടെയും എതിർപ്പില്ലാതെ അവരുടെ സഹകരണത്തോടുകൂടി ഇതിൽനിന്നു കിട്ടുന്ന കൂടുതൽ വരുമാനത്തിന്റെ ഓഹരി കർഷകത്തൊഴിലാളികൾക്ക് കൂടി കിട്ടത്തക്ക രൂപത്തിൽ ഈ പദ്ധതി നടപ്പിലാക്കാൻ പറ്റും. അതിന് അവരുമായി ചർച്ച ചെയ്ത് അവരുടെ സഹകരണത്തോടുകൂടി മാത്രമേ നടപ്പാക്കാൻ പറ്റൂ. വേമ്പനാട്ടു കായലിൽ 35 ലക്ഷം രൂപ ചെലവാക്കി മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കാൻ പത്തുനാൽപ്പതു ശാസ്ത്രജ്ഞൻമാരെ വിളിച്ചുകൂട്ടി അവരുണ്ടാക്കിയ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികളിലേയ്ക്ക് നീങ്ങുകയാണ്. അതുപോലെ മറ്റു ജലാശയങ്ങളിൽ മത്സ്യസമ്പത്ത് കൂടുതൽ വർദ്ധിപ്പിക്കുന്നതിനുള്ള പരിപാടിയുണ്ടാക്കാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. ഔട്ട് ബോർഡ് എഞ്ചിനും യമഹയും മറ്റും തൊഴിലാളി ഏജൻസികൾ വാങ്ങി കമ്മീഷൻ എടുത്തിരുന്ന സ്ഥാനത്ത് മത്സ്യഫെഡ് തന്നെ വാങ്ങുവാൻ തീരുമാനിച്ചു. ചുരുങ്ങിയത് ഒരു എഞ്ചിന് 5,000 രൂപയുടെ കുറവ് മത്സ്യത്തൊഴിലാളികൾക്ക് നേടിക്കൊടുക്കുവാൻ ഇതുവഴി സാധിക്കും. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഒ.ബി.എം. സെയിൽസ് ടാക്സ് പിൻവലിച്ചതിന്റെ ഫലമായി 5,000 രൂപ ഒരു എഞ്ചിന്റെ കാര്യത്തിൽ കുറവു വരുത്തുവാൻ സാധിച്ചു. അങ്ങനെ 10,000 രൂപയുടെ ലാഭം മത്സ്യത്തൊഴിലാളികൾക്ക് നേടിക്കൊടുത്തുകൊണ്ടാണ് ആ പദ്ധതി ഇപ്പോൾ നടപ്പാക്കിവരുന്നത്. മറ്റുതരത്തിലുള്ള പുതിയ ചില പദ്ധതികളെപ്പറ്റി രണ്ടുമിനിട്ട് സംസാരിച്ചിട്ട് ഞാൻ അവസാനിപ്പിക്കാം. ഫിഷറീസ് സ്കൂളിൽ ഹോസ്റ്റൽ കുട്ടികൾക്ക് 15 രൂപ എന്നുള്ളത് 25 രൂപയായി വർദ്ധിപ്പിക്കുന്നതാണ്. വിതരണക്കാർക്കുവേണ്ടി ക്ഷേമ പദ്ധതി തയ്യാറാക്കാൻ ഒരു കമ്മിറ്റി ആവിഷ്ക്കരിച്ചു. ഒരു മാസത്തിനകം അതിന്റെ റിപ്പോർട്ട് കിട്ടും. അതുകൂടി കിട്ടിക്കഴിഞ്ഞാൽ അവർക്കും ക്ഷേമപദ്ധതി നടപ്പാക്കുന്നതാണ്. കടലിൽ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിച്ചുകൊണ്ട് കൂടുതൽ മത്സ്യം ഉൽപാദിപ്പിക്കാൻ പരീക്ഷണാർത്ഥം 10

LIBRARY ARCHIVES Kerala Legislative Assembly

ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്. കടലിൽ പോകുന്ന ആളുകളെ പരിശീലിപ്പിച്ച് സമയത്ത് അയക്കുവാൻ കടൽരക്ഷാസേന രൂപീകരിക്കുവാൻ തീരുമാനിച്ചു. തൊഴിൽ പരിശീലനം നൽകുവാൻ 6 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്. എല്ലാ ജില്ലാ മത്സ്യത്തൊഴിലാളി ബാങ്കുകളിൽ നിന്നും സൊസൈറ്റികളിൽ നിന്നും വായ്പ കിട്ടുന്നില്ല. അവർക്ക് വായ്പ ലഭിക്കത്തക്കരീതിയിലുള്ള ഒരു പദ്ധതിക്കുവേണ്ടി 50 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്. ജില്ലാ ബാങ്കുകൾ രൂപീകരിച്ച് മറ്റ് ബാങ്കുകളിൽ നിന്നു കടമെടുത്ത് കൊടുക്കുവാനും മറ്റ് സൗകര്യങ്ങൾ ചെയ്തുകൊടുക്കുവാനും വേണ്ട നടപടി സ്വീകരിച്ചിട്ടുണ്ട്. ഫിഷറീസ് വകുപ്പ് ഉദ്യോഗസ്ഥൻമാർ ഇത് ഒരു വികസന വകുപ്പ് എന്ന ജനകീയ ബോധത്തോടുകൂടി ആയിരുന്നില്ല കാര്യങ്ങൾ സംഘടിപ്പിച്ചിരുന്നത്. പുതിയ ബോധത്തിന്റെ അടിസ്ഥാനത്തിൽ സാങ്കേതികവും മറ്റുവിധത്തിലുമുള്ള പഠനത്തിനുവേണ്ടി പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. 25 ലക്ഷം രൂപ അതിനുവേണ്ടി നീക്കിവച്ചിട്ടുണ്ട്. ഈ രൂപത്തിൽ ചില പരിഷ്കാരങ്ങൾ നടപ്പിൽ വരുത്തി. ഇതിന്റെ ലക്ഷ്യം മത്സ്യോൽപ്പാദനം വർദ്ധിപ്പിക്കുകയും വർദ്ധിത മത്സ്യോല്പാദനത്തിന്റെ ഗുണം കൂടുതൽ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് കിട്ടുകയും ചെയ്യുന്നു എന്നുള്ളതാണ്. ഇതുമായി എല്ലാപേരും സഹകരിക്കുമെന്നാണ് എന്റെ വിശ്വാസം. ഈ രണ്ട് ധനാഭ്യർത്ഥനകളും പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ : XVIII

വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും (3,37,67,35,000)

മി. സ്പീക്കർ : സർവ്വശ്രീ ഇ.എം.അഗസ്തി, കെ. ബാബു, കെ.പി. വിശ്വനാഥൻ, പി.ജെ. ഫ്രാൻസിസ്, കെ. മുഹമ്മദാലി, കെ. എ. ചന്ദ്രൻ, അടൂർ പ്രകാശ്, ജോണി നെല്ലൂർ, ടി.എം. ജേക്കബ്, ശ്രീമതി റോസമ്മ ചാക്കോ, ശ്രീമതി രാധാരാഘവൻ എന്നീ അംഗങ്ങൾ അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ സഭ വോട്ടിനിട്ട് നിരാകരിക്കപ്പെട്ടു.

മി. സ്പീക്കർ : വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയിൻ കീഴിൽ 3,37,67,35,000 രൂപ അനുവദിക്കണമെന്ന പ്രശ്നം സംബന്ധിച്ച് .

ശ്രീ. ജി. കാർത്തികേയൻ; സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെ പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ - 63

1. ശ്രീ. എ. അലി ഹസ്സൻ
2. ശ്രീ. ആന്റണി രാജു
3. ശ്രീ. ബാബു ദിവാകരൻ
4. ശ്രീ. ബേബി ജോൺ
5. ശ്രീ. എൻ.ആർ. ബാലൻ
6. ശ്രീ. ടി.കെ. ബാലൻ
7. ശ്രീ. സി.പി. ബാലൻ വൈദ്യർ
8. ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ
9. ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ

LIBRARY ARCHIVES Kerala Legislative Assembly

Page 96 of 102

10. ശ്രീ. വി.കെ. ചന്ദ്രൻ
11. ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ
12. ശ്രീ. എം. ദാസൻ
13. ശ്രീ. പി.സി. ജോർജ്ജ്
14. ശ്രീമതി ഗിരിജാ സുരേന്ദ്രൻ
15. ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ
16. ശ്രീ. ടി.കെ. ഹംസ
17. ശ്രീ. സി.എൻ. ജയദേവൻ
18. ശ്രീ. ജോൺ ഫെർണാണ്ടസ്
19. ശ്രീ. ജോസ് ബേബി
20. ഡോ. കെ.സി. ജോസഫ്
21. ശ്രീ. വി.സി. കബീർ
22. ശ്രീ. എ. കണാരൻ
23. ശ്രീ. എൻ. കണ്ണൻ
24. ശ്രീ. എളമരം കരീം
25. ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ
26. ശ്രീ. പി.കെ. കുമാരൻ
27. ശ്രീ. കെ.ടി. കുഞ്ഞഹമ്മദ്
28. ശ്രീ. സി.എ. കുര്യൻ
29. ശ്രീമതി ആർ. ലതാദേവി
30. ശ്രീ. ലോനപ്പൻ നമ്പാടൻ
31. പ്രൊഫ. മീനാക്ഷി തമ്പാൻ
32. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ
33. ശ്രീ. പാലൊളി മുഹമ്മദ് കുട്ടി
34. ശ്രീ. പിരപ്പൻകോട് മുരളി
35. ശ്രീ. ടി. നാണു മാസ്റ്റർ
36. ശ്രീ. എം. നാരായണൻ (കുഴൽമന്ദം)
37. ഡോ. എ. നീലലോഹിതദാസൻ നാടാർ
38. ശ്രീ. ടി.കെ. നൗഷാദ്
39. ശ്രീ. കെ. പ്രകാശ് ബാബു
40. ശ്രീമതി എൻ.കെ. രാധ
41. ശ്രീ. കെ. രാധാകൃഷ്ണൻ
42. ശ്രീ. പി. രാഘവൻ
43. ശ്രീ. സി.കെ. രാജേന്ദ്രൻ
44. ശ്രീ. കെ.പി. രാജേന്ദ്രൻ

LIBRARY ARCHIVES Kerala Legislative Assembly

45. ശ്രീ. പി. രാജു
46. ശ്രീ. രാജു എബ്രഹാം
47. ശ്രീ. വി.പി. രാമകൃഷ്ണപിള്ള
48. ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ
49. ശ്രീ. ടി.കെ. രാമകൃഷ്ണൻ
50. ശ്രീ. പി.ആർ. കുറുപ്പ്
51. ശ്രീ. പി. രവീന്ദ്രൻ
52. ശ്രീ. എസ്. ശർമ്മ
53. ശ്രീ. കെ.പി. സതീശ് ചന്ദ്രൻ
54. ശ്രീ. എ.സി. ഷൺമുഖദാസ്
55. ശ്രീമതി കെ.കെ. ശൈലജ ടീച്ചർ
56. ശ്രീ. ടി. ശിവദാസമേനോൻ
57. ശ്രീ. ജി. സുധാകരൻ
58. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
59. ശ്രീമതി സുശീല ഗോപാലൻ
60. പ്രൊഫ. എ.വി. താമരാക്ഷൻ
61. ശ്രീ. വർഗ്ഗീസ് വൈദ്യർ
62. ശ്രീ. പി. വിശ്വൻ
63. ശ്രീ. ഇ.കെ. നായനാർ

പ്രതികൂലിക്കുന്നവർ - 45

1. ശ്രീ. കെ.പി.എ. മജീദ്
2. ശ്രീ. എ.വി. അബ്ദുറഹിമാൻ ഹാജി
3. ശ്രീ. പി.കെ. അബ്ദുറബ്ബ്
4. ശ്രീ. കെ. അച്ചുതൻ
5. ശ്രീ. എ.കെ. ആന്റണി
6. ശ്രീ. ഇ.എം. അഗസ്തി
7. ശ്രീ. കെ. ബാബു
8. ശ്രീ. വി. ബാലറാം
9. ശ്രീ. പി.കെ. കെ. ബാവ
10. ശ്രീ. കെ.എ. ചന്ദ്രൻ
11. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
12. ശ്രീ. പി.ജെ. ഫ്രാൻസിസ്
13. ശ്രീ. ജോർജ്ജ് ജെ. മാത്യു
14. ശ്രീ. ഇസ്ഹാക് കുരിക്കൾ
15. ശ്രീ. ടി.എം. ജേക്കബ്

LIBRARY ARCHIVES Kerala Legislative Assembly

16. ശ്രീ. ജോണി നെല്ലൂർ
17. ശ്രീ. കെ.സി. ജോസഫ്
18. ശ്രീ. പി.ജെ. ജോയി
19. ശ്രീ. ജി. കാർത്തികേയൻ
20 ശ്രീ. കെ.കെ. നായർ
21. ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി
22. ഡോ. എം.എ. കുട്ടപ്പൻ
23. ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി
24. ശ്രീ. മാമ്മൻ മത്തായി
25. ശ്രീ. കെ. മുഹമ്മദാലി
26. ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ
27. ശ്രീ. എ.കെ. മണി
28. ശ്രീ. സി. മൊയീൻകുട്ടി
29. ശ്രീ. ആര്യാടൻ മുഹമ്മദ്
30. ശ്രീ. എം.കെ. മുനീർ
31. ശ്രീ. എം. മുരളി
32. ശ്രീ. കെ. നാരായണക്കുറുപ്പ്
33. ശ്രീ. ഉമ്മൻചാണ്ടി
34. ശ്രീ. വി.ജെ. പൗലോസ്
35. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
36. ശ്രീമതി രാധാ രാഘവൻ
37. ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ
38. ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
39. ശ്രീ. പാലോട് രവി
40. ശ്രീമതി റോസമ്മ ചാക്കോ
41. പ്രൊഫ. സാവിത്രി ലക്ഷ്മണൻ
42. ശ്രീമതി ശോഭനാ ജോർജ്ജ്
43. ശ്രീ. പി.പി. തങ്കച്ചൻ
44. ശ്രീ. കെ.സി. വേണുഗോപാൽ
45. ശ്രീ. കെ.പി. വിശ്വനാഥൻ

നിഷ്പക്ഷത പാലിക്കുന്നവർ	-	*ആരുമില്ല*
അനുകൂലിക്കുന്നവർ	-	63
പ്രതികൂലിക്കുന്നവർ	-	45
നിഷ്പക്ഷതപാലിക്കുന്നവർ	-	ആരുമില്ല

ധനാഭ്യർത്ഥന പാസ്സാക്കുകയും , ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

ധനാഭ്യർത്ഥന നമ്പർ XIX

കുടുംബക്ഷേമം
(35,08,00,000)

മി. സ്പീക്കർ : സർവ്വശ്രീ. കെ. ബാബു, ടി.എം. ജേക്കബ്, ജോണി നെല്ലൂർ, കെ.പി. വിശ്വനാഥൻ, പി.ജെ. ഫ്രാൻസിസ്, അടൂർ പ്രകാശ്, കെ. മുഹമ്മദാലി, കെ.പി.എ. മജീദ്, ശ്രീമതി റോസമ്മ ചാക്കോ, ശ്രീമതി രാധാരാഘവൻ എന്നീ അംഗങ്ങൾ അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ സഭയുടെ അനുമതിയോടുകൂടി പിൻവലിക്കപ്പെട്ടു.

കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയിൻ കീഴിൽ 35,08,00,000 രൂപ അനുവദിക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ധനാഭ്യർത്ഥന പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

ധനാഭ്യർത്ഥന നമ്പർ XL

തുറമുഖങ്ങൾ
(6,74,09,000)

മി. സ്പീക്കർ : സർവ്വശ്രീ. പി.കെ.കെ. ബാവ, ടി.എം. ജേക്കബ്, കെ. ബാബു, കെ.പി. വിശ്വനാഥൻ, പി.ജെ. ഫ്രാൻസിസ്, ശ്രീമതി രാധാരാഘവൻ, ശ്രീമതി റോസമ്മ ചാക്കോ എന്നീ അംഗങ്ങൾ അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിക്കപ്പെട്ടു.

തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയിൻ കീഴിൽ 6,74,09,000 രൂപ അനുവദിക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ധനാഭ്യർത്ഥന പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

ധനാഭ്യർത്ഥന നമ്പർ : XXXIII

മത്സ്യബന്ധനം
(80,88,31,000)

മി. സ്പീക്കർ : സർവ്വശ്രീ. ഇ.എം. അഗസ്തി, അടൂർ പ്രകാശ്, കെ.എ. ചന്ദ്രൻ, കെ. മുഹമ്മദാലി, പ്രൊഫ. ജെ. ഫ്രാൻസിസ്, കെ.പി. വിശ്വനാഥൻ, കെ. ബാബു, ടി.എം. ജേക്കബ്, ജോണിനെല്ലൂർ, ശ്രീമതി രാധാ രാഘവൻ, ശ്രീമതി റോസമ്മ ചാക്കോ എന്നീ അംഗങ്ങൾ അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിക്കപ്പെട്ടു.

മി. സ്പീക്കർ : XXXIII-ാം നമ്പർ ധനാഭ്യർത്ഥനയിൻ കീഴിൽ 80,83,31,000 രൂപ അനുവദിക്കണമെന്ന പ്രശ്നം സംബന്ധിച്ച്.

ശ്രീ. ജി. കാർത്തികേയൻ : സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപറയും പ്രകാരം വോട്ടുരേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ - 63

1. ശ്രീ. എ. അലി ഹസ്സൻ
2. ശ്രീ. ആന്റണി രാജു
3. ശ്രീ. ബാബു ദിവാകരൻ
4. ശ്രീ. ബേബി ജോൺ

LIBRARY ARCHIVES Kerala Legislative Assembly

5. ശ്രീ. എൻ.ആർ. ബാലൻ
6. ശ്രീ. ടി.കെ. ബാലൻ
7. ശ്രീ. സി.പി. ബാലൻ വൈദ്യർ
8. ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ
9. ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ
10. ശ്രീ. വി.കെ. ചന്ദ്രൻ
11. ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ
12. ശ്രീ. എം. ദാസൻ
13. ശ്രീ. പി.സി. ജോർജ്ജ്
14. ശ്രീമതി ഗിരിജാ സുരേന്ദ്രൻ
15. ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ
16. ശ്രീ. ടി.കെ. ഹംസ
17. ശ്രീ. സി.എൻ. ജയദേവൻ
18. ശ്രീ. ജോൺ ഫെർണാണ്ടസ്
19. ശ്രീ. ജോസ് ബേബി
20. ഡോ. കെ.സി. ജോസഫ്
21. ശ്രീ. വി.സി. കബീർ
22. ശ്രീ. എ. കണാരൻ
23. ശ്രീ. എൻ. കണ്ണൻ
24. ശ്രീ. എളമരം കരീം
25. ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ
26. ശ്രീ. പി.കെ. കുമാരൻ
27. ശ്രീ. കെ.ടി. കുഞ്ഞഹമ്മദ്
28. ശ്രീ. സി.എ. കുര്യൻ
29. ശ്രീമതി ആർ. ലതാദേവി
30. ശ്രീ. ലോനപ്പൻ നമ്പാടൻ
31. പ്രൊഫ. മീനാക്ഷി തമ്പാൻ
32. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ
33. ശ്രീ. പാലൊളി മുഹമ്മദ് കുട്ടി
34. ശ്രീ. പിരപ്പൻകോട് മുരളി
35. ശ്രീ. ടി.നാണു മാസ്റ്റർ
36. ശ്രീ. എം. നാരായണൻ (കുഴൽമന്ദം)
37. ശ്രീ. എ. നീലലോഹിതദാസൻ നാടാർ
38. ശ്രീ. ടി.കെ. നൗഷാദ്
39. ശ്രീ. കെ. പ്രകാശ് ബാബു
40. ശ്രീമതി എൻ.കെ. രാധ
41. ശ്രീ. കെ. രാധാകൃഷ്ണൻ
42. ശ്രീ. പി. രാഘവൻ
43. ശ്രീ. സി.കെ. രാജേന്ദ്രൻ
44. ശ്രീ. കെ.പി. രാജേന്ദ്രൻ
45. ശ്രീ. പി.രാജു
46. ശ്രീ. രാജു എബ്രഹാം
47. ശ്രീ. വി.പി. രാമകൃഷ്ണപിള്ള

LIBRARY ARCHIVES Kerala Legislative Assembly

48. ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ
49. ശ്രീ. ടി.കെ. രാമകൃഷ്ണൻ
50. ശ്രീ. പി.ആർ. കുറുപ്പ്
51. ശ്രീ. പി. രവീന്ദ്രൻ
52. ശ്രീ. എസ്. ശർമ്മ
53. ശ്രീ. കെ.പി. സതീശ് ചന്ദ്രൻ
54. ശ്രീ. എ.സി. ഷൺമുഖദാസ്
55. ശ്രീമതി കെ.കെ. ശൈലജ ടീച്ചർ
56. ശ്രീ. ടി. ശിവദാസമേനോൻ
57. ശ്രീ. ജി. സുധാകരൻ
58. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
59. ശ്രീമതി സുശീല ഗോപാലൻ
60. പ്രൊഫ. എ.വി. താമരാക്ഷൻ
61. ശ്രീ. വർഗ്ഗീസ് വൈദ്യർ
62. ശ്രീ. പി. വിശ്വൻ
63. ശ്രീ. ഇ.കെ. നായനാർ

പ്രതികൂലിക്കുന്നവർ - 45

1. ശ്രീ. കെ.പി.എ. മജീദ്
2. ശ്രീ. എ.വി. അബ്ദുറഹിമാൻ ഹാജി
3. ശ്രീ. പി.കെ. അബ്ദുറബ്ബ്
4. ശ്രീ. കെ. അച്ചുതൻ
5. ശ്രീ. എ.കെ. ആന്റണി
6. ശ്രീ. ഇ.എം. അഗസ്തി
7. ശ്രീ. കെ. ബാബു
8. ശ്രീ. വി. ബാലറാം
9. ശ്രീ. പി.കെ.കെ. ബാവ
10. ശ്രീ. കെ.എ. ചന്ദ്രൻ
11. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
12. ശ്രീ. പി.ജെ. ഫ്രാൻസിസ്
13. ശ്രീ. ജോർജ്ജ് ജെ. മാത്യു
14. ശ്രീ. ഇസ്ഹാക് കുരിക്കൾ
15. ശ്രീ. ടി.എം. ജേക്കബ്
16. ശ്രീ. ജോണി നെല്ലൂർ
17. ശ്രീ. കെ.സി. ജോസഫ്
18. ശ്രീ. പി.ജെ. ജോയി
19. ശ്രീ. ജി. കാർത്തികേയൻ
20 ശ്രീ. കെ.കെ. നായർ
21. ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി
22. ഡോ. എം.എ. കുട്ടപ്പൻ
23. ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി
24. ശ്രീ. മാമ്മൻ മത്തായി
25. ശ്രീ. കെ. മുഹമ്മദാലി
26. ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ

LIBRARY ARCHIVES Kerala Legislative Assembly

27. ശ്രീ. എ.കെ. മണി
28. ശ്രീ. സി. മൊയീൻകുട്ടി
29. ശ്രീ. ആര്യാടൻ മുഹമ്മദ്
30. ശ്രീ. എം.കെ. മുനീർ
31. ശ്രീ. എം. മുരളി
32. ശ്രീ. കെ. നാരായണക്കുറുപ്പ്
33. ശ്രീ. ഉമ്മൻചാണ്ടി
34. ശ്രീ. വി.ജെ. പൗലോസ്
35. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
36. ശ്രീമതി രാധാ രാഘവൻ
37. ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ
38. ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
39. ശ്രീ. പാലോട് രവി
40. ശ്രീമതി റോസമ്മ ചാക്കോ
41. പ്രൊഫ. സാവിത്രി ലക്ഷ്മണൻ
42. ശ്രീമതി ശോഭനാ ജോർജ്ജ്
43. ശ്രീ. പി.പി. തങ്കച്ചൻ
44. ശ്രീ. കെ.സി. വേണുഗോപാൽ
45. ശ്രീ. കെ.പി. വിശ്വനാഥൻ

നിഷ്പക്ഷത പാലിക്കുന്നവർ	-	ആരുമില്ല
അനുകൂലിക്കുന്നവർ	-	63
പ്രതികൂലിക്കുന്നവർ	-	45
നിഷ്പക്ഷതപാലിക്കുന്നവർ	-	ആരുമില്ല

ധനാഭ്യർത്ഥന സഭ പാസ്സാക്കുകയും, ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

ധനാഭ്യർത്ഥന നമ്പർ : XXXVI
സാമൂഹ്യ വികസനം
(1,75,25,27,000)

മി. സ്പീക്കർ : സർവ്വശ്രീ. സി. മൊയിൻ കുട്ടി, കെ.പി.എ. മജീദ്, അടൂർ പ്രകാശ്, കെ.പി. വിശ്വനാഥൻ, കെ. ബാബു, പി.ജെ. ഫ്രാൻസിസ്, ടി.എം. ജേക്കബ്, ശ്രീമതി രാധാരാഘവൻ, ശ്രീമതി റോസമ്മ ചാക്കോ, എന്നീ അംഗങ്ങൾ അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ സഭ വോട്ടിനിട്ട് നിരാകരിച്ചു.

സാമൂഹ്യവികസനമെന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയിൻ കീഴിൽ 1,75,25,27,000 രൂപ അനുവദിക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ധനാഭ്യർത്ഥന പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30 ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(1997 ജൂലായ് മാസം 16-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ വൈകുന്നേരം 5.00-ന് പിരിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly